# പിണറായി ഗ്രാമപഞ്ചായത്ത്

# ജനകീയാസൂത്രണം

# വികസനരേഖ'96

അധികാരം ജനങ്ങളിലേക്ക്



# പിണറായി ഗ്രാമപഞ്ചായത്ത്

## ജനകീയാസൂത്രണം





# വികസനറിപ്പോർട്ട് - 1996

# പിണറായി ഗ്രാമപഞ്ചായത്ത്

## ഭരണസമിതി-1995-2000

കക്കോത്ത് രാജൻ (പ്രസിഡന്റ്)
കെ.പി. സദു മാസ്റ്റർ (വൈ. പ്രസിഡന്റ്)
കെ. വേലായുധൻ (സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർമാൻ)
പി. കെ. ഭാസ്ക്കരൻ വൈദ്യർ.
സി. വത്സൻ.
കുറ്റ്യൻ ലീല.
പി. സൗമിനി.
പി. രവീന്ദ്രൻ.
എം. ലളിത.
കെ. സരിത.
സി. രാഘവൻ.
വി. ശാന്തകുമാർ.

## ജില്ലാ റിസോഴ്സ് പേഴ്സൺസ്

കെ. പ്രദീപൻ.
പി. മോഹനൻ.
വത്സൻ പനോളി.
വി. പ്രസാദൻ.
പി. പി. ചന്ദ്രബാബു.
എം. കെ. പ്രമോദ് ബാബു.
സി.പി. ഷൈജൻ.
എം. മഹേഷ്.
പി. പ്രദീപൻ.
എം. ടി. പ്രേമരാജൻ.
വി. ജനാർദ്ദനൻ.
മനോജ് ചാത്തോത്ത്

# വിഷയ വിവരം


| | | |
|---|---|---|
| ആമുഖം | | പേജ് |
| ചരിത്രം | | |
| ഭൂപ്രകൃതി- ജനപ്രകൃതി | | |
| സാമൂഹിക- സാമ്പത്തിക മേഖലകൾ | | |
| 1. | കൃഷി- ജലസേചനം. | 13 |
| 2. | മൃഗസംരക്ഷണം, മത്സ്യബന്ധനം. | 23 |
| 3. | വ്യവസായം. | 28 |
| 4. | വിദ്യാഭ്യാസം | 38 |
| 5. | കുടിവെള്ളം, പൊതുജനാരോഗ്യം. | 50 |
| 6. | ഗതാഗതം, ഊർജ്ജം, മാർക്കറ്റ്. | 57 |
| 7. | പാർപ്പിടം, സാമൂഹ്യക്ഷേമം. | 68 |
| 8. | സംസ്ക്കാരം. | 73 |
| 9. | വനിതാക്ഷേമം. | 80 |
| 10. | സഹകരണം. | 84 |
| 11. | പട്ടികജാതി- പട്ടികവർഗ്ഗ ക്ഷേമം. | 92 |
| 12. | വിഭവസമാഹരണം. | 95 |



# ആമുഖം

സ്വാതന്ത്ര്യത്തിന് ശേഷമുള്ള അര നൂറ്റാണ്ടു കാലത്തെ നമ്മുടെ ഗ്രാമീണ ജീവിതത്തിലേക്ക് തിരിഞ്ഞ് നോക്കുമ്പോൾ കടുത്ത നിരാശക്കുള്ള കാരണങ്ങൾ മുഴച്ച് നില്ക്കുന്നതായി കാണാം. തൊട്ടടുത്തുള്ള പട്ടണ പ്രദേശങ്ങളുടെ ക്രിത്രിമ വികസനത്തിന്റെ പുറം മോടികൾ മാറ്റി വെച്ചാൽ ഇന്ത്യയിൽ പരശ്ശതം ഗ്രാമങ്ങളിൽ പട്ടിണിയുടെയും അനാരോഗ്യത്തിന്റെയും കരിനിഴൽ വീണുകിടക്കുന്നതായി കാണാം. ഒച്ചിന്റെ വേഗതയിൽ മാത്രം ഇഴഞ്ഞ് നീങ്ങിയ വികസന പ്രക്രിയ വരുത്തി വെച്ച സർവ്വതല സ്പർശിയായ മുരടിപ്പ് ഉത്തര കേരളത്തിന്റെ യശസ്തംഭമായി പരിലസിക്കുന്ന പിണറായി ഗ്രാമത്തെയും ബാധിച്ചിട്ടുണ്ട് എന്നുള്ളത് ഒരു വസ്തുതയാണ്. ഉദ്യോഗസ്ഥ മേധാവിത്വത്തിന്റെ തലതിരിഞ്ഞ വികസന ലക്ഷ്യങ്ങളും ജനങ്ങളുടെ ആവശ്യങ്ങളിലും അത്യാവശ്യങ്ങളിലും ഊന്നി നിന്നുകൊണ്ടുള്ള യഥാർത്ഥ വികസന മോഹങ്ങളും ഏറ്റുമുട്ടി തകർന്നടിഞ്ഞുപോയ ആശയാഭിലാഷങ്ങളുടെ സ്വപ്ന ഭൂമികയാണ് പിണറായി ഗ്രാമം.

സ്വാതന്ത്ര്യം ലഭിച്ച് 30 വർഷങ്ങൾക്ക് ശേഷമാണ് സെക്കന്ററി വിദ്യാഭ്യാസത്തിനുള്ള സൗകര്യം പോലും ഈ ഗ്രാമത്തിൽ ഉണ്ടായിട്ടുള്ളത്. വിദ്യാലയം സ്ഥാപിച്ച് രണ്ട് വ്യാഴവട്ടങ്ങൾ പിന്നിട്ട ശേഷമാണ്. ഈ വിദ്യാലയത്തിലെ വിദ്യാർത്ഥികൾക്കുള്ള കുടിവെള്ള പ്രശ്നം പരിഹരിക്കാൻ കഴിഞ്ഞത്. സൗകര്യപ്രദമായ ഒരു കെട്ടിടത്തിന്റെ അഭാവത്തിൽ ബാലാരിഷ്ടതകൾ വിട്ടുമാറാത്ത ഈ സരസ്വതി ക്ഷേത്രത്തിന്റെ ദുരവസ്ഥതന്നെ വികസന പാളിച്ചകൾക്കുള്ള ഉത്തമ ദൃഷ്ടാന്തമാണ്. ആരോഗ്യ പരിപാലനത്തിനും രോഗചികിത്സക്കും ലക്ഷ്യമിട്ട് 1956-ൽ ആരംഭിച്ച പ്രാഥമികാരോഗ്യ കേന്ദ്രം 40 വർഷത്തിന് ശേഷമാണ് ഉദ്ദേശ്യം പ്രാവർത്തികമാക്കുന്നത്. അഭ്യസ്ഥ വിദ്യരുടെ തൊഴിലില്ലായ്മ ഒരു മഹാവ്യാധിയായി വളർന്ന് കഴിഞ്ഞു. കാർഷികോല്പന്നങ്ങളുടെ വിലയിടിവും, ആവശ്യത്തിനുള്ള പച്ചക്കറികൾ, മുട്ട, മാംസം എന്നിവയുടെ ദൗർലഭ്യവും ഈ ഗ്രാമത്തിന്റെ വേദനകളാണ്. വ്യവസായ സംരംഭങ്ങൾ തീരെ കുറവാണ്. കുണ്ടും കുഴികളും നിറഞ്ഞ ഗതാഗതയോഗ്യമല്ലാത്ത റോഡുകൾ ഗ്രാമസൗഭാഗ്യത്തെ വെല്ലുവിളിക്കുന്നു. ഈ സാഹചര്യത്തിലാണ് തല

തിരിഞ്ഞ വികസന പ്രക്രിയയുടെ ദുരന്തഫലങ്ങളെക്കുറിച്ച് നാം ബോധവാന്മാരാകുന്നത്. ജനങ്ങളുടെ ആശയാഭിലാഷങ്ങൾക്കനുസരിച്ച് ആവശ്യങ്ങളുടെ മുൻഗണനാക്രമം ചിട്ടപ്പെടുത്തി വികസനപ്രക്രിയകൾ ആവിഷ്കരിക്കുകയും ചെയ്യേണ്ടുന്ന ഒരു പുതിയ വികസന സംസ്കാരത്തിന്റെ കാഹളം ഉയരുന്നതും ഈ സാഹചര്യത്തിലാണ് ഒമ്പതാം പദ്ധതി ജനകീയ പദ്ധതി എന്ന മുദ്രാവാക്യം അലയടിച്ചുയർന്നപ്പോൾ ഗ്രാമീണ ജനതയുടെ വ്രണിത മനസ്സുകളിൽ പുതിയൊരു ആവേശത്തിന്റെ കൊടുങ്കാറ്റുയരുകയായിരുന്നു. ഞങ്ങളുടെ ഗ്രാമത്തിന്റെ വിധികർത്താക്കൾ ഞങ്ങൾ തന്നെ എന്ന ഉദാത്തവും ധീരവുമായ ചിന്താഗതി ഓരോ ഗ്രാമീണ മനസ്സിലും മുളപൊട്ടുകയാണ്. ജനകീയാസൂത്രണ പദ്ധതിയിലൂടെ എല്ലാമെല്ലാം ഒറ്റയടിക്ക് നേടിക്കളയാമെന്ന വ്യാമോഹമില്ല. എങ്കിലും പൂർണ്ണമായ ജനപങ്കാളിത്തം അക്ഷരാർത്ഥത്തിൽ ഫലപ്രദമാകുമ്പോൾ സ്വാഭാവികമായും ഏറ്റെടുത്ത് നടത്താൻ പോകുന്ന പദ്ധതികളുടെ നിർവ്വഹണം കാര്യക്ഷമവും കുറ്റമറ്റതും സംതൃപ്തിദായകവുമായിത്തീരുമെന്ന് ഉറപ്പിക്കാം.

പിണറായി പഞ്ചായത്തിൽ ജനകീയാസൂത്രണ പരിപാടിക്ക് ആരംഭം കുറിച്ചത് സപ്തംബർ 8 ന് പഞ്ചായത്ത് കേന്ദ്രത്തിൽ വികസനദീപം കൊളുത്തിക്കൊണ്ടാണ്. സപ്തംബർ 15 മുതൽ ആരംഭിച്ച ഗ്രാമസഭകൾ ഗാന്ധിജയന്തി ദിനമായ ഒക്ടോബർ 2ന് പൂർത്തിയായി. ഗ്രാമസഭകളിലെ പങ്കാളിത്തം ആവേശകരമായിരുന്നു. സ്ത്രീപുരുഷ ഭേദമെന്യേ രാഷ്ട്രീയകക്ഷി പരിഗണനകൂടാതെ എല്ലാവരും താല്പര്യപൂർവ്വം പങ്കെടുത്തു. 2790 പേരാണ് ആകെ ഗ്രാമസഭകളിൽ പങ്ക് കൊണ്ടത്. 12 DRP മാർക്ക് ആദ്യഘട്ട പരിശീലനം ലഭിച്ചിരുന്നു. പിന്നീട് പഞ്ചായത്ത് തലത്തിൽ 50 LRP മാരെ പരിശീലിപ്പിക്കുകയുണ്ടായി. നവംബർ 1-ന് പുനരർപ്പണദിനാചരണത്തിന്റെ ഭാഗമായി പിണറായി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലേക്കുള്ള അപ്രോച്ച് റോഡ് വീതി കൂട്ടുന്ന പ്രവർത്തനം ഏറ്റെടുത്തു നടത്തി. 25 ഓളം സന്നദ്ധ ഭടന്മാർ ഈ യജ്ഞത്തിൽ പങ്കെടുത്തു. 300 സ്കോഡുകളുടെ നേതൃത്വത്തിൽ സാമൂഹ്യ സാമ്പത്തിക സർവ്വേയും പൂർത്തിയാക്കിയിട്ടുണ്ട്.

ഇതേവരെ നടത്തിക്കഴിഞ്ഞ എല്ലാ പ്രവർത്തനങ്ങളും ഏറെ ആവേശകരമായിരുന്നു. കക്ഷിരാഷ്ട്രീയ വ്യത്യാസം കൂടാതെ സ്ത്രീ പുരുഷ ഭേദമന്യേ ആബാലവൃദ്ധം ജനങ്ങളുടേയും ഒരു കൂട്ടായ്മയാണ് എല്ലാ കർമ്മ മണ്ഡലങ്ങളിലും പ്രത്യക്ഷപ്പെട്ടത്. ഗ്രാമസഭകൾ ആവേശകരമായ ജനമുന്നേറ്റങ്ങൾ തന്നെയായിരുന്നു. വ്യക്തിഗതവും സാമൂഹ്യവുമായ നിരവധി ആവശ്യങ്ങൾ ഈ ഗ്രാമസഭകളിൽ മുഴങ്ങിക്കേട്ടു. ജനജീവിതത്തിന്റെ സമഗ്രമേഖലകളെയും സ്പർശിക്കുന്ന ഈ ആശയാഭിലാഷങ്ങൾക്ക് മൂർത്തമായ ഒരു രൂപവും ഭാവവും കൈവരുമ്പോഴാണ് ശാസ്ത്രീയാസൂത്രണത്തിന്റെ പാതതെളിഞ്ഞുവരുന്നത്. ജീവിതാനുഭവങ്ങളുടെ ഉലയിൽ കാച്ചിയെടുത്ത് നാട്ടറിവുകളും മനുഷ്യവിഭവശേഷിയും ഒത്തിണങ്ങുമ്പോൾ ഈ അനുപമമായ ആസൂത്രണ വൈഭവം ഏറ്റവും ആയാസരഹിതവും ഫലപ്രദവുമായി തീരുമെന്ന കാര്യത്തിൽ നമുക്ക് ശുഭപ്രതീക്ഷയുണ്ട്.

# പിണറായി ഗ്രാമപഞ്ചായത്ത് പൊതുവിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | പിണറായി ഗ്രാമപഞ്ചായത്ത് |
| പഞ്ചായത്തിന്റെ ആസ്ഥാനം | : | ഓലയമ്പലം |
| റവന്യൂ വില്ലേജുകളുടെ പേര് | : | പിണറായി, എരുവട്ടി |
| ബ്ലോക്കു പഞ്ചായത്ത് ഡിവിഷൻ | : | പിണറായി |
| ബ്ലോക്കു പഞ്ചായത്ത് | : | തലശ്ശേരി |
| താലൂക്ക് | : | തലശ്ശേരി |
| ജില്ല | : | കണ്ണൂർ |
| അസംബ്ലി മണ്ഡലം | : | കൂത്തുപറമ്പ് |
| വിസ്തീർണ്ണം | : | 20.04 ച. കി. മീ. |
| ജനസംഖ്യ | : | 28759 (1991 കാനേഷുമാരി) 29141 (1996 സാമൂഹ്യ-സാമ്പത്തിക സർവ്വേ) |
| വാർഡുകളുടെ എണ്ണം | : | 12 |
| പ്രസിഡന്റിന്റെ പേര് | : | കക്കോത്ത് രാജൻ |
| വൈസ് പ്രസിഡന്റിന്റെ പേര് | : | കെ.പി സദു മാസ്റ്റർ |
| സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ | : | കെ വേലായുധൻ |
| പഞ്ചായത്ത് സെക്രട്ടറിയുടെ പേര് | : | എം കെ ബാലൻ |

## ഭരണപരമായ ചരിത്രം

1961 വരെ പിണറായിയും എരുവട്ടിയും രണ്ടു പഞ്ചായത്തുകളായിരുന്നു. 28-12-1961 ലെ സർക്കാർ ഉത്തരവ് 196/61/DD പ്രകാരം എരുവട്ടി പിണറായി പഞ്ചായത്തുകൾ യോജിപ്പിച്ച് പിണറായി പഞ്ചായത്ത് രൂപീകരിച്ചു.

എരുവട്ടി പഞ്ചായത്തിലെ അവസാനത്തെ പ്രസിഡന്റ് : അച്യോത്ത് തച്ചൻ വൈദ്യർ

| | | |
|---|---|---|
| 1961-64 വരെ പ്രസിഡന്റ് | : | കുഞ്ഞുകുട്ടി മാസ്റ്റർ |
| 1964-67 " " | : | ടി വി അച്ചുതൻ നായർ |
| 1967-79 " " | : | പി നാണു |
| 1979-84 " " | : | പാണ്ട്യാല ഗോപാലൻ മാസ്റ്റർ |
| 1988-94 " " | : | പാണ്ട്യാല ഗോപാലൻ മാസ്റ്റർ |
| 1995 Oct2 മുതൽ " " | : | കക്കോത്ത് രാജൻ |

### നിലവിലുള്ള അതിർത്തി.

| | | |
|---|---|---|
| കിഴക്ക് | : | കോട്ടയം പഞ്ചായത്ത്. |
| തെക്ക് | : | കതിരൂർ, എരഞ്ഞോളി പഞ്ചായത്ത് (ഉമ്മൻചിറ, അണ്ടലൂർപുഴ) |
| പടിഞ്ഞാറ് | : | ധർമ്മടം പഞ്ചായത്ത് ( അണ്ടലൂർ-മേലൂർ പുഴ) |
| വടക്ക് | : | പെരളശ്ശേരി, വേങ്ങാട് പഞ്ചായത്ത് (അഞ്ചരക്കണ്ടി പുഴ) |

## പഞ്ചായത്തിലെ സർക്കാർ ഓഫീസുകൾ

| | | |
|---|---|---|
| പഞ്ചായത്ത് ഓഫീസ്, വില്ലേജ് ഓഫീസ് | - | എരുവട്ടി, പിണറായി |
| ഗ്രാമവികസനഓഫീസ് | - | എരുവട്ടി, പിണറായി |
| കൃഷിഭവൻ | - | പിണറായി |
| കമ്യൂണിറ്റി ഹെൽത്ത് സെന്റർ, പോസ്റ്റോഫീസ് | - | പിണറായി, എരുവട്ടി, പാറപ്രം |
| മൃഗാശുപത്രി | - | പിണറായി |
| ICDP കേന്ദ്രം | - | പാച്ചപ്പൊയ്ക, പിണറായി |
| കുടുംബക്ഷേമകേന്ദ്രം | - | പാനുണ്ട, |
| കമ്യൂണിറ്റി ഹെൽത്ത് സെന്റർ | – | പിണറായി |



# ചരിത്രപശ്ചാത്തലം

മൂന്നുഭാഗവും നദികളാൽ ചുറ്റപ്പെട്ട പ്രകൃതിരമണീയമായ ഒരു ഗ്രാമമാണ് പിണറായി പഞ്ചായത്ത്. പുരോഗമനപ്രസ്ഥാനങ്ങൾക്ക് നല്ല വേരോട്ടമുള്ള മണ്ണ്. ചരിത്രബോധവും സാമൂഹ്യപ്രതിബദ്ധതയുമുള്ള ഒരു ജനത. അതാണ് പിണറായി ഗ്രാമം. സംഭവപരമ്പരകൾകൊണ്ടും പ്രതിഭാശാലികളായ മഹദ്‌വ്യക്തികളുടെ നേതൃശോഭകൊണ്ടും കേരളത്തിന്റെ തൊടുകുറിപോലെ തിളങ്ങിനിൽക്കുന്ന ഈ ഗ്രാമത്തിന്റെ ചരിത്രപശ്ചാത്തലത്തിലേക്ക് കണ്ണോടിക്കുന്നത് ആഹ്ലാദകരമായ ഒരനുഭവമായിരിക്കും.

'പിണറായി' എന്ന സ്ഥലനാമത്തെപ്പറ്റി വ്യക്തമായൊരു ധാരണയുടെ അഭാവമുണ്ട്. നൂറ്റാണ്ടുകൾക്കുമുമ്പ് നിലനിന്നിരുന്ന കോട്ടയം- കോലത്തുനാട് നാട്ടരചന്മാർ തമ്മിലുണ്ടായ വഴക്ക് പരശതം യോദ്ധാക്കളുടെ ജീവനപഹരിച്ച ഘോരയുദ്ധമായി പരിണമിച്ചെന്നും ആ യുദ്ധരംഗത്ത് വീരസ്വർഗം പ്രാപിച്ച യോദ്ധാക്കൾ പിണമായി (ശവമായി) തീർന്ന ഭൂഭാഗം പിന്നീട് പിണറായി എന്നറിയപ്പെട്ടുവെന്ന ഒരൈതീഹ്യമുണ്ട്. ആധുനികകാലത്തെ ഒരു ഭാഷാഗവേഷകനായിരുന്ന മേലൂർ സ്വദേശി ശ്രീ. പി. കുമാരൻ മാസ്റ്റർ അഴീമുഖവുമായി പിണരുന്ന സ്ഥലം എന്ന അർത്ഥത്തിൽ പിണർ-ആഴി. പിൽക്കാലത്ത് പിണറായി എന്ന് രൂപാന്തരം പ്രാപിച്ചതാണെന്ന് നിരീക്ഷിച്ചിട്ടുണ്ട്. ഈ ഗ്രാമത്തിൽ ഉൾപ്പെട്ട സ്ഥലങ്ങൾ പലപല ദേവസ്വങ്ങളുടെ അധീനതയിലായിരുന്നു. കോട്ടയം തമ്പുരാന്റെ അധീനതയിലായിരുന്നു ഭൂരിഭാഗം പ്രദേശങ്ങളും. കൂടാതെ മേലൂർ ദേവസ്വം, പെരളശ്ശേരി ദേവസ്വം, വൈരീഘാതകൻ ക്ഷേത്രം, കായക്കൂൽ കുടുംബം തുടങ്ങിയവർക്ക് ധാരാളം ഭൂസ്വത്തുക്കളുണ്ടായിരുന്നു. കോട്ടയം തമ്പുരാന് പിണറായി കായക്കൂൽ തറവാട്ടിൽ ബന്ധമുണ്ടായിരുന്നതിന് തെളിവുകളുണ്ട്. കൂടാതെ കോട്ടയം തമ്പുരാന്റെ വാരം, പാട്ടം എന്നിവ സൂക്ഷിക്കാൻ ഓലയമ്പലം ബസാറിന്റെ പിൻഭാഗത്ത് കൂലോത്തുംമൊട്ടയിൽ ഒരു കേന്ദ്രമുണ്ടായിരുന്നു. ഇവിടെ തമ്പുരാൻ ഇടയ്ക്കിടെ സന്ദർശിച്ചിരുന്നു. ഇതിന്റെ അവശിഷ്ടങ്ങൾ ഇപ്പോഴും ഇവിടെ ദൃശ്യമാണ്.

ഈ ഗ്രാമം പൊതുവേയൊരു കാർഷികമേഖലയായിരുന്നു. നൂറുകണക്കിന് ഹെക്ടർ വിസ്തീർണമുണ്ടായിരുന്ന വിശാലമായ പിണറായി വയൽ പിൽക്കാലത്ത് മണ്ണിട്ട് നികത്തി പറമ്പുകളാക്കി മാറ്റിയതിനാൽ ആ വിസ്തൃതമായ വയൽപ്പരപ്പ് ഇന്ന് വെറും ഒരോർമയായി മാറിക്കഴിഞ്ഞു. തെങ്ങുകൃഷി നാളികേരോല്പാദനത്തിന് വേണ്ടിമാത്രമല്ല കള്ളുചെത്തുവ്യവസായത്തിനും ഈ ഗ്രാമം പ്രസിദ്ധമായിരുന്നു. പിന്നോക്കവിഭാഗത്തിൽപ്പെട്ട തീയ ജാതിയിൽപ്പെട്ടവരുടെ സാമ്പത്തികാഭിവൃദ്ധിക്ക് അടിസ്ഥാനമായി വർത്തിച്ചതും കള്ളുചെത്ത് വ്യവസായമാണ്. കൂടാതെ കണ്ണൂർ ജില്ലയിൽ ഏറ്റവും രുചികരമായ ചക്കര പിണറായിയിൽ ഉല്പാദിപ്പിച്ചിരുന്നു. കോട്ടയം അങ്ങാടിയിലേക്ക് ഇവ വിൽക്കാൻപോകുന്ന മദ്ധ്യവയസ്കരായ സ്ത്രീകളുടെ നീണ്ട നിര ഒരു പതിവ് ദൃശ്യമായിരുന്നുപോലും.

1930-കളിൽ സജീവമായിത്തീർന്ന ദേശീയപ്രസ്ഥാനവും കാർഷിക- അധ്യാപകപ്രസ്ഥാനങ്ങളും തോളോട് തോളുരുമ്മിയാണ് വളർച്ച പ്രാപിച്ചത്. ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായി 1930-ൽ വിദേശവസ്ത്രബഹിഷ്കരണസമരം അരങ്ങേറി. ഗ്രാമത്തെ ഇളക്കിമറിച്ച ഈ സമരത്തിന് നേതൃത്വം നൽകിയത് യശ്ശഃശരീരനായ എ.കെ.ജി., എ.കെ. ശങ്കരൻനമ്പ്യാർ, കച്ചേരിക്കണ്ടി ചാത്തുക്കുട്ടി, തട്ടാരി കുഞ്ഞിരാമൻ എന്നിവരായിരുന്നു.

എ.സി. നാരായൺ നമ്പ്യാരുടെ നേതൃത്വത്തിൽ ചർക്ക സ്ഥാപിച്ച് നൂൽനൂൽപ് പ്രചരിപ്പിച്ചതും ഈ സമരത്തിന് ആക്കം കൂട്ടി. കർഷകസംഘത്തിന്റെ ആഭിമുഖ്യത്തിൽ സവർണർ അയിത്തം ആചരിക്കുന്നതിന് എതിരേയും വഴി നടക്കാനുള്ള സ്വാതന്ത്ര്യത്തിനുവേണ്ടിയും സമരങ്ങൾ നടത്തിയിട്ടുണ്ട്. 1938-ൽ കൃഷിക്കാരുടെ വാരം, പാട്ടം എന്നിവ കുറയ്ക്കണമെന്നാവശ്യപ്പെട്ട് കോട്ടയം തമ്പുരാന്റെ കോവിലകത്തേക്ക് നടത്തിയ കർഷകജാഥ പിണറായിയിലെ വർഗസമരചരിത്രത്തിലെ ഉജ്ജ്വലമായൊരധ്യായമാണ്. പിണറായിയിൽനിന്ന് ഉദ്ഘാടനം ചെയ്ത ഈ മാർച്ചിൽ 7,000-ത്തോളം പേർ പങ്കെടുത്തിരുന്നു. (ആ സമയം പിണറായിയിലെ ജനസംഖ്യ ഏകദേശം 10,000 ആയിരുന്നു) ജന്മിത്തത്തിനെതിരെയുള്ള ജനമുന്നേറ്റത്തിന്റെ ഉത്തമദൃഷ്ടാന്തമായിരുന്നിത്. കർഷകനേതാവെന്ന നിലയിൽ കോട്ടയം തമ്പുരാന് നിവേദനം സമർപ്പിച്ച് സംഭാഷണം നടത്തിയത് എ. കെ. ജിയായിരുന്നു. കുണ്ടാഞ്ചേരി കുഞ്ഞിരാമൻ മാസ്റ്റർ, എൻ. ഇ. ബാലറാം, പാണ്ട്യാല ഗോപാലൻ മാസ്റ്റർ, പിണറായി കൃഷ്ണൻ മാസ്റ്റർ, പി. കൃഷ്ണൻ, ടി. വി. ഗോവിന്ദൻ നായർ എന്നിവരായിരുന്നു ഇതിന് നേതൃത്വം കൊടുത്ത നേതാക്കന്മാർ.

കേരളത്തിലെ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് രൂപം കൊടുത്ത 1939- ലെ പാറപ്രം സമ്മേളനം ഈ ഗ്രാമജീവിതത്തിലെ ഒരു നാഴികകല്ലായി വിശേഷിപ്പിക്കാം. എ. കെ. ജി., ഇ. എം. എസ്സ്., പി. കൃഷ്ണപിള്ള തുടങ്ങിയ കമ്യൂണിസ്റ്റ് ആചാര്യന്മാർ ഈ സമ്മേളനത്തിൽ പങ്കെടുത്തിരുന്നു. പിൽക്കാലത്ത് കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിലേയും ഇന്ത്യൻ രാഷ്ട്രീയ നഭോ മണ്ഡലത്തിലേയും ഒരുജ്ജ്വലജ്യോതിസ്സായി വെട്ടിത്തിളങ്ങിയ എൻ.ഇ. ബാലറാമും ഈ സമ്മേളനത്തിൽ ഒരു പ്രതിനിധിയായി പങ്കെടുത്തിരുന്നു. സംസ്കൃതഭാഷാപണ്ഡിതനും വേദപുരാണാദികളിൽ അവഗാഹമായ പാണ്ഡിത്യവുമുണ്ടായിരുന്ന ബാലറാം പിന്നീട് കേരള വ്യവസായമന്ത്രിയും രാജ്യസഭാംഗവുമായിരുന്നു. വളണ്ടിയർ ആയി ഈ സമ്മേളനത്തിൽ പങ്കെടുത്ത പാണ്ട്യാല ഗോപാലൻമാസ്റ്ററും ഈ ഗ്രാമത്തിന്റെ മറ്റൊരു വീരസന്താനമാണ്.

പ്രാഥമികതലത്തിലുള്ള ഔപചാരികവിദ്യാഭ്യാസത്തിന്റെ കാര്യത്തിലും പിണറായി ഗ്രാമത്തിന് സുദീർഘമായ പാരമ്പര്യമുണ്ട്. 150 വർഷത്തിലേറെ പഴക്കമുള്ള കുളത്തുംകര ഗ്രാമ സ്കൂളാണ് പിൽക്കാലത്ത് തേരളയിൽ ലോവർ പ്രൈമറി സ്കൂളായി രൂപാന്തരപ്പെട്ടത്. ഗ്രാമത്തിലെ സർവജനങ്ങൾക്കും ഗുരുഭൂതരായിട്ടുള്ള സർവശ്രീ കേളുഗുരുക്കൾ, നല്ലകണ്ടി ശങ്കരൻ ഗുരുക്കൾ, വെണ്ടാട്ടേരി ശങ്കരൻ, മുൻഷി, രൈരു ഗുരുക്കൾ, വി.വി.കെ എന്ന ചുരുക്കപ്പേരിൽ അറിയപ്പെട്ടിരുന്ന വി.വി. കുഞ്ഞിക്കണ്ണൻനമ്പ്യാർ എന്നീ മഹാത്മാക്കളുടെ പാദരേണുക്കളാൽ പവിത്രീകരിക്കപ്പെട്ടതാണ് ഈ ഗ്രാമം. വൈദ്യവൃത്തിയിലും ജ്യോതിഷത്തിലും വിഷചികിത്സയിലും പ്രാഗത്ഭ്യം തെളിയിച്ച നിരവധി പ്രഗത്ഭന്മാർ ഈ ഗ്രാമത്തിലുണ്ടായിരുന്നു. വിഷചികിത്സക്കുവേണ്ടി അയൽപ്രദേശത്തുനിന്നുപോലും പിണറായിലേക്ക് ജനങ്ങളെത്തിയിരുന്നു. ഇളന്നകുനി കുഞ്ഞിക്കണ്ടൻ വൈദ്യർ, കടവാങ്കോട്ട് മുഹമ്മദ്ഹാജി എന്നിവർ പ്രശസ്ത വിഷചികിത്സകരായിരുന്നു.

ഹിന്ദു-മുസ്ലീം മൈത്രിക്ക് കേൾവികേട്ട ഒരുഗ്രാമമാണ് പിണറായി. ടിപ്പുവിന്റെ പടയോട്ടക്കാലത്ത് ചില ഹൈന്ദവദേവാലയങ്ങൾ തകർക്കപ്പെടുകയും അവിടങ്ങളിൽ മുസ്ലിം പള്ളികൾ ഉയരുകയും ചെയ്തുവെന്ന അഭ്യൂഹങ്ങൾ പ്രചരിച്ചിരുന്നുവെങ്കിലും അത്തരം പ്രശ്നങ്ങളൊന്നും ഇരുസമുദായങ്ങളേയും അലട്ടിയിരുന്നില്ല. കാൽ നൂറ്റാണ്ടിനുമുമ്പ് തൊട്ടടുത്തുള്ള ഗ്രാമങ്ങളിൽ വർഗീയ കലാപം അരങ്ങേറിയപ്പോൾ ഈ ഗ്രാമത്തിന് ഒരു പോറൽപോലും ഉണ്ടായിട്ടില്ല. അക്കാലത്ത് മതഭ്രാന്തന്മാർ മുസ്ലിംവീടുകളും ആരാധനാലയങ്ങളും ആക്രമിച്ചപ്പോൾ അതിനെതിരെ ധീരമായ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചത് ഇന്നത്തെ വൈദ്യുതി-സഹകരണമന്ത്രിയായ പിണറായി വിജയൻ, ചിറായി അനന്തൻ, വേലായുധൻ നമ്പ്യാർ എന്നിവരായിരുന്നു.

പൊതുവേ ഗ്രാമത്തിന്റെ സാമ്പത്തികഘടന നാളികേരകൃഷിയും, കള്ള്ചെത്ത് വ്യവസായവുമായി ബന്ധപ്പെട്ടിട്ടാണ് കിടന്നിരുന്നത്. കിഴക്കുംഭാഗം, പടന്നക്കര, കോളാട് ഭാഗങ്ങളിൽ ധാരാളം മത്സ്യസമ്പത്തും ലഭ്യമായിരുന്നു. 1341-ലെ പ്രകൃതിക്ഷോഭത്തിലും പ്രളയത്തിലും നശിച്ചുപോയ പടന്നകളുടെ (ഉപ്പളങ്ങളുടെ) കര എന്ന അർത്ഥത്തിലാണ് പടന്നക്കര പ്രശസ്തിയാർജിച്ചത്. പടന്നക്കരയിൽ നിർമിക്കപ്പെട്ടിരുന്ന ടൺ കണക്കിന് ഉപ്പ് വയനാട് ചുരം വഴി വണിക്കുകൾ മധ്യേന്ത്യയിലേക്ക് കടത്തിക്കൊണ്ടുപോയതായി ചരിത്രകാരന്മാർ സംശയിക്കുന്നുണ്ട്. ആ ഉപ്പളങ്ങൾ ഇന്ന് വിശാലജലാശയങ്ങളും തെങ്ങിൻതോപ്പുകളുമായി മാറിയിരിക്കുന്നു. കടലിന്റെ ഒരു ഭാഗമായിരുന്നു എന്ന് വിശേഷിപ്പിക്കുന്ന പാറപ്രം പ്രദേശത്തെ കക്കനിക്ഷേപം ധാരാളം കുടുംബങ്ങൾക്ക് വരുമാനമാർഗമായിരുന്നു. ശാലിയ സമുദായക്കാർ ഇടതിങ്ങി താമസിച്ചിരുന്ന തെരുവിലെ കൈത്തറി വ്യവസായത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. സാമുവൽ ആറോൺ പിണറായിയിൽ സ്ഥാപിച്ചിരുന്ന ഓട്ടുകമ്പനിയിൽ ഉല്പാദിപ്പിച്ചിരുന്ന ഓട് മലബാർ പ്രദേശംമുഴുവൻ പ്രചരിച്ചിരുന്നു. ഈ കളിമൺവ്യവസായം ഇന്ന് നിലച്ചുപോയെങ്കിലും ആ സ്ഥലത്ത് ഇരുന്നൂറോളം പേർക്ക് ജോലികൊടുക്കുന്ന പുതിയ വ്യവസായ സംരംഭങ്ങൾ ഉയർന്നുവന്നിട്ടുണ്ട്.

കലാസാംസ്കാരികരംഗത്തും ഈ ഗ്രാമം സമ്പന്നമായ പൈതൃകം കാത്തുസൂക്ഷിക്കുന്നു. തെയ്യം, തിറ തുടങ്ങിയ അനുഷ്ഠാനകലകളിലും കോൽക്കളി, പൂരക്കളി എന്നിവയിലും സുദീർഘമായ പാരമ്പര്യം അവകാശപ്പെടാനുണ്ട്. കുട്ടിച്ചാത്തൻ, മുത്തപ്പൻ, ചാമുണ്ഡി, കണ്ഠകർണ്ണൻ, മുച്ചിലോട്ട് ഭഗവതി തുടങ്ങിയ ദൈവങ്ങളെ കെട്ടിയാടിക്കുന്ന നിരവധി കാവുകൾ ഗ്രാമത്തിന്റെ

മുക്കിലും മൂലയിലും കാണാം. വീര പോരാളിയായിരുന്ന തച്ചോളി ഒതേനൻ പിണറായി സന്ദർശിച്ചതായി ഐതിഹ്യമുണ്ട്. മഹാജ്ഞാനിയും സിദ്ധനുമായിരുന്ന ശ്രീകൃഷ്ണഗിരിസ്വാമികളുടെ നിരന്തരസന്ദർശനവും ഈ ഗ്രാമത്തിന്റെ തേജസ്സുറ്റ ചരിത്രവസ്തുതകളാണ്.

ജനജീവിതത്തിന്റെ സമസ്തമേഖലകളേയും സ്പർശിക്കുന്ന സഹകരണമേഖല ഈ ഗ്രാമത്തിന്റെ പുരോഗതിയുടെ വഴിവിളക്കായി ശോഭിക്കുന്നു. രജിസ്റ്റർ ചെയ്ത 33 സഹകരണസംഘങ്ങളുടെ സാന്നിദ്ധ്യം കൊണ്ടും പ്രവർത്തനംകൊണ്ടും പിണറായി ഒരു സഹകരണഗ്രാമം എന്ന പേരിൽ അറിയപ്പെടുന്നു. 1922-ൽ സ്ഥാപിച്ച ഐക്യനാണയസംഘം എന്ന ആദ്യസഹകരണസ്ഥാപനം ഇന്ന് പാറപ്രം ഉമ്മൻചിറ തുടങ്ങിയ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന ബ്രാഞ്ചുകളും ഓലയമ്പലം ബസാറിൽ പ്രവർത്തിക്കുന്ന സായാഹ്നശാഖയും അടക്കമുള്ള ഒരു 'എ' ക്ലാസ്സ് ബാങ്കായി വളർന്നുകഴിഞ്ഞു. ഇതിനുപുറമേ പിണറായി വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പ് സൊസൈറ്റി, പിണറായി കോ- ഓപ്പ് ബീഡി സൊസൈറ്റി, പിണറായി ക്ഷീരോല്പാദന സഹകരണ സംഘം, പിണറായി ടൈൽസ് & സോമിൽ വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പ് സൊസൈറ്റി തുടങ്ങിയ സഹകരണസ്ഥാപനങ്ങളും പിണറായി ഗ്രാമത്തിന്റെ സമ്പദ്ഘടനയെ നിയന്ത്രിക്കുന്ന ഘടകങ്ങളാണ്.

ചരിത്രസംഭവങ്ങളുടെ കുത്തൊഴുക്കിൽ മൺമറഞ്ഞുപോയ പ്രതിഭാശാലികളുടെ വീരസ്മരണകൾകൊണ്ട് പുളകമാർന്ന ഈ ഗ്രാമത്തിന്റെ കിതപ്പും കുതിപ്പും നാളത്തെ തലമുറയുടേയും രോമാഞ്ചമായിരിക്കും. ബൗദ്ധികസമ്പത്തിന്റെയും ധീരസാഹസികത്തിയുടേയും വർഗസമരസൈദ്ധാന്തികതയും കലാസാംസ്കാരികസ്രോതസ്സുകളുടേയും ചരിത്രപശ്ചാത്തലത്തിന്റെയും ഫലഭൂയിഷ്ഠമായ മണ്ണിൽ ചവിട്ടുറപ്പിച്ചു നിൽക്കുമ്പോൾ നമുക്ക് ഗ്രാമഐശ്വര്യത്തിന് വേണ്ടിയുള്ള പുതിയ വെല്ലുവിളികളെ നേരിടാൻ കഴിയുമെന്ന കാര്യത്തിൽ പക്ഷാന്തരമുണ്ടാകില്ല.

# ഭൂപ്രകൃതി ജനപ്രകൃതി

പ്രകൃതിരമണീയവും സസ്യശ്യാമളവും ഫലവൃക്ഷസമൃദ്ധവുമായ ഒരു ഗ്രാമം. മൂന്നുഭാഗവും നദികളാൽ ചുറ്റപ്പെട്ട കമനീയമായൊരു ഭൂപ്രദേശം. കുന്നുകളും ചെരിവുകളും സമതലവും തീരപ്രദേശവും അടങ്ങുന്നതാണ് ഇവിടുത്തെ ഭൂപ്രകൃതി. വയലുകളും കുളങ്ങളും തോടുകളും ഇടകലർന്ന് നിൽക്കുന്ന പിണറായി ഗ്രാമം തികച്ചും ഒരു കാർഷികഗ്രാമമാണ്. വടക്കുപടിഞ്ഞാറ് തെക്കുഭാഗങ്ങളിൽ അഞ്ചരക്കണ്ടിപ്പുഴ, മേലൂർപ്പുഴ, അണ്ടലൂർപുഴ, ഉമ്മൻചിറപ്പുഴ എന്നിവയാൽ ചുറ്റപ്പെട്ട് കിടക്കുന്നു. ഏകദേശം 16 കി.മീ. നീളമുള്ള പുഴയോരം പഞ്ചായത്തിനുണ്ട്.

പഞ്ചായത്തിലെ ഭൂവിഭാഗങ്ങളെ അഞ്ചായി തരം തിരിക്കാം.

1. പുഴയോടുചേർന്ന ചതുപ്പുനിലം
2. എക്കൽമണ്ണുള്ള വയൽപ്രദേശം
3. സമതലപ്രദേശം
4. ഇടത്തരം ചെരിവുകൾ
5. ചെറിയ കുന്നിൻപ്രദേശം

**പഞ്ചായത്തിലെ പ്രധാനപ്പെട്ട കുന്നുകൾ താഴെപറയുന്നു**

*അവലംബം ട്രാൻസാക്ട് വോക്*

| നമ്പർ | കുന്നുകൾ | ഉയരം (മീ) |
|---|---|---|
| 1 | കപ്പറ്റ കുന്ന് | 40 മീ. |
| 2 | കണ്ണോത്ത് മടപ്പുരം കുന്ന് | 25 മീ. |
| 3 | കപ്പണക്കാട് | 30 മീ. |
| 4 | കിഴക്കുംഭാഗം മടപ്പുര കുന്ന് | 25 മീ. |
| 5 | പിലാക്കണ്ടി മടപ്പുരകുന്ന് | 40 മീ. |
| 6 | കാറാടി കുന്ന് | 50 മീ. |
| 7 | പയ്യട്ടിൻകുന്ന് | 45 മീ. |
| 8 | കോറോത്ത് കുന്ന് | 40 മീ. |
| 9 | പാറപ്രം തെക്കുകുന്ന് | 60 മീ. |
| 10 | കണ്ടോത്ത് കുന്ന് | 40 മീ. |
| 11 | ലക്ഷംവീട് കുന്ന് | 35 മീ. |
| 12 | ആശുപത്രി കുന്ന് | 45 |

## കാലാവസ്ഥ

ജൂൺ ജൂലൈ, ആഗസ്റ്റ് മാസങ്ങളിലാണ് പഞ്ചായത്തിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. ഈ മാസങ്ങളിൽ നീർക്കെട്ടും മണ്ണൊലിപ്പും അനുഭവപ്പെടുന്നു. മാർച്ച്, ഏപ്രിൽ മാസമാകുമ്പോഴേക്കും പഞ്ചായത്തിലെ മിക്ക കുളങ്ങളും കിണറുകളും തോടുകളും വറ്റിപ്പോകുന്നു.

## സസ്യസമ്പത്ത്

തെങ്ങ്, കവുങ്ങ്, നെല്ല്, കുരുമുളക്, വാഴ, കശുമാവ്, മരച്ചീനി തുടങ്ങിയവയാണ് പ്രധാനകൃഷി. കൃഷിഭൂമിയുടെ അളവ് ഓരോ വർഷം കഴിയുന്തോറും കുറഞ്ഞുവരുന്നതായി കാണാം. നെൽകൃഷിക്ക് ഉപയോഗിച്ച ഭൂമിയുടെ അളവ് കുറഞ്ഞത് വ്യാകുലത ഉളവാക്കുന്നതാണ്. 1933-ൽ നമ്മുടെ പഞ്ചായത്തിൽ നെൽകൃഷിക്ക് 1400 ഏക്കർ സ്ഥലം ഉപയോഗിച്ചിരുന്നു. 1996-ൽ (അവലംബം - സാമൂഹ്യസാമ്പത്തികസർവേ) അത് 175 ഏക്രയായി കുറഞ്ഞിട്ടുണ്ട്. ഇത് ഗൗരവമായി എടുക്കേണ്ടതാണ്.

## മനുഷ്യവിഭവം

1991-ലെ സെൻസസ് പ്രകാരം പിണറായി പഞ്ചായത്തിലെ ജനസംഖ്യ 28759 ആണ്. 1996-ലെ സാമൂഹ്യ സാമ്പത്തികസർവേപ്രകാരം ജനസംഖ്യ 29141 ആയി വർദ്ധിച്ചിട്ടുണ്ട്. 1000 പുരുഷന്മാർക്ക് 1041 സ്ത്രീയെന്ന് രീതിയിലാണ് സ്ത്രീപുരുഷാനുപാതം.

ജനസംഖ്യയുടെ ഏകദേശം പകുതിയോളം വരുന്ന തൊഴിൽരഹിതർക്ക് എന്തെങ്കിലും വരുമാനം ഉണ്ടാക്കാൻ കഴിയുന്ന ജോലി കൊടുക്കാൻ സാധിച്ചാൽമാത്രമേ ദാരിദ്ര്യം ഇല്ലായ്മ ചെയ്യാനും ജീവിതനിലവാരം മെച്ചപ്പെടുത്താനും സാധിക്കുകയുള്ളൂ. പൊതുവേ ദുർബലമായിക്കിടക്കുന്ന കാർഷികവ്യവസായമേഖല പുഷ്ടിപ്പെടുത്തി മാത്രമേ ഇതിനൊരു പരിഹാരം കാണാൻ സാധിക്കുകയുള്ളൂ.

ജനസംഖ്യയുടെ ഏകദേശം പകുതിയിലേറെ വരുന്ന 0-16, 60-നുമുകളിൽ എന്ന ഗണത്തിൽപ്പെട്ട ജനസംഖ്യയെ പരിരക്ഷിക്കേണ്ട ചുമതല 16-60 എന്ന ഗണത്തിൽപ്പെട്ടവർക്കാണ്. പഞ്ചായത്തിൽ ആശ്രിതരുടെ എണ്ണം കൂടിവരുന്നത് ആശങ്കാപരമാണ്.

## കാലാവസ്ഥ

### മഴലഭ്യത പിണറായി പഞ്ചായത്തിൽ

അവലംബം : വേങ്ങാട് സീഡ്ഫാം വാർഷികവർഷാനുപാതം (മിമീ)

| മാസം | ജനു | ഫിബ്ര | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലൈ | ആഗ | സെപ്റ്റ | ഒക്ടോ | നവം | ഡിസം | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1994 | | | 5.2 | 110.2 | 38.4 | 676.2 | 1057.9 | 484.3 | 171.9 | 286.4 | 25.3 | – | 2855.5 |
| 1995 | | | | 21.1 | 237 | 428.4 | 784.9 | 317.3 | 166.2 | 116.7 | 96 | – | 2167.2 |
| 1996 | | | | 19 | 42.3 | 812.9 | 823.3 | 429.4 | 286 | 487 | 40 | – | 2939.9 |
| സസംസ്ഥാന ശരാശരി 1995 | 14 | 17 | 39 | 112 | 256 | 691 | 760 | 433 | 247 | 288 | 163 | 42 | 3062 |

### വാർഡുതല ജനസംഖ്യയും തൊഴിൽ രഹിതരുടെ കണക്കും

(അവലംബം 1996 സെൻസസ്)

| വാർഡ് | പുരുഷൻ | സ്ത്രീ | ആകെ | തൊഴിൽ രഹിതർ |
|---|---|---|---|---|
| 1 | 874 | 851 | 1725 | 852 |
| 2 | 1291 | 1395 | 2686 | 1268 |
| 3 | 1665 | 2000 | 3665 | 1544 |
| 4 | 1566 | 1533 | 3099 | 1288 |
| 5 | 1726 | 1747 | 3473 | 1426 |
| 6 | 1130 | 1215 | 2345 | 998 |
| 7 | 666 | 781 | 1447 | 798 |
| 8 | 1549 | 1497 | 3046 | 1444 |
| 9 | 1500 | 1554 | 3054 | 1358 |
| 10 | 484 | 496 | 980 | 438 |
| 11 | 949 | 947 | 1923 | 988 |
| 12 | 835 | 863 | 1698 | 703 |
| ആകെ | 14235 | 14906 | 29141 | 13096 |

## ജനങ്ങളുടെ വിദ്യാഭ്യാസനിലവാരം
(അവലംബം 1996–ൽ നടത്തിയ സാമൂഹ്യ സാമ്പത്തികസർവേ)

| | SSLC | PDC | ബിരുദം | ബിരുദാനന്തരബിരുദം | ഡിപ്ലോമ/ഡിഗ്രി |
|---|---|---|---|---|---|
| 1 | 184 | 120 | 45 | 9 | 11 |
| 2 | 417 | 213 | 102 | 35 | 38 |
| 3 | 560 | 228 | 114 | 28 | 12 |
| 4 | 1127 | 239 | 148 | 24 | 32 |
| 5 | 498 | 222 | 111 | 27 | 26 |
| 6 | 447 | 182 | 121 | 25 | 10 |
| 7 | 266 | 108 | 65 | 30 | 30 |
| 8 | 391 | 256 | 120 | 32 | 18 |
| 9 | 478 | 261 | 146 | 28 | 22 |
| 10 | 148 | 86 | 40 | 2 | 13 |
| 11 | 337 | 160 | 76 | 21 | 12 |
| 12 | 253 | 137 | 57 | 17 | 3 |

## വിവിധപ്രായപരിധിയിൽ പെട്ടവർ

| വയസ്സ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
|---|---|---|---|---|---|---|---|---|---|---|---|---|
| 0-5 | 130 | 132 | 190 | 188 | 232 | 139 | 68 | 172 | 172 | 72 | 109 | 108 |
| 6-15 | 287 | 436 | 560 | 547 | 711 | 424 | 229 | 526 | 520 | 123 | 312 | 280 |
| 16-35 | 759 | 1091 | 1581 | 1267 | 1349 | 925 | 562 | 1275 | 1217 | 439 | 734 | 701 |
| 36-60 | 419 | 362 | 990 | 818 | 897 | 638 | 450 | 786 | 886 | 281 | 533 | 468 |
| 60നു മുകളിൽ | 130 | 212 | 344 | 262 | 268 | 219 | 131 | 277 | 259 | 65 | 228 | 141 |



# കൃഷിയും ജലസേചനവും

പിണറായി-എരുവട്ടി വില്ലേജുകൾ ഉൾക്കൊള്ളുന്ന പിണറായി ഗ്രാമപഞ്ചായത്ത് തികച്ചും ഒരു ഗ്രാമീണമേഖല തന്നെയായിരുന്നു. വിസ്തൃതമായ നെൽപാടങ്ങളും ജലസമൃദ്ധമായ തോടുകളും കുളങ്ങളും ഈ ഗ്രാമത്തിന്റെ സവിശേഷതയായിരുന്നു. നോക്കെത്താദൂരത്തോളം പരന്നുകിടന്നിരുന്ന പിണറായി വയലും എരുവട്ടിവയലും വളരെ പ്രശസ്തമായിരുന്നു. ഇതിനുപുറമേ മരുതന വയൽ, വളയിൽ വയൽ, ചേരിക്കൽ വയൽ, കിഴക്കുഭാഗം വയൽ എന്നിവ പിണറായി വില്ലേജിലേയും പൈങ്ങോട്ടുവയൽ, കോട്ടൂർ വയൽ, പാനുണ്ട വയൽ, ഓലായിക്കര വയൽ എന്നിവ എരുവട്ടി വില്ലേജിലേയും വിസ്തൃതമായ നെൽപാടങ്ങളായിരുന്നു. പഞ്ചായത്തിന്റെ ഏതാണ്ട് പകുതിയോളം ഭാഗം അതിരിടുന്നത് അഞ്ചരക്കണ്ടിപ്പുഴയാണ്. പിണറായിക്ക് ചുറ്റുമായി കോട്ടയം, വേങ്ങാട്, പെരളശ്ശേരി, കടമ്പൂർ, ധർമ്മടം, എരഞ്ഞോളി, കതിരൂർ എന്നീ ഗ്രാമപഞ്ചായത്തുകളും സ്ഥിതി ചെയ്യുന്നു.

സമദ്രനിരപ്പിൽനിന്നും അധികമൊന്നും ഉയരമില്ലാത്ത കുന്നിൻ പ്രദേശങ്ങളും താഴ്‌വരകളും വയലുകളും ഇടവിട്ടിടവിട്ട് സ്ഥിതിചെയ്യുന്നു. പഞ്ചായത്തിന്റെ തെക്കും പടിഞ്ഞാറും വടക്കും ഭാഗങ്ങളിലായി തീരപ്രദേശങ്ങളുമുണ്ട്. ഇവിടെയുള്ള പ്രധാനമൺതരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 1

| | |
|---|---|
| ലാറ്ററേറ്റ് | 50% |
| മണൽ കലർന്ന പശിമരാശി മണ്ണ് | 30% |
| എക്കൽ മണ്ണ് | 10% |
| മണൽപ്രദേശം | 10% |

*അവലംബം : വിഭവഭൂപടം.*

വയലുകളിൽ പ്രധാനകൃഷി നെല്ലുതന്നെയായിരുന്നു. ഇതിന് പുറമേ പയർവർഗങ്ങൾ, വെള്ളരി, പച്ചക്കറികൾ എന്നിവയും പറമ്പുകളിൽ തെങ്ങ് കവുങ്ങ്, മാവ്, പ്ലാവ്, കുരുമുളക്, വാഴ, മരച്ചീനി, മുത്താറി എന്നിവയും കൃഷി ചെയ്തുവരുന്നു.

1933-ലെ നിലത്തിന്റെ വിസ്തീർണം ചുവടെ ചേർക്കുന്നു

പട്ടിക 2

| ദേശം നമ്പർ | ദേശത്തിന്റെ പേര് | വിസ്തീർണം ഏക്കർ സെന്റ് |
|---|---|---|
| 143 | ഓലായിക്കര | 62 84 |
| 144 | പാനുണ്ട | 49 07 |
| 145 | എരുവട്ടി | 177 98 |
| 146 | കോട്ടൂർ | 84 31 |
| 147 | ഉമ്മൻചിറ | 10 07 |
| 148 | വെണ്ടുട്ടായി | 68 47 |
| | ആകെ | 452 74 |
| 149 | കിഴക്കുംഭാഗം | 170 25 |
| 150 | പടന്നക്കര | 55 83 |
| 152 | ചേരിക്കൽ | 78 65 |
| 153 | പിണറായി | 504 42 |
| 154 | പാറപ്രം | 137 83 |
| | ആകെ | 946 98 |
| ആകെ വിസ്തീർണം | | 1399.72 ഏക്കർ |

നിലം ഏറിയപങ്കും കോവിലകം വകയോ ദേവസ്വം വകയോ ആയിരുന്നു. 1930-ലെ മലബാർ കുടിയായ്മാ നിയമത്തോടുകൂടിയാണ് കർഷകന് ഭൂമിയിൽ നാമമാത്ര അവകാശമെങ്കിലും ലഭിക്കുന്നത്. പ്രധാന ജന്മിമാരുടേയും ദേവസ്വത്തിന്റെയും വിവരം ചുവടെ ചേർക്കുന്നു. പഞ്ചായത്തിലെ ഭൂവുടമാക്രമത്തിന്റെ ഏകദേശരൂപം ചുവടെ കൊടുക്കുന്നു

**പട്ടിക 3**

പിണറായി പഞ്ചായത്തിലെ ഭൂവുടമാസമ്പ്രദായത്തിന്റെ ഏകദേശരൂപം

**ജന്മിയുടെ കൈവശം**

| | |
|---|---|
| 1. | കോട്ടയം കിഴക്കേ കോവിലകം വീരവർമ്മ വലിയ രാജ |
| 2. | കൈതേരി മാണിക്കോത്ത് |
| 3. | മണ്ടോത്ത് ഉപ്പി |
| 4. | മുതുവാട്ടില്ലത്ത് ദാമോദരൻ നമ്പൂതിരി, വാസുദേവൻ നമ്പൂതിരി |
| 5. | അറത്തിൽ കണ്ടോത്ത് കൃഷ്ണൻ നമ്പ്യാർ |
| 6. | കായക്കൂൽ മുതുകേറ്റേരി കുങ്കൻ നമ്പ്യാർ, കുഞ്ഞൂട്ടിനമ്പ്യാർ |
| 7. | പുതിയ കോട്ടാൽ കലന്തത്തി ഉമ്മ |
| 8. | കോട്ടാൽ കുഞ്ഞാലിക്കുട്ടി |
| 9. | എ.കെ. കുഞ്ഞിമ്മായൻ ഹാജി |
| 10. | മംഗലശ്ശേരി കേശവൻ നമ്പൂതിരി |
| 11. | പുല്ലാമ്പിൽ ഊരാങ്കോട്ട |
| 12. | പാണ്ട്യഞ്ചേരി |

**ദേവസ്വം/ബ്രഹ്മസ്വം വക**

| | |
|---|---|
| 1. | കോട്ടയം കിഴക്കേകോവിലകം വകയിൽ കുതിരവട്ടം (ദേവസ്വം) |
| 2. | എരുവട്ടി (ദേവസ്വം) |
| 3. | കുതിരവട്ടം (ബ്രഹ്മസ്വം) |
| 4. | കപ്പറ്റക്കാവ് (ദേവസ്വം) |
| 5. | തണ്ടാൻ മഠപ്പുര (ദേവസ്വം) |
| 6. | പെരളശ്ശേരി (ദേവസ്വം) |
| 7. | മേലൂർ (ദേവസ്വം) |
| 8. | തിമിരി (ദേവസ്വം) |
| 9. | വൈരിഘാതകൻ (ദേവസ്വം) |
| 10. | മുഴപ്പിലങ്ങാട്ട് (ദേവസ്വം) |
| 11. | ഗണപതി (ദേവസ്വം) |
| 12. | പടുവിലായി (ദേവസ്വം) |
| 13. | കൊതാലൂർ (ദേവസ്വം) |
| 14. | അച്ചങ്ങരപള്ളി വക |

*അവലംബം (എരുവട്ടി - പിണറായി വില്ലേജ് ഓഫീസ് രേഖകൾ)*

ഇതിൽ എരുവട്ടി വില്ലേജിലെ ജന്മിമാരിൽ പ്രമുഖൻ മണ്ടോത്ത് ഉപ്പി. (196.91 ഏക്കർ), അറത്തിൽ കണ്ടോത്ത് കൃഷ്ണൻ നമ്പ്യാർ (179.17 ഏക്കർ) എന്നിവരും പിണറായി വില്ലേജിൽ കോട്ടയം കിഴക്കേ കോവിലകം വീരവർമ്മ വലിയ രാജയുമാണ് (വില്ലേജിന്റെ 40% ഭൂമിയുടേയും ജന്മി)

ജന്മിമാരുടെ അധികാര അവകാശങ്ങൾ വളരെ വലുതായിരുന്ന ആ കാലഘട്ടത്തിൽ വയലുകളിൽ അധ്വാനിച്ച് നെല്ലുല്പാദിപ്പിക്കുക മാത്രമായിരുന്നു കർഷകന്റെ അവകാശം. കൂടാതെ വാരം, പാട്ടം, വാശി, കാണി, ശരി എന്നീ പിരിവുകൾക്ക് പുറമേ ജന്മിക്ക് കോഴിയും നെയ്യും കൊടുക്കുക എന്ന ഏർപ്പാടുമുണ്ടായിരുന്നു. പുരയിടങ്ങൾക്ക് കുഴിക്കാണം അവകാശം ഉണ്ടായിരുന്നെങ്കിലും അതൊന്നും സ്ഥിരാവകാശമായിരുന്നില്ല. വാരവും പാട്ടവും വർദ്ധിപ്പിക്കാനും മേൽച്ചാർത്ത് വഴി അവകാശം ഇല്ലാതാക്കാനും ജന്മിക്ക് കഴിയുമായിരുന്നു. അത് കാരണം കൃഷിയിടങ്ങളിൽ കർഷകർ സ്ഥിരമായ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിച്ചിരുന്നില്ല. എങ്കിലും പാടത്തും പറമ്പിലുമായി എല്ലാതരം കൃഷികളും അന്ന് ചെയ്തുപോന്നിരുന്നു. വിളകൾ മെച്ചപ്പെടുത്താനാവശ്യമായ എല്ലാതരം സമ്പ്രദായങ്ങളും കർഷകർ ഉപയോഗിച്ചിരുന്നു. കന്നുകാലികളെ ഉപയോഗിച്ച് നിലം നന്നായി ഉഴുതുമറിച്ചും ചാണകവും വെണ്ണീറും ജൈവവളങ്ങളും യഥേഷ്ടം പാടങ്ങളിൽ ഉപയോഗിച്ചും തോടുകൾ, കുളങ്ങൾ എന്നിവ നിർമിച്ചും നല്ല വിളവ് ഉല്പാദിപ്പിച്ചിരുന്നു.

## നെൽകൃഷി

പിണറായി പഞ്ചായത്ത് വിസ്തൃതമായ ഒരു നെൽപാടശേഖരമായിരുന്നു. 1400-ഓളം ഏക്കറിൽ നെൽകൃഷി മാത്രം ഇവിടെ നടത്തിയിരുന്നു. പഞ്ചായത്തിന്റെ തെക്കും വടക്കും പടിഞ്ഞാറും ഭാഗങ്ങളിൽ പാടങ്ങളിൽ ഉപ്പുവെള്ളം കയറുന്ന പ്രശ്നമുണ്ടെങ്കിലും മറ്റ് പ്രദേശങ്ങളിൽ നാടൻ നെൽവിത്തുകൾ ഉപയോഗിച്ച് നല്ല നിലയിൽ ഇരുപ്പു കൃഷി ചെയ്തുപോന്നിരുന്നു. പ്രധാനമായും മുണ്ടകൻ, കയമ, കീരിപ്പാല, ചിറ്റേനി, തവളക്കണ്ണൻ എന്നിവ സാധാരണനിലങ്ങളിലും ബാലി, ഓർക്കയമ, മുണ്ടോൻ എന്നിവ നീർക്കെട്ടുള്ള പ്രശ്നനിലങ്ങളിലും കൃഷിചെയ്തുപോന്നു. കാലാവസ്ഥക്ക് അനുയോജ്യമായതും പ്രതിരോധശേഷിയുള്ളതുമായ നാടൻ വിത്തിനങ്ങൾക്ക് പൊതുവേ കീടശല്യവും മറ്റ് രോഗങ്ങളും കുറവായിരുന്നു. ഇതിന് പുറമേ പാടങ്ങളിൽ കർഷകരുടെ നിതാന്തശ്രദ്ധയുമുണ്ടായിരുന്നു. മിക്ക വയലുകളിലും രണ്ടുവിളക്കുശേഷം പയറും വെള്ളരിയും വ്യാപകമായി

കൃഷിചെയ്തിരുന്നു. വിശാലമായ വെള്ളരിപാടങ്ങളിൽ അവിടവിടെ പന്തൽകെട്ടി കാവൽ കിടക്കുന്നതും അക്കാലത്തെ ഒരു പ്രത്യേകതയായിരുന്നു. ഇതെല്ലാം ഇന്ന് നാമാവശേഷമായിക്കഴിഞ്ഞിരിക്കുകയാണ്. ഇപ്പോൾ പഞ്ചായത്തിൽ അവശേഷിക്കുന്ന 10.15% നെൽപാടങ്ങളിൽ അത്യുല്പാദനശേഷിയുള്ള ജയ, ജ്യോതി, ചുവന്ന ത്രിവേണി, IR 14 ആതിര, പവിഴം തുടങ്ങിയ വിത്തുകൾ ആണ് ഉപയോഗിക്കുന്നത്. അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾക്ക് അനുയോജ്യമായ ഫലഭൂയിഷ്ഠതയും ജലപരിപാലനമാർഗങ്ങളും ഇല്ലെന്നതിനാൽ ഇത്തരം വിത്തിനങ്ങളുടെ മുഴുവൻ പ്രയോജനവും കൃഷിക്കാർക്ക് ലഭിക്കുന്നില്ല. നാടൻ ഇനങ്ങളുടെ ഉത്തമജനുസ്സുകൾ ഏറെ പ്രയോജനപ്പെടുമെങ്കിലും അവയൊന്നും ഇപ്പോൾ ലഭ്യവുമില്ല. ഇതെല്ലാംകൊണ്ട് ചില സ്ഥലങ്ങളിൽ നെൽപാടങ്ങൾ തരിശായിതന്നെ ഇട്ടിരിക്കുകയാണ്.

1959-ലെ കാർഷികപരിഷ്കരണവും 1970-ലെ ഭൂപരിഷ്കരണവും പ്രായേണ സമഗ്രമായി കേരളത്തിൽ നടപ്പിൽ വന്നതോടുകൂടി ഭൂമിയുടെ അവകാശം കർഷകന്റേതായി മാറിയെങ്കിലും കാർഷികമേഖല അഭിവൃദ്ധിപ്പെടുകയും ചെയ്തത്. സ്വന്തമായി ഭൂമിയുള്ളവരിൽ ഭൂരിപക്ഷവും 150 സെന്ററിൽ താഴെമാത്രം ഭൂമിയുള്ളവരാണ്. എങ്കിലും കാർഷികോല്പാദനം ഇവിടുത്തെ സാധ്യതയുമായി തട്ടിച്ചുനോക്കുമ്പോൾ വളരെ കുറവാണ്.

പട്ടിക 3

| കൃഷി/പുരയിടങ്ങളുടെ വിസ്തീർണം | കുടുംബാംഗങ്ങളുടെ എണ്ണം |
|---|---|
| 0 മുതൽ 0.05 ഹെക്ടർവരെ | 3002 |
| 0.5 മുതൽ 1 ഹെക്ടർ വരെ | 1572 |
| 1 മുതൽ 2 ഹെക്ടർ വരെ | 432 |
| 2 ഹെക്ടറിൽ കൂടുതൽ | 10 |

(അവലംബം : കൃഷിഭവൻ രേഖ)

കൃഷിഭൂമി പൊതുവേ പരിമിതമാണെങ്കിലും നിലവിലുള്ള ഭൂമിയിൽത്തന്നെ ഏറിയപങ്കും നാണ്യവിളകൾക്കാണ് ഉപയോഗിക്കുന്നത്. പൊതുവേ കൃഷിയോടുള്ള താല്പര്യമില്ലായ്മയും കൂടുതൽ വേതനവും കുറഞ്ഞ അധ്വാനവുമുള്ള ജോലിസാധ്യതയും തൊഴിലാളികളുടെ ദൗർലഭ്യവും വളം, കീടനാശിനികൾ എന്നിവയിലുണ്ടായ വിലവർദ്ധനവും കൃഷി ലാഭകരമല്ലാതാക്കിത്തീർത്തു. ഇതിനുപറമേ ഉയർന്ന ജനസാന്ദ്രത, ഉയർന്ന ശരാശരി വിദ്യാഭ്യാസം, ഗൾഫ് കുടിയേറ്റം, അശാസ്ത്രീയമായി വയൽ നികത്തിയുള്ള കെട്ടിടനിർമാണം നെൽപാടങ്ങൾക്ക് കുറുകെയുള്ള റോഡ് നിർമാണം, ഉപഭോഗ സംസ്കാരം എന്നിവയെല്ലാം കാർഷികമേഖലയിലെ മുരടിപ്പിന് കാരണമായിട്ടുണ്ട. ഇതിനെല്ലാമുപരിയായി കൃഷിഭൂമിയിൽ ഉണ്ടാകേണ്ട അധ്വാനത്തിന്റെ തോതും നന്നേ കുറവാണ്. ഇതെല്ലാംകൊണ്ട് കൃഷി ഒരു ജീവിതവരുമാനമാർഗമല്ലാതായി തീർന്നിട്ടുണ്ട്.

നെൽകൃഷി ലാഭകരമല്ലാതാവുകയും നാണ്യവിളകളായ തെങ്ങ്, കവുങ്ങ്, വാഴ, മരച്ചീനി, കശുമാവ് എന്നിവയുടെ വിസ്തൃതി വർധിക്കുകയും ചെയ്തെങ്കിലും മതിയായ വളപ്രയോഗവും ജലസേചനത്തിന്റെ അപര്യാപ്തതയും ഗുണമേന്മകുറഞ്ഞ വിത്തുകൾ ഉപയോഗിക്കുന്നതുകൊണ്ടും വിളവിന്റെ വർദ്ധനവ് ആശാവഹമായ നിലയിലല്ല. പ്രധാനവിളകളുടേയും വിസ്തീർണത്തിന്റെയും ഏകദേശരൂപം പട്ടികയിൽ കൊടുത്തിരിക്കുന്നു.

ഒരു താരതമ്യപഠനത്തിൽ പ്രധാനകാർഷികവിളക്രമത്തിൽ ഉണ്ടായിട്ടുള്ള മാറ്റം വ്യക്തമാകും. 560 ഹെക്ടർ പാടത്ത് നെൽകൃഷി നടത്തിയിരുന്ന സ്ഥാനത്ത് ഇന്ന് അത് 62 ഹെക്ടർ മാത്രമായി ചുരുങ്ങിയിട്ടുണ്ട്. ഏതാണ്ട് 1000 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തിരുന്ന നാളികേരത്തിന്റെ വിസ്തൃതി 1654 ഹെക്ടർ ആയി മാറിയിട്ടുണ്ട്.

## ജലസേചനം

ജലസ്രോതസ്സുകൾ പഞ്ചായത്തിന്റെ മിക്കപ്രദേശങ്ങളിലുമുണ്ടെങ്കിലും അതെല്ലാം പൂർണമായി പ്രയോജനപ്പെടുത്താൻ കഴിയാറില്ല. തെക്ക് പടിഞ്ഞാറൻ കാലവർഷത്തേയും തുലാവർഷത്തേയും ആശ്രയിച്ചാണ് മിക്കവാറും സ്ഥലങ്ങളിൽ കൃഷി ചെയ്യുന്നത്. പഞ്ചായത്തിന്റെ തെക്കും പടിഞ്ഞാറും ഭാഗങ്ങളിൽ ഉപ്പുവെള്ളം തടയുന്നതിന് ബണ്ടുകൾ നിർമിച്ച് കൃഷി ചെയ്തുപോന്നിരുന്നു. കാലവർഷം ജൂൺ മുതൽ ആഗസ്റ്റ് വരെയും തുലാവർഷം സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിലും ആണ് ലഭിക്കുന്നത്. കഴിഞ്ഞ അഞ്ചുവർഷത്തെ മഴയുടെ വിവരം പട്ടികയിൽ.

ഇതിനുപുറമെ എരുവട്ടി വലിയതോടിൽ പതിക്കുന്ന 3-ഉം ഉമ്മൻചിറയിൽ പതിക്കുന്ന 3 ഉം അണ്ടലൂർ, കിഴക്കുംഭാഗം, പാറപ്രം പുഴകളിൽ പതിക്കുന്ന 6 തോടുകളും ഉണ്ട്. ഇവയുടെയെല്ലാം ചെറിയചെറിയ കൈത്തോടുകളുമുണ്ട്. മഴയുടെ ലഭ്യത കുറവല്ലെങ്കിലും ജലസംരക്ഷണപ്രവർത്തനങ്ങളുടെ അഭാവംമൂലം മതിയായ രീതിയിൽ ജലം സംരക്ഷിക്കാൻ കഴിയുന്നില്ല. പുതുമഴയുടെ കുത്തൊഴുക്കിൽ മേൽമണ്ണും ജൈവാംശങ്ങളും എല്ലാം പാഴായിപ്പോവുകയാണ്. ഇതുകാരണം മണ്ണിന്റെ ഫലഭൂയിഷ്ഠത നഷ്ടമാവുകയും വരൾച്ചയും നീർക്കെട്ടും ഉണ്ടാവുകയും ചെയ്യുന്നു. ജലം സംഭരിക്കുന്നതിനും ഉപ്പുവെള്ളം കയറുന്നതിനും തടയുന്നതിനും വേണ്ടി തോടുകൾക്ക് കുറുകെ ഷട്ടറുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും മിക്കതും തകർന്ന നിലയിലാണുള്ളത്. പ്രധാനതോടുകളുടേയും സ്ഥാപിച്ചിട്ടുള്ള ഷട്ടറുകളുടേയും വിവരം പട്ടികയിൽ.

## പട്ടിക 4

| വിള | വിസ്തീർണം (ഹെക്ടറിൽ) | മൊത്തം ഉല്പാദനം | ഉല്പാദനക്ഷമത |
|---|---|---|---|
| നെല്ല് ഒന്നാംവിള | 62 | 186000 Kg | 3000 Kg/Hector |
| നെല്ല് രണ്ടാംവിള | 55 | 181500 Kg | 3300 Kg/Hector |
| നെല്ല് മൂന്നാംവിള | Nil | | |
| തെങ്ങ് | 1654 | 1157800 Nos | |
| കുരുമുളക് | 50 | 110000 Kg | |
| കശുമാവ് | 65 | 104000 Kg | |
| കവുങ്ങ് | 10 | 106.5 Tone | |
| വാഴ | 50 | 1000 Tone | |
| മരച്ചീനി | 35 | 1050 Tone | |
| പച്ചക്കറികൾ | 10 | 8 Tone | |
| പയർ | 20 | 3000 Kg | |
| റബ്ബർ | 0.5 | 420 Kg | |

## പട്ടിക 5
### വാർഷിക വർഷപാതം (മി.മീ.) വേങ്ങാട് സീഡ് ഫാം

| മാസം | ജനു | ഫിബ്ര | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലൈ | ആഗ | സെപ്റ്റ | ഒക്ടോ | നവം | ഡിസം | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1994 | | | 5.2 | 110.2 | 38.4 | 676.2 | 1057.9 | 484.3 | 171.9 | 286.4 | 25.3 | – | 2855.5 |
| 1995 | | | | 21.1 | 237 | 428.4 | 784.9 | 317.3 | 166.2 | 116.7 | 96 | – | 2167.2 |
| 1996 | | | | 19 | 42.3 | 812.9 | 823.3 | 429.4 | 286 | 487 | 40 | – | 2939.9 |

## പട്ടിക 6

| തോടിന്റെ പേര് | ക്രോസ്ബാറുകളുടെ എണ്ണം | ഇപ്പോഴത്തെ നില | റഗുലേറ്ററുകളുടെ എണ്ണം | ഇപ്പോഴത്തെ നില |
|---|---|---|---|---|
| എരുവട്ടിത്തോട് | 3 | 1 തകർന്നത് | | |
| പാറത്തോട് | 2 | നല്ലനിലയിലല്ല | | |
| ചെക്കിക്കുനിത്തോട് | - | | 1 | തകർന്നത്. |

വേണ്ടത്ര കരുതലോടുകൂടിയല്ലാതെയുള്ള ചീപ്പ നിർമാണവും യഥാസമയം വേണ്ട അറ്റകുറ്റപണികളുടെ അഭാവവും മതിയായ സംരക്ഷണമില്ലായ്മയും കാരണം മിക്ക ചീപ്പുകളും ഉപയോഗശൂന്യമായതായി കാണാം. ശേഷിപ്പുള്ളവ തന്നെ ഫലപ്രദമായി കാർഷികാവശ്യ ങ്ങൾക്കായി പ്രയോജനപ്പെടുത്താനും കഴിയുന്നില്ല. തോടുകളുടെ വീതിയും ആഴവും കുറഞ്ഞുവരുന്ന ത്കൊണ്ടും സംരക്ഷിക്കപ്പെടാത്തതുകൊണ്ടും ഡിസം ബർ-ഫെബ്രുവരി മാസമാകുമ്പോഴേക്കും മിക്ക തോടു കളിലും വെള്ളം വറ്റിപ്പോവുയാണ്.

ജലസേചനത്തിനായി പഞ്ചായത്തിൽ 402-ഓളം പമ്പുസെറ്റുകൾ ഉപയോഗിക്കുന്നുണ്ട്. കാർഷികാവശ്യ ങ്ങൾക്കുള്ള പമ്പുസെറ്റിന് വൈദ്യുതി കണക്ഷൻ യഥാ സമയം ലഭിക്കാതെ നില ചില പ്രദേശങ്ങളിലെങ്കിലു മുണ്ട്. ജലസേചനം വഴി കാർഷികോല്പാദന വർദ്ധനവ് ല ക്ഷ്യമാക്കി രൂപം നൽകിയ പഴശ്ശി പദ്ധതിയുടെ മാഹി ബൈപാസ് കനാലിന്റെ ഉപകനാൽ ഈ പഞ്ചായത്തിന് കുറുകെ 9.5 കി.മീ. നീളത്തിലും ചെറുകനാലുകൾ 11.5 കി.മീ. നീളത്തിലും ഉണ്ടെങ്കിലും ഇതിന്റെ പ്രയോജനം ഇതുവരേയും ലഭിച്ചിട്ടില്ല. മാത്രമല്ല, അസമയത്ത് ജലം തുറന്നിടുന്നത്കാരണം നെൽകൃഷിക്കും പച്ചക്കറിക്കും വലിയ ദോഷം ഉണ്ടാകുന്നുണ്ട്. ജലസേചനത്തിന് ഉപ യോഗിക്കാൻ കഴിയുന്ന ഒട്ടേറെ കുളങ്ങൾ പഞ്ചായത്തി ലുണ്ട്.

ജലസേചനത്തിനുവേണ്ടി 3 കമ്യൂണിറ്റി ഇറിഗേ ഷൻ പദ്ധതികൾ ഇവിടെ പൂർത്തിയാകാതെ കിടക്കു ന്നുണ്ട്. ഇത് സംബന്ധിച്ച വിവരം ചവടെ ചേർക്കുന്നു.

പട്ടിക 7

| നമ്പർ | പദ്ധതി പ്രദേശത്തിന്റെ പേർ | പദ്ധതി ഏരിയ | ഗുണഭോക്താ ക്കളുടെ എണ്ണം |
|---|---|---|---|
| 1 | പൊട്ടൻ പാറ | 5.6 | 30 |
| 2 | അണ്ടലൂർ കടവ് | 8.61 | 43 |
| 3 | പാറപ്രം | 6. 82 | 48 |

ഇതിൽ അണ്ടലൂർ കടവ്, പാറപ്രം പ്രദേശങ്ങൾ രൂക്ഷമായ ശുദ്ധജലക്ഷാമം അനുഭവിക്കുന്നവയാണ്.

## നീർമറി പ്രദേശ വികസനപദ്ധതി

ദേശീയനീർമറി പദ്ധതിയിൽ ഉൾപ്പെടുത്തി രൂപീ കരിക്കപ്പെട്ട കോട്ടയം നീർമറിയിൽ ഈ പഞ്ചായത്തിലെ 1, 2, 3 വാർഡുകൾ ഉൾപ്പെട്ടിട്ടുണ്ട്. ശാസ്ത്രീയമായ രീതി യിൽ മണ്ണ് ജലസംരക്ഷണവും നിർദ്ദിഷ്ടപ്രദേശങ്ങളിലെ കാർഷികവികസനവും ലക്ഷ്യമിട്ടുകൊണ്ടാണ് പദ്ധതിക്ക് രൂപം നൽകിയതെങ്കിലും ഉദ്ദേശിച്ച നിലയിൽ പ്രവർത്തനം നടത്താൻ കഴിഞ്ഞിട്ടില്ല. മണ്ണ് സംരക്ഷണം തന്നെ, ഉരുളൻകല്ലും മണ്ണും ഉപയോഗിച്ച് കെട്ടിയു യർത്തൽ, വ്യക്തികൾ അവരുടെ പറമ്പുകളിൽ നടത്തുന്ന പ്രവൃത്തികൾ, ചെക്ക്ഡാം പണിയൽ, കുളംകുഴിക്കൽ, കുളം വീതിയും ആഴവും കൂട്ടി കല്ലുകൊണ്ട് കെട്ടൽ, കുഴിയെടുക്കൽ എന്നിങ്ങനെയെല്ലാം തരംതിരിച്ചിട്ടുണ്ട്. കൂടാതെ ഈ പ്രദേശങ്ങളിൽ പലതരം നേഴ്സറിതൈക കൾ, ആട്, കോഴി, മുയൽ, പണിയായുധങ്ങൾ എന്നി വയും വിതരണം ചെയ്യുന്നുണ്ട്. ഇതിൽ വിതരണത്തിലൂ ന്നിയ പ്രവർത്തനങ്ങൾ നല്ലതുപോലെ നടക്കുന്നുണ്ടെ ങ്കിലും പദ്ധതി ലക്ഷ്യമായ മണ്ണ് ജലസംരക്ഷണപ്രവർത്ത നങ്ങൾ വളരെയും പിറകോട്ടാണ്. നമ്മുടെ പഞ്ചായ ത്തിന്റെ മിക്ക പ്രദേശങ്ങളിലും വളരെ അത്യാവശ്യമെന്ന് തോന്നുന്ന തോട് സംരക്ഷണത്തിന് പദ്ധതിയിൽ നല്ല സംഖ്യ നീക്കിയിരിപ്പുണ്ടെങ്കിലും അതിന് കഴിയുന്നില്ല. കാരണം, ഇത്തരം പ്രവൃത്തി നടത്തിയാൽ അനുവദിക്കു ന്നത് 1 ച.മീ.ന് 15 രൂപ മാത്രമാണ്. അതും ഉരുളൻകല്ലു കൊണ്ടുതന്നെ കെട്ടുകയും വേണം. കെട്ടിയുയർത്താൻ വേണ്ട വസ്തുക്കളുടെ പ്രാദേശികലഭ്യതയും ഇവിടുത്തെ കൂലിവ്യവസ്ഥയും ഒന്നും കണക്കിലെടുക്കാതെയാണ് നിരക്ക് നിശ്ചയിക്കുന്നത്. നിരക്കിൽ ചെറിയ മാറ്റം വരു ത്തിയാൽ ഈ പ്രദേശത്തെ മുഴുവൻ തോടുകളും കെട്ടി സംരക്ഷിക്കാൻ കഴിയും.

ഈ പഞ്ചായത്തിലെ 4, 5, 6 വാർഡുകളും 7-ന്റെ ഒരു ഭാഗവും ഉൾപ്പെടുത്തി നീർമറി പദ്ധതിയുടെ പ്രാരം ഭപ്രവർത്തനങ്ങൾ നടന്നുവരുന്നു. പദ്ധതിയുടെ കാലാ വധി 5 വർഷമാണ്.

## കൃഷിഭവൻ

1987-ൽ പ്രവർത്തനം ആരംഭിച്ച കൃഷിഭവൻ പഞ്ചായത്തിന്റെ തെക്കേ ഭാഗത്ത് കമ്പൗണ്ടർഷാപ്പ് സ്ഥിതിചെയ്യുന്നു. കർഷകർക്ക് മാർഗനിർദേശവും കാർഷികമേഖലയുടെ പുരോഗതിയും ലക്ഷ്യമാക്കി രൂപീ കരിച്ച കൃഷിഭവന്റെ പ്രവർത്തനം പ്രധാനമായും ഓഫീസ് പ്രവർത്തനം മാത്രമായി ചുരുങ്ങിപ്പോവുകയാണ്. കൃഷി ഭവൻതന്നെ ജനങ്ങൾക്ക് ഉപകാരപ്രദമായ സ്ഥലത്തല്ല സ്ഥിതിചെയ്യുന്നത്. 3 കൃഷി അസിസ്റ്റന്റും ഒരു കൃഷി ഓഫീസറും മാത്രമാണ് ഇപ്പോഴുള്ളത്. പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും എത്തിച്ചേരാനും കർഷകസമ്പർക്കം പുലർത്താനും ഇതുമൂലം സാധിക്കുന്നില്ല. ആഗ്രോ ക്ലിനിക്ക് പോലുള്ള സംവിധാനങ്ങൾ നിലവിലില്ല. കാർഷി കമേഖലയെ ആകെ സുസജ്ജമാക്കുന്ന ഒരു മാതൃകാ സ്ഥാപനമായി കൃഷിഭവൻ മാറേണ്ടതുണ്ട്.

## പാടശേഖരസമിതികൾ

പഞ്ചായത്തിൽ കൃഷിഭവന്റെ ആഭിമുഖ്യത്തിൽ രജിസ്റ്റർ ചെയ്ത 5 പാടശേഖരസമിതികൾ പ്രവർത്തിക്കു ന്നുണ്ട്. രൂപീകരണഘട്ടത്തിൽ പാടങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ സൗജന്യമായി നൽകിക്കൊണ്ട് നെൽകൃ ഷിഅഭിവൃദ്ധിപ്പെടുത്തുകയായിരുന്നു മുഖ്യഉദ്ദേശ്യം. പാട ശേഖരങ്ങൾക്ക് കുമ്മായം, കളനാശിനി, കീടനാശിനി

### പട്ടിക 8
### പാടശേഖര സമിതികളും വിളക്രമങ്ങളും

| എണ്ണം | | ഒന്നാംവിള ഹെക്ടറിൽ | | രണ്ടാംവിള ഹെക്ടറിൽ | | മൂന്നാം വിള ഹെക്ടറിൽ | |
|---|---|---|---|---|---|---|---|
| | | വിസ്തീർണ്ണം | വിള | വിസ്തീർണ്ണം | വിള | വിസ്തീർണ്ണം | വിള |
| 1 | എരുവട്ടി | 26 | നെല്ല് | 22 | നെല്ല് | 10 | പയറും പച്ചക്കറികളും |
| 2 | കോഴൂർ | 8 | നെല്ല് | 7 | നെല്ല് | 4 | പയറും പച്ചക്കറികളും |
| 3 | ചേരിക്കൽ | 10 | നെല്ല് | 10 | നെല്ല് | 6 | പയറും പച്ചക്കറികളും |
| 4 | പിണറായി നോർത്ത് | 10 | നെല്ല് | 10 | നെല്ല് | 7 | പയറും പച്ചക്കറികളും |
| 5 | പിണറായി വെസ്റ്റ് | 8 | നെല്ല് | 6 | നെല്ല് | 3 | പയറും പച്ചക്കറികളും |

എന്നിവയെല്ലാം സൗജന്യനിരക്കിൽ വിതരണം ചെയ്തിരുന്നു. അതെല്ലാം നിർത്തൽ ചെയ്തിരിക്കുന്നു. ഉല്പാദനബോണസ്സായി 250 രൂപ നൽകുക എന്നത് മാത്രമായി ആനുകൂല്യം കുറച്ചിരിക്കുകയാണ്. പൊതുവിൽ സമിതികളുടെ പ്രവർത്തനം സമിതി രൂപീകരണ ഘട്ടത്തിന് മുമ്പുള്ള നിലയിലേക്ക് തന്നെ ഏതാണ്ട് എത്തിയിരിക്കുകയാണ്.

### കേരസമിതി

നാളികേരത്തിന്റെ സമഗ്രമായ വികസനം ലക്ഷ്യമാക്കി കൃഷിഭവന്റെ കീഴിൽ ഒരു കേരസമിതി രജിസ്റ്റർ ചെയ്തിട്ടുണ്ട്. നിലവിലുണ്ടായിരുന്ന വാർഡ് തല സമിതികളുടെയും ലക്ഷ്യം തന്നെയാണ് ഇപ്പോഴത്തെ കേരസമിതിക്കുമുള്ളതെങ്കിലും കാര്യമായ പ്രവർത്തനം ഒന്നും നടക്കുന്നില്ല. സമിതിയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സർക്കാരിന്റെ ഭാഗത്ത് നിന്നും നിർദ്ദേശങ്ങൾ ഒന്നുമില്ല. കാര്യക്ഷമമായ പ്രവർത്തനം സംഘടിപ്പിക്കാൻ പഞ്ചായത്ത് തന്നെ നേതൃത്വം വഹിക്കേണ്ടതുണ്ട്.

### നടീൽ വസ്തുക്കൾ

കൃഷിഭവനിൽ നിന്നും നെൽവിത്ത്, പച്ചക്കറി-പയർ വർഗ്ഗ വിത്തുകൾ എന്നിവയ്ക്ക് പുറമെ തെങ്ങ്, കവുങ്ങ്, കശുമാവ്, കുരുമുളക്, പഴവർഗ്ഗങ്ങൾ എന്നിവയുടെ തൈകൾ നേരിട്ട് സൗജന്യനിരക്കിൽ കർഷകർക്ക് വിതരണം നടത്തുന്നുണ്ട്. കൂടാതെ കൃഷിഭവന്റെ സഹായത്തോടുകൂടി ആരംഭിച്ച ഒരു ഗവ: അംഗീകൃത നേഴ്സറിയായ കേരളാ നേഴ്സറിയും നടീൽ വസ്തുക്കൾ വിതരണം നടത്തുന്നുണ്ട്. നെൽ വിത്തുകൾ യഥാസമയം കൃഷിഭവനിൽ നിന്നും ലഭിക്കാറില്ല. അതത് പ്രദേശത്തേക്ക് നിർദ്ദേശിക്കപ്പെട്ട നെൽവിത്തിനം പലപ്പോഴും അവിടേക്ക് യോജിച്ചതാവാറില്ല. നെൽവിത്ത് സമയം കഴിഞ്ഞ് കിട്ടുന്നതുകാരണം നാടൻ നെല്ലിനങ്ങളോ മുൻവിള കഴിഞ്ഞ് ശേഖരിച്ച വിത്തോ ഉപയോഗിക്കുന്നു. പഞ്ചായത്തിനാവശ്യമായത്രയും നടീൽ വസ്തുക്കളും ഇവിടെ ലഭ്യമല്ല.

### വളം കീടനാശിനികൾ

പഞ്ചായത്തിലേക്ക് ആവശ്യമായ രാസവളം വിതരണം ചെയ്യുന്നതിന് വേണ്ടി സ്വകാര്യമേഖലയിൽ 3 ഉം സഹകരണ മേഖലയിൽ 1ഉം ഡിപ്പോകളുണ്ട്. സഹകരണ മേഖലയിലുള്ള ഡിപ്പോ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ചെറിയ ശതമാനം ആളുകൾക്ക് മാത്രമേ സ്വകാര്യ ഡിപ്പോകൾ കൊണ്ട് പ്രയോജനമുള്ളു. ഭൂരിപക്ഷം പേരും തലശ്ശേരി, കൂത്തുപറമ്പ്, മമ്പറം എന്നിവിടങ്ങളിൽ നിന്നാണ് രാസവളം വാങ്ങുന്നത്. പഞ്ചായത്തിൽ കീടനാശിനി വില്പന കേന്ദ്രം ഇല്ല. രാസവളത്തിന് പുറമെ ജൈവവള പ്രയോഗം തന്നെ മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലല്ല. ഇത് കാരണം മണ്ണിന്റെ ഫലപുഷ്ടി തന്നെ കുറഞ്ഞുവരുന്നതായി കാണുന്നുണ്ട്. ജൈവവളത്തിന്റെ ലഭ്യതയും കുറവാണ്.

### കാർഷിക ഉപകരണങ്ങൾ

കൃഷിഭവൻ മുഖേന സബ്സിഡി നിരക്കിൽ കാർഷികോപകരങ്ങൾ വിതരണം ചെയ്യുന്നുണ്ട്. ട്രില്ലർ, റോക്കർ സ്പ്രെയർ, നാപ്സ്റ്റാക്ക് സ്പ്രെയർ, തെങ്ങുകയറ്റയന്ത്രം എന്നിവ വിതരണം നടത്തിയിട്ടുണ്ട്. 50% സബ്സിഡിയിൽ ഈ ഉപകരണങ്ങൾ ലഭ്യമാണ്. SC/ST വിഭാഗങ്ങൾക്ക് കൈക്കോട്ട്, പിക്കാസ്, അലുമിനിയം പാത്രങ്ങൾ എന്നിവ സൗജന്യമായി നൽകുന്നുണ്ട്. ഇവിടുത്തെ ആവശ്യവുമായി തട്ടിച്ചുനോക്കുമ്പോൾ കാർഷികോപകരണങ്ങളുടെ വിതരണം വളരെ കുറവാണ്.

### കാർഷികവായ്പകൾ

പ്രധാനമായും 5 ധനകാര്യസ്ഥാപനങ്ങളെയാണ് കാർഷികവായ്പകൾക്കുവേണ്ടി ആശ്രയിക്കുന്നത്. ഇതിൽ പിണറായി സർവീസ് സഹകരണബാങ്ക്, നോർത്ത് മലബാർ ഗ്രാമീൺ ബാങ്ക് എന്നിവ പഞ്ചായത്തിനകത്തും IOB, കതിരൂർ സർവീസ് ബാങ്ക് എന്നിവ കതിരൂരിലും കാർഷികവികസനബാങ്ക് തലശ്ശേരിയിലും സ്ഥിതിചെയ്യുന്നു. കാർഷികവായ്പകളുടെ 75%വും കാർഷികേതരാവശ്യങ്ങൾക്ക് വേണ്ടിയാണ്. ഉപയോഗി

ക്കുന്നത് എന്ന അനുഭവം നമ്മുടെ മുമ്പിലുണ്ട്. പലിശ ഇളവ് മാത്രമാണ് മിക്ക ആളുകളെയും കാർഷികലോണുകളിലേക്ക് ആകർഷിക്കുന്നത്. ഇത് യഥാർത്ഥത്തിൽ കാർഷികോല്പാദനത്തെ നിരുത്സാഹപ്പെടുത്തുന്ന പ്രധാനപ്പെട്ട ഒരുഘടകമാണ്.

## കാർഷികരോഗങ്ങൾ

പ്രതിരോധശേഷിയുള്ള നാടൻ വിത്തിനങ്ങൾക്ക് പൊതുവേ കീടബാധയും പുഴുബാധയും മറ്റ് രോഗങ്ങളും കുറവായിരുന്നു. എന്നാൽ പ്രതിരോധശേഷി പ്രായേണ കുറവായ അത്യല്പാദനശേഷിയുള്ള വിത്തിനങ്ങൾക്ക് എല്ലാ തരത്തിലുമുള്ള കീടശല്യവും അനുഭവപ്പെടുന്നു. കാർഷികമേഖലയിലെ ആധുനികകൃഷി സമ്പ്രദായങ്ങൾക്കൊപ്പം ഗ്രാമീണകർഷകജനവിഭാഗം സജ്ജമാകാതിരുന്നതും അവരെ ശാസ്ത്രീയമായ കൃഷിസമ്പ്രദായങ്ങൾ പഠിപ്പിക്കാൻ കഴിയാതെ പോയതും ഒരു കാരണമാണ്. ഇവിടെയുള്ള മുഖ്യനാണ്യവിളയായ തെങ്ങിന് കറവാരൽ, കൂമ്പുചീയൽ, തിരിമുട്ടൽ തുടങ്ങിയ രോഗങ്ങളും കണ്ടുവരുന്നു. കുരുമുളകിന് വള്ളിയുണങ്ങൽ (ദ്രുതവാട്ടം) പൊള്ളുരോഗങ്ങളും കശുമാവിനും മാവിനും പൂവ് കരിഞ്ഞുപോകൽ എന്നിവയും കണ്ടുവരുന്നു. കാർഷികരോഗങ്ങൾക്കുള്ള ചികിത്സാവിധികളെക്കുറിച്ച് ഭൂരിഭാഗം പേരും അജ്ഞരാണ്. പ്രത്യേകിച്ച് തെങ്ങിന്റെ മണ്ട വൃത്തിയാക്കുന്ന പതിവ്തന്നെ ഇല്ലാത്തതുകൊണ്ട് മച്ചിങ്ങ പിടിക്കാത്തകുലകളും കുല അടഞ്ഞുപോകലും മച്ചിങ്ങ പൊഴിഞ്ഞുപോകലും എല്ലാം വ്യാപകമായി കണ്ടുവരുന്നുണ്ട്.

പൊതുവായി പരിശോധിച്ചാൽ കാർഷികമേഖലയിലെ പ്രശ്നങ്ങൾ പിണറായിയുടെ മാത്രം പ്രശ്നമല്ല. എന്നാൽ ഇവിടെ തനതായ പ്രശ്നങ്ങളുമുണ്ട്. സങ്കീർണമാണ് പ്രശ്നങ്ങളെങ്കിലും സംസ്ഥാനതലത്തിൽ പരിഹരിക്കേണ്ട പ്രശ്നങ്ങൾ പൊതുവായും ഗ്രാമപഞ്ചായത്ത് തലത്തിൽ പരിഹരിക്കേണ്ടവ ശ്രദ്ധാപൂർവവും കൈകാര്യം ചെയ്താൽ കാർഷികമേഖലയെ ഇന്നത്തെ നിലയിൽമാറ്റം വരുത്താൻ കഴിയുമെന്ന് ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്ന ജനാഭിപ്രായം സൂചിപ്പിക്കുന്നു.

## കാർഷികമേഖലയിലെ പ്രശ്നങ്ങൾ

1. കൃഷിയോടുള്ള ആഭിമുഖ്യം കുറഞ്ഞുവരുന്നു
2. കാർഷികവൃത്തി തൊഴിലായി സ്വീകരിച്ചവർ നന്നേ കുറവാണ്
3. ഭൂമിയിലെ അമ്ലാംശം അധ്വാനം കുറഞ്ഞുവരുന്നു.
4. വിത്ത്, വളം, കീടനാശിനികൾ എന്നിവക്ക് കുത്തനെ വില കയറുന്നു.
5. കർഷകത്തൊഴിലാളികൾ കുറഞ്ഞുവരുന്നു. നിർമാണ മേഖലയിലേക്ക് കൂടുതൽ തൊഴിലാളികൾ കുടിയേറുന്നു.
6. നെൽപാടങ്ങൾ നികത്തി നാണ്യവിളകൾ കൃഷി ചെയ്യുന്നു.
7. വിളപ്രയോഗം ശരിയായ സമയത്തും ശരിയായ അളവിലുമല്ല.
8. പാടങ്ങൾക്ക് കുറുകെ മിക്ക സ്ഥലങ്ങളിലും റോഡുകൾ നിർമിച്ചിരിക്കുന്നു.
9. പാടങ്ങൾ നികത്തി വീടുകൾ പണിയുന്നു.
10. വിശാലമായ പാടങ്ങൾ മുറിച്ച് കനാൽ പണിതിരിക്കുന്നു. ഇതുകാരണം നീർക്കെട്ട് അനുഭവപ്പെടുന്നു.
11. തോടുകൾ വല്ലാതെ ചുരുങ്ങിയിരിക്കുന്നു. വലിയ കുളങ്ങൾ മണ്ണ് വന്ന് നികയുന്നു. കുളങ്ങൾ മിക്കതും സംരക്ഷിക്കപ്പെടുന്നില്ല.
12. പാടശേഖരസമിതികൾ ഫലപ്രദമായല്ല പ്രവർത്തിക്കുന്നത്.
13. നെൽകൃഷിക്കുള്ള ഉല്പാദനബോണസ്സ് നന്നേ കുറവാണ്.
14. കൃഷിഭവൻ മുഖേനെയുള്ള സാങ്കേതികസഹായങ്ങൾ കർഷകർക്കും കൃഷിസമിതികൾക്കും ശരിയായി ലഭിക്കുന്നില്ല.
15. മണ്ണ് പരിശോധനാസമ്പ്രദായം കൃത്യമായില്ല.
16. കേരസമിതിയുടെ പ്രവർത്തനംകൊണ്ട് കേരകൃഷിക്ക് കാര്യമായ ഗുണം ലഭിക്കുന്നില്ല.
17. നാളികേരവിപണനകേന്ദ്രം ഇല്ല.
18. കൃഷിഭവൻ, പഞ്ചായത്തിന്റെ അറ്റത്തായതുകൊണ്ട് എരുവട്ടി വില്ലേജിലെ കൃഷിക്കാർക്ക് വലിയ പ്രയാസം നേരിടുന്നു.
19. കാപ്പുമ്മലിലെ വിത്ത് സംരക്ഷണകേന്ദ്രം അനാഥമായി കിടക്കുന്നു.
20. നാളികേരത്തിന്റെ ഉല്പാദനം കേരകൃഷിവിസ്തൃതിയുമായി തട്ടിച്ചുനോക്കുമ്പോൾ കുറവാണ്.
21. പച്ചക്കറികൃഷി കുറവാണ്. വിത്തുകൾ യഥാസമയം യഥേഷ്ടം കിട്ടുന്നില്ല.
22. പറമ്പുകളിൽ കൃഷി ചെയ്യുന്ന നെൽവിത്തുകൾ അപ്രത്യക്ഷമായിരിക്കുന്നു.
23. നെല്ല്, നാളികേരം, കുരുമുളക്, കശുമാവ്, വാഴ എന്നിവയ്ക്കെല്ലാം വിവിധരോഗങ്ങൾ കണ്ടുവരുന്നു.
24. വൻ ജലസേചനപദ്ധതിയായ പഴശ്ശിപദ്ധതി കൊണ്ട് ഒരു പ്രയോജനവും ലഭിച്ചിട്ടില്ല. ചില പ്രദേശങ്ങളിൽ ദോഷവുമുണ്ടാകുന്നുണ്ട്. പ്രത്യേകിച്ച് 3- ാം വാർഡിലെ കൊയ്യാറായ വയലുകളിൽ വെള്ളം കയറി നെല്ല് നശിച്ചുപോകുന്നു. പച്ചക്കറികൃഷിയും നടത്താൻ കഴിയുന്നില്ല.
25. കൃഷിയിടങ്ങളിൽ വെള്ളം കയറ്റുന്നതിനും ഉപ്പുവെള്ളം തടഞ്ഞുനിർത്തുന്നതിനും വേണ്ടി നിർമിച്ചിട്ടുള്ള ചീപ്പുകളിൽ പലതും പഴകി നശിച്ചുപോയിരിക്കുന്നു.
26. അഞ്ചരക്കണ്ടി റഗുലേറ്റർ പദ്ധതി പ്രയോജനരഹിതമായിരിക്കുന്നു.
27. ഉപ്പുവെള്ളം കയറുന്നത് തടയാൻ കെട്ടുന്ന ബണ്ടുകൾ ഫലപ്രദമാകുന്നില്ല.
28. പഞ്ചായത്തിന്റെ തെക്കും വടക്കും പടിഞ്ഞാറും

ഭാഗങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് എല്ലാതരം കൃഷിക്കും ദോഷം ചെയ്യുന്നു.

29. മമ്മത്താൻ കൈച്ചിറയിലെ വലിയ കണ്ടി തോട്ടിലുള്ള ക്രോസ്ബാറിന്റെ പലകയിലെ വിള്ളൽ കാരണം ഉപ്പുവെള്ളം കയറുന്നതുകൊണ്ട് 10-ാം വാർഡിലെ കുറേ പ്രദേശത്തെയും നെൽകൃഷി ഒറ്റവിള മാത്രമായി ചുരുങ്ങുന്നു.

30. 10-ാം വാർഡിലെ തന്നെ കിഴക്കൻ കൈത്തോട്ടിലൂടെ ഉപ്പുവെള്ളം കയറി നെൽകൃഷിയും തെങ്ങും നശിച്ചുപോകുന്നു.

31. കാരാടി തോട്ടിലൂടെയുള്ള ഉപ്പുവെള്ളം കയറൽ 8,9,11 വാർഡുകളിലെ നെൽകൃഷിയെ കാര്യമായി ബാധിക്കുന്നു.

32. ചെക്കിക്കുനി പാലത്തിനുസമീപമുള്ള ചീപ്പ് നശിച്ചുപോയതുകൊണ്ട് 8, 11 വാർഡുകളിലെ നെൽപാടങ്ങളിൽ ഉപ്പുവെള്ളം കയറി രണ്ടാംവിള അസാധ്യമാക്കുന്നു.

33. 12-ാം വാർഡിലെ പുതുവയൽതോട്, വലിയയിൽതോട്, പൂഴിപ്പറമ്പ് തോട്, തടത്തിൽ തോട്, എന്നിവയിലൂടെയുള്ള ഉപ്പുവെള്ളം പാറപ്രം പ്രദേശത്തെ തെങ്ങ്കൃഷിയെ ബാധിക്കുന്നു.

34. 12-ാം വാർഡിലെ ആനത്തോട്ടിലൂടെയുള്ള ഉപ്പുവെള്ളം കയറൽ പാറപ്രത്തിന്റെ കിഴക്കുഭാഗം വയലിലെ നെൽകൃഷിക്ക് ദോഷം ചെയ്യുന്നു.

35. 11-ാം വാർഡിലെ നരിക്കുണ്ട് തോട്, തെക്കണ്ടിയിൽ തോട് എന്നിവയിലൂടെയുള്ള ഉപ്പുവെള്ളം വാർഡിലെ നെൽകൃഷി നശിപ്പിക്കുന്നു.

36. എരുവട്ടി തോടിന്റെ എടത്തിൽ പീടികക്കടുത്തും മറ്റ് 2 സ്ഥലങ്ങളിലും നിർമിച്ച ഷട്ടറുകൾ നശിച്ചുപോയിരിക്കുന്നു.

37. കിഴക്കുംഭാഗം തോട്ടിലും ഉപ്പുവെള്ളം കയറി ആ ഭാഗത്തെ കൃഷിയെ ഒറ്റവിളയാക്കി മാറ്റുന്നു.

38. ഉമ്മൻചിറത്തോട്ടിനുള്ള 2 ഷട്ടറുകൾ ഫലപ്രദമല്ലാതായിരിക്കുന്നു.

39. NES ബ്ലോക്ക് സ്കീം പ്രകാരം 6 മീറ്റർ വീതിയിൽ കുഴിപ്പിച്ച കൂട്ടംപൊയിലിലെ കിണർ ഫലപ്രദമാകുന്നില്ല.

40. നീർമറി പ്രദേശത്തെ മണ്ണ്-ജലസംരക്ഷണപ്രവർത്തനങ്ങൾ ശരിയായ രീതിയിൽ നടക്കുന്നില്ല.

41. എടക്കടവ്, ചേരിക്കൽ, പാറപ്രം ഭാഗങ്ങളിലെ പുഴയിൽനിന്നും നിയന്ത്രണമില്ലാതെ പൂഴിവാരുന്നതുകൊണ്ട് കരയിടിഞ്ഞ് തെങ്ങുകൾ നശിച്ചുപോകുന്നു.

42. എരുവട്ടി പാടശേഖരത്തിലേക്ക് ട്രില്ലർ കൊണ്ടുപോകാൻ കഴിയാത്തത് പ്രയാസം സൃഷ്ടിക്കുന്നു.

43. ചില പ്രദേശങ്ങളിൽ നെൽപാടങ്ങൾ തരിശായി ഇട്ടിരിക്കുന്നു.

44. കിണർ കുഴിക്കുന്നതിനും പമ്പുസെറ്റുകൾ വാങ്ങുന്നതിനും 30 സെന്റ് സ്ഥലമുണ്ടെങ്കിൽ മാത്രം സബ്സിഡി എന്ന വ്യവസ്ഥയുള്ളതുകൊണ്ട് ഭൂരിപക്ഷം പേർക്കും പ്രയോജനം ലഭിക്കുന്നില്ല.

45. കാർഷികവിളകൾക്ക് പലതരം രോഗങ്ങൾ കണ്ടുവരുന്നു.

## നിർദേശങ്ങൾ

1. ജനപങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് പ്രാദേശികതലത്തിൽ ബോധവൽകരണക്ലാസ്സുകൾ സംഘടിപ്പിക്കുക. ഇത് യാന്ത്രികമായിപ്പോകരുത്.

2. 'ഒരു വീട്ടിൽ ഒരു കൈക്കോട്ട്' - ഈ പരിപാടി പ്രാവർത്തികമാക്കുക. പകുതിനിരക്കിന് ഉപകരണം നൽകണം. മണ്ണിൽ അല്പം അധ്വാനിക്കാൻ തക്ക പ്രേരണ ഇതിന്റെ പ്രചരണത്തിലൂടെ ഉണ്ടാക്കിയെടുക്കുക.

3. സമൂഹത്തിലെ ഉന്നതശ്രേണിയിലുള്ള മന്ത്രിമാർ തുടങ്ങി എല്ലാ തട്ടിലമുള്ള ഉദ്യോഗസ്ഥർ വരെയുള്ളവർ ചുരുങ്ങിയത് ഒരു ദിവസം 5 മിനുട്ടെങ്കിലും മണ്ണിൽ ചെലവഴിക്കാൻ, സൗഹൃദപൂർവം ഗവൺമെന്റ് തലത്തിലും സാമൂഹ്യതലത്തിലും പ്രേരണ ചെലുത്തുക.

4. നെൽപാടങ്ങൾ എന്ത് നഷ്ടംസഹിച്ചും സംരക്ഷിക്കുക. നെല്ലുല്പാദനം 3 വിളതന്നെ ഉറപ്പുവരുത്താനുള്ള അടിസ്ഥാനസൗകര്യങ്ങൾ ഗവൺമെന്റ് ചെയ്തുകൊടുക്കുക. ലാഭനഷ്ടം, നെല്ലുല്പാദനത്തിൽ മാനദണ്ഡമായി സ്വീകരിക്കാതെ സാധ്യമായ ധനസഹായം നൽകുക.

5. പാടങ്ങൾ നികത്തി വീടുപണിയുന്നത് നിയമംമൂലം നിരോധിക്കുക. നിയമം പ്രാബല്യത്തിലുണ്ടെങ്കിൽ, കർശനമായി നടപ്പിലാക്കുക.

6. പാടങ്ങൾക്കു കുറുകെയുള്ള റോഡ് നിർമാണം നിരോധിക്കുക.

7. നെൽവിത്തുകൾ സൗജന്യമായി നൽകുക. നാടൻ വിത്തിനങ്ങൾ ഉപയോഗിക്കുന്നവർക്ക് അവയുടെ ഉത്തമജനുസ്സുകൾ നൽകുകയും വളം, കീടനാശിനി എന്നിവ സൗജന്യനിരക്കിലും നൽകുക.

8. നെല്ലിനുള്ള ഉല്പാദനബോണസ്സ് ഹേക്ടറിന് 500 രൂപയെങ്കിലുമാക്കി വർദ്ധിപ്പിക്കുക. മിനിമം ഉല്പാദനപരിധിയിൽനിന്നും വർദ്ധിക്കുന്ന ഓരോ 100 കിലോവിനും അധികബോണസ്സ് നൽകുക.

9. പഴശ്ശി പദ്ധതിയെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസൃതമായി സജ്ജമാക്കുക. യഥാസമയത്തുതന്നെ പാടങ്ങളിൽ വെള്ളം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുക.

10 തോടുകൾ ആഴവും വീതിയും കൂട്ടി സൈഡ് കെട്ടി സംരക്ഷിക്കാനുള്ള പ്രത്യേകപദ്ധതിക്ക് പഞ്ചായത്ത് തലത്തിലോ നീർമറി പദ്ധതിമുഖേനയോ രൂപം നൽകുക.

11. പാടശേഖരങ്ങൾ (ഗ്രൂപ്പ്ഫാം) നല്ല ഉല്പാദന കേന്ദ്രങ്ങളാക്കി മാറ്റുക. സമിതിയുടെ ഘടനയിൽ ആവശ്യമായ മാറ്റം വരുത്തുക.

12. പറമ്പുകളിൽ കൃഷിചെയ്യാൻ പറ്റുന്ന 'മോടൻ'

നെൽ വിത്തിനങ്ങൾ കൃഷിഭവൻ മുഖേന സൗജന്യമായി ആവശ്യക്കാർക്ക് മുഴുവൻ സംഘടിപ്പിച്ച് കൊടുക്കുക. മാതൃകാകൃഷിയിടങ്ങൾക്ക് പ്രോത്സാഹനം നൽകുക. ഒരു വാർഡിൽ 10 പേരെക്കൊണ്ടെങ്കിലും ഈ കൃഷി ചെയ്യിക്കുക.

13. മണ്ണുപരിശോധനാസമ്പ്രദായം നിർബന്ധമാക്കുക.

14. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ എല്ലാ കുടുംബങ്ങൾക്കും ഓരോ 'കാർഷികോല്പാദനസഹായി' കാർഡ് നൽകുക. പഞ്ചായത്ത് തന്നെ അച്ചടിച്ച് നൽകേണ്ട ഈ കാർഡിൽ മണ്ണ് പരിശോധനയുടെ വിവരം, മുഴുവൻ വിളകളുടെ പേര്, ഉപയോഗിക്കേണ്ട വളം, അളവ്, വളം ചെയ്യേണ്ട സമയം, കീടനാശിനി ലായനി ഉണ്ടാക്കേണ്ടവിധം എന്നീ വിവരങ്ങൾ എല്ലാ ഉൾപ്പെടുത്തിയിരിക്കണം.

15. കേരസമിതിയുടെ പ്രവർത്തനത്തിന് ഗവ: ഒരു രൂപരേഖനൽകുക. സമിതിയുടെ ഫണ്ടുപയോഗിച്ചുള്ള പ്രവർത്തനങ്ങൾക്ക് അടിയന്തരമാർഗനിർദേശങ്ങൾ പഞ്ചായത്ത് തലത്തിൽ നൽകുക.

16. കൃഷിഭവന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക. കൃഷിഭവനിൽ ചുരുങ്ങിയത് 2 സ്റ്റാഫിനെക്കൂടി നിയമിച്ചുകൊടുക്കുക.

ആഗ്രോക്ലിനിക്ക് സമ്പ്രദായം പുനഃസ്ഥാപിക്കുക.

സ്റ്റേറ്റുമെന്റുകൾ അയക്കുകയും നടീൽവസ്തുക്കൾ വിതരണം നടത്തുകയും ചെയ്യുക എന്ന ചുമതലയിൽ നിന്ന് കാർഷികമേഖലയെ സുസജ്ജമാക്കുന്ന ചുമതലയിലേക്ക് കൃഷിഭവനെ തിരിച്ചുവിടുക.

17. എരുവട്ടി വില്ലേജിൽ ഒരു കൃഷിഭവൻ സ്ഥാപിക്കുക. താല്കാലികമായി ഒരു ഉപകേന്ദ്രമെങ്കിലും സ്ഥാപിക്കുക.

18. കാപ്പുമ്മലിലെ വിത്ത് സംരക്ഷണകേന്ദ്രം പുനരുജ്ജീവിപ്പിക്കുക.

19. കിണർ, പമ്പുസെറ്റ് എന്നിവക്കുള്ള സബ്സിഡി കിട്ടാൻ 30 സെന്റ് ഭൂപരിധി എടുത്തുകളയുക.

20. പച്ചക്കറികൃഷിക്ക് നല്ല പ്രോത്സാഹനം നൽകുക. വിത്തും വളവും എല്ലാ കുടുംബങ്ങൾക്കും കിറ്റ് ആയി സൗജന്യനിരക്കിൽ യഥാസമയം നൽകുക.

21. തരിശായി ഇട്ടിരിക്കുന്ന നിലങ്ങളിൽ കൃഷി നടത്താൻ കൃഷിഭവനും പഞ്ചായത്തും ചേർന്ന് പ്രവർത്തനങ്ങൾക്ക് രൂപം നൽകുക.

22. കേരസമിതി മുഖേനയോ മറ്റുതരത്തിലോ സമഗ്രമായ നാളികേരസർവേ നടത്തുകയും നീക്കം ചെയ്യേണ്ട തെങ്ങുകൾ കൃഷിഭവൻ ഉദ്യോഗസ്ഥർ തിട്ടപ്പെടുത്തുകയും പകരം നല്ലയിനം തൈകൾ സൗജന്യനിരക്കിൽ വിതരണം ചെയ്യുകയും ചെയ്യുക.

23. കാർഷികമേഖലയിലെ തൊഴിലാളി ദൗർലഭ്യം കണക്കിലെടുത്ത് പവർട്രില്ലർ, ട്രാക്ടർ, മെതിയന്ത്രം മറ്റു പകരണങ്ങൾ മുതലായവ മിതമായ വാടകക്ക് ലഭ്യമാക്കുക.

24. പാഠ്യവിഷയത്തിൽ കൃഷിയും കൃഷിപരിപാലനവും നിർബന്ധവിഷയമാക്കുക. കൂടാതെ കളപറിക്കൽ, തെങ്ങിന് തടമെടുക്കൽ തുടങ്ങിയ പ്രവൃത്തികൾ പരിശീലിപ്പിക്കുക.

25. വിദ്യാർത്ഥികൾ വീടുകളിൽ പച്ചക്കറികൃഷി ചെയ്യാനും അതിന് സമ്മാനപദ്ധതികൾ ഏർപ്പെടുത്താനും സ്കൂൾ തലത്തിലും പഞ്ചായത്തുതലത്തിലും തീരുമാനമെടുക്കുക.

26. ജലസംരക്ഷണത്തെക്കുറിച്ചുള്ള ബോധവൽക്കരണം, കൃഷിഭവൻ, വാട്ടർ അതോറിറ്റി, സ്ഥലത്തെ വിദഗ്ധർ മുതലായവരുടെ സഹായത്തോടെ നടപ്പിൽ വരുത്തുക.

27. നിലവിലുള്ള എല്ലാ ചീപ്പുകളും അറ്റകുറ്റപ്പണി നടത്തി കൃഷിക്ക് ഉപയുക്തമാക്കുക.

28. കൂടംപൊയിലിലെ 6 മീറ്റർ വീതിയുള്ള കിണർ ജലസേചനയോഗ്യമാക്കുക.

29. പഞ്ചായത്തിന്റെ തെക്ക്, വടക്ക്, പടിഞ്ഞാറ് ഭാഗങ്ങളിലെ തോടുകളിലൂടെ ഉപ്പുവെള്ളം കയറുന്നത് തടയാൻ താഴെ പറയുന്ന തോടുകളിൽ ക്രോസ്ബാറുകൾ സ്ഥാപിച്ചാൽ 6, 8, 9, 10, 11, 12 വാർഡുകളിലെ നെൽകൃഷി ഇരട്ടിയാക്കാൻ കഴിയും.

| വാർഡ് | തോട് |
|---|---|
| 6 | കിഴക്കുംഭാഗം തോട് |
| 9 | കുയ്യാലിത്തോട് |
| 8 | കാരാടിത്തോട് |
| 10 | കിഴക്കൻ കൈത്തോട് |
| 11 | നരിക്കുണ്ട്, തെക്കേചിറമ്മൽ |
| 12 | പുതുവയൽ, വലിയയിൽ, പൂഴിപ്പറമ്പ്, തടത്തിൽ |

30 12-ാം വാർഡിലെതന്നെ ആനത്തോടിൽ ക്രോസ്ബാർ സ്ഥാപിച്ചാൽ പാറപ്രം കിഴക്കുഭാഗത്തെ നെൽകൃഷി മെച്ചപ്പെടുത്തുന്നതിന് പുറമേ 20 ഏക്കറിൽ കൃഷി വർദ്ധിപ്പിക്കാനും കഴിയും.

31. 8-ാം വാർഡിലെ ചെക്കിക്കുനി പാലം റഗുലേറ്റർ നശിച്ചതുകാരണം ഉപ്പുവെള്ളം കയറി കൃഷി നടത്താൻ കഴിയുന്നില്ല. ഈ റഗുലേറ്റർ പുഴക്ക് സമീപമുള്ള മാറാട്ട്പ്പാലത്തിന് സ്ഥാപിച്ചാൽ പിണറായി വയലിൽ 3 വിള നെൽകൃഷി എടുക്കാൻകഴിയും. കാരാടിത്തോട് വീതിയും ആഴവും കൂട്ടി സൈഡ് കെട്ടി സംരക്ഷിക്കുകയും വേണം.

32. അഞ്ചരക്കണ്ടി റഗുലേറ്റർ പദ്ധതി മാറ്റി സ്ഥാപിക്കുകയോ ശ്സ്ത്രീയമായി അറ്റകുറ്റപ്പണി നടത്തുകയോ ചെയ്യുക. വളരെ പ്രാധാന്യമുള്ള ഒരു പദ്ധതിയായി ഇതിനെ കണക്കാക്കുക.

33. 10-ാം വാർഡിലെ വലിയ കണ്ടിത്തോടിന്റെ കൈവഴികളിൽ പണിയാൻ തീരുമാനിച്ച ബണ്ടിന്റെ പ്രവർത്തനം വേഗംതന്നെ ആരംഭിക്കുക.

34. ചേരിക്കൽ കുളം സംരക്ഷിച്ച് കൃഷിക്കുവേണ്ടി

പൂർണമായും പ്രയോജനപ്പെടുത്തുക. ഗവ: ചെലവിൽ 14 സെന്റ് സ്ഥലത്ത് കുഴിച്ച കുളം സാമൂഹ്യസംഘർഷങ്ങൾക്ക് പോലും ഇടയാക്കിയിട്ടുണ്ട്. ശാസ്ത്രീയമായ രീതിയിൽ പ്രവൃത്തികൾ പൂർത്തിയാക്കാനുള്ള പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുക.

35. 10-ാം വാർഡിലെ നീർക്കെട്ട് ഒഴിവാക്കാൻ അവിടെയുള്ള തോട് ആഴവും വീതിയും കൂട്ടുക. വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തി പ്രശ്നം പരിഹരിക്കാൻ പഞ്ചായത്ത് മുൻകൈ എടുക്കുക.

36. എരുവട്ടി തോടിന് മാപ്പുരതാഴെയും എരിതേരി തോട്ടിനും ചീപ്പ് കെട്ടുക.

37. എരുവട്ടി വലിയ തോടിന്റെ ഇരുഭാഗവും കെട്ടി സംരക്ഷിക്കുക. നല്ല ജലസേചനസാധ്യതയുള്ള തോടാണിത്. ഈ തോടിൽ കുന്നുമ്പ്രത്ത് ഒരു ഷട്ടർകൂടി പണിയുക.

38. പഞ്ചായത്തിലെ പച്ചക്കറി കൃഷി വ്യാപനത്തിന്റെ ഭാഗമായി താഴെ പറയുന്ന കുളങ്ങൾ അറ്റകുറ്റപ്പണി നടത്തുക.

വാർഡ് കുളം

1 ഇല്ലത്തെ അമ്പലക്കുളം

2 പാനുണ്ട അമ്പലക്കുളം

3 ഒതയോത്ത് കുളം

4 കോമത്ത്, കണ്ടോത്ത്, അക്കരെപ്പുറത്ത് കുളം

5 വെണ്ട്യായി മീത്തൽ, ഒതയോത്ത്, വണ്ണാത്തിക്കുളം, മീത്തലേകോറോത്ത് പറമ്പ് കുളം, തെക്കേ രയരോത്ത് താഴെ നടുക്കുളം

8 വൈരിഘാതകൻ ക്ഷേത്രക്കുളം

9 വെള്ളുവക്കണ്ടി, കുളപ്രത്ത്, പടത്തിൽതാഴെ കണ്ണോത്ത്

12 തേനൻകുളം, പാറക്കുളം, മുല്ലയിൽകുളം, പള്ളിത്താഴെ, വാമനൻപറമ്പ്, വെള്ളാംവെള്ളിക്കുളം

മേൽ കുളങ്ങൾ എല്ലാം വറ്റാത്തവയാണ്.

39. 11-ാം വാർഡിൽ പൊതുസ്ഥലത്ത് 19 സെന്റ് വിസ്തീർണമുള്ള ചിറയിൽകുളം അല്പം ആഴം കൂട്ടിയാൽ നല്ല ജലസേചനസാധ്യതയുള്ളതാക്കി മാറ്റാൻ കഴിയും.

40. മവ്വേരി -ഓലായിക്കര തോട് വീതി കൂട്ടി ഇരുഭാഗവും കെട്ടി സംരക്ഷിക്കുകയും രണ്ട് സ്ഥലങ്ങളിൽ ക്രോസ്ബാർ കെട്ടി ജലസേചനസാധ്യത വർദ്ധിപ്പിക്കുകയും ചെയ്യുക

41. 11-ാം വാർഡിലെ 10 മീ. വീതിയുള്ള തെക്കണ്ടിയിൽ തോടിലൂടെ ഉപ്പുവെള്ളം കയറുന്നത് കൃഷിക്ക് വലിയ ദോഷം ചെയ്യുന്നു. ഈ തോടിന് ഒരു ക്രോസ്ബാർ പണിയുന്നത് നെൽകൃഷിക്കും തെങ്ങുകൃഷിക്കും ആവശ്യമാണ്.

42. പഞ്ചായത്തിലെ എടക്കടവ്, കോളാട്, പാറപ്രം, ചേരിക്കൽ, കിഴക്കുംഭാഗം അണ്ടലൂർക്കടവ് എന്നീ പുഴയോരപ്രദേശങ്ങൾ നേരിടുന്ന രൂക്ഷമായ കരയിടിച്ചിൽ പരിഹരിക്കാൻ ഈ ഭാഗങ്ങളിൽ കരിങ്കൽഭിത്തി കെട്ടുക.

43. കശുമാവ്, കവുങ്ങ്, കുരുമുളക് എന്നീ കൃഷികൾ വ്യാപിപ്പിക്കാൻ പ്രത്യേകപദ്ധതികൾ ആവിഷ്കരിക്കുക. കശുമാവ് ഗ്രാഫ്റ്റിങ് പരിശീലനത്തിന് കൃഷിഭവൻ മുൻകൈ എടുക്കുക.



# മൃഗസംരക്ഷണവും മത്സ്യബന്ധനവും

### മൃഗസംരക്ഷണം

മനുഷ്യന്റെ ഘടനാപരമായ വളർച്ചക്കാവശ്യമായ പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപ്പാദനമാണ് പ്രധാനമായും മൃഗസംരക്ഷണമേഖല നിറവേറ്റുന്നത്. കാർഷികമേഖലക്കാവശ്യമായ ജൈവവളവും മൃഗശക്തിയും ഈ മേഖല സംഭാവന ചെയ്യുന്നു. സംസ്ഥാനത്തിന്റെ കന്നുകാലിസമ്പത്തിന്റെ ഭൂരിഭാഗവും ഗ്രാമപ്രദേശങ്ങളിലാണ് കേന്ദ്രീകരിച്ചിട്ടുള്ളത്. അതുകൊണ്ട് ഈ മേഖലയുടെ പുരോഗതി ഗ്രാമീണസമ്പദ്ഘടനയെ ശക്തമാക്കൻ പര്യാപ്തമാണ്, ഈ രംഗത്തെ ഉല്പന്നങ്ങൾ ഏറിയപങ്കും സംസ്ഥാനത്തിനകത്തുതന്ന ഉപയോഗപ്പെടുത്തുന്നതിനാൽ അന്താരാഷ്ട്രവിപണിയിലെ താളംതെറ്റൽ മാറിമാറിവരുന്ന കേന്ദ്രസർക്കാറിന്റെ ഇറക്കുമതിനയം എന്നിവ ഉല്പന്നങ്ങളുടെ വിപണിയെ ബാധിക്കുന്നില്ല. അതുകൊണ്ടു സ്വയംപര്യാപ്തതക്ക് മുൻതൂക്കം നൽകിക്കൊണ്ട് ഈ രംഗത്ത് നടപ്പിലാക്കുന്ന സമഗ്രവികസന പരിപാടി ഗ്രാമീണസമ്പദ്ഘടനയുടെ പുരോഗതിക്ക് വളരെയധികം ഗുണം ചെയ്യും.

മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട് വൻസാധ്യതയുള്ള ഒരു ഗ്രാമമാണ് പിണറായി. കാർഷികമേഖലയുടെ പിറകോട്ടുപോക്ക് ഈ രംഗത്തെ വലിയരീതിയിൽ ബാധിച്ചിട്ടില്ല എന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. എങ്കിലും നമ്മുടെ ഉല്പാദനവും ആവശ്യവും തമ്മിൽ ഭീമമായ അന്തരം ഇന്നും നിലനിൽക്കുന്നു. പശു, ആട് എന്നിവയാണ് പ്രധാനവളർത്തുമൃഗങ്ങൾ. ചില വാർഡുകളിൽ നാമമാത്രമായി ഉഴവുകാളകളുമുണ്ട്. വളർത്തുപക്ഷികളിൽ പ്രധാനം കോഴിയാണ്. ചില വീടുകളിൽ താറാവിനേയും വളർത്തുന്നുണ്ട്. ഈ ഗ്രാമത്തിൽ പണ്ട് പശുക്കളെ വളർത്താൻ കൊടുക്കുന്ന സമ്പ്രദായം ഉണ്ടായിരുന്നു. രണ്ടാമത്തെ പ്രസവത്തോടെ തള്ളപ്പശുവിനേയും കിടാരിയേയും ഉടമസ്ഥന് മടക്കിക്കൊടുക്കണമെന്നതായിരുന്നു അന്നത്തെ അലിഖിത കരാർ. വീട്ടാവശ്യത്തിനുള്ള പാലിനും ചാണകത്തിനുംവേണ്ടി മാത്രം മൃഗങ്ങളെ വളർത്തിയിരുന്ന ശീലം ഇന്ന് അപൂർവമാണ്. നിരന്തരമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന കോഴിവസന്ത, കോഴിവസൂരി എന്നീ രോഗങ്ങൾ കോഴികളുടെ എണ്ണത്തിൽ കുറവ് വരുത്തിയിട്ടുണ്ട്. ഗതാഗതസൗകര്യത്തിന്റെ വ്യാപനത്തോടെ വണ്ടിക്കാളകൾ ഗ്രാമത്തിൽനിന്ന് അപ്രത്യക്ഷമായിട്ടുണ്ട്.

പിണറായി പഞ്ചായത്തിലെ 70% പശുക്കളും സങ്കരനയിനത്തിൽപ്പെട്ടവയാണ്. 1996ലെ SES പ്രകാരം പ്രതിദിനം 2,500 ലി. പാൽ ഉല്പാദിപ്പിക്കുന്നുണ്ട്. പിണറായി ഓലയമ്പലം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന പിണറായി ക്ഷീരോല്പാദകസഹകരണസംഘത്തിൽ ഇതിന്റെ 65% പാലും എത്തുന്നുണ്ട്. ഗ്രാമത്തിന്റെ വിവിധഭാഗങ്ങളിൽ 6 കലക്ഷൻ സെന്ററിലൂടെയാണ് ഇത് ശേഖരിക്കുന്നത്. ഒരാൾക്ക് പ്രതിദിനം 200 മി.ഗ്രാം പാൽ ആവശ്യമാണ്. ഇതുപ്രകാരം നമ്മുടെ ജനസംഖ്യയുമായി ബന്ധപ്പെടുത്തിയാൽ (28751, 1991 സെൻസസ്) 5,700 ലിറ്റർ പാൽ നമുക്ക് ആവശ്യമാണ്. ഉല്പാദനം വെറും 2,500 ലി. മാത്രമാണ്. കാലിത്തീറ്റയുടെ വിലവർദ്ധനവ്, വൈക്കോൽ, പച്ചപ്പുല്ല് എന്നിവയുടെ അപര്യാപ്തത, ഭൂമിയുടെ തുണ്ട്വൽക്കരണം മുതലായവ പൊതുവിൽ കാലിവളർത്തലിനെ നിരുത്സാഹപ്പെടുത്തുന്നു. തീറ്റപ്പുൽകൃഷി കൂടുതലായി പ്രോത്സാഹിപ്പിക്കാനുള്ള സാഹചര്യം നമ്മുടെ ഗ്രാമത്തിലുണ്ട്. ഇടവിളയായി തെങ്ങിൻതോപ്പുകളിൽ ഈ കൃഷി നടത്താവുന്നതാണ്. നമ്മുടെ ഗ്രാമത്തിൽ 1462 ഹെക്ടറിൽ തെങ്ങ്കൃഷി നടത്തുന്നുണ്ട്.

## പഞ്ചായത്തിലെ മൃഗങ്ങളും പക്ഷികളും

| ഇനം | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| പശു | 88 | 184 | 174 | 144 | 142 | 56 | 38 | 44 | 106 | 76 | 89 | 88 | 1229 |
| ആട് | 53 | 80 | 174 | 39 | 58 | 42 | 18 | 64 | 46 | 28 | 51 | 13 | 666 |
| കാള | | | 4 | | | | | | | 2 | 2 | | 8 |
| പോത്ത് | | | | | | | | | | | | | |
| മുയൽ | 2 | 12 | 34 | 22 | 9 | | | | 16 | | | | 95 |
| കോഴി | 363 | 504 | 973 | 198 | 162 | 2130 | 300 | 105 | 570 | 340 | 351 | 206 | 6202 |
| താറാവ് | | | | | 3 | 5 | | 18 | | | | 1 | 27 |

പഞ്ചായത്തിലെ മൃഗാശുപത്രി ഓലയമ്പലം ബസാറിലാണ് സ്ഥിതിചെയ്യുന്നത്. ഇതിന്റെ ഉപയോഗം പഞ്ചായത്തിലെ എല്ലാ ഭാഗങ്ങളിലും ഒരുപോലെ ലഭ്യമല്ല. പഞ്ചായത്തിലെ 1, 2, 3, 4 വാർഡുകളിലെ കൃഷിക്കാർക്ക് മൃഗാശുപത്രിയിൽ എത്തിപ്പെടാൻ വലിയ പ്രയാസമുണ്ട്.

പാൽസംഭരണം പിണറായി ക്ഷീരോല്പാദകസഹകരണസംഘം വഴി

| സംഘത്തിന്റെ പേര് | ഉല്പാദകർ | കന്നുകാലികൾ | സംഘത്തിൽ ഒരുദിവസം എത്തുന്ന പാൽ |
|---|---|---|---|
| പിണറായി ക്ഷീരോല്പാദക സഹകരണ സംഘം | 410 | 610 | 1600 ലി. |

കാലികളിൽ പൊതുവേ കണ്ടുവരുന്ന രോഗങ്ങൾ അകിടുവീക്കം, കുളമ്പുരോഗം, ഉദരരോഗം, മുടന്തൻപനി എന്നിവയാണ്. രോഗപ്രതിരോധത്തെക്കുറിച്ചും ശുചിത്വത്തെക്കുറിച്ചും ഭൂരിഭാഗം കർഷകരും അജ്ഞരാണ്. ഇത് രോഗങ്ങൾ തുടക്കത്തിലെ ചികിത്സിച്ച് മാറ്റുന്നതിന് വിഘാതം സൃഷ്ടിക്കുന്നു. പഞ്ചായത്തിൽ 5 ഗോബർഗ്യാസ് പ്ലാന്റ് നിലവിലുണ്ട്. കൂടുതൽ പ്ലാന്റുകൾ സ്ഥാപിക്കാൻ സാധ്യതയുണ്ടെങ്കിലും കർഷകർ ഇതിനെക്കുറിച്ച് തീർത്തും അജ്ഞരാണ്. ഗോബർഗ്യാസ് പ്ലാന്റ് സ്ഥാപിക്കാൻ ഗവൺമെന്റ് സബ്സിഡി ഉണ്ടെങ്കിലും ഇതൊന്നും ജനങ്ങളിൽ എത്തിയിട്ടില്ല.

പിണറായി പഞ്ചായത്തിൽ ഏകദേശം 6202 കോഴികളുണ്ട്. എന്നാൽ നമ്മുടെ ആവശ്യത്തിന് വേണ്ട മുട്ടയും ഇറച്ചിയും ലഭ്യമാക്കാൻ ഇവയുടെ എണ്ണം തീരെ അപര്യാപ്തമാണ്. ആരോഗ്യസംരക്ഷണകാര്യത്തിൽ വികസിതരാജ്യങ്ങൾക്കൊപ്പം നിൽക്കുന്ന നമ്മൾ ആളോഹരി മുട്ട ഉപഭോഗത്തിന്റെ കാര്യത്തിൽ വളരെ പിറകിലാണ്. ഒരാൾ ഒരു വർഷം 182 മുട്ട കഴിക്കണമെന്നാണ് ലോകാരോഗ്യസംഘടന തീർച്ചപ്പെടുത്തിയിട്ടുള്ളത്. പിണറായി ഗ്രാമം ഒരു വർഷം ഉല്പാദിപ്പിക്കുന്ന മുട്ട 6.5 ലക്ഷം മാത്രമാണ്. ജനസംഖ്യയുമായി ബന്ധപ്പെടുത്തുമ്പോൾ ഒരു വർഷം നമുക്ക് ഏകദേശം 52 ലക്ഷം മുട്ട വേണം. ഇത്രയും മുട്ട നമ്മൾ വാങ്ങുന്നത് സംസ്ഥാനത്തിന് പുറത്തുനിന്നാണ്. ഈ കാര്യം പരിശോധിക്കുമ്പോൾ മുട്ടക്കോഴി വളർത്തലിൽ നമ്മുടെ പഞ്ചായത്തിന് വമ്പിച്ച സാധ്യതയുണ്ടെന്ന് മനസ്സിലാക്കാൻ സാധിക്കും. എല്ലാ വീടുകളിലും അടുക്കളമുറ്റത്ത് മുട്ടക്കോഴിവളർത്തലിന് പ്രോത്സാഹനം നൽകണം. ഇതുവഴി മുട്ടയുല്പാദനത്തിൽ സ്വയംപര്യാപ്തതനേടി ധനച്ചോർച്ച തടയാൻ സാധിക്കും.

പിണറായി പഞ്ചായത്തിൽ ഒരു അറവുശാലയില്ല. പാറപ്രം, ഓലയമ്പലം, കാപ്പുമ്മൽ എന്നിവിടങ്ങളിൽനിന്ന് കാളകളെ അറക്കുന്നുണ്ട്. ഇറച്ചിക്കുവേണ്ടിയുള്ള കാളകളെ മുഴുവനും പുറത്തുനിന്നാണ് കൊണ്ടുവരുന്നത്. ഈ അറവ്കേന്ദ്രങ്ങളിലൂടെ ഒരു ദിവസം 100 കിലോ ഇറച്ചി വിൽപ്പന നടക്കുന്നുണ്ട് എന്നാണ് കണക്ക്. അതുപ്രകാരം 12 ലക്ഷം രൂപയുടെ കാളകളെയാണ് നാം പുറത്തുനിന്ന് വരുത്തുന്നത്. ഈ ധനച്ചോർച്ച തടയാൻ ഇറച്ചിക്കുവേണ്ടിയുള്ള കാളകളെ വളർത്തുന്നത് പ്രോത്സാഹിപ്പിക്കാവുന്നതാണ്. ഇറച്ചിക്ക് വേണ്ടി 6-ഓളം ബ്രോയിലർകോഴി വളർത്തൽകേന്ദ്രവും ഉണ്ട്. ആടുവളർത്തൽ മുഖ്യമായും ഇറച്ചിക്കുവേണ്ടിത്തന്നെയാണ്. ഇറച്ചിക്കുവേണ്ടി മുയൽ വളർത്തലിനേയും കാടക്കോഴികൃഷിയേയും പ്രോത്സാഹിപ്പിക്കാവുന്നതാണ്.

പേപ്പട്ടിശല്യം എല്ലാ കാലത്തും ഉണ്ടാകാറില്ലെങ്കിലും അലഞ്ഞുതിരിഞ്ഞ്നടക്കുന്ന പട്ടികൾ പ്രശ്നമാകാറുണ്ട് ശരിയായി ബോധവൽക്കരണം നടത്തി ഇത്

പരിഹരിക്കേണ്ടതുണ്ട്.

### പട്ടികളെക്കുറിച്ചുള്ള വിവരം

അവലംബം മൃഗാശുപത്രി

| വാർഡ് | ഉടമസ്ഥരുള്ള പട്ടികൾ | ഉടമസ്ഥരില്ലാത്ത പട്ടികൾ | ആകെ |
|---|---|---|---|
| 1 | 22 | 18 | 40 |
| 2 | 20 | 28 | 28 |
| 3 | 10 | 16 | 26 |
| 4 | 25 | 30 | 55 |
| 5 | 18 | 4 | 22 |
| 6 | 20 | 10 | 30 |
| 7 | 5 | 3 | 8 |
| 9 | 12 | 10 | 22 |
| 10 | 3 | -- | 3 |
| 11, 12 | 22 | 17 | 39 |

പഞ്ചായത്തിൽ പന്നിവളർത്തലോ എരുമവളർത്തലോ ഇല്ല; നല്ല സാധ്യതയുണ്ട്. ശരിയായ ബോധവൽക്കരണം ആവശ്യമാണ്.

### പ്രധാനപ്രശ്നങ്ങൾ

1. കാലിത്തീറ്റയുടെ ക്രമാതീതമായ വിലവർദ്ധനവ്
2. ഗുണമേന്മ കുറഞ്ഞ കാലിത്തീറ്റ വാങ്ങേണ്ടിവരുന്നു.
3. മേച്ചിൽസ്ഥലങ്ങൾ കുറവാണ്.
4. വൈക്കോൽ, തീറ്റപ്പുല്ല് എന്നിവയുടെ അപര്യാപ്തത
5. 1, 2, 3, 4 വാർഡുകളിലെ ജനങ്ങൾക്ക് ദൂരക്കൂടുതലുള്ളതിനാൽ മൃഗാശുപത്രിയുടെ സേവനം ഉപയോഗപ്പെടുത്താൻ സാധിക്കുന്നില്ല.
6. മൃഗാശുപത്രിക്ക് സ്വന്തമായി കെട്ടിടമില്ല.
7. കുറഞ്ഞ പലിശനിരക്കിന് ക്ഷീരകർഷകർക്ക് സാമ്പത്തികസഹായം ലഭിക്കുന്നില്ല.
8. ഉല്പാദനചെലവിനനുസരിച്ച് പാലിന് വില കിട്ടുന്നില്ല.
9. ഗോബർഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനെക്കുറിച്ച് ക്ഷീരകർഷകർ ബോധവാന്മാരല്ല
10. അത്യുല്പാദനശേഷിയുള്ള പശുക്കൾ കുറവാണ്.
11. രോഗപ്രതിരോധകുത്തിവെപ്പുകളുടെ അപര്യാപതത
12. അത്യുല്പാദനശേഷിയുള്ള കോഴിക്കുഞ്ഞുങ്ങളെ ലഭിക്കുന്നില്ല.
13. കാടയിറച്ചികൃഷിയെപ്പറ്റി ജനങ്ങൾക്ക് അറിവില്ല.
14. ഇറച്ചിക്ക് വേണ്ടിയുള്ള മുയൽകൃഷിയെക്കുറിച്ച് ജനങ്ങൾക്ക് അറിവില്ല.
15. വൃത്തിയുള്ള മാംസം ലഭിക്കാൻ പഞ്ചായത്തിൽ ഒരു അറവുശാലയില്ല.
16. ചതുപ്പ്നിലങ്ങളും പുഴയോരങ്ങളും ഉണ്ടെങ്കിലും താറാവ് കൃഷിയെപ്പറ്റി ബോധവാന്മാരല്ല.
17. പട്ടികൾ അലഞ്ഞ്തിരിഞ്ഞ് നടക്കുന്നതിനാൽ പേപ്പട്ടിശല്യം ഉണ്ടാകുന്നു.

### സാധ്യതകൾ

1. പ്രാദേശികമായി ലഭിക്കുന്ന വിഭവങ്ങളായ കപ്പ, തേങ്ങാപ്പിണ്ണാക്ക് എന്നിവ ഉപയോഗിച്ച് ചെറുകിട കാലിത്തീറ്റ യൂനിറ്റ് സ്ഥാപിക്കാം. ഇതിന് ക്ഷീരസൊസൈറ്റി മുൻകൈയെടുക്കണം.
2. തരിശ്ഭൂമിയിലും തെങ്ങിൻതോപ്പുകളിലും ഇടവിളയായി തീറ്റപ്പുൽകൃഷി നടത്താം.
3. വൈക്കോൽ സംഭരിച്ച് വിൽക്കാൻ ക്ഷീരസൊസൈറ്റികൾക്ക് സാധിക്കും. ഇവ നടപ്പിലാക്കുമ്പോൾ സൊസൈറ്റികളുടെ മേൽ ചുമത്തുന്ന നികുതി ഒഴിവാക്കണം.
4. എരുവട്ടി വില്ലേജിനെ കേന്ദ്രീകരിച്ചുകൊണ്ട് കാപ്പുമ്മലിൽ ഒരു മൃഗാശുപത്രി സ്ഥാപിക്കാനുള്ള സാധ്യത പരിശോധിക്കണം.
5. മൃഗാശുപത്രിക്ക് സ്വന്തമായി കെട്ടിടം, ലബോറട്ടറി, വാഹനം, ടെലഫോൺ എന്നിവ ഉണ്ടാകണം.
6. കൃത്രിമബീജം കുത്തിവെക്കുന്നത് സൗജന്യമാക്കണം.
7. പഞ്ചായത്തിന്റെ വ്യാപ്തി കണക്കിലെടുത്തുകൊണ്ട് ഓരോ വാർഡിലും മാസത്തിലൊരിക്കൽ സഞ്ചരിക്കുന്ന മൃഗാശുപത്രിയുടെ സേവനം ഉറപ്പുവരുത്തണം.
8. കാലിവസന്ത, കുളമ്പുരോഗം എന്നിവയ്ക്കുള്ള കുത്തിവെപ്പുകൾ സൗജന്യവും വ്യാപകവുമാക്കണം.
9. മൃഗസംരക്ഷണത്തിന്റെ വിജ്ഞാനവ്യാപനത്തിന് മൃഗാശുപത്രിയുമായി ബന്ധപ്പെട്ട് ലൈബ്രറി സ്ഥാപിക്കണം.
10. ചെറുകിട ആടുവളർത്തൽ യൂനിറ്റിന് നല്ല സാധ്യതയുണ്ട്.
11. ശാസ്ത്രീയരീതിയിൽ തൊഴുത്ത് നിർമിക്കുന്നതിന് 50% സബ്സിഡി അനുവദിക്കണം.
12. അത്യുല്പാദനശേഷിയുള്ള കന്നുകുട്ടികളെ ആവശ്യക്കാർക്ക് എത്തിക്കാനുള്ള സംവിധാനം ഉണ്ടാക്കണം.
13. കന്നുകാലികൾക്ക് സമഗ്ര ഇൻഷൂറൻസ് പദ്ധതി നടപ്പിലാക്കേണ്ടതാണ്.
14. മിനി ഗോബർഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ബോധവൽക്കരണവും സഹായവും നൽകണം.
15. പാൽ ഉല്പാദനം വർദ്ധിപ്പിക്കാൻ മിനി ഡയറി യൂനിറ്റുകൾ സ്ഥാപിക്കാം.
16. പാൽ ഉല്പന്നങ്ങൾ കൂടുതലായി നിർമിച്ച് കൂടുതൽ പേർക്ക് ജോലി നൽകാൻ ക്ഷീരസൊസൈറ്റികൾക്ക് സാധിക്കും. അതിനുവേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കണം.
17. അടുക്കളമുറ്റത്ത് കോഴിവളർത്തലിന് ധാരാളം സാധ്യതകൾ ഉണ്ട്. മതിയായ പ്രോത്സാഹനവും പ്രചരണവും നൽകണം.

18. പഞ്ചായത്തിൽ ഒരു എഗ്ഗർ നേഴ്സറി സ്ഥാപിക്കാം.
19. സ്കൂൾ പോൾട്രി ക്ലബ്ബുകൾ പ്രോത്സാഹിപ്പിക്കാവുന്നതാണ്.
20. കൂടുതൽ ഇറച്ചിക്കോഴിയൂനിറ്റുകൾക്ക് സാധ്യതയുണ്ട്. അതിന് സഹായവും പ്രോത്സാഹനവും നൽകണം.
21. ഇറച്ചിക്ക് വേണ്ടിയുള്ള മുയൽകൃഷിയെ പ്രോത്സാഹിപ്പിക്കാവുന്നതാണ്.
22. ശാസ്ത്രീയരീതിയിൽ വൃത്തിയുള്ള ഒരു അറവുശാല പഞ്ചായത്തിൽ സ്ഥാപിക്കണം. അവശിഷ്ടങ്ങൾ നശിപ്പിക്കാനുള്ള സംവിധാനവും കണ്ടെത്തണം.
23. ഇറച്ചിക്ക് വേണ്ടിയുള്ള കാടക്കോഴി കൃഷിയെ പ്രോത്സാഹിപ്പിക്കാം.
24. ഇറച്ചിക്ക് വേണ്ടിയുള്ള കാളക്കുട്ടന്മാരെ വളർത്താനുള്ള ഒരു പദ്ധതി നടപ്പിലാക്കണം. ഏഴിമല നാവിക അക്കാഡമി സ്ഥാപിക്കുന്നതോടെ ഇറച്ചിക്ക് വമ്പിച്ച ചോദനം ഉണ്ടാകും. മാംസോല്പാദകസഹകരണ സംഘം രൂപീകരിക്കാവുന്നതാണ്.
25. മത്സ്യബന്ധനത്തോടൊപ്പം താറാവ്കൃഷിയേയും പ്രോത്സാഹിപ്പിക്കാം.
26. സമഗ്രമായ പേവിഷനിർമാർജ്ജനം നടപ്പിലാക്കണം.
27. മൃഗാശുപത്രിക്ക് ഒരു വികസനസമിതി രൂപീകരിക്കാവുന്നതാണ്.

# മത്സ്യബന്ധനം

പിണറായി പഞ്ചായത്തിന്റെ മൂന്നുഭാഗവും പുഴവെള്ളത്താൽ ചുറ്റപ്പെട്ടുകിടക്കുന്നു. മത്സ്യബന്ധനത്തിനും മത്സ്യകൃഷിക്കും നല്ല സാധ്യതകൾ ഉണ്ട്. അഞ്ചരക്കണ്ടിപ്പുഴയാലാണ് മൂന്നുഭാഗവും ചുറ്റപ്പെട്ടുകിടക്കുന്നത്. ഇത് മേലൂർപ്പുഴ, അണ്ടലൂർപുഴ, ഉമ്മൻചിറപുഴ എന്നീ പേരുകളിൽ വിവിധസ്ഥലങ്ങളിൽ അറിയപ്പെടുന്നു. ഏകദേശം 16 കി.മീ. പുഴയോരം പിണറായി ഗ്രാമപഞ്ചായത്തിനുണ്ട്. കാറാടി, ആനത്തോട് എന്നീ തോടുകളും 50-ഓളം ശുദ്ധജലമുള്ള ചെറിയ കുളങ്ങളും പഞ്ചായത്തിൽ ഉണ്ട്. ചെമ്പല്ലി, വരാൽ, തിരുത, ഇരിമീൻ, ഏട്ട, ചെമ്മീൻ, ഞണ്ട് തുടങ്ങിയവയാണ് പ്രധാനമായും ലഭിക്കുന്ന മത്സ്യങ്ങൾ. അണ്ടലൂർ പുഴയിൽ മുമ്പ് ധാരാളം ഇതുമ്പക്ക ഉണ്ടായിരുന്നു. എന്നാൽ ചെമ്മീൻ കൃഷിക്കു വേണ്ടി ഉപയോഗിച്ച ചില രാസവസ്തുക്കൾ ഇതിന്റെ വംശനാശത്തിന് കാരണമാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ കടലോരം ഇല്ലെങ്കിലും കടലുമായി 5 കി.മീ. പോലും ദൂരമില്ല. അതുകൊണ്ട് കടൽമത്സ്യം പഞ്ചായത്തിലെ എല്ലാ കേന്ദ്രങ്ങളിലും എത്തുന്നുണ്ട്. പഞ്ചായത്തിന്റെ 4 കേന്ദ്രങ്ങളിൽ മത്സ്യം വെച്ച് വില്പന നടത്തുന്നുണ്ട്. പഞ്ചായത്തിന്റെ സ്വന്തമായൊരു മത്സ്യമാർക്കറ്റ് ഓലയമ്പലത്തുണ്ട്. ഓട്ടോറിക്ഷയിലും സൈക്കിളിലുമാണ് പ്രധാനമായും മത്സ്യവില്പന നടത്തുന്നത്.

പഞ്ചായത്തിൽ മത്സ്യബന്ധനവും മത്സ്യവില്പനയും മുഖ്യതൊഴിലായി സ്വീകരിച്ചവർ ഏകദേശം 200 പേരാണ്. ഇത് ഉപതൊഴിലായി സ്വീകരിച്ചവർ ഏകദേശം 250 പേരുണ്ട്. ചവിട്ടുവല, ബീച്ച്വല, ചൂണ്ട എന്നിവ ഉപയോഗിച്ചാണ് പ്രധാനമായും മത്സ്യബന്ധനം നടത്തുന്നത്. മത്സ്യബന്ധനത്തിൽ ഏർപ്പെട്ടവരിൽ മുക്കുവകുടുംബങ്ങളില്ല. ഹിന്ദുമതത്തിലേയും മുസ്ലിം മതത്തിലേയും ജനങ്ങളാണ് ഈ മേഖലയിൽ കൂടുതലായും ജോലി ചെയ്യുന്നത്.

ചേരിക്കൽ, എടക്കടവ്, പാറപ്രം, കോളക്കാട്, അണ്ടലൂർക്കടവ്, പടന്നക്കര, കിഴക്കുംഭാഗം, ഉമ്മൻചിറ എന്നീഭാഗങ്ങളിൽ ചെമ്മീൻകൃഷിക്ക് പറ്റിയ ചതുപ്പുനിലങ്ങൾ ഉണ്ട്. പരമ്പരാഗതമായ രീതിയിലാണ് ഇന്ന് ഈ കൃഷി നടത്തുന്നത്. ആധുനികരീതിയിൽ ഇതിന് ഉപയോഗിക്കുമ്പോൾ മത്സ്യസമ്പത്തിന്റെ വംശനാശത്തിന് ഇടയാകുന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. മത്സ്യബന്ധനത്തിനും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കു തൊഴിൽ ഉണ്ടാക്കിക്കൊടുക്കുന്നതിനുംവേണ്ടി NES ബ്ലോക്ക് സൊസൈറ്റി പ്രവർത്തിക്കുന്നുണ്ടെങ്കിലും ലക്ഷ്യം നിറവേറ്റുന്നതിൽ വേണ്ടത്ര മുന്നോട്ട് പോയിട്ടില്ല.

## പ്രധാനപ്രശ്നങ്ങൾ

1. പഞ്ചായത്തിലെ എടക്കടവ്, പാറപ്രം ഭാഗങ്ങളിൽ വ്യാപകമായ മണൽവാരൽ കാരണം കരയിടിച്ചിൽ, അഞ്ചരക്കണ്ടി അണക്കെട്ട്, പാറപ്രം ചെറുമാവിലായി പാലം എന്നിവക്ക് ഭീഷണി ഉണ്ടാകുന്നു. കൂടാതെ ധാരാളം പരിസ്ഥിതി പ്രശ്നങ്ങളും കക്കയുടെ വംശനാശത്തിന് കാരണമാവുകയും ചെയ്യുന്നു.

2. ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ പുഴമത്സ്യങ്ങൾക്ക് വ്യാപകമായി രോഗം കണ്ടുവരുന്നു. ഇത് മത്സ്യസമ്പത്തിന്റെ നാശത്തിന് കാരണമാകുന്നു.

3. മത്സ്യവിപണനകേന്ദ്രത്തിലെ ശുചിത്വമില്ലായ്മ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

4. പ്രധാനവിപണനകേന്ദ്രങ്ങളിൽപോലും കെട്ടിടങ്ങളില്ല.

5. കണ്ടൽക്കാടുകൾ നശിപ്പിക്കുന്ന പ്രവണത കണ്ടുവരുന്നു.

6. ഒഴുക്ക് വലയുടെ ഉപയോഗം കാരണം മത്സ്യസമ്പത്ത് നശിക്കുന്നു.

7. ഞണ്ട്, കല്ലുമ്മക്കായ, മുരു എന്നീ കൃഷിയെക്കുറിച്ച് ശരിയായ ബോധമില്ല.

## സാധ്യതകൾ

1. ചേരിക്കൽ, എടക്കടവ്, പാറപ്രം, കോളാട്, അണ്ടലൂർക്കടവ്, പടന്നക്കര, കിഴക്കുംഭാഗം, ഉമ്മൻചിറ എന്നിവിടങ്ങളിൽ ചെമ്മീൻകൃഷിക്ക് പറ്റിയ ചതുപ്പുനിലങ്ങൾ ധാരാളം ഉണ്ട്. മറ്റ് മത്സ്യസമ്പത്തിന് നാശം വരാത്ത രീതിയിൽ ഇവിടങ്ങളിൽ ചെമ്മീൻകൃഷി വ്യാപകമാക്കാൻ സാധിക്കും. അതിനുള്ള സഹായവും പ്രോത്സാഹനവും നൽകണം.

2. ഒഴുക്ക്വല പുഴകളിൽ ഉപയോഗിക്കുന്നതിനെതിരെ നിയമനിർമാണം നടത്തണം.

3. പഞ്ചായത്തിലെ കുളങ്ങളിൽ മത്സ്യകൃഷി നടത്തുന്നതിനെ പ്രോത്സാഹിപ്പിക്കാം.

4. മത്സ്യവില്പനകേന്ദ്രങ്ങളിലെ ശുചീകരണത്തിന് സ്ഥിരമായ സംവിധാനം ഉണ്ടാകണം.

5. കാപ്പുമ്മലിൽ ഒരു മത്സ്യമാർക്കറ്റ് സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിക്കണം.

6. പുഴയിൽ കയറിൽ കല്ലുമ്മക്കായ വളർത്തുന്നതിന് പ്രചാരണവും പ്രോത്സാഹനവും നൽകണം.

7. ഗുണനിലവാരമുള്ള ഞണ്ടിൻകുഞ്ഞുങ്ങളെ വിതരണം ചെയ്ത് ഞണ്ട് വളർത്തലിനെ പ്രോത്സാഹിപ്പിക്കാം.

8. പ്രകൃത്യാൽ ഉള്ള ചെമ്മീൻ കുഞ്ഞുങ്ങളെ ശേഖരിച്ച് വിതരണം ചെയ്യാനുള്ള സാധ്യത പരിശോധിക്കണം.

9. ചില സീസണിൽ കാണുന്ന മത്സ്യരോഗങ്ങളുടെ കാരണം ശാസ്ത്രീയമായി പഠിച്ച് പരിഹാരം കാണാൻ സാധിക്കണം.

10. ചീനവലയുടെ ഉപയോഗം ചിലസ്ഥലങ്ങളിൽ പരീക്ഷിക്കാവുന്നതാണ്.

11. ശാസ്ത്രീയമായി മുരുകൃഷി പ്രോത്സാഹിപ്പിക്കാവുന്നതാണ്.

12. മത്സ്യത്തൊഴിലാളികൾക്ക് സഹായവും ഉപദേശവും ഉപകരണങ്ങൾ നൽകാനും ഒരു സഹകരണ സംഘം രൂപീകരിക്കാവുന്നതാണ്. ഈ സൊസൈറ്റിയിലൂടെ മത്സ്യഉല്പന്നങ്ങൾ നിർമിച്ച് വിതരണം ചെയ്യാനും സാധ്യതയുണ്ട്.

13. പാരിസ്ഥിതികപ്രശ്നങ്ങളും പദ്ധതികൾക്ക് നാശവും ഉണ്ടാക്കുന്ന മണൽവാരൽ നിയന്ത്രിക്കാൻ നിയമം ഫലപ്രദമായി ഉപയോഗിക്കണം.



# വ്യവസായം

കണ്ണൂർജില്ലയിൽ വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന പഞ്ചായത്തുകളിൽ ഒന്നാണ് പിണറായി പഞ്ചായത്ത്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനം ശ്രീ. സാമുവൽ ആറോൺ സ്ഥാപിച്ചതും ഒരു ഘട്ടത്തിൽ എഴുന്നൂറോളം തൊഴിലാളികൾ ജോലി ചെയ്തിരുന്നതുമായ തലശ്ശേരി ടൈൽസ് കമ്പനിയാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ വ്യവസായസ്ഥാപനം. കൈത്തറി, ബീഡിനിർമാണം, കള്ളുചെത്ത്, എണ്ണയാട്ടൽ, അവിലിടി, ചക്കരനിർമാണം തുടങ്ങിയ പരമ്പരാഗതവ്യവസായങ്ങളും മൺപാത്രനിർമാണം, കയർപിരി, പായനെയ്ത്ത് തുടങ്ങിയ കുടിൽവ്യവസായങ്ങളും പഞ്ചായത്തിലെ പഴയകാലവ്യവസായങ്ങളിൽ പ്രമുഖങ്ങളായിരുന്നു. ഇക്കൂട്ടത്തിൽ കൈത്തറിവ്യവസായത്തിന്റെ ചരിത്രം പ്രത്യേക പരാമർശം അർഹിക്കുന്നു. കുഴിത്തറിയിൽ ആരംഭിച്ച് തോർത്ത്, പുടവ, കച്ചോട്ടം തുടങ്ങിയ നെയ്ത്തുകൊണ്ടാണ് കൈത്തറിവ്യവസായം പഞ്ചായത്തിൽ ഊടും പാവുമിട്ടത്. ഇടക്കാലത്ത് ഏറെ തകർച്ച നേരിട്ടിരുന്നെങ്കിലും എഴുപതുകളിലുണ്ടായ പുത്തനുണർവ് പടിയിറങ്ങിയേക്കുമായിരുന്ന കൈത്തറി മേഖലയെ ഒരു പരിധിവരെ പിടിച്ചുനിർത്താൻ സഹായകമായിത്തീർന്നു.

വ്യവസായികപിന്നോക്കാവസ്ഥയ്ക്കുള്ള പഞ്ചായത്തിന്റെ മുഖ്യകാരണം ആധുനികവ്യവസായങ്ങളുടെ അഭാവമാണെന്ന് കാണാം. പരമ്പരാഗതവ്യവസായമേഖലകളിൽപോലും എഴുപതുകളിലും എൺപതുകളിലുമായി സഹകരണമേഖല നടത്തിയ ഇടപെടലുകൾ മാറ്റിനിർത്തിയാൽ പഞ്ചായത്തിന്റെ വ്യാവസായികവികസനത്തിൽ സ്വകാര്യസംരംഭകരുടെ പങ്ക് തുലോം നിസ്സാരമാണെന്ന് പട്ടിക 1ഉം 2ഉം നമ്മെ ബോധ്യപ്പെടുത്തുന്നു. അതുകൊണ്ടുതന്നെ സഹകരണമേഖലയുടെ ശക്തമായ ഇടപെടലുകൾകൂടി ഇല്ലായിരുന്നുവെങ്കിൽ പിണറായി പഞ്ചായത്തിന്റെ വ്യവസായചിത്രം ഏറെ വിചിത്രമായേനെ.

ആദ്യമായി സഹകരണമേഖലയിലെ വ്യവസായങ്ങൾ ഒന്നൊന്നായി നമുക്ക് വിശകലനം ചെയ്യാം.

## ബീഡിവ്യവസായം

പഞ്ചായത്തിലെ തൊഴിൽസേനയുടെ ഏറ്റവും വലിയ വിഭാഗത്തെ ഉൾക്കൊള്ളുന്നത് ബീഡിമേഖലയാണ്. (2324 പേർ - പട്ടിക 4) ഇതിൽ കേരളാ ദിനേശ് ബീഡിയിൽ ജോലി ചെയ്യുന്ന 1650 പേരെ മാറ്റിനിർത്തിയാൽ ബാക്കിയുള്ളവർ സാധു, യോഗി, ടെലഫോൺ, ഫയൽവാൻ തുടങ്ങിയ വിവിധ സ്വകാര്യബീഡിമേഖലയിൽ പ്രവർത്തിക്കുന്നവരാണ്.

അസംഘടിത മേഖലയിൽ പ്രവർത്തിക്കുന്നവരിൽ 224 പുരുഷന്മാരും 450 സ്ത്രീകളുമുണ്ട്. ദിനേശിൽ 681 പുരുഷൻമാരും 969 സ്ത്രീകളും ജോലി ചെയ്യുന്നു. പിണറായിപഞ്ചായത്തിന്റെ സാമ്പത്തികനട്ടെല്ല് ദിനേശ്ബീഡി വ്യവസായമാണ്. അതില്ലാതെ ഒരു സാഹചര്യത്തിൽ പഞ്ചായത്തിലെ ജനജീവിതം സങ്കല്പിക്കാൻപോലും പ്രയാസമാണ്.

### പ്രശ്നങ്ങൾ

- ഇല, പുകയില തുടങ്ങിയ അസംസ്കൃത പദാർത്ഥങ്ങളുടെ അടിക്കടിയുണ്ടാകുന്ന വിലവർദ്ധനവും ലഭ്യതക്കുറവും
- ബീഡിയുടെ ഗുണനിലവാരം സ്ഥിരമാക്കി നിലനിർത്താൻ കഴിയാത്ത അവസ്ഥ
- ബീഡിയുടെ മുകളിൽ നികുതി ചുമത്തുന്നതിനാൽ സ്വകാര്യബീഡിക്കമ്പനികളുമായി ഏർപ്പെടേണ്ടിവ

## പട്ടിക 1
## സഹകരണ മേഖലയിലെ വ്യവസായങ്ങൾ

** അവലംബം ദ്വിതീയ വിവര ശേഖരണം*

| നമ്പർ | സ്ഥാപനത്തിന്റെ പേര് | ആരംഭിച്ച വർഷം | ജീവനക്കാർ | തൊഴിലാളികൾ | വാർഷിക ടേൺ ഓവർ | ഇന്നത്തെ അവസ്ഥ |
|---|---|---|---|---|---|---|
| 1 | പിണറായിബാംബൂ വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പ് സൊസൈറ്റി | 1979 | - | 10 | 30000 | തൃപ്തികരമല്ല |
| 2 | പിണറായി വിവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പ് സൊസൈറ്റി (പ്രൊഡക്ഷൻ & സെയിൽ) | 1975 | 1 | 20 | 653420 | ലാഭകരം |
| 3 | പിണറായി വീവേഴ്സ് ഇൻഡസ്ട്രിയൽ വർക് ഷോപ്പ് | 1982 | - | 125 | 5100000 | ലാഭകരം |
| 4 | പിണറായി - പാറപ്രം കയർ വ്യവസായ സഹകണ സംഘം | 1980 | 1 | 5 | 100000 | തൃപ്തികരമല്ല |
| 5 | പിണറായി ടൈൽ & സോമിൽ വർക്കേഴ്സ് ഇൻഡസ്ട്രി കോ സൊസൈറ്റി | 1979 | 15 | 185 | 10960180 | ലാഭകരം |
| 6 | പിണറായി കാർപ്പെന്റി & ബ്ലാക്ക് സ്മിത്ത് വർക്കേഴ്സ് കോ-ഓപ്പ് സൊസൈറ്റി | 1993 | 4 | 15 | | ലാഭകരം |
| 7 | പിണറായി വിമൻസ് മൾട്ടി ഇൻഡസ്ട്രിയൽ കോ-ഓപ്പ് സൊസൈറ്റി | 1980 | 2 | 15 | 282271 | ലാഭകരം |
| 8 | പിണറായി ബീഡി വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ- ഓപ്പ് സൊസൈറ്റി | 1969 | 47 | 2976 | 69730500 | ലാഭകരം |
| 9 | പിണറായി ക്ഷീരോൽപ്പാദക സഹകരണ സംഘം | - | - | 18 | - | ലാഭകരം |
| 10 | കണ്ണൂർ ജില്ലാ എസ്.സി. ബ്ലൂ മേക്കിംഗ്& പ്രിന്റിംഗ് | 1987 | - | 5 | - | തൃപ്തികരമല്ല |
| 11 | പിണറായി പഞ്ചായത്ത് സെറി കൾച്ചറൽ സഹകരണസംഘം | - | - | - | - | പ്രവർത്തനമില്ല |
| 12 | പിണറായി പി.വി.സി റെക്സിൻ വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പ് സൊസൈറ്റി | - | - | - | - | പ്രവർത്തനമില്ല |
| 13 | എരുവട്ടി കുലാല വർക്കേഴ്സ് കോ-ഓപ്പ് സൊസൈററി | - | - | - | - | പ്രവർത്തനമില്ല |

രുന്ന കഴുത്തറുപ്പൻ മത്സരം

- തൊഴിൽമേഖലയിൽ നിന്നും പുരുഷന്മാരുടെ കൊഴിഞ്ഞുപോക്ക്.

## കൈത്തറിവ്യവസായം

കൈത്തറി മേഖലയിൽ ഈ പഞ്ചായത്തിലുള്ള 279 പേർ ജോലി ചെയ്യുന്നുണ്ട്. ഇതിൽ 145 പേർ സഹകരണസ്ഥാപനങ്ങളിലും മറ്റുള്ളവർ സ്വകാര്യസ്ഥാപനങ്ങളിലുമായി പ്രവർത്തിക്കുന്നവരാണ്. (പട്ടിക4) സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന വീവേഴ്സ് ഇൻഡസ്ട്രിയൽ വർക്ക്ഷോപ്പ് ഈ രംഗത്തെ ഒരു മാതൃകാസ്ഥാപനമാണ്. 125 പേർക്ക് ഈ സ്ഥാപനം തൊഴിൽ നൽകുന്നുണ്ട്. 51 ലക്ഷം രൂപ വാർഷിക ടേണോവറുള്ള പ്രസ്തുതസ്ഥാപനം ലാഭത്തിൽ പ്രവർത്തിക്കുന്നു. എന്നാൽ 1975 മുതൽ പ്രവർത്തനമാരംഭിച്ച വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി (പ്രൊഡക്ഷൻ & സെയിൽ) ഇടക്കാലത്ത് ഏറെക്കുറെ നിർജീവമായിരുന്നെങ്കിലും ഈ അടുത്തകാലത്തായി സ്വന്തമായി ഡൈയിംഗ് മുറിയോ വർക്ക്ഷെഡ്ഡോ ഇല്ലാത്തതിന്റെ പരിമിതി മറികടക്കാനുള്ള ശ്രമത്തിലാണ്. അത് ഏറെക്കുറെ വിജയിച്ചു വരുന്നുണ്ട് എന്നത് ശുഭോദർക്കമാണ്. കൈത്തറിമേഖല കേന്ദ്രീകരിച്ചുവികസിച്ചുവന്ന ഒരു പ്രദേശമാണ് 8, 11 വാർഡുകളിലെ തെരുപ്രദേശം. ഓരോവീട്ടിലും തറിസ്ഥാപിച്ചുകൊണ്ട് ഒരു കുടിൽവ്യവസായത്തിന്റെ മാതൃകയിൽ പ്രസ്തുതപ്രദേശത്ത് ഈ വ്യവസായം വേരോട്ടം നടത്തിക്കഴിഞ്ഞിരിക്കുന്നു. തെരു മേഖലയിൽ ഒട്ടനവധി കുടുംബങ്ങൾ ഇന്ന് കൈത്തറിയെ ആശ്രയിച്ചു ജീവിക്കുന്നുണ്ട്.

### പ്രശ്നങ്ങൾ

- നൂലിന്റെയും ചായത്തിന്റെയും അടിക്കടിയുണ്ടാകുന്ന വിലക്കയറ്റം. ചായത്തിന്റെ വില നിശ്ചയിക്കുന്നത് ഉല്പാദകനാണ്.
- സ്വകാര്യകൈത്തറിമേഖലയിൽ തുണിവില നിശ്ചയിക്കുന്നത് തുണി കയറ്റി അയക്കുന്നവരാണ്.
- കേരളത്തിൽ കൈത്തറിയുടെ ഉല്പാദനനിയമങ്ങൾ ഏറെക്കുറെ കർശനമായി പാലിക്കപ്പെടുന്നെങ്കിൽപോലും തമിഴ്നാട് പോലുള്ള സംസ്ഥാനങ്ങളിൽ ഇക്കാര്യത്തിൽ നിഷ്കർഷ ഇല്ലാത്തതിനാൽ വിലപേശൽ ഘട്ടത്തിൽ ഓർഡറുകൾ തമിഴ്നാട്ടിലേക്കും മറ്റും വഴിമാറിപ്പോകുന്നുണ്ട്. ഇത് ഈ മേഖലയിലെ സ്വകാര്യസംരംഭകരുടെ വിലപേശൽ ശേഷികുറക്കുന്നു.

## കളിമൺവ്യവസായം

കളിമൺ വ്യവസായം പഞ്ചായത്തിൽ വളരെ നിർജീവമായ അവസ്ഥയിലാണ് ഇന്നുള്ളത്. 2, 3, 4 വാർഡുകളിലെ ഇരുപത്തഞ്ചോളം കുടുംബങ്ങളിൽ മാത്രമായി മൺപാത്രനിർമാണം ഒതുങ്ങിപ്പോയിരിക്കുന്നു. ഒരു കാലത്ത് ഈ മേഖലയുമായി ബന്ധപ്പെട്ട് നിരവധി ചെറുകിടയൂനിറ്റുകൾ ഉണ്ടായിരുന്നു.

### പ്രശ്നങ്ങൾ

- കളിമണ്ണിനായി വടകര, കുറ്റിക്കോൽ തുടങ്ങിയ സ്ഥലങ്ങളിൽ പോകേണ്ടിവരുന്നു.
- ഈ രംഗത്തേക്ക് ചെറുപ്പക്കാർ കടന്നുവരുന്നില്ല.
- ഈ രംഗം ആധുനികവൽക്കരിക്കപ്പെട്ടിട്ടില്ല.

പ്രശ്നപരിഹാരം മുന്നിൽക്കണ്ടുകൊണ്ട് 1957-ൽ തന്നെ സ്ഥാപിതമായ ഒരു സഹകരണസ്ഥാപനമായിരുന്നു എരുവട്ടി കുലാല വർക്കേഴ്സ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി. മുഖ്യമായും മാനേജ്മെന്റിന്റെ കാര്യക്ഷമതക്കുറവുമൂലം പ്രസ്തുതസ്ഥാപനം ഇന്ന് മിക്കവാറും നിർജീവാവസ്ഥയിലാണ്.

## തേങ്ങ–ചകിരി വ്യവസായം

പഞ്ചായത്തിൽ പ്രതിവർഷം പതിനാററ ലക്ഷത്തോളം തേങ്ങ ഉത്പാദിപ്പിക്കപ്പെടുന്നുണ്ടെന്ന് സാമൂഹ്യ സാമ്പത്തികസർവേ കാണിക്കുന്നു. ഇതിന്റെ വലിയ ഒരു ഭാഗം ഇന്ധനമായി കത്തിക്കുകയാണ് ചെയ്യുന്നത് ആകെയുള്ള ......... വീടുകളിൽ ..........ലും ദക്ഷത കുറഞ്ഞ മൂന്നുകല്ലടുപ്പാണ് ഇന്നും ഉപയോഗിച്ചുവരുന്നത്. ഉല്പാദിപ്പിക്കപ്പെടുന്ന തേങ്ങയുടെ വെറും പത്തുശതമാനം തൊണ്ടുമാത്രം സംസ്കരിച്ചാൽത്തന്നെ കയർ വ്യവസായമേഖലയിൽ ഒരു വൻകുതിച്ചുചാട്ടത്തിന് അത് കളമൊരുക്കും. ഈ ദിശയിൽ കയർവ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ആരംഭിച്ച് പിണറായി-പാറപ്രം കയർ വ്യവസായസഹകരണസംഘം ലക്ഷ്യത്തിന്റെ അടുത്തൊന്നും ഇനിയും എത്തിയിട്ടില്ല. കേവലം 5 തൊഴിലാളികൾ മാത്രം ജോലി ചെയ്യുന്ന പ്രസ്തുത സംഘത്തിന്റെ ലക്ഷ്യവുംനേട്ടവും തമ്മിൽ കടലും കടലാടിയും തമ്മിലുള്ള അന്തരമുണ്ട്.

### പ്രശ്നങ്ങൾ

- പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ ഉല്പാദിപ്പിക്കപ്പെടുന്ന പച്ചത്തൊണ്ട് ശേഖരിക്കാനുള്ള സംവിധാനമില്ല.
- തൊണ്ട് പൂഴ്താനാവശ്യമായ കൈപ്പാട് നിലങ്ങൾ സ്വന്തമായിട്ടില്ല.
- തൊഴിൽ മാന്യതക്കുറവാണെന്ന കാരണത്താൽ ചെറുപ്പക്കാർ ഈ മേഖലയിലേക്ക് കടന്നുവരുന്നില്ല.
- ഉല്പാദിപ്പിക്കപ്പെടുന്ന പരിമിതമായ ചകിരിനാരുപോലും സംസ്കരിക്കാനും കയറുത്പന്നങ്ങളായി മാറ്റാനുമുള്ള സംഘടിതമേഖല വികസിച്ചുവന്നിട്ടില്ല.

## ചെത്തുവ്യവസായം

പരമ്പരാഗതമായി ചെത്ത് ഒരു തൊഴിലാക്കി ജീവി

## വ്യവസായ യൂണിറ്റുകൾ – സ്വകാര്യമേഖല

**പട്ടിക 2**

| നമ്പർ | വ്യവസായത്തിന്റെ പേര് | യൂനിറ്റുകൾ | തൊഴിലാളികൾ |
|---|---|---|---|
| 1 | റൈസ്, ഫ്ളോർ, ഓയിൽ മിൽ | 8 | 18 |
| 2 | പവർലൂം | 4 | 40 |
| 3 | കൈത്തറി | 9 | 171 |
| 4 | ഡൈയിംഗ് | 3 | 18 |
| 5 | റെഡിമെയ്ഡ് | 3 | 18 |
| 6 | ഫർണ്ണീച്ചർ | 7 | 39 |
| 7 | കയർ | 2 | 6 |
| 8 | ഹോസിയറി | 3 | 16 |
| 9 | ബീഡി | 10 | 675 |
| 10 | സോഡ | 2 | 5 |
| 11 | ഗ്രിൽസ് മെറ്റൽ എഞ്ചിനിയറിംഗ് | 4 | 11 |
| 12 | ഓട്ടോമൊബൈൽ വർകേ ഷോപ്പ് | 2 | 8 |
| 13 | ഫൈബർ ഗ്ലാസ് ഫർണ്ണീച്ചർ | 1 | 2 |
| 14 | ജെല്ലി നിർമ്മാണം | 2 | 5 |
| 15 | സിമൻറ് ഉല്പന്നങ്ങൾ | 1 | 10 |
| 16 | മിഠായി ബേക്കറി | 10 | 43 |
| 17 | പപ്പടം ചിപ്സ് | 4 | 14 |
| 18 | തീപ്പെട്ടി( കെയ്സ്) | 1 | 20 |
| 19 | പ്രിന്റിംഗ് പ്രസ്സ് | 1 | 4 |
| 20 | കണ്ണാടി (സിൽവറിംഗ്) | 1 | 4 |
| 21 | മൊസൈക്ക് ചിപ്സ് | 1 | 4 |
| 22 | കുമ്മായച്ചൂള | 1 | 2 |

*അവലംബം: ദ്വിതീയ വിവരശേഖരണം*

ക്കുന്ന ഒട്ടനവധി കുടുംബങ്ങൾ ഈ പഞ്ചായത്തിൽ വളരെ മുമ്പുമുതലേ ഉണ്ടായിരുന്നു. പുഴയോരങ്ങളോട് ചേർന്ന വാർഡുകളിൽ ചെത്തിനുപറ്റിയ ധാരാളം തെങ്ങുകൾ ലഭ്യമാണ്. 411 ചെത്തുതൊഴിലാളികൾ പഞ്ചായത്തിലുണ്ട്. (പട്ടിക 4). പ്രതിമാസം 3000 രൂപ മുതൽ 5000 രൂപവരെ ഇവർക്ക് വരുമാനമുണ്ട്. ഉയർന്ന സ്ഥിരവരുമാനം എന്ന നിലയിൽ ഈ മേഖലയിലേക്ക് ചെറുപ്പക്കാരുടെ ഒരു കുതിച്ചുചാട്ടം അടുത്തകാലത്തായി അനുഭവപ്പെടുന്നുണ്ട്. ഇതരപരമ്പരാഗതമേഖലകളിൽ നിന്നുമുള്ള ഈ വ്യതിയാനം ചെത്തുവ്യവസായത്തെക്കുറിച്ച് ഏറെ പ്രതീക്ഷ നൽകുന്ന ഒന്നാണ്.

പഞ്ചായത്തിലെ തൊഴിൽ രഹിതർ സാമാന്യം വലിയൊരു വിഭാഗം ചെത്ത് വ്യവസായത്തിലേക്ക് ഇറങ്ങിത്തിരിക്കാൻ തയാറായിട്ടുണ്ട്. അവർക്ക് പ്രവർത്തിക്കാനാവശ്യമായത്ര തെങ്ങുകളും പഞ്ചായത്തിൽ ലഭ്യമാണ്. എന്നാൽ അങ്ങനെ ഉണ്ടാക്കുന്ന കള്ള് വിറ്റഴിക്കാനോ സംസ്കരിച്ച് മറ്റ് ഉല്പന്നങ്ങളാക്കി മാറ്റാനോ സാധിക്കാത്തതിനാൽ ഈ മനുഷ്യവിഭവവും കാർഷികവിഭവവും ഇന്ന് വെറുതെ പാഴായിപ്പോവുകയാണ്.

## നിർമാണവ്യവസായം

കൺസ്ട്രക്ഷൻ മേഖലയിൽ ഈ പഞ്ചായത്തിലെ 723 പേർ ജോലി ചെയ്യുന്നുണ്ട്. (പട്ടിക4). 1991-ലെ സെൻസസ് പ്രകാരം നിർമാണത്തൊഴിലാളികളുടെ എണ്ണം 348 ആയിരുന്നു. കഴിഞ്ഞ 5 വർഷംകൊണ്ട് ഈ മേഖലയിലെ തൊഴിലാളികൾ ഇരട്ടിയിലേറെ വർധിച്ചിരിക്കുന്നു. കെട്ടിടനിർമാണരംഗത്ത് വിശേഷിച്ചും വീടുനിർമാണരംഗത്ത് കൂടുതൽ പ്രവർത്തനം നടക്കുന്നതിന്റെ സൂചികയായി ഇതിനെ കണക്കാക്കാവുന്നതാണ്. പുഴയിൽനിന്നുള്ള മണൽവാരൽ പ്രശ്നവും ഇതുമായി ബന്ധപ്പെടുത്തിക്കാണേണ്ടതുണ്ട്. 55 പുരുഷന്മാരും 45 സ്ത്രീകളും ഉൾപ്പെടെ 100 പേർ ഈ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നു.

### പ്രശ്നങ്ങൾ

- നിർമാണത്തൊഴിലാളികൾക്ക് വിദഗ്ധപരിശീലനത്തിന്റെ കുറവ്
- ആധുനികോപകരണങ്ങൾ ഉപയോഗിച്ച് പരിചയമില്ല.
- അനിയന്ത്രിതമായ മണൽവാരൽ കരയിടിച്ചിലിനിരയാക്കുന്നു.

## ക്ഷീരവ്യവസായം

പഞ്ചായത്തിലെ 410 കുടുംബങ്ങൾ ഏതാണ്ട് 612 പശുക്കളെ വളർത്തുന്നുണ്ട്. അവയിൽ ബഹുഭൂരിഭാഗം കുടുംബങ്ങളും ഒരു വരുമാനമാർഗം എന്ന നിലയിൽത്തന്നെയാണ് പശുപരിപാലനം നടത്തുന്നത്.

10 ജീവനക്കാരും 4 കമ്മീഷൻ ഏജന്റുമാരും ഉൾപ്പെടെ ഒരു ക്ഷീരസഹകരണസംഘം പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. 1600 ലി. പാൽ ദിനംപ്രതി അവർ കൃഷിക്കാരിൽനിന്നും ശേഖരിക്കുകയും പഞ്ചായത്തിനകത്തും പുറത്തുമായി വിതരണം നടത്തുകയും ചെയ്യുന്നുണ്ട്. ശേഖരത്തിൽ മിച്ചം വരുന്ന പാൽ മറ്റു പാലുല്പന്നങ്ങളാക്കി മാറ്റാൻ (തൈര്, ഹൽവ, സിപ്-അപ്, കിണ്ണത്തപ്പം മുതലായവ) ശ്രമം നടക്കുന്നുണ്ടെങ്കിലും പ്രസ്തുതപരിപാടികൾ അതിന്റെ ശൈശവാവസ്ഥ ഇനിയും തരണം ചെയ്യേണ്ടതായിരിക്കുന്നതേയുള്ളൂ.

### പ്രശ്നങ്ങൾ

- മേച്ചിൽസ്ഥലങ്ങൾ കുറഞ്ഞുവരുന്നതിനാൽ കർഷകർക്ക് തീറ്റപ്പുല്ല് വിലകൊടുത്തുവാങ്ങേണ്ടിവരുന്നു.
- തീറ്റപ്പുൽകൃഷി ശാസ്ത്രീയമായി നടത്തുന്നതിനെക്കുറിച്ചുള്ള പ്രായോഗികപരിജ്ഞാനം കർഷകരിൽ വലിയൊരു വിഭാഗത്തിനും ഇല്ല.
- കാലിത്തീറ്റ ഏതാണ്ട് മുഴുവനും കാശുകൊടുത്തു വാങ്ങേണ്ടിവരുന്നു. വിലയാണെങ്കിൽ അനുദിനം വർധിക്കുകയും ചെയ്യുന്നു.

## മുളവ്യവസായം

1979-ൽ സഹകരണമേഖലയിൽ ആരംഭിച്ചതായിരുന്നെങ്കിൽപോലും ഒട്ടും വികാസം പ്രാപിക്കാതെപോയ ഒരു വ്യവസായയൂനിറ്റാണ് പിണറായി ബാംബു വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി. സമൂഹത്തിലെ പട്ടികജാതി-പട്ടികവർഗവിഭാഗങ്ങളുടെ ഉന്നമനം ലാക്കാക്കിയായിരുന്നു ഇത് തുടങ്ങിയത്.

### പ്രശ്നങ്ങൾ

- അസംസ്കൃതവസ്തുവായ മുള (ഓട) ലഭിക്കായ്ക
- കുറഞ്ഞ കൂലിനിരക്ക്
- കാര്യക്ഷമമായ മാനേജ്മെന്റിന്റെ അഭാവം

### പിണറായി കാർപ്പന്ററി & ബ്ലാക്ക് സ്മിത്ത് വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി (CABCOS)

ചുരുങ്ങിയകാലംകൊണ്ട് സാമാന്യം നല്ല പ്രവർത്തനം കാഴ്ചവച്ചുകൊണ്ടിരിക്കുന്ന ഒരു സഹകരണസ്ഥാപനമാണ് CABCOS. പ്രത്യേകതൊഴിൽമേഖലകളിൽ വൈദഗ്ധ്യം നേടിയ തൊഴിൽ രഹിതരായ ഏതാനും ചെറുപ്പക്കാർ വെറും മൂന്നുവർഷം മുമ്പ് സ്ഥാപിച്ച ഈ സ്ഥാപനം ഇന്ന് ഇന്റീരിയൽ ഡെക്കറേഷൻ മേഖലയിൽ കേരളത്തിൽത്തന്നെ അറിയപ്പെടുന്ന ഒരു സ്ഥാപനമായി വളർന്നിരിക്കുന്നു. വിവിധതൊഴിൽ തുറകളിൽ പരിശീലനം ലഭിച്ച ഒട്ടനവധി ചെറുപ്പക്കാർ നമ്മുടെ പഞ്ചായത്തിലുണ്ട്. തൊഴിൽരഹിതരായ അത്തരം ആളുകൾക്ക് CABCOS ഒരു മാതൃകയാണ്.

### പിണറായി ടൈൽ & സോമിൽ വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ- ഓപ്പറേറ്റീവ് സൊസൈറ്റി

എടുത്തുപറയത്തക്ക നേട്ടങ്ങൾ കൈവരിച്ചതും

## ബീഡി വ്യവസായം

പട്ടിക 3

| നമ്പർ | ബ്രാൻഡിന്റെ പേര് | ബ്രാഞ്ചുകൾ എണ്ണം | തൊഴിലാളികൾ |
|---|---|---|---|
| 1 | കേരള ദിനേശ് ബീഡി | 27 | 2976* |
| 2 | സാധുബീഡി | 4 | 180 |
| 3 | ടെലഫോൺ | 2 | 100 |
| 4 | യോഗി | 3 | 270 |
| 5 | ഫയൽവാൻ | 1 | 125 |

*അവലംബം: ദ്വിതീയ വിവരശേഖരണം*

* ദിനേശ് ബീഡിക്ക് പിണറായി പഞ്ചായത്തിൽ 16 ബ്രാഞ്ചുകളും 1650 തൊഴിലാളികളും ഉണ്ട്. ബാക്കിയുള്ളവർ പഞ്ചായത്തിന് പുറത്തുള്ള 11 ബ്രാഞ്ചുകളിൽ ജോലി ചെയ്യുന്നവരാണ്.

പട്ടിക 4

## തൊഴിൽ സ്വഭാവം

| നമ്പർ | തൊഴിൽ മേഖലകൾ | ആളുകൾ എണ്ണം |
|---|---|---|
| 1 | കർഷകത്തൊഴിൽ | 1134 |
| 2 | ബീഡി | 2324 |
| 3 | കൺസ്ട്രക്ഷൻ | 723 |
| 4 | കാർപ്പന്ററി | 239 |
| 5 | കൈത്തറി | 279 |
| 6 | ട്രാൻസ്പോർട്ട് | 450 |
| 7 | ചെത്ത് | 411 |
| 8 | സഹകരണമേഖല ജീവനക്കാർ | 108 |
| 9 | എഞ്ചിനീയർമാർ | 28 |
| 10 | കശുവണ്ടി | 43 |
| 11 | ബിസിനസ് | 424 |
| 12 | അദ്ധ്യാപകർ | 336 |
| 13 | എം.ജി.ഒ. മാർ | 176 |
| 14 | ഡോക്ടർമാർ | 29 |
| 15 | നഴ്സുമാർ | 42 |
| 16 | ഗസറ്റഡ് ഉദ്യോഗസ്ഥർ | 60 |
| 17 | മറ്റുള്ളവർ | 2566 |

*അവലംബം: സാമൂഹ്യ സാമ്പത്തിക സർവ്വേ*

പിണറായിയുടെ വ്യവസായമുഖച്ഛായതന്നെ മാറ്റിമറിക്കാൻ കെല്പുള്ളതുമായ പഞ്ചായത്തിലെ ഏകസ്ഥാപനമാണ് പിണറായി ടൈൽ ആന്റ് സോമിൽ വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി. ഇതിന്റെ കീഴിലായി അഞ്ച് വ്യത്യസ്തയൂനിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. (പട്ടിക 1) എല്ലാം ലാഭകരമായി പ്രവർത്തിച്ചുവരുന്നു.

**a. പോൾകാസ്റ്റിംഗ് യൂനിറ്റ് :** 7, 8, 9 മീറ്റർ വീതം നീളമുള്ള റീ- ഇൻഫോഴ്സ്ഡ് കോൺക്രീറ്റ് ഇലക്ട്രിക് പോളുകൾ നിർമിച്ച് KSEBക്ക് സപ്ലൈ ചെയ്യാനുദ്ദേശിച്ചുകൊണ്ടാണ് ഈ യൂനിറ്റ് തുടങ്ങിയത്. നിലവിലുള്ള കരാർ 3 വർഷത്തേക്കുള്ളതാണ്. ജെല്ലി, കമ്പി, സിമന്റ് എന്നിവയുടെ വില അടിക്കടി വർധിക്കുന്നു. എന്നാൽ എഗ്രിമെന്റ് റേറ്റ് ഇടക്കാലത്ത് വർധിപ്പിക്കാൻ കഴിയാത്തത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഇവയെക്കാളൊക്കെ ഗുരുതരമായ പ്രശ്നം KSEB കുടിശ്ശികയിനത്തിൽ തന്നുതീർക്കാനുള്ള 40 ലക്ഷത്തോളം രൂപയാണ്. ഇത് സ്ഥാപനത്തിന്റെ ദൈനംദിനപ്രവർത്തനങ്ങൾ മുന്നോട്ട് നീക്കാൻ പ്രയാസം സൃഷ്ടിക്കുന്നുണ്ട്.

**b. ക്രഷർ:** പോൾ കാസ്റ്റിംഗ് യൂനിറ്റിന്റെ അനുബന്ധസ്ഥാപനമാണ് ഇത്. പോൾ നിർമാണത്തിനാവശ്യമായത് കഴിഞ്ഞ് ബാക്കിവരുന്ന ബേബിജെല്ലിയും മറ്റും ഹോളോ ബ്രിക്സിന്റെ നിർമാണത്തിന് ഉപയോഗപ്പെടുത്തുന്നുണ്ട്. പുതിയ ഒരു ക്രഷർകൂടി ഇതേ യൂനിറ്റിൽത്തന്നെ ആരംഭിക്കാൻ നടപടി എടുത്തുകഴിഞ്ഞു.

**c. ഹോളോ ബ്രിക്സ് :** നല്ലനിലയിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനമാണ് പലപ്പോഴും ആവശ്യത്തിനനുസരിച്ച് സപ്ലൈ നടത്താൻ കഴിയാത്ത അവസ്ഥ ഉണ്ടാകാറുണ്ട്. യൂനിറ്റ് അതിന്റെ സാധ്യത പരമാവധി ഉപയോഗപ്പെടുത്തുന്നുണ്ട്.

**d. സോമിൽ:** പഞ്ചായത്തിലെ ഏക ഈർച്ചമിൽ വ്യവസായയൂനിറ്റാണിത്. നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു. ആവശ്യത്തിന് മരം കിട്ടുന്നില്ല എന്നതാണ് പ്രാധാനപ്രശ്നം.

**e ഫർണിച്ചർ:** ഈ അടുത്തകാലതത് പ്രവർത്തനം തുടങ്ങിയതേയുള്ളൂ. തരക്കേടില്ലാത്ത പ്രവർത്തനം കാഴ്ചവെക്കുന്നുണ്ട്.

### പ്രശ്നങ്ങൾ

- നിലവിലുല്ള നികുതിരീതി സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നു. ഉല്പന്നങ്ങൾക്കാണ് നികുതി ഈടാക്കുന്നത്. സ്വകാര്യസ്ഥാപനങ്ങൾ ഉല്പാദനം കുറച്ചുകാണിച്ചുകൊണ്ട് നികുതിയുടെ രൂക്ഷത കുറക്കുന്നു.

### സ്വകാര്യമേഖല

സ്വകാര്യമേഖലയിൽ ഒറ്റപ്പെട്ട ചെറുകിടവ്യവസായങ്ങൾ മാത്രമേ നിലവിലുള്ളൂ. ഇരുപതോളം വ്യത്യസ്ത വ്യവസായങ്ങളും അവയിലായി എൺപതിലേറെ യൂനിറ്റുകളും ഉണ്ടെങ്കിൽപോലും, നാമമാത്രമായ നിലനിൽപിന്നപ്പുറം വ്യവസായമേഖലയിലെ ഒരു നിർണായകശക്തിയായി മാറാൻ സ്വകാര്യമേഖലയ്ക്ക ഇനിയും ഏറെ ദൂരം താണ്ടാനുണ്ട്. ഈ കൂട്ടത്തിൽ അല്പമെങ്കിലും ശക്തി പ്രാപിച്ചിട്ടുള്ളത് കൈത്തറിമേഖലയാണെന്ന് പറയാം. ഒറ്റപ്പെട്ട ചില ഫർണിച്ചർ യൂനിറ്റികളും ഹോസിയറി യൂനിറ്റുകളും നേർത്ത രജതരേഖകണക്കെ കൂട്ടത്തിൽ കണ്ടെങ്കിലായി എന്നുമാത്രം.

### പ്രശ്നങ്ങൾ

- വ്യവസായസംരംഭകർക്ക് ആവശ്യമായ വിവരങ്ങൾ അപ്പപ്പോൾ കിട്ടുന്നില്ല.
- ലോൺ, ലൈസൻസ്, വൈദ്യുതി തുടങ്ങിയവ അനുവദിച്ചുകിട്ടാൻ ഉണ്ടാകുന്ന കാലതാമസം
- മാർക്കറ്റ് പ്രവണതകളെപ്പറ്റിയും പുത്തൻ ഉല്പാദനമേഖലകളെപ്പറ്റിയും ഉള്ള അറിവില്ലായ്മ.

പട്ടികജാതി പട്ടികവർഗ വിഭാഗത്തിന്റെ നേതൃത്വത്തിലുള്ള രണ്ട് വ്യവസായസഹകരണസംഘങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. കാര്യക്ഷമമായ മാനേജ്മെന്റിന്റെ അഭാവംമൂലം രണ്ടിന്റെയും പ്രവർത്തനം തൃപ്തികരമല്ല.

## നിലവിലുള്ള സ്ഥാപനങ്ങൾസാധ്യതകൾ, നിർദേശങ്ങൾ

**ബീഡിമേഖല**

- ഇല, പുകയില ഇവ രണ്ടും സബ്സിഡി നിരക്കിൽ സർക്കാരിന്റെ ഉത്തരവാദിത്തത്തിൽ സൊസൈറ്റിക്ക് ലഭ്യമാക്കണം.
- നിലവിൽ 30 ലക്ഷത്തിൽതാഴെ ബീഡി ഉല്പാദിപ്പിക്കുന്നവരെ നികുതിയിൽനിന്നും ഒഴിവാക്കിയിരുന്നു. തന്മൂലം കുറഞ്ഞ വിലക്ക് സ്വകാര്യബീഡികൾ മാർക്കറ്റിൽ ലഭ്യമാണ്. ദിനേശ്ബീഡികമ്പനിക്ക് വലിയ തുക നികുതിയിനത്തിൽ കൊടുക്കേണ്ടിവരുന്നതിനാൽമാർക്കറ്റിലെ സ്വകാര്യബീഡിസ്ഥാപനങ്ങളുമായി മത്സരിക്കാൻ വിഷമമുണ്ട്. പുകയിലക്ക് നികുതി ചുമത്തുന്ന സംവിധാനം നിലവിൽ വന്നാൽ ഇത് പരിഹരിക്കപ്പെടും.
- ചെറിയ സിഗരറ്റുകളെ നികുതിയിൽനിന്നും ഒഴിവാക്കിയിരിക്കുന്നു. അതുമായി കമ്പോളത്തിൽ മത്സരിക്കാൻ സംഘടിതബീഡിമേഖലക്ക് പ്രയാസമുണ്ട്. ചെറിയ സിഗരറ്റുകൾക്കും നികുതി ഏർപ്പെടുത്തുകയോ അല്ലെങ്കിൽ മാർക്കറ്റിൽനിന്ന് അവ പിൻവലിക്കുകയോ ചെയ്യണം.

### കൈത്തറിമേഖല

- നില്വിലുള്ള വിദേശമാർക്കറ്റ് മുന്നിൽക്കണ്ടുകൊണ്ട് കൂടുതൽ മെച്ചപ്പെട്ട കൈത്തറിത്തുണികൾ ഉണ്ടാക്കണം.

- ഇതിനായി ഉയർന്ന സാങ്കേതികജ്ഞാനവും പരിചയവും ഉള്ളവരെ ഉപയോഗിക്കണം.
- കേന്ദ്രസർക്കാരിന്റെ വ്യവസായപരിശീലകേന്ദ്രങ്ങളിലെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി നെയ്ത്തുരംഗത്തുള്ള തൊഴിലാളികളുടെ വൈദഗ്ധ്യം മെച്ചപ്പെടുത്തണം.
- ഡൈയിംഗുമായി ബന്ധപ്പെട്ട് നിലവിൽ മലിനീകരണപ്രശ്നങ്ങളൊന്നും കാര്യമായിട്ടില്ല. എങ്കിലും ചായമുറിയിൽനിന്നുള്ള ജലം ശുദ്ധീകരിച്ചുതന്നെ പുറത്തുകളയുമെന്ന് ഉറപ്പാക്കണം.

## കളിമൺവ്യവസായമേഖല

- കളിമൺ വ്യവസായത്തിൽ നിലവിലുള്ള ആധുനികസാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തണം.
- പൂച്ചട്ടികൾ കൂടാതെ ഗ്ലേസ്ഡ് ടൈൽസ് പോലുള്ള അലങ്കാരഉൽപന്നങ്ങളുടെ നിർമാണം ആരംഭിക്കണം.
- ചെറുപ്പക്കാരെ മറ്റ് സംസ്ഥാനങ്ങളിൽ പരിശീലനത്തിന് അയച്ച് ഈ മേഖലയിലെ പുതിയ പ്രവണതകളെ സ്വാംശീകരിക്കാൻ അവസരം കൊടുക്കണം.
- കളിമൺ വ്യവസായങ്ങൾ തുടങ്ങാൻ കൂടുതൽ സാമ്പത്തികസഹായവും ലോണുകളും ഏർപ്പെടുത്താൻ പഞ്ചായത്ത് സർക്കാരിൽ സമ്മർദ്ദം ചെലുത്തണം.
- ഈ മേഖലയിൽ 'Common Facility Service Centre' സ്ഥാപിക്കാവുന്നതാണ്.
- നിലവിലുള്ള ചൂളകൾക്ക് പകരം ദക്ഷതകൂടിയ ചൂളകൾ പ്രോത്സാഹിപ്പിക്കണം.
- കുലാലയുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും അസംസ്കൃതപദാർത്ഥമായ കളിമണ്ണ് ദൂരസ്ഥലങ്ങളിൽനിന്ന് ശേഖരിച്ച് ഉല്പാദകർക്ക് വിതരണം ചെയ്യാൻ സംവിധാനം ഉണ്ടാക്കുകയും വേണം.

## തേങ്ങ–ചകിരി വ്യവസായമേഖല

- സൊസൈറ്റിയുടെ നേതൃത്വത്തിൽ തൊണ്ട് ശേഖരിക്കാനും സംസ്കരിച്ച് ആവശ്യക്കാർക്ക് വിതരണം നടത്താനും സൗകര്യമുണ്ടാക്കണം.
- പച്ചത്തൊണ്ടിന്റെ സംസ്കരണത്തിൽ യന്ത്രവൽക്കരണം ഏർപ്പെടുത്തണം.
- തൊണ്ട് സംസ്കരണത്തിന് പറ്റിയ ചതുപ്പ്സ്ഥലങ്ങൾ പാട്ടത്തിനെടുക്കണം.
- ചകിരിച്ചോറ് സംസ്കരിച്ച് A/C മുറികളുടെ സീലിങ്ങിനും സൗണ്ട് പ്രൂഫ് ഫർണിഷിങ്ങിനും ഉപയോഗിക്കാം.
- 9, 12 വാർഡുകളിൽ നിലവിലുള്ള കയറുല്പാദന യൂനിറ്റുകൾ യന്ത്രവൽക്കരിക്കണം.
- കയറുല്പന്നങ്ങൾക്ക് നിലവിലുള്ള വിദേശമാർക്കറ്റ് പരമാവധി ഉപയോഗപ്പെടുത്താവുന്നതാണ്. മാർക്കറ്റിങ്ങുമായി ബന്ധപ്പെട്ട എല്ലാ ഏർപ്പാടുകളും കയർഫെഡ് ഏറ്റെടുക്കുമെന്നതിനാൽ ഈ മേഖലയിലേക്ക് പുതിയ സംരംഭകരെ കൊണ്ടുവരാൻ സാധിക്കേണ്ടതുണ്ട്.
- സഹകരണമേഖലയിൽ ഒരു ഓയിൽമിൽ സ്ഥാപിക്കാവുന്നതാണ്.
- ശീമക്കൊന്ന ഒന്നാംതരം കാലിത്തീറ്റയാണെന്ന് പഠനങ്ങൾ തെളിയിക്കുന്നു. ഓയിൽമില്ലിൽനിന്ന് ലഭിക്കുന്ന പിണ്ണാക്ക്, ശീമക്കൊന്ന, ചക്കക്കുരു ഇവയുമായി ചേർത്ത് പഞ്ചായത്തടിസ്ഥാനത്തിൽ ഒരു കാലിത്തീറ്റ നിർമാണ ഫാക്ടറി ആലോചിക്കാവുന്നതാണ്.
- ചിരട്ടപ്പൊടി ബേയ്ക്ക്ലൈറ്റ് നിർമാണത്തിനും സൺമൈക്ക നിർമാണത്തിനുമുള്ള അസംസ്കൃതവസ്തുവാണ്. വ്യാവസായികമായി ഏറെ പ്രാധാന്യമുള്ള ഒരു പദാർത്ഥമാണ് ചിരട്ടക്കരി. തേങ്ങ സംസ്കരിച്ചുണ്ടാക്കുന്ന ഡെഡിക്കേറ്റഡ് കോക്കനട്ട് ഉത്തരേന്ത്യൻ മാർക്കറ്റിൽ വമ്പിച്ച ഡിമാൻഡ് ഉള്ള ഉല്പന്നമാണ്.

  ആയതിനാൽ ചിരട്ടപ്പൊടി, ഡെഡിക്കേറ്റഡ് കോക്കനട്ട്, ചിരട്ടക്കരി തുടങ്ങിയവ നിർമിക്കാനുള്ള ഒരു യൂനിറ്റ് സഹകരണാടിസ്ഥാനത്തിലോ വ്യക്തിസംരംഭമായോ പഞ്ചായത്തടിസ്ഥാനത്തിൽ തുടങ്ങുന്നകാര്യം ആലോചിക്കാവുന്നതാണ്. കൂടുതൽ ആവശ്യമായിവരുന്ന തേങ്ങ അയൽപക്ക പഞ്ചായത്തുകളിൽനിന്ന് സംഭരിക്കാവുന്നതേയുള്ളൂ.

## ചെത്തുവ്യവസായമേഖല

- കള്ളിൽനിന്നും ശീതളപാനീയം നിർമിക്കാനുള്ള ഒരു യൂനിറ്റ് പഞ്ചായത്തിൽ ആരംഭിക്കാവുന്നതാണ്.

## നിർമാണവ്യവസായമേഖല

- കേന്ദ്രഗവ: സ്ഥാപനങ്ങളിലെ തൊഴിൽ പരിശീലന സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി തെരഞ്ഞെടുത്ത നിർമാണത്തൊഴിലാളികളെ കെട്ടിടനിർമാണത്തിലെ പുതിയ സങ്കേതങ്ങൾ പരിചയപ്പെടുത്തുകയും പരിശീലിപ്പിക്കുകയും വേണം.
- നിർമാണമേഖലയിൽ ആധുനിക ഉപകരണങ്ങൾ പ്രചാരത്തിൽ വരുത്തണം.
- മണൽവാരലുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ നിലവിലുള്ള ചട്ടങ്ങൾ കർശനമാക്കണം. നിയമലംഘകർക്ക് പരമാവധി ശിക്ഷ ഉറപ്പുവരുത്തണം.
- കെട്ടിടനിർമാണരംഗത്ത് ചോദന കൂടിവരുന്നതോടൊപ്പം മരത്തടിപോലുള്ള അസംസ്കൃതവസ്തുക്കളുടെ ലഭ്യത ഗണ്യമായി കുറഞ്ഞുവരികയും ചെയ്യുന്ന ഒരു വൈരുദ്ധ്യം ഇന്ന് നിലവിലുണ്ട്. ബദൽ സംവിധാനം കണ്ടെത്തിക്കൊണ്ട് മരക്ഷാമം

പരിഹരിക്കുക മാത്രമേ പോംവഴിയുള്ളൂ. കോൺക്രീറ്റ് ഉപയോഗിച്ചുള്ള കട്ടില, ജനൽ തുടങ്ങിയവ ഉല്പാദിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. അത്തരം ഒരു യൂനിറ്റ് പിണറായി ടൈൽ ആന്റ് സോമിൽ വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ആലോചിക്കാവുന്നതാണ്.

- ചെലവുകുറഞ്ഞ വീട് നിർമാണത്തിന്റെ നിലവിലുള്ള സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്താനും പരിപോഷിപ്പിക്കാനും അതിനാവശ്യമുള്ള എല്ലാ സാമഗ്രികളും സ്വന്തമായി ഉല്പാദിപ്പിക്കാനും സൊസൈറ്റിക്ക് കഴിയണം. പാലക്കാട്ടെ IRTC പോലുള്ള സ്ഥാപനങ്ങളുടെ വിദഗ്ധോപദേശം ഈ കാര്യത്തിൽ തേടാവുന്നതാണ്.

## ഭാവിസാധ്യതകൾ, നിർദേശങ്ങൾ

- ചിരട്ടക്കരി, ചിരട്ടപ്പൊടി, ഡെഡിക്കേറ്റഡ് കോക്കനട്ട് ഇവയുടെ നിർമാണം.
- യന്ത്രം ഉപയോഗിച്ചുള്ള പച്ചച്ചകിരിനാരിന്റെ ഉല്പാദനം.
- തേങ്ങാപ്പിണ്ണാക്ക്, ചക്കക്കുരു, ശീമക്കൊന്ന എന്നിവ ഉപയോഗിച്ചുള്ള കാലിത്തീറ്റ നിർമാണം.

- കുരുമുളകിനെ ആധാരമാക്കി താഴെപ്പറയുന്ന ചെറുകിടയൂനിറ്റ് ആലോചിക്കാം.
- പെപ്പർ ഓയിൽ (ചുമസംഹാരികളിലെ പ്രധാനഘടകം)
- വൈറ്റ് പെപ്പർ (യൂറോപ്പിൽ മാർക്കറ്റിൽ ഏറെ ഡിമാന്റുള്ളത്)
- ഗ്രീൻ പെപ്പർ (ഉത്തരേന്ത്യയിലും ഗൾഫ് രാജ്യങ്ങളിലും ഏറെ ഡിമാന്റുള്ള ഉല്പന്നം.)

- കള്ളിനെ ആധാരമാക്കി സോഫ്റ്റ് ഡ്രിങ്ക് വ്യവസായം തുടങ്ങാം.
- ചക്ക, മാങ്ങ, വാഴപ്പഴങ്ങൾ ഉപയോഗിച്ച് ജാം, അച്ചാർ തുടങ്ങിയവ നിർമിക്കാം. CFTRI, മൈസൂർ പോലുള്ള സ്ഥാപനങ്ങളുടെ സാങ്കേതികസഹായം തേടാവുന്നതാണ്.
- ന്യൂസ്പേപ്പർ, ചകിരിനാര് ഇവ ചേർത്തുകൊണ്ട് 'reinforced pulp industry' ആരംഭിക്കാവുന്നതാണ്. അസംസ്കൃതപദാർത്ഥങ്ങൾ മറ്റു സ്ഥലങ്ങളിൽനിന്ന് യഥേഷ്ടം കൊണ്ടുവരാവുന്നതാണ്.
- പാവാടകളിലും നൈറ്റികളിലും ഒതുങ്ങിപ്പോയിരിക്കുന്ന ഗാർമെന്റ് നിർമാണവ്യവസായത്തിൽ സാങ്കേതികവിദ്യകളുടെ പുത്തൻ സാധ്യതകളേയും ഫാഷൻ രംഗത്തുള്ള പുതിയ പ്രവണതകളേയും സമന്വയിപ്പിക്കാനാവശ്യമായ യന്ത്രവൽക്കരണവും വിദഗ്ധപരിശീലനവും ലഭ്യമാക്കേണ്ടതുണ്ട്.
- ഇലക്ട്രോണിക്സ് രംഗത്ത് സഹകരണസ്ഥാപനങ്ങൾ കടന്നുവരേണ്ടതുണ്ട്. കോപാക്ട് ഫ്ളൂറസെന്റ് ലാമ്പിന്റെ CFL നിർമാണത്തിനാവശ്യമായ ഇലക്ട്രോണിക് ബല്ലാസ്റ്റ് (Ballast)ന്റെ ഒരു യൂനിറ്റ് ടൈൽസ് & സോമില്ലിന്റെ ഉപവിഭാഗമായി ആരംഭിക്കാവുന്നതാണ്.
- കെട്ടിടനിർമാണരംഗത്ത് വൈദഗ്ധ്യമുള്ളവരെ ഉപയോഗിച്ച് ഒരു 'Labour contractship society' ആരംഭിക്കണം. താഴ്ന്ന ഇടത്തരം വരുമാനക്കാർ ഏറെയുള്ള ഒരു പഞ്ചായത്ത് എന്ന നിലയിൽ അവരുടെ പാർപ്പിടപ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ചെലവുകുറഞ്ഞ വീടുനിർമാണം ഈ സൊസൈറ്റിവഴി പ്രാവർത്തികമാക്കണം.
- പാൽ ഉല്പന്നങ്ങളായ ചോക്ലേറ്റ്, ഐസ്ക്രീം എന്നിവ പ്രചരിപ്പിക്കണം. ക്ഷീരസഹകരണസംഘത്തിന്റെ നേതൃത്വത്തിൽ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ പാൽബൂത്തുകൾ ആലോചിക്കാവുന്നതാണ്.

- *ഏതൊരു വ്യവസായസംരംഭത്തിന്റെയും അന്തർഘടനാസംവിധാനത്തിൽ സ്ഥലത്തിനുള്ള പ്രാധാന്യം അദ്വിതീയമാണ്. നാട്ടിൻപുറങ്ങൾപോലും ജനനിബിഡമായിക്കൊണ്ടിരിക്കുന്ന ഇന്നത്തെക്കാലത്ത് വ്യാവസായികാവശ്യങ്ങൾക്ക് ലഭ്യമായ ഭൂമി കുറഞ്ഞുവരികയാണ്. പഞ്ചായത്തിലെ വരുംകാല വികസനസാധ്യത കണക്കിലെടുത്തുകൊണ്ട് പരമാവധി ഭൂമി ഈയാവശ്യത്തിലേക്ക് അക്വയർ ചെയ്യാൻ പഞ്ചായത്ത് നടപടി സ്വീകരിക്കണം. 1, 4, 5, 8, 9 വാർഡുകളിൽ 10 ഏക്കർ വരുന്ന പ്ലോട്ടുകൾ ഇപ്പോൾ ലഭ്യമാണ്. പഞ്ചായത്ത് വളരെ ഗൗരവപൂർവം കണക്കിലെടുക്കേണ്ട പ്രശ്നമാണിത്. അല്ലാത്തപക്ഷം റൂറൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുപോലുള്ള വ്യവസായ കോംപ്ലക്സുകൾ നമ്മുടെ പഞ്ചായത്തിനകത്ത് ഭാവിയിൽ സങ്കല്പിക്കാൻപോലും കഴിയാതെ വന്നേക്കാം.*

## പിണറായി ഗ്രാമപഞ്ചായത്ത്
## (പൊതുവിദ്യാലയങ്ങൾ)




01 പാനുണ്ട യു.പി. സ്കൂൾ
02 പാനുണ്ട എൽ.പി. സ്കൂൾ
03 കോഴൂർ യു.പി. സ്കൂൾ
04 വെണ്ടുട്ടായി എൽ.പി. സ്കൂൾ
05 ഉമ്മഞ്ചിറ മാപ്പിള എൽ.പി. സ്കൂൾ
06 എ.കെ. ജി. മെമ്മോറിയൽ ഗവ: എച്ച്. എസ്.
07 കിഴക്കുംഭാഗം ജൂനിയർ ബേസിക് സ്കൂൾ
08 ഗണപതി വിലാസം യു.പി.എസ്.
09 പടന്നക്കര യു.പി.എസ്.
10 കോളാട് ജൂനിയർ ബേസിക് സ്കൂൾ
11 ശാരദവിലാസം ജൂനിയർ ബേസിക് സ്കൂൾ
12 ആർ. സി. അമല ബേസിക് യു.പി.എസ്.
13 ചേരിക്കൽ ജൂനിയർ ബേസിക് സ്കൂൾ
14 പിണറായി വെസ്റ്റ് ബേസിക് യു.പി.സ്കൂൾ
15 പിണറായി മാപ്പിള ജൂനിയർ ബേസിക് സ്കൂൾ
16 പാറപ്രം ജൂനിയർ ബേസിക് സ്കൂൾ



# വിദ്യാഭ്യാസം

വിദ്യാഭ്യാസരംഗത്ത് കഴിഞ്ഞ അരനൂറ്റാണ്ട് കാലത്തിനിടയിൽ ഈ ഗ്രാമത്തിലുണ്ടായിട്ടുള്ള പുരോഗതി അന്യാദൃശമാണ്. പ്രാഥമികവിദ്യാഭ്യാസത്തിനുള്ള സൗകര്യം 150 വർഷം മുമ്പുതന്നെ ഗ്രാമത്തിൽ ലഭ്യമായിരുന്നു. തേരളയിൽ കണ്ണൻ ഗുരുക്കൾ സ്ഥാപിച്ച കുളത്തുങ്കര ഗ്രാമസ്കൂളാണ് ഏറ്റവും പഴക്കമുള്ള വിദ്യാലയം. പിൽക്കാലത്ത് പിണറായി ജെ.ബി.എസ് എന്നറിയപ്പട്ട ഈ വിദ്യാലയം അടുത്തകാലത്ത് സർക്കാർ അൺ ഇക്കണോമിക് പട്ടികയിൽ പെടുത്തി അടച്ചുപൂട്ടുകയുണ്ടായി. കുളത്തുങ്കര സ്കൂളിനെത്തുടർന്ന് പിന്നീട് ഗ്രാമത്തിന്റെ പല ഭാഗങ്ങളിലും പ്രാഥമിക വിദ്യാലയങ്ങൾ ഉയർന്നുവന്നു.

ക്രിസ്ത്യൻ മിഷനറി പ്രവർത്തനങ്ങൾക്കായി റോമൻ കാത്തോലിക്കൻ പാതിരി ഫർണാണ്ടസ് ആണ് 1919-ൽ ആർ.സി. അമല ഹയർ എലിമെന്ററി സ്കൂൾ സ്ഥാപിച്ചത്. ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭിച്ചിരുന്ന ആദ്യത്തെ മിഡിൽ സ്കൂളായിരുന്നിത്. ഈ സ്കൂൾ സ്ഥാപിതമായതോടുകൂടി ഉന്നതവിദ്യാഭ്യാസത്തിനുള്ള ഇവിടുത്തെ ഗ്രാമീണരുടേയും തൊട്ടടുത്ത ഗ്രാമവാസികളുടേയും ആഗ്രഹം സഫലമായിത്തുടങ്ങി.

1957-ലെ EMS മന്ത്രിസഭാകാലത്ത് പല ലോവർ പ്രൈമറി സ്കൂളുകളും യു.പി. സ്കൂളുകളായി ഉയർത്തിയിട്ടുണ്ട്. ഗാന്ധിജിയുടെ അടിസ്ഥാനവിദ്യാഭ്യാസപദ്ധതി നടപ്പിലാക്കി തുടങ്ങിയപ്പോൾ ഈ വിദ്യാലയങ്ങളെല്ലാം ബേസിക് സ്കൂളുകൾ എന്നറിയപ്പെടാനിടയായി. ഹയർ എലിമെന്ററി സ്കൂളുകൾ പ്രവർത്തിച്ചു തുടങ്ങിയതോടുകൂടി ഇവിടുത്തെ ധാരാളം അഭ്യസ്തവിദ്യർക്ക് അധ്യാപകപരിശീലനം നേടാൻ കഴിഞ്ഞു. ആദ്യകാലത്ത് അഞ്ചാംതരം പാസ്സായിട്ടുള്ള ആളുകൾക്ക് ലോവർ പ്രൈമറി അധ്യാപകരാകാനും എട്ടാംതരം പാസ്സായവർ ്ക് ഹയർ എലിമെന്ററി അധ്യാപകരാകാനും കഴിഞ്ഞിരുന്നു. പത്താംതരം പാസ്സായവർക്ക് നൽകിയിരുന്ന സെക്കന്ററി അധ്യാപകപരിശീലനത്തിന് പത്താംതരം തോറ്റവരേയും പരിഗണിച്ചിരുന്നു എന്നത് എടുത്തുപറയേണ്ടതാണ്.

ഗ്രാമത്തിൽ ധാരാളം അധ്യാപകർ പ്രവർത്തിച്ചുതുടങ്ങിയപ്പോൾ ദേശീയപ്രസ്ഥാനത്തിന്റെ നേതൃസ്ഥാനത്തേക്കും അവർ അവരോധിക്കപ്പെട്ടു. പ്രൈവറ്റ് മാനേജ്മെന്റിന് എതിരായ അവകാശസമരങ്ങളിലും പണിമുടക്കുകൾ തുടങ്ങിയ ദേശീയ പ്രക്ഷോഭ പരിപാടികളിലും അധ്യാപകരുടെ നേതൃത്വം പ്രശംസാർഹമായിരുന്നു. കോട്ടയം താലൂക്ക് അധ്യാപകയൂനിയനുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച് പിണറായിയിലെ അധ്യാപകപ്രസ്ഥാനത്തിന് അക്കാലത്ത് പാണ്ട്യാല ഗോപാലൻമാസ്റ്റർ, ടി.വി. ഗോവിന്ദൻനായർ, ടി.വി. അച്യുതൻ നായർ എന്നിവരാണ് നേതൃത്വം വഹിച്ചത്.

1970-കളുടെ അവസാനത്തിൽ മാത്രമാണ് ഗ്രാമത്തിലൊരു ഹൈസ്കൂൾ സ്ഥാപിതമായത്. മഹാനായ ദേശീയനേതാവ് എ.കെ.ജി.യുടെ സ്മാരകമായി 1977-ൽ സ്ഥാപിക്കപ്പെട്ട ഈ ഹൈസ്കൂൾ ഒരു മാതൃകാവിദ്യാലയമായി വളർന്നുവരുന്നുണ്ട്.

ക്രമാനുഗതമായ ഈ വിദ്യാഭ്യാസപുരോഗതിയുടെ ഫലമായി ഇവിടെയിന്ന് 278 പോസ്റ്റ് ഗ്രാജ്വേറ്റുകളും 1145 ഡിഗ്രിഹോൾഡേഴ്സും 2212 പ്രീഡിഗ്രിക്കാരും 5445 SSLC പാസ്സായവരുമുണ്ട്. സാക്ഷരതായജ്ഞത്തിന്റെ ഫലമായി ഗ്രാമത്തിന്റെ സാക്ഷരതാനിരക്ക് വർദ്ധിച്ച് 84% ആയി ത്തീർന്നിട്ടുണ്ട്.

വിദ്യാഭ്യാസരംഗത്തെ സ്ഥിതിഗതികൾ അവലോകനം ചെയ്യുമ്പോൾ പ്രീപ്രൈമറി, പൊതുവിദ്യാഭ്യാസം,

## പ്രീ -പ്രൈമറി വിദ്യാലയങ്ങൾ
## പട്ടി 1

| വാർഡ് | അംഗൻവാടി | നഴ്സറി |
|---|---|---|
| 1 | - | - |
| 2 | 2 | 1 |
| 3 | - | 1 |
| 4 | - | - |
| 5 | 1 | - |
| 6 | - | 2 |
| 7 | - | 2 |
| 8 | - | 1 |
| 9 | 1 | 2 |
| 10 | - | - |
| 11 | 1 | - |
| 12 | 1 | - |
| ആകെ | 6 | 9 |

ഉന്നതവിദ്യാഭ്യാസം, അനൗപചാരികവിദ്യാഭ്യാസം എന്നീ മേഖലകൾ വിശകലനം ചെയ്യേണ്ടതുണ്ട്.

## പ്രീപ്രൈമറി വിദ്യാഭ്യാസം

പഞ്ചായത്തിലിന്ന് ശിശുവിദ്യാഭ്യാസത്തിനു വേണ്ടത്ര സൗകര്യങ്ങളില്ല. ഒന്നാംവാർഡിൽ ഒരു ക്രഷേ പ്രവർത്തിക്കുന്നുണ്ട്. പാനുണ്ട യു.പി. സ്കൂളിൽ ആരംഭകാലംമുതൽ അനുവദിക്കപ്പെട്ട പ്രീ ബേസിക് ക്ലാസ്സിൽ ഈ വർഷം 23 കുട്ടികൾ ചേർന്നിട്ടുണ്ട്. അംഗനവാടികൾ ആകെ 6 എണ്ണമാണുള്ളത്. അഞ്ചെണ്ണത്തിന് സ്വന്തം കെട്ടിടങ്ങളുണ്ട്. എല്ലാ അംഗനവാടികളിലുംകൂടി 256 കുട്ടികളാണുള്ളത്. 9 സ്വകാര്യനേഴ്സറികളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഇവയിലൊന്നും തന്നെ ഇംഗ്ലീഷ്മീഡിയമല്ല. പഞ്ചായത്തിൽനിന്നും വർഷംതോറും കുറേ കുട്ടികൾ പട്ടണത്തിലും മറ്റുമുള്ള ഇംഗ്ലീഷ്മീഡിയം വിദ്യാലയങ്ങളിലേക്ക് പോകുന്നുണ്ട്.

### പ്രശ്നങ്ങൾ

- ആയിരത്തിന് ഒന്നെന്ന തോതനുസരിച്ച് 29 അംഗനവാടികളെങ്കിലും വേണം.
- ഗവ: പരിശീലിത അധ്യാപികമാർ മിക്കസ്ഥാപനത്തിലും ഇല്ല.
- ബോധനരീതികൾ തികച്ചും അശാസ്ത്രീയമാണ്.
- കളിസ്ഥലം, കളിക്കോപ്പുകൾ തുടങ്ങിയ ഭൗതികസാഹചര്യങ്ങൾ വളരെ പരിമിതമാണ്.

### നിർദേശങ്ങൾ

- സമഗ്രമായ സർവേ അടിസ്ഥാനമാക്കി ആവശ്യമായത്ര അംഗനവാടികൾ സ്ഥാപിക്കണം
- അംഗനവാടികൾക്ക് സ്വന്തം കെട്ടിടമുണ്ടായിരിക്കണം
- ഗവ: പരിശീലിത അധ്യാപികമാരെ മാത്രം നിയമിക്കുക. ആവശ്യമായ ഘട്ടങ്ങളിൽ പുനഃപരിശീലനവും നൽകണം.
- പ്രീപ്രൈമറി തലത്തിലും പി.ടി.എ മാതൃസംഘം തുടങ്ങിയ സമിതികൾക്ക് രൂപം നൽകണം
- എല്ലാ പ്രൈമറി സ്കൂളുകളോടനുബന്ധിച്ചും പ്രീപ്രൈമറി ക്ലാസ്സുകൾ ആരംഭിക്കണം.
- പ്രവർത്തനരഹിതമായ പഞ്ചായത്ത് ശിശുമന്ദിരം തുറന്ന് പ്രവർത്തിപ്പിക്കണം.

## പൊതുവിദ്യാഭ്യാസം

പഞ്ചായത്തിലിപ്പോൾ ആകെ 16 വിദ്യാലയങ്ങളുണ്ട്. 9 LPSഉം 6 UPSഉം 1 HSഉം. കുട്ടികൾ കുറവായതിനാൽ അനാദായകരം എന്ന പേരിൽ പിണറായി ജൂനിയർ BUP സ്കൂൾ 1992-ൽ സർക്കാർ അടച്ചുപൂട്ടുകയുണ്ടായി. ഹൈസ്കൂൾ ഒഴിച്ച് ബാക്കി മിക്ക വിദ്യാലയങ്ങളും ഈ നൂറ്റാണ്ടിന്റെ ആദ്യകാലത്ത് സ്ഥാപിക്കപ്പെട്ടവയാണ്. അവയെല്ലാം വ്യക്തിഗത മാനേജ്മെന്റ് വകയുള്ളതാണ്. പഞ്ചായത്തിലെ ഏക ഹൈസ്കൂൾ സർക്കാർ ഉടമസ്ഥതയിലാണ്. 1, 3, 10 വാർഡുകളിൽ ഒരൊറ്റ അംഗനവാടിയോ മറ്റ് വിദ്യാലയമോ ഇല്ല. എന്നാൽ മുഴുവൻ വിദ്യാർത്ഥികൾക്കും നിശ്ചിത ദൂരപരിധിയിൽത്തന്നെ പ്രാഥമികവിദ്യാലയസൗകര്യമുണ്ട്. പക്ഷേ, 1, 2, 3, 4 വാർഡുകളിലെ വിദ്യാർത്ഥികൾക്ക് ദൂരക്കൂടുതൽ കാരണം പഞ്ചായത്തിന് വെളിയിലുള്ള ഹൈസ്കൂളുകളെ ആശ്രയിക്കേണ്ടിവരുന്നു.

### നിർദേശങ്ങൾ

- 1, 2, 3, 4 വാർഡുകൾ കേന്ദ്രീകരിച്ച് ഒരു ഹൈസ്കൂൾസ്ഥാപിക്കണം.
- വിദ്യാഭ്യാസസർവേയുടെ അടിസ്ഥാനത്തിൽ എൽ.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യണം. വെണ്ടുട്ടായി, ചേരിക്കൽ വാർഡുകളിൽനിന്ന് ഈ ആവശ്യം ഉന്നയിക്കപ്പെട്ടിട്ടുണ്ട്.

## അധ്യാപകർ

ആകെയുള്ള പതിനാറ് സ്കൂളുകളിലായി 167 അധ്യാപകരാണ് ജോലി ചെയ്യുന്നത്. ഭൂരിഭാഗവും സ്ത്രീകളാണ്, 115 പേർ. യോഗ്യത സംബന്ധിച്ച വിശദ വിവരം

TTC/TCH 78 പേർ, BA/BSc/BEd. 46 പേർ, MA/MSc/BEd 11 പേർ, സ്പെഷ്യലിസ്റ്റുകളും മറ്റും 32 പേർ. സംഗീതാധ്യാപനത്തിന് ഹൈസ്കൂളിൽ ഒരധ്യാപികയുണ്ട്. പ്രൈമറി വിഭാഗം തികച്ചും സ്വകാര്യമേഖലയിലായതിനാൽ അധ്യാപകലഭ്യത പൂർണമാണ്. എന്നാൽ 1991-നു ശേഷം പുനഃപരിശീലനം ലഭിച്ചവർ വെറും 46 പേർ മാത്രമാണ്.

### നിർദേശങ്ങൾ

പ്രൈമറി വിദ്യാലയങ്ങളിൽ ക്ലാർക്ക്, പ്യൂൺ തസ്തികകൾ ഉണ്ടാക്കുന്നത് പ്രധാനാധ്യാപകർക്ക് അധ്യാപനത്തിലും മേൽനോട്ടത്തിലും കാര്യക്ഷമതയുണ്ടാക്കുന്നതിന് സഹായിക്കും.

## ഭൗതികസാഹചര്യങ്ങൾ

മിക്കവാറും എല്ലാ വിദ്യാലയങ്ങളും മിനിമം ഭൗതികസാഹചര്യങ്ങൾ പോലും ഇല്ലാത്തവയാണ്. അധികയെണ്ണത്തിനും കെട്ടിടം സ്ഥിതിചെയ്യാനുള്ള സ്ഥലസൗകര്യം മാത്രമേയുള്ളൂ. ഏറ്റവും ചെറിയ സ്ഥലസൗകര്യമുള്ള വിദ്യാലയത്തിന് 16 സെന്റാണ് വിസ്തൃതി. 27 കെട്ടിടങ്ങൾ സ്ഥിരവും 8 എണ്ണം അർധസ്ഥിരവുമാണ്. താൽക്കാലിക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന പ്രൈമറി വിദ്യാലയങ്ങൾ ഇല്ലെങ്കിലും ഹൈസ്കൂളിന്റെ രണ്ടുകെട്ടിടം താൽകാലിക ഷെഡ്ഡുകളാണ്. കളിസ്ഥലത്തിന്റെ

## പട്ടിക 2
# വിദ്യാലയങ്ങളും അധ്യാപകരും

| നമ്പർ | സ്കൂൾ കോഡ് | വിദ്യാലയത്തിന്റെ പേര് | വാർഡ് നമ്പർ | സ്ഥാപിതം | ഉടമസ്ഥത | | വിഭാഗം | | | അധ്യാപകർ - എണ്ണം/യോഗ്യത | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | സർക്കാർ | സ്വകാര്യം | എൽ.പി. | യു.പി | ഹൈസ്കൂൾ | പു | സ്ത്രീ | ആകെ | ടി.ടി.സി/ ടി.സി.എച്ച് | BA/BSc, BEd. | MA/MSc, BEd. | മറ്റുള്ളവർ | 1991 ന് ശേഷം ഇൻസർവീസ് ലഭിച്ചവർ |
| 1 | 01 | പാനുണ്ട ബി.യു.പി. സ്കൂൾ | 2 | 1918 | | X | | X | | 6 | 9 | 15 | 11 | 4 | – | – | 2 |
| 2 | 02 | പാനുണ്ട എൽ.പി. സ്കൂൾ | 2 | 1929 | | X | X | | | – | 4 | 4 | 4 | – | – | – | 1 |
| 3 | 03 | കോഴൂർ യു.പി. സ്കൂൾ | 4 | 1892 | | X | | X | | 7 | 14 | 21 | 11 | 4 | 1 | 5 | – |
| 4 | 04 | വെണ്ടുട്ടായി എൽ.പി. സ്കൂൾ | 5 | 1915 | | X | X | | | 3 | 3 | 6 | 5 | – | – | 1 | – |
| 5 | 05 | ഉമ്മൻചിറ മാപ്പിള എൽ.പി.എസ് | 5 | 1933 | | X | X | | | 2 | 5 | 7 | 6 | – | – | 1 | – |
| 6 | 06 | എ.കെ.ജി. സ്മാരക ഗവ: എച്ച്.എസ്. | 6 | 1977 | X | | | | X | 11 | 15 | 26 | – | 13 | 8 | 5 | 16 |
| 7 | 07 | കിഴക്കുംഭാഗം ജൂനിയർ ബി.എസ്. | 6 | 1911 | | X | X | | | 1 | 5 | 6 | 4 | 2 | – | – | – |
| 8 | 08 | ഗണപതിവിലാസം ബി.യു.പി.എസ് | 7 | 1930 | | X | | X | | 2 | 8 | 10 | 4 | 3 | – | 3 | 6 |
| 9 | 09 | പടന്നക്കര ബി.യു.പി.എസ് | 7 | 1910 | | X | | X | | 2 | 8 | 10 | 2 | 4 | 1 | 3 | 6 |
| 10 | 10 | കോളാട് ജൂനിയർ ബി.എസ് | 8 | 1956 | | X | X | | | 1 | 4 | 5 | 3 | 1 | – | 1 | – |
| 11 | 11 | ശാരദാവിലാസം ജൂനിയർ ബി.എസ് | 9 | | | X | X | | | 2 | 2 | 4 | 2 | 2 | – | – | – |
| 12 | 12 | ആർ.സി. അമല ബി.യു.പി.എസ് | 9 | 1919 | | X | | X | | 3 | 16 | 19 | 5 | 8 | – | 6 | 15 |
| 13 | 13 | ചേരിക്കൽ ജൂനിയർ ബി.എസ്. | 9 | 1890 | | X | X | | | – | 4 | 4 | 2 | 1 | 1 | – | – |
| 14 | 14 | പിണറായി വെസ്റ്റ് ബി.യു.പി.എസ് | 11 | 1926 | | X | | X | | 10 | 11 | 21 | 13 | 2 | – | 6 | – |
| 15 | 15 | പിണറായി മാപ്പിള ജൂനിയർ ബി.എസ് | 11 | | | X | X | | | 1 | 4 | 5 | 4 | – | – | 1 | – |
| 16 | 16 | പാറപ്രം ജൂനിയർ ബി.എസ്. | 12 | | | X | X | | | 1 | 3 | 4 | 2 | 2 | – | – | – |
| | | | | | | | | | | 52 | 115 | 167 | 78 | 46 | 11 | 32 | 46 |

പോരായ്മ എല്ലാ പ്രൈമറി വിദ്യാലയത്തിന്റെയും പ്രശ്ന മാണ്. 3 സ്കൂളുകൾക്ക് കളിസ്ഥലമേയില്ല.

പ്രൈമറി വിദ്യാലയത്തിൽ 10 എണ്ണത്തിന് ലാബോറട്ടറിയും 5 എണ്ണത്തിന് മൂത്രപ്പുരയും 11 എണ്ണത്തിന് കക്കൂസുമില്ല. കുടിവെള്ള സൗകര്യമില്ലാത്ത സ്കൂളുകളും പഞ്ചായത്തിലുണ്ട്. ഒരൊറ്റ പ്രൈമറി വിദ്യാലയവും വൈദ്യുതീകരിച്ചിട്ടില്ല എന്നത് മറ്റൊരു പ്രശ്നമാണ്. കെട്ടിടങ്ങളുണ്ടെങ്കിലും ഓഫീസ്റൂം സ്റ്റാഫ്റൂം എന്നീ ആവശ്യങ്ങൾക്കുള്ള പ്രത്യേകമുറികൾ മിക്കയിടത്തുമില്ല. ക്ലാസ്സുകൾക്ക് താല്കാലിക പാർട്ടീഷനുകളുടെ അഭാവംപോലും പലയിടത്തും കാണാം. സ്വകാര്യവിദ്യാലയങ്ങളിൽ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്ന പ്രവർത്തനങ്ങളിൽ നാട്ടുകാർ വേണ്ടത്ര താല്പര്യം ചെലുത്താറില്ല.

## നിർദേശങ്ങൾ

- ❒ സ്വകാര്യ/സർക്കാർ വ്യത്യാസമില്ലാതെ എല്ലാ സ്കൂളുകളിലേയും ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ട ആവശ്യകത ബോധ്യപ്പെടുത്താൻ ശക്തമായ ജനകീയബോധവൽക്കരണം സംഘടിപ്പിക്കണം.
- ❒ മൂന്നോ നാലോ വിദ്യാലയങ്ങൾക്ക് പ്രാപ്യമായിടത്ത് പഞ്ചായത്ത് ചെറുതരം കളിസ്ഥലം സ്ഥാപിക്കണം.
- ❒ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിൽ പി.ടി.എകൾ മുൻഗണനാക്രമം സ്വീകരിക്കണം.
- ❒ സ്കൂൾ വൈദ്യുതീകരണം സൗജന്യമാക്കണം.
- ❒ മെയിന്റനൻസ് ഗ്രാന്റ് വർദ്ധിപ്പിക്കുക. കുട്ടികളുടെ എണ്ണം നോക്കാതെ മിനിമം ഗ്രാന്റ് നിശ്ചയിക്കണം.

## സ്കൂൾ കുട്ടികളുടെ എണ്ണം

1992ൽ മൊത്തം 3812 വിദ്യാർത്ഥികളാണ് പഞ്ചായത്തിലുണ്ടായിരുന്നതെങ്കിൽ, 1887 ആൺകുട്ടികളും 1807 പെൺകുട്ടികൾ ഉൾപ്പെടെ 3694 ആയി കുറഞ്ഞിരിക്കുകയാണ്. ഇതിൽ 18% കുട്ടികൾ ഹൈസ്കൂൾ വിദ്യാർത്ഥികളാണ്.

കഴിഞ്ഞ അഞ്ചുവർഷക്കാലം ഒന്നാംതരത്തിലെ കുട്ടികളുടെ എണ്ണത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടെങ്കിലും പ്രകടമായ വ്യത്യാസം കാണാനില്ല. എന്നാൽ കഴിഞ്ഞ വർഷത്തേക്കാൾ 18% കുട്ടികൾ ഈ വർഷം ഒന്നാംക്ലാസ്സിൽ കൂടുതലാണെന്ന് കാണുന്നു. അതേപോലെ മറ്റെല്ലാ ക്ലാസ്സുകളിലും വർഷംതോറും എണ്ണം കുറഞ്ഞുവരുന്ന പ്രവണതതന്നെയാണ് സൂചിപ്പിക്കുന്നത്. എങ്കിലും കഴിഞ്ഞ വർഷത്തേക്കാൾ ഇത്തവണ നേരിയ വർദ്ധനവ് കാണാനുണ്ട്. മെച്ചപ്പെട്ട ഭൗതികസാഹചര്യങ്ങൾ ഉള്ളതും പട്ടണത്തിൽ സ്ഥിതിചെയ്യുന്നതുമായ വിദ്യാലയങ്ങളിലേക്ക് ഏകദേശം 160 കുട്ടികൾ പോകുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. ഈ പ്രശ്നം പൊതുവിദ്യാലയങ്ങളുടെ എല്ലാം മൊത്തം പ്രശ്നമായി മാറുകയാണ്. എസ്.സി.എസ്.ടി. വിഭാഗത്തിലെ 103 കുട്ടികൾ വിവിധസ്ഥലങ്ങളിലായി പഠിക്കുന്നുണ്ട്.

## നിർദേശങ്ങൾ

- ❒ സ്കൂൾ പ്രായത്തിലുള്ള മുഴുവൻ കുട്ടികളേയും അയൽപക്ക വിദ്യാലയങ്ങളിൽത്തന്നെ ചേർക്കുന്നതിനുള്ള ബോധവൽക്കരണം നടത്തുക.
- ❒ സ്കൂളിന്റെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുക

## കൊഴിഞ്ഞുപോക്ക്

കൊഴിഞ്ഞുപോക്ക് പഞ്ചായത്തുതലത്തിൽ അഗണ്യമാണ്. ഈ വർഷം 58 പേർ പഠനം നിർത്തിയിട്ടുണ്ട്. പ്രധാനമായും ഹൈസ്കൂൾതലത്തിലാണ് ഇത് അനുഭവപ്പെടുന്നത്. ഇത്തവണ 26 കുട്ടികൾ ഹൈസ്കൂൾ പഠനം നിർത്തിയിട്ടുണ്ട്. പ്രൈമറി തലത്തിൽ 11 വിദ്യാലയങ്ങളിൽ കൊഴിഞ്ഞുപോക്ക് അനുഭവപ്പെട്ടിട്ടില്ല. ശരാശരി കൊഴിഞ്ഞുപോക്ക് 1.6 ശതമാനമാണ്.

## അക്കാദമിക് നിലവാരം

1996-ലെ പാദവാർഷികപ്പരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിൽ കുട്ടികളെ 5 ഗ്രൂപ്പുകളാക്കിയപ്പോൾ പ്രൈമറി വിഭാഗത്തിൽ 60%-ത്തിൽ കൂടുതൽ മാർക്കു വാങ്ങിയവരാണ് ഏറ്റവുമധികം. (34%പേർ). എന്നാൽ 30%-ത്തിൽ കുറവ് മാർക്കുള്ളവർ 11% മാത്രമാണ്. അതേസമയം ഹൈസ്കൂൾ ക്ലാസ്സുകളിൽ എതിർപ്രവണതയാണ് സൂചിപ്പിക്കുന്നത്. അവിടെ 30%-ത്തിൽ കുറവുള്ളവരാണ് ഏറ്റവും കൂടുതൽ (35%). 60%- ത്തിന് മേൽപ്പോട്ടുള്ളർ വെറും 9% കുട്ടികൾ മാത്രമാണ്. (വിശദവിവരം പട്ടിക 5-ൽ)

നിലവിലുള്ള വാർഷികപ്രൊമോഷൻ ര[illegible]ി അക്കാദമിക് നിലവാരം കണ്ടെത്താൻ തീരെ അനുയോജ്യമല്ല. അതുപോലെ ഗുരുകുലം പദ്ധതിയുടെ ഭാഗമായുള്ള പ്രായോഗികപരീക്ഷാനടത്തിപ്പിലുണ്ടായ പോരായ്മകാരണം കുട്ടികളുടെ പഠനനിലവാരനിരക്ക് പെരുപ്പിക്കപ്പെടാൻ സാധ്യതയുണ്ട്. പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ മെറിറ്റ് സ്കോളർഷിപ്പ് പരീക്ഷകളിൽ വിജയികളാകുന്നവർ ചെറിയ ശതമാനം മാത്രമാണ്. കഴിഞ്ഞ വർഷം ആകെ 15 വിദ്യാർത്ഥികളാണ് മെറിറ്റ് സ്കോളർഷിപ്പ് നേടിയത്. ഉപജില്ല/ജില്ലാ കലാകായികമേളകളിലും പഞ്ചായത്തിന്റെ പ്രകടനം മികവുറ്റതല്ല.

വർഷംതോറും സ്കൂൾ വാർഷികം നടത്തുന്ന ഒരൊറ്റ വിദ്യാലയം മാത്രമേ പഞ്ചായത്തിലുള്ളൂ- പിണറായി വെസ്റ്റ് ബേസിക് യു.പി. സ്കൂൾ. പ്രസ്തുതവിദ്യാലയംതന്നെയാണ് ഉപജില്ലാ കായികമേളയിലും തുടർച്ചയായി മികവ് പുലർത്തിപ്പോരുന്ന ഏകവിദ്യാലയം. ഒരൊറ്റ പ്രൈമറി വിദ്യാലയത്തിലും സംഗീതാധ്യാപകരില്ല. അതുപോലെ ചിത്രകല, സ്പോർട്സ് തുടങ്ങിയ

## പട്ടിക 3

# വിദ്യാലയങ്ങളിലെ ഭൗതികസാഹചര്യങ്ങൾ

| ക്രമനമ്പർ | സ്കൂൾ കോഡ് | സ്ഥലം വിസ്തീർണ്ണം സെന്റ് | കെട്ടിടം സ്ഥിരം | കെട്ടിടം അർദ്ധസ്ഥിരം | കെട്ടിടം താല്കാലികം | ലാബ് ഉണ്ട് | ലാബ് ഇല്ല | ലൈബ്രറി ഉണ്ട് | ലൈബ്രറി ഇല്ല | മൂത്രപ്പുര ഉണ്ട് | മൂത്രപ്പുര ഇല്ല | കക്കൂസ് ഉണ്ട് | കക്കൂസ് ഇല്ല | വൈദ്യുതി ഉണ്ട് | വൈദ്യുതി ഇല്ല | കളിസ്ഥലം ഉണ്ട് വിസ്തീർണ്ണം സെന്റ് | കളിസ്ഥലം ഇല്ല | കുടിവെള്ളം ഉണ്ട് | കുടിവെള്ളം ഇല്ല |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 01 | 28 | 3 | 1 | – | | × | × | | × | | × | | | × | $57\frac{1}{2}$ | | × | |
| 2 | 02 | 50 | 1 | - | - | × | | × | | × | | | × | | × | 15 | | | × |
| 3 | 03 | 70 | - | 4 | - | | × | × | | × | | | × | | × | 20 | | | × |
| 4 | 04 | 22 | 1 | - | - | | × | × | | × | | | × | | × | 6 | | × | |
| 5 | 05 | 30 | 2 | - | - | | × | × | | | × | | × | | × | - | × | | × |
| 6 | 06 | 315 | 2 | 1 | 2 | | × | × | | × | | × | | × | | 150 | | × | |
| 7 | 07 | 20 | 2 | - | - | × | | × | | × | | | × | | × | - | × | | × |
| 8 | 08 | 41 | 1 | - | - | | × | | × | | × | | × | | × | 10 | | × | |
| 9 | 09 | 25 | 3 | - | - | × | | × | | × | × | | × | | × | 2 | | × | |
| 10 | 10 | 28 | 1 | - | - | | × | × | | × | | | × | | × | 3 | | | × |
| 11 | 11 | 18 | 1 | - | - | × | | × | | × | × | | × | | × | - | × | | × |
| 12 | 12 | 65 | 2 | 2 | - | × | | × | | × | | × | | | × | - | | × | |
| 13 | 13 | 50 | 1 | - | - | | × | | × | × | | × | | | × | 38 | | | × |
| 14 | 14 | 75 | 2 | - | - | × | | × | | × | | × | | | × | 5 | | × | |
| 15 | 15 | 16 | 1 | - | - | | × | × | | | × | | × | | × | 4 | | | × |
| 16 | 16 | 30 | 4 | - | - | | × | × | | × | | | × | | × | 20 | | | × |

വക്ക് ചുരുക്കം വിദ്യാലയങ്ങളിൽ മാത്രമാണ് അധ്യാപകരുള്ളത്.

### നിർദേശങ്ങൾ

- 4, 7 ക്ലാസ്സുകളിൽ പഞ്ചായത്ത് തലത്തിൽ പൊതു പരീക്ഷ നടത്തണം.
- പ്രൊമോഷൻ രീതി പരിഷ്കരിക്കണം.
- അധ്യാപകർക്കാവശ്യമായ തുടർപരിശീലനം പഞ്ചായത്തുതലത്തിൽ നല്കണം.
- വിദ്യാഭ്യാസ അധികൃതരുടെ സ്കൂൾ സന്ദർശനം മാസത്തിലൊരിക്കൽ വീതം ഫലപ്രദമാക്കുക.
- ഗുരുകുലം വിദ്യാഭ്യാസപരിപാടിയിൽ എടുത്തുപറഞ്ഞിട്ടുള്ള എല്ലാ വിദ്യാഭ്യാസപ്രവർത്തനങ്ങളും കാര്യക്ഷമമാക്കണം.
- ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ പി.ടി.എ., വിദ്യാഭ്യാസസമിതി എന്നിവ മുൻകൈ എടുക്കണം.
- കലാകായികാഭ്യാസത്തിന് വേണ്ടത്ര സൗകര്യം പഞ്ചായത്തുണ്ടാക്കണം. പഞ്ചായത്ത് കായികപരിശീലനകേന്ദ്രം സ്ഥാപിക്കണം.
- ഇംഗ്ലീഷ് ബോധനരീതിയുടെ ഗുണമേന്മ വർദ്ധിപ്പിക്കുക
- അയൽപക്ക ലൈബ്രറികൾ നേരിട്ട് സ്കൂളുകളിൽ പുസ്തകവിതരണം നടത്തുക.
- ജനകീയ മോണിട്ടറിംഗ് ശക്തിപ്പെടുത്തുക.
- കലാകായികവാർഷികങ്ങൾ ഓരോ സ്കൂളിലും സംഘടിപ്പിക്കുക.
- പഠനാനുബന്ധപ്രവർത്തനങ്ങൾക്ക് ചിട്ട വേണം. ഇതിൽ അധ്യാപകരുടെ പങ്ക് ഉറപ്പുവരുത്തുക.
- ലഭ്യമായ പഠനോപകരണങ്ങളുടെ ഉപയോഗം ഉറപ്പാക്കുകയും ആവശ്യമായത്ര ലഭ്യമാക്കുകയും ചെയ്യുക.
- അധ്യാപകവിദ്യാർത്ഥി അനുപാതം കുറയ്ക്കുക.

### സ്കോളർഷിപ്പുകളും മറ്റ് സാമ്പത്തികാനുകൂല്യങ്ങളും

1995-96 വർഷം 764 കുട്ടികൾക്ക് വിവിധ സ്കോളർഷിപ്പുകൾ/സാമ്പത്തികാനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ട്. ബീഡിസ്കോളർഷിപ്പിനാണ് ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ അർഹരായത്. 389പേർ. 211 പേർക്കാണ് ലപ്സം ഗ്രാന്റ് ലഭിച്ചത്.

### എ.കെ.ജി. സ്മാരക ഗവ: ഹൈസ്കൂൾ

1968-ൽ എ.കെ.ജി. തറക്കല്ലിട്ട ഈ ഹൈസ്കൂളിന്റെ കെട്ടിടോദ്ഘാടനം 10.6.'77-ന് ഇ.കെ. നായനാരാണ് നിർവഹിച്ചത്. സ്കൂൾ കോംപ്ലക്സിന്റെ ലീഡ് സ്കൂളായ ഇത് പഞ്ചായത്തിലെ ഒരേയൊരു ഹൈസ്കൂളാണ്. ഇപ്പോഴത്തെ വിദ്യുച്ഛക്തി-സഹകരണമന്ത്രി പിണറായി വിജയൻ പ്രസിഡണ്ടായ ഹൈസ്കൂൾ സ്പോൺസറിംഗ് കമ്മിറ്റിയാണ് ഇതിന്റെ ആദ്യകാല പ്രവർത്തനങ്ങൾ സംഘടിപ്പിച്ചത്. നാട്ടുകാർ സംഭാവന ചെയ്ത മൂന്നേക്കർ 15 സെന്റ് വിസ്തൃതിയുള്ള സ്കൂൾ ക്യാമ്പസ്സിൽ 1.5 ഏക്കർ കളിസ്ഥലമുണ്ട്. രണ്ട് താല്കാലിക ഷെഡ്ഡ് ഉൾപ്പെടെയുള്ള 5 കെട്ടിടങ്ങളും സർക്കാർ സഹായവും പി.ടി.എ ഫണ്ടും ഉപയോഗിച്ച് നിർമിച്ചതാണ്. ആകെ വിദ്യാർത്ഥികൾ 654 ( 338 ആൺകുട്ടികൾ + 316 പെൺകുട്ടികൾ) അധ്യാപകർ 25.

ഹൈസ്കൂളിന്റെ ഭൗതികസാഹചര്യങ്ങൾ തികച്ചും അപര്യാപ്തമാണ്. കുട്ടികളുടെ എണ്ണത്തിനനുസരിച്ച് വേണ്ട ക്ലാസ്സുമുറികൾ പോലും ഇവിടെയില്ല. കൂടാതെ ലാബോറട്ടറിറൂം, ലൈബ്രറി റൂം, റീഡിങ് റൂം, ഡൈനിങ് റൂം തുടങ്ങിയ സൗകര്യങ്ങളില്ല. അർപ്പണബോധമുള്ള അധ്യാപകരും കാര്യക്ഷമതയുള്ള പി.ടി.എയും ലക്ഷ്യബോധത്തോടെ പ്രവർത്തിക്കുന്നു. 1980-ലെ ആദ്യ ബാച്ച്മുതൽ SSLC പരീക്ഷക്ക് ഉന്നത വിജയം കരസ്ഥമാക്കാൻ കഴിഞ്ഞത് അധ്യാപകരുടെ മാതൃകാപരമായ സംഘപ്രവർത്തനംകൊണ്ട് മാത്രമാണ്. ഇത്തവണ 82% ആണ് വിജയം.

ഭൗതികസാഹചര്യങ്ങൾ നന്നേ മോശമായതിനാൽ വർഷംതോറും ധാരാളം കുട്ടികൾ പഞ്ചായത്തിൽനിന്നും വെളിയിലുള്ള ഹൈസ്കൂളുകളിലേക്ക് എട്ടാംതരത്തിൽ ചേരുന്നുണ്ട്. ഈ വർഷം ഇത്തരത്തിൽ 150 കുട്ടികൾ മറ്റ് ഹൈസ്കൂളുകളിലേക്ക് പോയിട്ടുണ്ട്. ഇതിൽ 1, 2, 3, 4 വാർഡുകളിലെ കുട്ടികൾക്ക് ദൂരക്കൂടുതലും ഗതാഗതസൗകര്യക്കുറവും കാരണം ഈ വിദ്യാലയത്തിൽ ചേരാൻ കഴിയാത്ത സ്ഥിതിയുണ്ട്.

### നിർദേശങ്ങൾ

- ഹൈസകൂളിൽ ലാബോറട്ടറി, ലൈബ്രറി തുടങ്ങിയവ പ്രവർത്തിപ്പിക്കാൻ പറ്റിയ വിധം ആധുനികസൗകര്യങ്ങളോടുകൂടിയ സ്കൂൾ കെട്ടിടങ്ങളും മറ്റ് ഭൗതികസാഹചര്യങ്ങളും ഉണ്ടാക്കണം.
- ക്യാമ്പസ്സിന്റെ സ്റ്റേഡിയത്തോട് തൊട്ടുകിടക്കുന്ന 20 സെന്റ് ചെരിവുസ്ഥലവും കൂട്ടിച്ചേർത്ത് സ്റ്റേഡിയം വിപുലീകരിക്കണം. ഒപ്പം ചുറ്റുമതിലും ഓപ്പൺ സ്റ്റേജും പണിയണം.
- എ.കെ.ജി.എച്ച.എസ്. കമ്പ്യൂട്ടർ വിഷയങ്ങളോടുകൂടി ഹയർ സെക്കന്ററിയാക്കി ഉയർത്തുക.
- കുട, നോട്ടുബുക്ക് നിർമാണം, ബൈന്റിങ്, റീഫിൽ നിർമാണം എന്നിവയുടെ ഒരു യൂനിറ്റ് പഞ്ചായത്തിന്റെ നേതൃത്വത്തിൽ സ്കൂളിൽ സ്ഥാപിക്കണം.

### ഉച്ചക്കഞ്ഞി

പ്രാഥമികവിദ്യാലയങ്ങളിൽ ഒരു നവോന്മേഷം പകരുന്നതിന് ഉച്ചക്കഞ്ഞി പൊതുവേ സഹായിച്ചിട്ടുണ്ട്. എങ്കിലും ഉച്ചക്കഞ്ഞി ആവശ്യക്കാർക്ക് മുഴുവൻ ലഭ്യമാകുന്നു എന്ന് പറയാൻ പറ്റില്ല. ഇന്ന് 1500 കുട്ടികൾക്ക്

പട്ടിക 4

## അഞ്ച് വർഷത്തെ ആകെ കുട്ടികൾ

| | 1 | 2 | 3 | 4 | 5 |
|---|---|---|---|---|---|
| വർഷം | 92–93 | 93–94 | 94–95 | 95–96 | 96–97 |
| 01 | 240 | 243 | 248 | 239 | 269 |
| 02 | 77 | 72 | 69 | 85 | 78 |
| 03 | 569 | 569 | 544 | 540 | 527 |
| 04 | 119 | 132 | 133 | 130 | 142 |
| 05 | 207 | 204 | 191 | 168 | 170 |
| 06 | 648 | 615 | 602 | 608 | 657 |
| 07 | 106 | 109 | 93 | 100 | 95 |
| 08 | 242 | 229 | 212 | 217 | 231 |
| 09 | 175 | 162 | 160 | 156 | 159 |
| 10 | 83 | 82 | 81 | 90 | 100 |
| 11 | 82 | 68 | 70 | 76 | 76 |
| 12 | 483 | 512 | 517 | 467 | 468 |
| 13 | 105 | 111 | 101 | 84 | 81 |
| 14 | 533 | 516 | 512 | 484 | 500 |
| 15 | 63 | 66 | 62 | 68 | 67 |
| 16 | 80 | 79 | 86 | 77 | 74 |
| ആകെ | 3812 | 3769 | 3581 | 3589 | 3694 |

ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്. ഇവർ പ്രൈമറി വിദ്യാർത്ഥികളുടെ 49% മാത്രമാണ്. സർക്കാർ സഹായം കൊണ്ട് മാത്രം പാചകചെലവ് ഒത്തുപോകാറില്ല. പ്രത്യേകപാചകപ്പുരകളോ ദക്ഷത കൂടിയ അടുപ്പുകളോ പല വിദ്യാലയങ്ങളിലും ലഭ്യമല്ല. മിക്ക സ്കൂളുകളിലും പി.ടി.എ. ഇക്കാര്യം വേണ്ടത്ര ഗൗരവത്തോടെ പരിഗണിക്കുന്നില്ല. കഴിഞ്ഞ വർഷം 13202 രൂപ പഞ്ചായത്തിൽ ഈ വകയിൽ ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്ത് ചെലവിന്റെ 0.98 ശതമാനമാണ്. ഈ തുക.

### നിർദേശങ്ങൾ

- ഉച്ചക്കഞ്ഞി ആവശ്യമായ വിദ്യാർത്ഥികൾക്കെല്ലാം സ്കൂൾവർഷം മുഴുവൻ തുടർച്ചയായി വിതരണം ചെയ്യണം.
- പാചകചെലവിലേക്കുള്ള സർക്കാർ പങ്ക് കാലോചിതമാക്കണം.
- ഉച്ചക്കഞ്ഞി ഭക്ഷ്യവസ്തുക്കൾ റേഷൻ കടകളിലൂടെ ലഭ്യമാക്കണം.
- പാചകപ്പുരകളും ദക്ഷത കൂടിയ കമ്യൂണിറ്റി അടുപ്പുകളും സ്ഥാപിക്കാൻ ഗ്രാമപഞ്ചായത്തിന് പരിപാടിയുണ്ടാകണം.

### സാങ്കേതികസ്ഥാപനങ്ങൾ

ഐ.ടി.ഐ പോലുള്ള സാങ്കേതികസ്ഥാപനങ്ങൾ ഒന്നും പഞ്ചായത്തിലില്ല. അതിനാൽ ധാരാളം വിദ്യാർത്ഥികൾ അകലെയുള്ള ഗവ: സ്ഥാപനങ്ങളിലും മറ്റു സ്വകാര്യസ്ഥാപനങ്ങളിലുമാണ് പഠനം നടത്തുന്നത്. 5 ടൈപ്പ്റൈറ്റിങ് ഇൻസ്റ്റിറ്റ്യൂട്ടുകൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. അവയിൽ രണ്ടിടത്ത് ഷോർട്ട് ഹാൻഡ് പരിശീലനം ലഭ്യമാണ്. കമ്പ്യൂട്ടർ പരിശീലനസ്ഥാപനങ്ങൾ ഒന്നുമില്ല. പഞ്ചായത്തിൽ ആകെ 219 സാങ്കേതിക ഡിപ്ലോമ/ബിരുദധാരികളാണ്.

### നിർദേശങ്ങൾ

- ഒരു ഗവ: പോളിടെക്നിക് സ്ഥാപിക്കണം
- പഞ്ചായത്തിൽ ലഭ്യമായിട്ടുള്ള സാങ്കേതികബിരുദധാരികളെ കൂട്ടിയോജിപ്പിച്ച് സാധ്യമായ വികസനപരിപാടികൾക്ക് രൂപം കൊടുക്കണം.

### സമാന്തരസ്ഥാപനങ്ങൾ

3 പാരലൽകോളേജുകൾ ഉള്ളതിൽ പിണറായ് ആർട്സ്കോളേജ്, തലശ്ശേരി സഹകരണവിദ്യാഭ്യാസ സൊസൈറ്റിയുടെ യൂനിറ്റാണ്. ഈ സ്ഥാപനത്തിന് സ്വന്തമായി കെട്ടിടമൊന്നുമില്ലെങ്കിലും ഓലയമ്പലത്ത് 10 സെന്റ് സ്ഥലം കൈവശമുണ്ട്. പിണറായി ക്രിസ്റ്റി കോളേജും കാപ്പുമ്മൽ യുണൈറ്റഡ് കോളേജുമാണ് മറ്റു രണ്ട് സ്ഥാപനങ്ങൾ 3 സ്ഥാപനങ്ങളിലുമായി 25 അധ്യാപകരും 350-ഓളം വിദ്യാർത്ഥികളുമുണ്ട്. ഇവയിൽ SSLC, PDC ക്ലാസ്സുകൾ മാത്രമാണ് കൈകാര്യം ചെയ്യുന്നത്. ഉന്നതപഠനത്തിനുള്ള സ്ഥാപനങ്ങൾ ഒന്നുംതന്നെ പഞ്ചായത്തിൽ ഇല്ല. അതിനാൽ അകലെയുള്ള അഫിലിയേറ്റഡ് കോളേജുകളിലുംമറ്റുമാണ് വിദ്യാർത്ഥികൾ പോകേണ്ടിവരുന്നത്. അഫിലിയേറ്റഡ് കോളേജുകളിൽ പ്രവേശനം കിട്ടാത്തവരിൽ ഗണ്യമായ ഒരു വിഭാഗം പട്ടണത്തിലെ പാരലൽകോളേജുകളെ ആശ്രയിക്കുന്നു.

### ജനകീയതലം

സ്കൂൾ കോംപ്ലക്സ്, ഗുരുകുലം എന്നിവയുടെ ഭാഗമായി എല്ലാ വിദ്യാലയങ്ങളിലും പി.ടി.എ., മാതൃസംഘം, വിദ്യാഭ്യാസസമിതി എന്നിവ പ്രവർത്തിക്കുന്നു. പഞ്ചായത്ത്/വാർഡ്തല വിദ്യാഭ്യാസ സമിതികളും അയൽകൂട്ടങ്ങളും ചലനാത്മകമായിട്ടില്ല. സ്വകാര്യ വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പി.ടി.എ പൊതുവേ സന്നദ്ധമാകുന്നില്ല. വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്തുന്നതിലും പി.ടി.എകൾക്ക് ക്രിയാത്മകമായി എടപെടാൻ കഴിഞ്ഞിട്ടില്ല. ഏക ഗവൺമെന്റ് ഹൈസ്കൂളായ AKGMGHS-ൽ കെട്ടിട നിർമാണം, കുടിവെള്ളലഭ്യത, തുടങ്ങിയ നിരവധി പ്രവർത്തനങ്ങൾ മാതൃകാപരമായി PTA നിർവഹിച്ചിട്ടുണ്ട്.

### അനൗപചാരിക വിദ്യാഭ്യാസം

സമ്പൂർണസാക്ഷരതാപ്രവർത്തനത്തിന് ശേഷം കാര്യമായ തുടർപ്രവർത്തനങ്ങൾ നടന്നിട്ടില്ല. നവസാക്ഷരരിൽ നിരക്ഷരത വ്യാപിക്കാൻ ഇത് കാരണമായിട്ടുണ്ട്. 3 ജനവിദ്യാകേന്ദ്രങ്ങൾ ആണ് ഉള്ളത്. നവസാക്ഷരരിൽ 9 പേർ ഈ വർഷം 4-ാംതരം വിജയിച്ചിട്ടുണ്ട്

### നിർദേശങ്ങൾ

തുടർസാക്ഷരതാപ്രവർത്തനങ്ങൾ ജനകീയ പങ്കാളിത്തത്തോടെ പുനരാരംഭിക്കണം.

എല്ലാ വായനശാലകളും ജനവിദ്യാ കേന്ദ്രങ്ങളായി പ്രഖ്യാപിക്കുക. ഇവയ്ക്ക് പഞ്ചായത്തിന്റെ മേൽനോട്ടവും സാമ്പത്തിക സഹായവും ഉറപ്പാക്കണം.

സാക്ഷരതാ ക്ലാസുകൾക്കുപരിയായി വികസനോന്മുഖ പഠന പരിശീലന ക്ലാസുകളായിരിക്കണം. ജനവിദ്യാകേന്ദ്രങ്ങളിൽ നടപ്പിലാക്കേണ്ടത്.

## ഒന്നാം ക്ലാസ്സിലെ കുട്ടികൾ -എണ്ണം

### പട്ടിക - 4A

| | 1 | 2 | 3 | 4 | 5 |
|---|---|---|---|---|---|
| വർഷം | 92-93 | 93-94 | 94-95 | 95-96 | 96-97 |
| 01 | 19 | 18 | 19 | 18 | 19 |
| 02 | 18 | 15 | 23 | 16 | 18 |
| 03 | 53 | 53 | 63 | 64 | 56 |
| 04 | 15 | 37 | 27 | 22 | 27 |
| 05 | 27 | 32 | 29 | 25 | 55 |
| 06 | – | – | – | – | – |
| 07 | 20 | 25 | 14 | 23 | 19 |
| 08 | 25 | 29 | 29 | 30 | 33 |
| 09 | 29 | 19 | 14 | 19 | 27 |
| 10 | 21 | 16 | 21 | 27 | 28 |
| 11 | 15 | 16 | 20 | 21 | 18 |
| 12 | 29 | 31 | 31 | 27 | 27 |
| 13 | 30 | 25 | 15 | 12 | 24 |
| 14 | 33 | 53 | 54 | 29 | 51 |
| 15 | 14 | 19 | 15 | 15 | 16 |
| 16 | 20 | 17 | 19 | 16 | 16 |
| ആകെ | 368 | 405 | 393 | 364 | 434 |

## പട്ടികജാതി പട്ടികവർഗവിദ്യാർത്ഥികൾ 1996-97

### പട്ടിക - 4 B

| 1 | | | 2 | | | 3 | | | 4 | | | 5 | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| B | G | T | B | G | T | B | G | T | B | G | T | B | G | T | |
| 2 | 3 | 5 | 3 | 2 | 5 | 3 | 6 | 9 | 4 | 4 | 8 | 5 | 2 | 7 | 34 |

| 6 | | | 7 | | | 8 | | | 9 | | | 10 | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| B | G | T | B | G | T | B | G | T | B | G | T | B | G | T | |
| 7 | 5 | 12 | 6 | 3 | 9 | 12 | 4 | 16 | 13 | 2 | 15 | 14 | 3 | 17 | 69 |
| | | | | | | | | | | | | | | | 103 |

## അക്കാദമിക് നിലവാരം

പട്ടിക 5

| നമ്പർ | മാർക്ക്വിഭാഗം | 3 | 4 | 5 | 6 | 7 | 8 | 9 | ആകെ |
|---|---|---|---|---|---|---|---|---|---|
| 1 | 30% താഴെ | 34 | 37 | 41 | 54 | 70 | 98 | 65 | 399 |
| 2 | 30–40% | 74 | 79 | 83 | 99 | 110 | 60 | 75 | 580 |
| 3 | 40–50% | 55 | 56 | 99 | 92 | 94 | 47 | 34 | 477 |
| 4 | 5060% | 61 | 62 | 84 | 77 | 79 | 27 | 17 | 407 |
| 5 | 60% ന് മേലെ | 193 | 219 | 133 | 93 | 93 | 13 | 26 | 770 |
| | ആകെ | 417 | 453 | 440 | 415 | 446 | 245 | 217 | 2633 |

## സ്കോളർഷിപ്പുകൾ/സാമ്പത്തികാനുകൂല്യങ്ങൾ

പട്ടിക 6

| | | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | മെറിറ്റ് സ്കോളർഷിപ്പ് | 4 | | | | | 5 | | | 1 | | | 1 | | 4 | | | 15 |
| 2 | ലെപ്സം ഗ്രാന്റ് | 7 | 2 | 105 | 3 | | 41 | | 3 | 6 | 1 | | 15 | 8 | 11 | | 9 | 211 |
| 3 | മുസ്ലിം ഗേൾസ് സ്കോളർഷിപ്പ് | 1 | | 15 | | 12 | 16 | | 5 | 2 | | | 31 | | 21 | | | 103 |
| 4 | വികലാംഗസ്കോളർഷിപ്പ് | 1 | 1 | 7 | | | 6 | | 1 | | | 1 | | | | 2 | | 19 |
| 5 | മിലിട്ടറി സ്കോളർഷിപ്പ് | 1 | | 5 | | | | | 3 | | | 1 | | | | | | 10 |
| 6 | ബീഡി സ്കോളർഷിപ്പ് | 12 | 7 | 44 | 15 | | 47 | 13 | 32 | 26 | 11 | 8 | 69 | 5 | 8 | 1 | 17 | 389 |
| 7 | മത്സ്യത്തൊഴിലാളി | | | | | | 4 | | 6 | | | | 1 | | 4 | 2 | | 17 |
| | | | | | | | | | | | | | | | | | | 764 |

# A K G MGHS S.S.L.C. Result

**Table 7**





# ആരോഗ്യം, പരിസരശുചിത്വം, കുടിവെള്ളം

## ആരോഗ്യം, പരിസരശുചിത്വം

ആരോഗ്യമുള്ള ജനത ഏതൊരു സമൂഹത്തിന്റെയും മുതൽകൂട്ടാണ്. ആരോഗ്യരംഗത്ത് പല വികസിത രാജ്യങ്ങളോടും കിടപിടിക്കത്തക്ക നേട്ടങ്ങൾ കൈവരിച്ച സംസ്ഥാനമാണ് നമ്മുടേത്. മൊത്തവരുമാനത്തിന്റെ നല്ലൊരു ശതമാനവും ഈ രംഗത്ത് ചെലവഴിച്ചിട്ടും പല പ്രശ്നങ്ങളും ബാക്കിനില്ക്കുന്നു. ജനക്ഷേമം മുൻനിർത്തി സ്ഥാപിച്ചിട്ടുള്ള പൊതുസ്ഥാപനങ്ങൾ കേവലം നോക്കുകുത്തികളായി മാറുന്ന അവസ്ഥയാണ് നിലവിലുള്ളത്. കോടികണക്കിന് രൂപ മുതൽമുടക്കുള്ള സർക്കാർതല ആരോഗ്യസംവിധാനങ്ങളെ കാര്യക്ഷമമാക്കുകയും ജനകീയമാക്കുകയും ചെയ്യുന്നതിൽ പ്രാദേശിക ഭരണകൂടങ്ങൾക്ക് പ്രധാന പങ്ക് വഹിക്കാൻ കഴിയും.

അലോപ്പതി സമ്പ്രദായം നിലവിൽ വരുന്നതിന് മുമ്പ് പിണറായി പഞ്ചായത്തിലെ ആരോഗ്യപ്രശ്നങ്ങൾ കൈകാര്യം ചെയ്തിരുന്നത് പാരമ്പര്യ വൈദ്യന്മാരായിരുന്നു. എൻ. ഗോവിന്ദൻ വൈദ്യർ, തലക്കാണത്ത് അച്ച്യുതൻ വൈദ്യർ, നാവത്ത് അനന്തൻ വൈദ്യർ, മാടായി കുമാരൻ വൈദ്യർ, കേളു ഗുരിക്കൾ, നന്ദ്യത്ത് കുമാരൻ വൈദ്യർ, ആയിച്ചോത്ത് രാമൻ വൈദ്യർ, വെള്ളുവക്കണ്ടി രാമൻ മാസ്റ്റർ, ആണ്ടി വൈദ്യർ, പുത്തലോംകുന്നത്ത് മാത വൈദ്യർ, വെള്ളുവകണ്ടി ഗോവിന്ദൻ വൈദ്യർ, ചാത്തു വൈദ്യർ, ശങ്കരൻ കുട്ടി വൈദ്യർ, കച്ചേരികണ്ടി മാതു വൈദ്യർ മുതലായവർ പാരമ്പര്യ ചികിത്സാരംഗത്തെ സമ്പുഷ്ടമാക്കി. എൻ. ഗോവിന്ദൻ വൈദ്യരുടെ ചികിത്സാലയത്തിൽ വിദൂരസ്ഥലങ്ങളിൽ നിന്നുപോലും അനേകമാളുകൾ എത്തിയിരുന്നു എന്ന് പ്രത്യേകം എടുത്തു പറയേണ്ടതുണ്ട്. പ്രശസ്തരായ വിഷഹാരികൾ നമ്മുടെ നാട്ടിലുണ്ടായിരുന്നു. കടവാങ്കോട്ട് മുഹമ്മദ് ഹാജി, ഇളന്നിക്കുനി കുഞ്ഞിക്കണ്ണൻ, കാത്ത്യാരത്ത് കുഞ്ഞിക്കണ്ണൻ വൈദ്യർ, കായക്കൂൽ ശ്രീധരൻ മാസ്റ്റർ, മുട്ടേരി വീട്ടിൽ കുഞ്ഞിരാമൻനായർ, നാരായണൻനായർ, തുടങ്ങിയവർ അവരിൽ പ്രമുഖരാണ്. നാണു വൈദ്യർ (പാറപ്രം), കുമാരൻ വൈദ്യർ (ചെക്കുക്കുനി പാലം), കുഞ്ഞിരാമൻ വൈദ്യർ (കിഴക്കുംഭാഗം), അനന്തൻ വൈദ്യർ (അണ്ടലൂർക്കടവ്), കെ.എം. കുഞ്ഞിരാമൻ വൈദ്യർ (മൗവ്വേരി) തുടങ്ങിയവർ പാരമ്പര്യ ചികിത്സാ സമ്പ്രദായം ഇന്നും നിലനിർത്തുന്നതിൽ പ്രധാന പങ്കു വഹിക്കുന്നു. ഉഴിച്ചിൽ, പിഴിച്ചിൽ തുടങ്ങിയ ചികിത്സാ രീതികളും ഇവിടെ നിലനിന്നിരുന്നു. എന്നാൽ ആധുനിക ചികിത്സാ സമ്പ്രദായങ്ങളുടെ പ്രളയത്തിൽ പാരമ്പര്യ, നാടൻ ചികിത്സാ സമ്പ്രദായങ്ങൾ വേരറ്റുതുടങ്ങി.

1956 ൽ പിണറായിയിൽ ഒരു സ്വകാര്യ കെട്ടിടത്തിൽ സ്ഥാപിക്കപ്പെട്ട ആരോഗ്യ കേന്ദ്രമാണ് പഞ്ചായത്തിലെ ആദ്യത്തെ അലോപ്പതി ചികിത്സാലയം. 1957 ൽ ഇത് സ്വന്തം കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ചു. തുടക്കം മുതൽ തന്നെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമുണ്ടായിരുന്നു. എന്നാൽ സ്റ്റാഫ് നേഴ്സിന്റെയും സ്പെഷലിസ്റ്റ് ഡോക്ടർമാരുടെയും അഭാവം, അത്യാവശ്യ ഉപകരണങ്ങളുടെ കുറവ് തുടങ്ങിയ കാരണങ്ങളാൽ 1990 ഓടുകൂടി ഈ സമ്പ്രദായം ജനങ്ങൾ ഉപയോഗിക്കാതായി. 1990 ൽ തന്നെയാണ് ഈ പ്രാഥമികാരോഗ്യ കേന്ദ്രം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കി ഉയർത്തുന്നത്. ഇതിന്റെ കീഴിൽ 5 പഞ്ചായത്തുകളിലായി പ്രവർത്തിക്കുന്ന 11 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇതിന്റെ ഉദ്ഘാടനം പല കാരണങ്ങളാലും നീണ്ടുപോവുകയായിരുന്നു. 30 പേരെ

കിടത്തി ചികിത്സിക്കാൻ ആവശ്യമുള്ള ഈ കേന്ദ്രം അടുത്തുതന്നെ ഉദ്ഘാടനം ചെയ്യപ്പെടുന്നുവെന്നത് ജനങ്ങൾക്ക് വളരെയേറെ ആശ്വാസം നൽകുന്നു.

പഞ്ചായത്തിൽ സ്വകാര്യമേഖലയിൽ 4 ആയുർവേദ ഡിസ്പെൻസറികളും ഒരു ഹോമിയോ ക്ലിനിക്കും പ്രവർത്തിച്ചുവരുന്നു. ചാരിറ്റബിൾ സൊസൈറ്റിയുടെകീഴിൽ മറ്റൊരു ആയുർവേദ ഡിസ്പെൻസറിയും ഒരു മർമ്മ ചികിത്സാ കേന്ദ്രവും ഉണ്ട്.

നിലവിലുള്ള സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ നിരവധി വിഷമതകളുടെ മദ്ധ്യത്തിലാണ് പ്രവർത്തിച്ചുവരുന്നത്. പിണറായി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ജീവനക്കാർക്ക് ആവശ്യമായ ക്വോട്ടേഴ്സ് സൗകര്യമില്ല. ആവശ്യത്തിന് വെള്ളം ലഭിക്കുന്നില്ല. ഒരു ചുറ്റുമതിലില്ലാത്തത് വേറൊരു പ്രശ്നമായി അവശേഷിക്കുന്നു. സി. എച്ച്.സി. പാറ്റേൺ പ്രകാരം സ്റ്റാഫിനെ നിയമിക്കാത്തതും ആവശ്യത്തിന് മരുന്ന് ലഭ്യമാക്കാത്തതും മറ്റും പ്രധാന പ്രശ്നങ്ങളാണ്. കുടുംബക്ഷേമ കേന്ദ്രങ്ങളുടെ കാര്യത്തിലാണെങ്കിൽ പാനുണ്ടകേന്ദ്രം ഒഴിച്ച് മറ്റുള്ളവയ്ക്ക് ഒരു സ്ഥിര പ്രവർത്തനകേന്ദ്രം പോലുമില്ല. പ്രവർത്തന കേന്ദ്രമായ വാർഡുകളിൽ മാറിമാറി പ്രവർത്തിച്ചുകൊണ്ടാണ് ഇവയുടെ പ്രവർത്തനം മുന്നോട്ടുപോകുന്നത്. കൂടാതെ ഫീൽഡ് സ്റ്റാഫിന് ആവശ്യമായ രജിസ്റ്റർ ലഭ്യക്കാത്തതുമൂലം പലകണക്കുകളും കൃത്യമായി സൂക്ഷിക്കപ്പെടാത്ത അവസ്ഥയുണ്ട്.

പിണറായി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ 1993-94ൽ 20406 പേരും 1994-95 ൽ 21900 പേരും 1995-96 ൽ 23725 പേരും ചികിത്സ തേടിയെത്തി. ഓരോ വർഷവും ആളുകളുടെ എണ്ണംകൂടി വരുന്നുവെന്നാണ്. ഈ കണക്കുകൾ സൂചിപ്പിക്കുന്നത്. കൂടുതൽ ഡോക്ടർമാരുടെ സേവനം, അത്യാവശ്യമരുന്നുകളുടെ ലഭ്യത, തുടങ്ങിയവ പ്രധാനകാരണങ്ങളാണ്.

പഞ്ചായത്തിൽ രോഗികളുടെ എണ്ണം കൂടുന്നതുകൊണ്ടല്ല, മറിച്ച് സ്വകാര്യമേഖലയിൽ നിന്നും കൂടുതൽ ആളുകൾ പൊതു ആരോഗ്യസംവിധാനത്തിലേക്ക് വരുന്നതുമൂലമാണ് ഇത്തരം ഒരു വർദ്ധനവ് കണക്കുകളിൽ സൂചിപ്പിക്കുന്ന പ്രകാരം ഉണ്ടായിട്ടുള്ളത്.

സി.എച്ച്.സി. യിലെ രേഖകൾ അനുസരിച്ച് പഞ്ചായത്തിലെ ജനനനിരക്ക് 12.86 ഉം മരണനിരക്ക് 4.75 ഉം ആണ്. (അവലംബം: പഞ്ചായത്ത് ഡെത്ത് റജിസ്റ്റർ) ഇവ സംസ്ഥാന ശരാശരിയേക്കാൾ കുറവാണ്.

1993 മുതൽ 1996 വരെ പഞ്ചായത്തിലുണ്ടായ ജലജന്യ-വായുജന്യ- പ്രാണിജന്യ രോഗങ്ങളുടെ കണക്കുകൾ ചുവടെ കൊടുക്കുന്നു.

ജലജന്യരോഗങ്ങളാണ് പഞ്ചായത്തിൽ ഏറ്റവും കൂടുതൽ അനുഭവപ്പെടുന്നത്. വായുജന്യരോഗങ്ങൾ നാമമാത്രമായേ കാണപ്പെടുന്നുള്ളു. എന്നാൽ പ്രാണിജന്യ രോഗങ്ങൾ വായുജന്യരോഗങ്ങളേക്കാൾ കൂടിവരുന്നതായി കാണപ്പെടുന്നു. ജലജന്യരോഗങ്ങൾ കൂടിവരാനുള്ള പ്രധാന കാരണം ജനങ്ങളുടെ ശുചിത്വബോധക്കുറവാണെന്ന് മനസ്സിലാക്കുന്നു. തീരപ്രദേശങ്ങളിൽ താമസിക്കുന്നവരിലാണ് ജലജന്യരോഗങ്ങൾ കൂടുതലായും കണ്ടുവരുന്നത്. സ്വന്തമായി കക്കൂസുണ്ടാക്കിയിട്ടുപോലും അതുപയോഗിക്കാതെ ജലവിഭവങ്ങളെ മലിനപ്പെടുത്തുന്നതാണ് പ്രധാന കാരണം.

1995 96 ൽ മാത്രം ഒരു പ്രസവമരണം, നാല് ചാപിള്ള മരണം, ഒരു ശിശുമരണം എന്നിവ പഞ്ചായത്തതിർത്തിക്കുള്ളിൽ സംഭവിച്ചിട്ടുണ്ട്. കുത്തിവെപ്പു നടത്തേണ്ട 425 കുട്ടികളിൽ 423 പേരും പ്രതിരോധ കുത്തിവെപ്പു നടത്തിയിട്ടുണ്ട്.

പിണറായി പഞ്ചായത്തിൽ 252 പേർ അംഗവൈകല്യമുള്ളവരാണ്. അതിൽ അന്ധർ 31 ഉം, ബധിരർ 54 ഉം മൂകർ 23 ഉം ബധിരമൂകർ 2 ഉം ചലനവൈകല്യമുള്ളവർ 134 ഉം വരും. മന്ദബുദ്ധികളായി 31 പേരും പഞ്ചായത്തതിർത്തിക്കുള്ളിലുണ്ട്.

രേഖപ്പെടുത്തിയ കണക്കുകൾ സൂചിപ്പിക്കുന്നത് നമ്മുടെ പഞ്ചായത്തിൽ 5 കുഷ്ഠരോഗികളും 13 ക്ഷയരോഗികളും ഉണ്ടെന്നാണ്. ക്ഷയരോഗികളുടെ എണ്ണം യഥാർത്ഥത്തിൽ ഇതിലും കൂടുതലാണെന്ന് അനുമാനിക്കാം.

ഒരു കുട്ടിവരെയുള്ള 716 അമ്മമാരിൽ 10 പേർ മാത്രമേ കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ചവരായുള്ളൂ. 2 കുട്ടികൾ വരെയുള്ള 1392 അമ്മമാരിൽ 1167 പേരും (83.83%) 2ൽ കൂടുതൽ കുട്ടികളുള്ള 1126 പേരിൽ 810 (71.93%) ഏതെങ്കിലും ഒരു കുടുംബാസൂത്രണ മാർഗം സ്വീകരിച്ചവരാണ്.

പഞ്ചായത്തിൽ സാധാരണായായി കണ്ടുവരുന്ന പകർച്ചവ്യാധികൾ ചിക്കൻപോക്സ്, അഞ്ചാം പനി, ചെങ്കണ്ണ്, വയറിളക്കം, മുണ്ടിനീര്, എന്നിവയാണ്. ഇടയ്ക്ക് മലമ്പനിയും ഉണ്ടാകാറുണ്ട്. സ്ഥിരരോഗങ്ങളിൽ പ്രധാനം ക്ഷയം, കാൻസർ, ആസ്തമ, വാതരോഗങ്ങൾ എന്നിവയാണ്.

## പ്രശ്നങ്ങളും സാധ്യതകളും

### പ്രശ്നങ്ങൾ

1. പൊതുജനാരോഗ്യ രംഗത്ത് കുടിവെള്ളം കഴിഞ്ഞാൽ പ്രാധാന്യമർഹിക്കുന്ന കാര്യമാണ് ശുചിത്വം. നമ്മുടെ പഞ്ചായത്തിന്റെ 22% വീടുകളിലും കക്കൂസില്ല എന്നാണ് സാമൂഹ്യ സാമ്പത്തിക സർവ്വേയിൽ നിന്നും വ്യക്തമാകുന്നത്. കക്കൂസു സ്വന്തമായി ഉള്ളവർതന്നെ പലയിടങ്ങളിലും അതുപയോഗിക്കാറില്ല. എന്നും വ്യക്തമായിട്ടുണ്ട്. ജലജന്യരോഗങ്ങൾ കൂടിവരാനുള്ള പ്രധാന കാരണം കൂടിയാണ് ഇത്.

**2. പരിസര ശുചിത്വം**

വ്യവസായവത്കരണത്തിന്റെ തോത് പഞ്ചായത്തിൽ കുറവായതിനാൽ മലിനീകരണ പ്രശ്നം അത്ര രൂക്ഷമല്ല. പക്ഷെ പഞ്ചായത്തിന്റെ പലഭാഗങ്ങളിൽ നിന്നും ശുചീകരണത്തിന്റെ അഭാവത്തെക്കുറിച്ചുള്ള പരാതികൾ ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുണ്ട്.

## പഞ്ചായത്തിലെ സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ

**പട്ടിക 1**

| നമ്പർ | സ്ഥാപനങ്ങൾ | വാർഡ് | സ്ഥാപിച്ച വർഷം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, പിണറായി | 6 | 1956 | 75 |
| 2 | കുടുംബക്ഷേമ കേന്ദ്രം, പാനുണ്ട | 2 | 1961 | 1 |
| 3 | കുടുംബക്ഷേമ കേന്ദ്രം, പെനാങ്കിമെട്ട | 3,4 | | 2 |
| 4 | കുടുംബക്ഷേമ കേന്ദ്രം, ഉമ്മൻചിറ | 5,7 | | 1 |
| 5 | കുടുംബക്ഷേമ കേന്ദ്രം, പിണറായി വെസ്റ്റ് | 8,11,12 | | 1 |

## 1993 മുതൽ 1996 വരെ പഞ്ചായത്തിലുണ്ടായ ജലജന്യ-വായുജന്യ-പ്രാണിജന്യ രോഗങ്ങളുടെകണക്കുകൾ

**പട്ടിക 2**

| വർഷം | ജലജന്യരോഗങ്ങൾ | വായുജന്യരോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ |
|---|---|---|---|
| 1993-94 | 1159 | 65 | 76 |
| 1994-95 | 1586 | 56 | 120 |
| 1995-96 | 1409 | 33 | 118 |

## പഞ്ചായത്തിൽ കക്കൂസുകളുള്ള വീടുകൾ

**പട്ടിക 3**

| വാർഡ് | മൊത്തം വീടുകൾ | കക്കൂസുകളുടെ എണ്ണം | കക്കൂസില്ലാത്ത വീടുകൾ | കക്കൂസില്ലത്ത വീടുകൾ % |
|---|---|---|---|---|
| 1 | 304 | 234 | 70 | 23.10 |
| 2 | 511 | 311 | 200 | 39.13 |
| 3 | 686 | 562 | 124 | 18.07 |
| 4 | 556 | 435 | 121 | 21.76 |
| 5 | 587 | 425 | 162 | 27.59 |
| 6 | 434 | 343 | 91 | 20.96 |
| 7 | 276 | 241 | 35 | 12..68 |
| 8 | 526 | 415 | 111 | 21.10 |
| 9 | 563 | 476 | 87 | 15.45 |
| 10 | 174 | 142 | 32 | 18.39 |
| 11 | 346 | 293 | 53 | 15.31 |
| 12 | 306 | 225 | 81 | 26.47 |
| ആകെ | 5269 | 4102 | 1167 | 22.14 |

*അവലംബം: സാമൂഹ്യ സാമ്പത്തിക സർവ്വെ*

3. പോഷകാഹാരക്കുറവ് എല്ലാ വാർഡുകളിലും അനുഭവപ്പെടുന്നു. അഞ്ചാം വാർഡിലെ പുത്തംങ്കണ്ടം ഭാഗത്ത് ഇത് പ്രധാന പ്രശ്നമാണ്.

4. ശക്തമായ ആരോഗ്യബോധവൽക്കരണത്തിന്റെ അഭാവം പഞ്ചായത്തിലുടനീളം അനുഭവപ്പെടുന്നു. ആരോഗ്യ പ്രവർത്തകരുടെ ഭവനസന്ദർശ പരിപാടി കാര്യക്ഷമമായി നടക്കുന്നില്ല.

5. കൊതുകുശല്യം പഞ്ചായത്തിൽ എല്ലാഭാഗത്തുമുണ്ട്.

6. കിടത്തി ചികിത്സിക്കാനുള്ള സൗകര്യം പഞ്ചായത്തതിർത്തിയിൽ ലഭ്യമല്ലാത്തതുകൊണ്ട് ദൂരസ്ഥലങ്ങളിലുള്ള ആശുപത്രികളെ ഇതിനായി ആശ്രയിക്കേണ്ടി വരുന്നു.

7. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ പഞ്ചായത്തിന്റെ ഒരു ഭാഗമായതിനാൽ 1,2,11,12, വാർഡുകലിലെ ആളുകൾക്ക് പ്രയോജനപ്പെടുത്താൻ ബുദ്ധിമുട്ടനുഭവപ്പെടുന്നു. ഗതാഗത സൗകര്യത്തിന്റെ പരിമിതിയും ഇതിനു പ്രധാന കാരണമാണ്.

8. പിണറായി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ സ്ത്രീകളെയും കുട്ടികളെയും ചികിത്സിക്കുന്ന സ്പെഷലിസ്റ്റ് ഡോക്ടമാരുടെ അഭാവമുണ്ട്. എല്ലാ അത്യാവശ്യമരുന്നുകളും സി.എച്ച്.സി.യിൽ ലഭ്യമല്ല.

9. നിലവിലുള്ള പൊതു ശ്മശാനം ആരും ഉപയോഗിക്കുന്നില്ല. എല്ലാവരും സ്വന്തം സ്ഥലത്തുതന്നെ ശവശരീരങ്ങൾ മറവുചെയ്യുന്നു. ചീഞ്ഞഴുകുന്ന ശവശരീരങ്ങളിൽ നിന്നുമുള്ള ദ്രവങ്ങൾ കുടിവെള്ളത്തിലേക്ക് അരിച്ചിറങ്ങാനുള്ള സാധ്യത വളരെയേറെയാണ്.

**പട്ടിക 4**

1. മലിനീകരണ പ്രശ്നങ്ങൾ

2. ഒരു വ്യവസായ യൂണിറ്റിൽ നിന്നും പുറത്തുവിടുന്ന മലിനജലം പരിസരമലിനീകരണം ഉണ്ടാക്കുന്നു.

3. മേൽപ്പറഞ്ഞ യൂണിറ്റിൽ നിന്നുമുള്ള മലിനജലം തോടുകളിൽ കെട്ടിക്കിടക്കുന്നതിനാൽ അടുത്തുള്ള വീടുകളിലെ കിണറ്റിൽ ഇതിന്റെ അംശം അരിച്ചിറങ്ങുന്നു.

4. കാപ്പുമ്മൽ ജംങ്ഷൻ, ലക്ഷംവീട് കോളനി എന്നിവിടങ്ങളിൽ ചപ്പുചവറുകൾ മൂലം മലിനീകരണം ഉണ്ടാകുന്നു.

5. ഉമ്മഞ്ചിറ ഭാഗത്ത് മലിനജലം, ചപ്പുചവറുകൾ എന്നിവമൂലം വലിയ പ്രയാസം അനുഭവപ്പെടുന്നു.

6. ഒരു പൗൾട്രി ഫാമിൽ നിന്നുമുള്ള അവശിഷ്ടങ്ങൾ മൂലം പരിസരമലിനീകരണം ഉണ്ടാകുന്നു.

7. ചെക്കുക്കുനി പാലവും പരിസരവും മലിനീകരണം മൂലം ദുർഗന്ധം വമിക്കുന്നുണ്ട്. ചേക്കുപാലവും പരിസരവും മൃഗങ്ങളുടെ അവശിഷ്ടങ്ങൾ കൊണ്ടുള്ള ദുർഗന്ധം അനുഭവപ്പെടുന്നു.

8. തെരു- ചെക്കുനിപാലം റോഡിൽ അഴുക്കുജലം ഒഴുകുന്നതു തടയണം.

9. പുഴക്കരയിലുള്ളവർ പുഴതന്നെ കക്കൂസായി ഉപയോഗിക്കുന്നത് ആരോഗ്യപ്രശ്നങ്ങളുണ്ടാക്കുന്നു.

10. മലിനജലം, ചപ്പുചവറുകൾ എന്നിവമൂലം ദുരിതം അനുഭവപ്പെടുന്നു.

11. തയ്യിൽ ഭാഗത്ത് മഴക്കാലത്ത് ചപ്പുചവറുകൾ അടിഞ്ഞുകൂടി ആകെ വൃത്തികേടാവുന്നുണ്ട്. ഇതുമൂലം കൊതുകുശല്യം വർദ്ധിക്കുന്നു.

**പരിഹാരമാർഗങ്ങൾ**

1. ആരോഗ്യരംഗത്ത് ബോധവൽക്കരണം അനിവാര്യമാണ്. പഞ്ചായത്ത് മൊത്തം അമ്പതു വീടുകളുള്ള ഓരോ യൂണിറ്റുകളായി തരംതിരിച്ച് ഓരോ യൂണിറ്റിൽ നിന്നും പ്രവർത്തനോന്മുഖരായിട്ടുള്ള അഞ്ചുപേരെ തെരഞ്ഞെടുക്കുക. മാസത്തിലൊരിക്കലെങ്കിലും വാർഡുതലത്തിൽ ഇവർ കൂടിചേർന്ന് അതാതു പ്രദേശത്തെ പൊതുജനാരോഗ്യ പ്രശ്നങ്ങൾ ചർച്ചചെയ്യുകയും ബോധവൽക്കരണം നടത്തുകയും ചെയ്യാം. ഇത്തരം കമ്മിറ്റികളിൽ അതാതു പ്രദേശത്ത് പ്രവർത്തിക്കുന്ന ആരോഗ്യപ്രവർത്തകനും വാർഡുമെമ്പറും നിർബന്ധമായും പങ്കെടുക്കണം. ഇത്തരം കമ്മറ്റികളുടെ ഘടന അതാത് പ്രദേശത്തുള്ളവർക്ക് തീരുമാനിക്കാവുന്നതാണ്.

2. പഞ്ചായത്തിൽ വലിയൊരു ശതമാനം വീടുകളിലും കക്കൂസില്ല എന്നത് വ്യക്തമാണ്. ആരോഗ്യരംഗത്ത് വലിയ പ്രത്യാഘാതങ്ങളുണ്ടാക്കുന്ന ഈ പ്രശ്നം പഞ്ചായത്ത് തലത്തിൽ തന്നെ ഏറ്റെടുത്തു നടത്തുന്ന ഒരു പദ്ധതിയിലൂടെ പരിഹരിക്കണം. ദരിദ്രകുടുംബങ്ങൾക്ക് കക്കൂസു നിർമ്മിക്കാനാവശ്യമായ സാമ്പത്തിക സഹായം നൽകണം. പുഴയും മറ്റു മലിനപ്പെടുത്തുന്നത്. പഞ്ചായത്ത് കർശനമായി തടയണം.

3. പൊതു സ്ഥലം ശുചീകരിക്കുന്നതിനുവേണ്ടി ആവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തണം. ഒരു വാഹനം, ആവശ്യമായ തൊഴിലാളികൾ മുതലായ കാര്യങ്ങൾ ഏർപ്പെടുത്തണം. അവശിഷ്ടങ്ങൾ സംസ്ക്കരിക്കുന്നതിന് പ്രത്യേക സ്ഥലം കണ്ടെത്തി ശാസ്ത്രീയമായി സംസ്ക്കരിക്കണം.

4. ശവശരീരങ്ങൾ പൊതുശ്മശാനത്തിൽ തന്നെ സംസ്ക്കരിക്കാനുള്ള നിയമനടപടികൾ കൈക്കൊള്ളണം.

5. കൊതുകു നശീകരണ പ്രവർത്തനം ഊർജ്ജിതപ്പെടുത്തണം.

6. നിലവിൽ അനുവദിച്ചിട്ടുള്ള അംഗൻവാടികൾ എത്രയും പെട്ടെന്ന് തുടങ്ങുകയാണെങ്കിൽ കുട്ടികളിലും അമ്മമാരിലും കാണപ്പെടുന്ന പോഷകാഹാരക്കുറവ് ഒരു പരിധി വരെ ഇവയിലൂടെ പരിഹരിക്കാൻ കഴിയും. കൂടാതെ പഞ്ചായത്തുതലത്തിൽ തന്നെ ഒരു പദ്ധതി ആരംഭിച്ച് പച്ചക്കറി, മുട്ട, പാൽ, മുതലായവയുടെ ഉല്പാദനം വർദ്ധിപ്പിച്ച് ഇവയുടെ ഗാർഹിക ഉപഭോഗം വർദ്ധിപ്പിക്കണം. ആവശ്യമായ എല്ലാ സഹായങ്ങളും പഞ്ചായത്ത് നൽകണം.

7. ഓലയമ്പലത്തും കാപ്പുമ്മലും പൊതു കക്കൂസും മൂത്രപുരയും സ്ഥാപിക്കണം.

8. അലഞ്ഞു തിരിയുന്ന പട്ടികളെ നശിപ്പിക്കാൻ

## കുടിനീരിന്റെ സ്രോതസ്സ്




## കുടിവെള്ളം

പട്ടിക 1

| വാർഡ് | ആകെ വീടുകൾ | കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നവ | % |
|---|---|---|---|
| 1 | 304 | 50 | 16.47 |
| 2 | 511 | 189 | 36.98 |
| 3 | 686 | 241 | 35.13 |
| 4 | 556 | 114 | 20.50 |
| 5 | 557 | 150 | 25.55 |
| 6 | 434 | 120 | 27.64 |
| 7 | 276 | 151 | 54.71 |
| 8 | 526 | 255 | 48.47 |
| 9 | 563 | 217 | 38.54 |
| 10 | 174 | 73 | 41.95 |
| 11 | 346 | 108 | 31.21 |
| 12 | 306 | 200 | 65.35 |
| ആകെ | 5269 | 1868 | 35.45 |

ആവശ്യമായ പ്രവർത്തനം ഊർജ്ജിതപ്പെടുത്തണം. ഇത് ശരിയായ വിധത്തിൽ നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ നേരത്തെ പറഞ്ഞ പ്രാദേശിക കമ്മിറ്റികളെ ചുമതലപ്പെടുത്തണം.

9. സ്വന്തമായി കെട്ടിടമില്ലാതെ പ്രവർത്തിക്കുന്ന 3 കുടുംബക്ഷേമ കേന്ദ്രങ്ങൾക്ക് ആവശ്യമായ കെട്ടിടം നിർമ്മിക്കണം.

10. മായം ചേർക്കൽ, അളവുതൂക്ക കൃത്രിമം എന്നിവ തടയാൻ പഞ്ചായത്തുതലത്തിൽ സംവിധാനം ഏർപ്പെടുത്തണം.

11. ക്യാൻസർ രോഗം കണ്ടുപിടിക്കുന്നതിനും ആവശ്യമായ ചികിത്സയ്ക്കും വേണ്ടി ഒരു സമഗ്ര പദ്ധതി പഞ്ചായത്ത് തലത്തിൽ ആവിഷ്കരിക്കുക.

12. ഒരു ആയുർവേദ ആശുപത്രി സ്ഥാപിക്കണം.

13. വ്യവസായ യൂണിറ്റുകൾ വഴിയുണ്ടാകുന്ന മലിനീകരണം തടയാൻ ആവശ്യമായ നടപടികളെടുക്കണം.

14. പ്രതിരോധ കുത്തിവെപ്പിന് നിശ്ചയിച്ച് കേന്ദ്രങ്ങൾ ജനങ്ങളുടെ സൗകര്യാർത്ഥം മാറ്റി സ്ഥാപിക്കുന്നതിന് ദൂരപരിധി, ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ഇത്.

15. ചികിത്സാ സൗകര്യം വളരെ അപര്യാപ്തമായിട്ടുള്ള പഞ്ചായത്തിലെ വാർഡുകൾ ലക്ഷ്യമാക്കി ഒരു മൊബൈൽ ഡിസ്പെൻസറിയുടെ സേവനം ലഭ്യമാക്കുക.

16. പാനുണ്ട കുടുംബക്ഷേമ കേന്ദ്രം അതിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുകയും, ഡോക്ടർമാരുടെയും നേഴ്സുമാരുടെയും സേവനം കാര്യക്ഷമമാക്കുകയും ചെയ്യണം.

17. പിണറായി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ വികസനത്തിന് താഴെ പറയുന്ന കാര്യങ്ങൾക്ക് അടിയന്തര പ്രാധാന്യം നൽകണം.

1. ചുറ്റുമതിൽ പണിയുക.

2. ഒരു വലിയ വാട്ടർടാങ്ക് പണിത് ജലവിതരണം കാര്യക്ഷമമാക്കുക. നിലവിലുള്ള കിണറിന്റെ ആഴം കൂട്ടി ജലലഭ്യത ഉറപ്പുവരുത്തണം.

3. ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് ആവശ്യമായിരുന്ന ബ്ലഡ്ബാങ്ക്, എക്സ്-റേ യൂണിറ്റ്, സ്പെഷലിസ്റ്റ് ഡോക്ടർമാരടങ്ങിയ യൂണിറ്റുകൾ എന്നിവ സ്ഥാപിക്കുക.

4. കൂടുതൽ സ്റ്റാഫ് ക്വോട്ടേഴ്സ് പണിയണം.

5. പഞ്ചായത്ത് ഫണ്ടിൽ നിന്നും അത്യാവശ്യമരുന്നുകൾ വാങ്ങാനാവശ്യമായ തുക നീക്കിവെക്കുക.

6. ഒരു മോർച്ചറി നിർമ്മിക്കണം.

7. 24 മണിക്കൂറും പ്രവർത്തിക്കുന്ന കാഷ്യാലിറ്റി യൂണിറ്റ് തുടങ്ങുക.

## കുടിവെള്ളം

പ്രകൃതി നമുക്കുനൽകിയ വിഭവങ്ങൾ മിക്കതും അപ്രത്യക്ഷമാവുകയോ ഉപയോഗശൂന്യമാവുകയോ ചെയ്യുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ജലസമ്പത്തിന്റെ കാര്യത്തിൽ ഇതു പൂർണ്ണമായും ശരിയാണ്. നമ്മുടെ ജലവിഭവമാകെ മലിനമാക്കപ്പെടുകയോ, അശാസ്ത്രീയമായ ചൂഷണത്തിന് വിധേയമാക്കി നശിപ്പിക്കുകയോ ചെയ്യപ്പെടുന്നു. പിണറായി പഞ്ചായത്തിൽ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം പരിഹരിക്കാനുള്ള ആദ്യപടി ലഭ്യമായ ജലവിഭവങ്ങളെ കാര്യക്ഷമമായി വിനിയോഗിക്കുവാനും കാത്തുസൂക്ഷിക്കുവാനുമുള്ള മാർഗങ്ങൾ ആരായുകയാണ്. പ്രകൃതിയുടെ ഈ അമൂല്യസമ്പത്ത് കാത്തുസൂക്ഷിക്കേണ്ടത് ഏവരുടെയും ചുമതലയായി കാണേണ്ടിയിരിക്കുന്നു.

പിണറായി പഞ്ചായത്തിൽ കുടിനീരിന്റെ പ്രധാന ശ്രോതസ്സുകൾ കിണറുകളാണ്. 96.49% കുടുംബങ്ങളും കുടിനീരിനായി കിണറുകളെയാണ് ആശ്രയിക്കുന്നത്. മൊത്തം വീടുകളിൽ സ്വന്തം കിണറുള്ളവർ 71.85% ഉം അയൽപക്ക കിണറുകളെ ആശ്രയിക്കുന്നവർ 24.67% ഉം പൊതുടാപ്പുകളെ ആശ്രയിക്കുന്നവർ 3.51% ആണ്.

പഞ്ചായത്തിൽ 15 പൊതുകിണറുകളും 5 പൊതു കുഴൽ കിണറുകളും ഉണ്ട്. സ്വകാര്യ കുഴൽകിണറുകൾ 25 ഓളം വരും പൊതുകിണറുകളിൽ 2 എണ്ണം കാര്യക്ഷമമല്ല. കേരളവാട്ടർ അതോറിറ്റിയുടെ കീഴിലുള്ള രണ്ടു ജലവിതരണപദ്ധതികൾ പഞ്ചായത്തതിർത്തിക്കുള്ളിൽ പ്രവർത്തിച്ചുവരുന്നു.

മൊത്തം 35% വീടുകളിലും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. ആകെയുള്ള വീടുകളിൽ 1868 എണ്ണവും കുടിവെള്ളക്ഷാമം നേരിടുന്നവയാണ്. 7 മുതൽ 12 വരെയുള്ള വാർഡുകൾ ഉപ്പുവെള്ളംമൂലം രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളാണ്.

കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ

| വാർഡ് | പ്രശ്നമേഖല |
|---|---|
| 1. | 75% സ്ഥലങ്ങളിലും കുടിവെള്ളക്ഷാമമുണ്ട്. പുളീക്കുന്നത്ത് മഠപുരഭാഗത്ത് പ്രശ്നം രൂക്ഷമാണ്. |
| 2. | വേനൽക്കാലത്ത് ടാങ്കർലോറിയെ ആശ്രിയക്കേണ്ടിവരുന്നു. വെണ്ണീറ്റം മേഖലയിൽ കുടിവെള്ളക്ഷാമം അതിരൂക്ഷമാണ്. |
| 3. | പെനാങ്കിമെട്ട ഭാഗത്ത് ഫെബ്രവരി മാസം തൊട്ട് കിണറുകളിൽ വെള്ളം ലഭിക്കാറില്ല. |
| 4. | ആശാരിക്കാവിന് തെക്കുഭാഗം, ഡി.വൈ.എഫ്.ഐ, റോഡിന്റെ തെക്കുഭാഗം, കോഴൂർ യു.പി.സ്കൂൾ പരിസരം |
| 5. | ഉമ്മൻചിറ ഭാഗം |
| 6. | തോട്ടം പ്രദേശത്ത് 20 ഓളം വീടുകളിൽ വർഷം മുഴുവൻ 1/2 കി.മീ. അകലെ നിന്ന് വെള്ളം കൊണ്ടുവരേണ്ടിവരുന്നു. ഉപ്പുവെള്ളം കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിക്കുന്നു. മനത്തൂർമെട്ട പരിസരത്ത് വേനൽക്കാലത്ത് 50 ഓളം വീടുകളിൽ ശുദ്ധജലം കിട്ടാറില്ല. |

7. തീരപ്രദേശത്തും കുന്നിൻ പ്രദേശത്തുമുള്ള ശുദ്ധജലപ്രശ്നം രൂക്ഷമാണ്.
8. രാവുണ്ണിമുക്ക്, കണിശൻമുക്ക്, കുറുക്കൻകുന്ന്, അണ്ടലൂർക്കടവ്, കോളാട് എന്നീ പ്രദേശങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമമുണ്ട്. വാർഡിന്റെ ഭൂരിഭാഗം പ്രദേശങ്ങളിലും കുടിവെള്ളക്ഷാമമുണ്ട്. വേനൽക്കാലത്ത് ടാങ്കർലോറിയെ ആശ്രയിക്കേണ്ടി വരുന്നു. മറ്റു സ്ഥലങ്ങളിൽ നിന്നും വെള്ളം തേടി 1/2 കി.മീ. സഞ്ചരിക്കേണ്ടി വരുന്നു.
9. പുഴയോര പ്രദേശമായ പാറപ്രം പാലംതൊട്ട് എടക്കടവ്, കണ്ടോത്ത് ചിറവരെയുള്ള 100 ഓളം വീടുകളിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്. മഴക്കാലത്തുപോലും മറ്റു പ്രദേശങ്ങളിൽ നിന്നും വെള്ളം കൊണ്ടുവരുന്ന സ്ഥിതിയാണുള്ളത്. ഏപ്രിൽ, മെയ് മാസങ്ങളിൽ കുടിവെള്ളത്തിനുവേണ്ടി കടമ്പൂർ, പെരളശ്ശേരി പഞ്ചായത്തുകളെ ആശ്രയിക്കുന്നു. ലക്ഷംവീട് കോളനിയിൽ 3 മാസത്തോളം കുടിവെള്ളക്ഷാമമുണ്ട്.
10. 75% വീടുകളിലും കുടിവെള്ളക്ഷാമമുണ്ട് പുഴയോരത്ത് താമസിക്കുന്നവർക്ക് ഉപ്പുവെള്ളവും വയലിൽ വീടുവെച്ച് താമസിക്കുന്നവർക്ക് ചെളിനിറമുള്ള വെള്ളവുമാണ് ലഭിക്കുന്നത്. കുന്നിൻ പ്രദേശത്തുള്ളവർക്ക് വേനൽക്കാലത്ത് കിണറുകൾ വറ്റിവരളുന്ന സ്ഥിതിയാണുള്ളത്.
11. ചിറയിൽപീടിക മുതൽ അമ്പലഭാഗം, അരയാൽതറ പ്രദേശങ്ങളിൽ മൂന്നുനാലുമാസം തീരെ വെള്ളം ലഭ്യമല്ല. മാണിക്കോത്തുമുതൽ ചന്ദ്രോത്തുമുക്ക്, സേട്ടുപീടിക, ബാലവാടി, പാറപ്രം തെക്കേചിറ എന്നീ പ്രദേശങ്ങളിലും ഉപ്പുവെള്ളമാണ് ലഭിക്കുന്നത്. മേൽപറഞ്ഞ പ്രദേശത്തുള്ളവർ 1/2 കി.മീ. മുതൽ 1 കി.മീ. വരെ സഞ്ചരിച്ചാണ് കുടിവെള്ളം കൊണ്ടുവരുന്നത്.
12. വാർഡുമുഴുവനും ശുദ്ധജല ദൗർലഭ്യം അനുഭവപ്പെടുന്നു. പുഴയോരം ഭാഗവും സമീപപ്രദേശത്തും, വാർഡിന്റെ തെക്കുംഭാഗത്തും അതിരൂക്ഷമായ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളാണ്. നിലവിലുള്ള ശുദ്ധജല സംവിധാനം വഴി ലഭിക്കുന്ന വെള്ളത്തിൽ ഉപ്പുകലർന്നതിനാൽ ഉപയോഗയോഗ്യമല്ലാതായി വരുന്നു.

## പരിഹാരമാർഗങ്ങൾ

1. പഞ്ചായത്തുതലത്തിൽ ഒരു സമഗ്ര ജല സംരക്ഷണപദ്ധതി ആരംഭിക്കണം. നമുക്ക് ലഭിക്കുന്ന ജലം പാഴാകാതെ നോക്കേണ്ടത് ഇക്കാലത്ത് അനിവാര്യമാണ്.

2. എരുവെട്ടി വില്ലേജ് ശുദ്ധജല പദ്ധതി ത്വരിതഗതിയിൽ പൂർത്തിയാക്കുകയാണെങ്കിൽ ഒന്നു മുതൽ അഞ്ചുവരെ വാർഡുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയും.

3. ആറാം വാർഡിലുള്ള ഒതയോത്ത്കുളം ശുദ്ധജലപദ്ധതിയുടെ സംഭരണശേഷി വർദ്ധിപ്പിച്ചാൽ പിണറായി വില്ലേജിലെ കുടിവെള്ള ക്ഷാമം ഒരു പരിധിവരെ പരിഹരിക്കാൻ സാധിക്കും.

4. 5 മുതൽ 12 വരെയുള്ള വാർഡുകളിൽ ഉപ്പുവെള്ളം കയറുന്ന പ്രദേശങ്ങളിൽ ആവശ്യമായ രീതിയിൽ ചെറിയ ബണ്ടുകൾ നിർമ്മിച്ചുകൊണ്ട് ഉപ്പുവെള്ളം തടഞ്ഞുനിർത്തിയാൽ ഒരു പരിധിവരെ ശുദ്ധജലക്ഷാമം പരിഹരിക്കാം.

5. പൊതുവിതരണ സംവിധാനം വഴിയുള്ള കുടിവെള്ളം ദുരുപയോഗം ചെയ്യുന്നതും വെള്ളം പാഴായിപോകുന്നതും കർശനമായി തടയണം.

6. കുടിവെള്ള ക്ഷാമമുള്ള പ്രദേശങ്ങളിൽ ജനപങ്കാളിത്തത്തോടുകൂടി പൊതുകിണറുകൾ സ്ഥാപിച്ച് പൈപ്പുലൈൻ വഴി കുടിവെള്ളം എത്തിച്ചുകൊടുക്കണം.

7. നിലവിലുള്ള പൊതു കിണറുകൾ, പൊതുടാപ്പുകൾ എന്നിവ അറ്റകുറ്റപ്പണിചെയ്ത് കാര്യക്ഷമമാക്കുക. ഓലയമ്പലത്ത് വില്ലേജ് ഓഫീസിന് മുൻവശമുള്ള പൊതുകിണർ, കാപ്പുമ്മൽ കളിമൺ സൊസൈറ്റിക്ക് മുൻവശമുള്ള പൊതുകിണർ എന്നിവ പുതുക്കി പണിതും ലക്ഷംവീടു കോളനിയിലെ പൊതുകിണർ ആഴംകൂട്ടിയും ഉപയോഗപ്രദമാക്കണം.

8. വേനൽക്കാലത്ത് കിണറുകൾ വറ്റിവരളുന്ന പ്രദേശങ്ങളിൽ കിണറുകളുടെ ആഴം കൂട്ടാൻ സാമ്പത്തികസഹായം നല്കുന്ന ഒരു പദ്ധതി ആരംഭിക്കണം. ലഭ്യമാക്കുന്ന സഹായം നിർദ്ദിഷ്ട ഉദ്ദേശത്തിന് ചെലവഴിക്കുന്നുവെന്ന് ഉറപ്പുവരുത്തണം.

9. നിലവിൽ ഉപയൊഗശൂന്യമായി കിടക്കുന്നതും എന്നാൽ ശുദ്ധജലം ലഭിക്കാൻ സാദ്ധ്യതയുള്ളതുമായ എല്ലാ ജലസ്രോതസ്സുകളേയും പഞ്ചായത്ത് ഏറ്റെടുത്ത് കുടിവെള്ള പദ്ധതികൾ ആരംഭിക്കാം. 11ാം വാർഡിൽ സർക്കാർ സ്ഥലത്ത് സ്ഥിതിചെയ്യുന്ന ചിറയിൽകുളം കേന്ദ്രീകരിച്ച് ഒരു ചെറുകിട ശുദ്ധജല പദ്ധതി ആരംഭിക്കുകയാണെങ്കിൽ 9, 11, 12 വാർഡുകളിലെ ശുദ്ധജല ക്ഷാമം പരിഹരിക്കാൻ സാധിക്കും.

10. പാറപ്രം അണക്കെട്ടിന്റെ അറ്റകുറ്റപണി പൂർത്താകരിച്ചാൽ 9, 10, 12 വാർഡുകളിലെ ശുദ്ധജല ക്ഷാമം പരിഹരിക്കാൻ സാധിക്കും.

11. തലശ്ശേരി-മാഹി ശുദ്ധജല വിതരണ പദ്ധതിയിൽ നിന്ന് പിണറായി പഞ്ചായത്തിലേക്ക് വെള്ളം ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.



# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

## ഗതാഗതം

ഏതൊരു പ്രദേശത്തിന്റെയും വികസനകാര്യത്തിൽ ഗതാഗതസൗകര്യങ്ങൾ വളരെ മുൻഗണന അർഹിക്കുന്നു. 50 വർഷം മുൻപെ ജലഗതാഗതത്തിനും റോഡ് ഗതാഗതത്തിനും ഒരു പോലെ പ്രാധാന്യമുണ്ടായിരുന്ന പ്രദേശമാണിത്. ജനങ്ങൾക്ക് അന്യോന്യം ബന്ധപ്പെടാനും വാണിജ്യത്തിൽ ഏർപ്പെടുന്നതിനും വേണ്ടിയാണ് ഗതാഗത ശൃംഖലകൾ രൂപപ്പെട്ടുവന്നത്. റോഡുഗതാഗതത്തിൽ ആധുനികത കടന്നുവന്നതോടെ ജലഗതാഗതത്തിന്റെ പ്രാധാന്യം കുറഞ്ഞുവന്നു.

നമ്മുടെ പഞ്ചായത്തിലെ ഏറ്റവും പുരാതനമായ റോഡ് ഓലയമ്പലം- കേളാലൂർ-കായലോട്ട്-കോട്ടയത്തങ്ങാടി റോഡാണ്. ഈ റോഡ് കോട്ടയം രാജാവുമായും കോട്ടയത്തങ്ങാടിയുമായും ബന്ധപ്പെടുന്നതിനു വേണ്ടി ഉണ്ടാക്കിയതാണ്. കോട്ടയം മലബാറിലെ പ്രധാന വാണിജ്യകേന്ദ്രമായിരുന്ന കോട്ടയത്തങ്ങാടിയിലേക്ക് വ്യാപാരത്തിനും മറ്റും പിണറായിലേയും സമീപപഞ്ചായത്തുകളിലേയും ജനങ്ങൾ സഞ്ചരിച്ചിരുന്ന ഈ വഴിയുടെ ഇരുവശങ്ങളിലും വ്യാപാരസ്ഥാപനങ്ങളുണ്ടായിരുന്നുവെന്ന് കരുതപ്പെടുന്നു.

പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട റോഡായ തലശ്ശേരി- അഞ്ചരക്കണ്ടി റോഡ് ബ്രിട്ടീഷുകാരുടെ കാലത്ത് അഞ്ചരക്കണ്ടി കറുപ്പത്തോട്ടത്തിലേക്ക് തലശ്ശേരിയിൽ നിന്നും സായ്പിന് കുതിരവണ്ടിയിൽ യാത്രചെയ്യുന്നതിനുവേണ്ടിയുണ്ടാക്കിയതാണ്. കാലക്രമേണ പല നടവഴികളും ഇടവഴികളും റോഡുകളായി രൂപാന്തരപ്പെട്ടു. പഞ്ചായത്തിലെ റോഡുകളെല്ലാം രൂപപ്പെട്ടത് തദ്ദേശീയരുടെ ശ്രമദാനം വഴിയാണെന്നത് ജനകീയസേവനത്തിന്റെ പ്രാധാന്യം ഓർമ്മിപ്പിക്കുന്ന വികേന്ദ്രീകൃതാസൂത്രണത്തിന്റെ വർത്തമാനത്തിൽ ഏറെ പ്രസക്തമാണ്.

വികസനമെന്നാൽ റോഡുകളുടെ നിർമ്മാണം മാത്രമാണെന്ന വികലധാരണ നമ്മളിൽ വളർന്നുവന്നതിനെ തുടർന്നാണ് പഞ്ചായത്തിൽ റോഡുകളുടെ വ്യാപനം ഇത്ര ശക്തമായത്. നമ്മുടെ പഞ്ചായത്തിലെ റോഡുകളുടെ നീളം 74.867 കി.മി. ആണ്. വിസ്തീർണ്ണവും റോഡ് നീളവും തമ്മിലുള്ള ആനുപാതികതോത് 3.76 കി.മി/ച.കി.മി.യാണ്. ഇത് സംസ്ഥാന ശരാശരിയായ 3.2കി.മി/ച.കി.മി.യെക്കാൾ കൂടുതലാണ്. എങ്കിലും പഞ്ചായത്തിന്റെ 1ാം വാർഡുപോലുള്ള ഭാഗങ്ങളിൽ റോഡുകൾ കുറവാണെന്ന് കാണാം. 28759 ജനസംഖ്യയുള്ള നമ്മുടെ പഞ്ചായത്തിൽ ഒരാൾക്ക് 77.85 ച.മി. റോഡുണ്ട്. (അവലംബം 91 സെൻസസ്)

പഞ്ചായത്തിൽ 2 സ്ഥലങ്ങളിൽ ഓട്ടോ ടാക്സി പാർക്കുചെയ്യുന്നുണ്ട്. ഓലയമ്പലത്തും കാപ്പുമ്മലുമാണുള്ളത്. ഏറ്റവും കൂടുതൽ വാഹനഗതാഗതം നടത്തുന്ന റോഡുകൾ തലശ്ശേരി-അഞ്ചരക്കണ്ടി റോഡും കായലോട്-കതിരൂർ റോഡുമാണ്. പഞ്ചായത്തിലൂടെ 50ഓളം ബസ്സുകൾ സർവ്വീസ് നടത്തുന്നതിനു പുറമേ ഓട്ടോറിക്ഷകൾ, ജീപ്പുകൾ, വാനുകൾ തുടങ്ങി ആയിരത്തോളം വാഹനങ്ങൾ ഗതാഗതം നടത്തുന്നുണ്ട്.

പഞ്ചായത്തിലെ മൊത്തം റോഡുകളുടെ സ്ഥിതി വിവരം പട്ടിക A, B, C, D എന്നിവയിൽ ചേർത്തിരിക്കുന്നു.

പഞ്ചായത്തിലെ PWDറോഡുകളുടെ നീളം 21.280 കി.മി. ആണ്. പഞ്ചായത്ത് റോഡുകളുടെ നീളം 36.959 കി.മി. ആണ്. പഞ്ചായത്ത് റോഡു രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളത് 58 റോഡുകളാണ്.

പട്ടിക Aയിൽ കാണിച്ചിരിക്കുന്ന റോഡുകൾ

## പട്ടിക എ.
## പഞ്ചായത്തിലെ ടാർ ചെയ്ത റോഡുകൾ

| | റോഡ് | ഉടമസ്ഥത | ദൂരം (കിമീ) | വീതി(മീ.) | ബസ്സ് ഉണ്ട്/ ഇല്ല |
|---|---|---|---|---|---|
| 1 | തലശ്ശേരി – അഞ്ചരക്കണ്ടി | PWD | 3.000 | 10 | ഉണ്ട് |
| 2 | കതിരൂർ – കായലോട് | PWD | 3.000 | 7 | ഉണ്ട് |
| 3 | കാപ്പുമ്മൽ – ഓലയമ്പലം | PWD | 4.850 | 7 | ഉണ്ട് |
| 4 | ആറാംമൈൽ – കാപ്പുമ്മൽ | PWD | 1.100 | 7 | ഉണ്ട് |
| 5 | ഓലയമ്പലം – പാറപ്രം | PWD | 2.500 | 7 | ഇല്ല |
| 6 | ഉമ്മൻചിറ – പന്തക്കപ്പാറ | PWD | 2.000 | 7 | ഉണ്ട് |
| 7 | പടന്നക്കര–ചെക്കിക്കുനിപ്പാലം–പാറപ്രം | PWD | 4.830 | 6 | ഉണ്ട് |
| 8 | പാനുണ്ട – ആലക്കണ്ടി ബസാർ | പഞ്ചായത്ത് | 0.480 | 6 | ഉണ്ട് |
| 9 | കമ്പൗണ്ടർ ഷാപ്പ്–കിഴക്കുംഭാഗം | പഞ്ചായത്ത് | 0.500 | 6 | ഉണ്ട് |
| 10 | പാച്ചപ്പൊയ്ക–പാനുണ്ട | പഞ്ചായത്ത് | 0.500 | 6 | ഉണ്ട് |

## പട്ടിക ബി
## പഞ്ചായത്തിലെ ടാർ ചെയ്യാത്ത പ്രധാന റോഡുകൾ

| | റോഡ് | ഉടമസ്ഥത | ദൂരം (കിമീ) | വീതി(മീ.) | ബസ്സ് ഉണ്ട്/ ഇല്ല |
|---|---|---|---|---|---|
| 1 | പാച്ചപ്പൊയ്ക–പാനുണ്ട–ഓലായിക്കര | പഞ്ചായത്ത് | 2.500 | 7 | ഉണ്ട് |
| 2 | പാനുണ്ട–പൊട്ടൻപാറ–അഞ്ചാംമൈൽ | പഞ്ചായത്ത് | 1.500 | 7 | ഉണ്ട് |
| 3 | പാനുണ്ട–ആറാംമൈൽ | പഞ്ചായത്ത് | 1.000 | 7 | ഉണ്ട് |
| 4 | ആശുപ്ത്രി–ചേരിക്കൽ | പഞ്ചായത്ത് | 2.000 | 6 | ഇല്ല |
| 5 | ഒതയോത്തുകുളം–കേളാലൂർ–കായലോട് | പഞ്ചായത്ത് | 1.000 | 6 | ഇല്ല |
| 6 | ഓട്ടുകമ്പനി–ചേരിക്കൽ | പഞ്ചായത്ത് | 0.500 | 4 | ഇല്ല |
| 7 | കമ്പൗണ്ടർഷാപ്പ്–വേണ്ടുട്ടായി വയൽ | പഞ്ചായത്ത് | 0.310 | 6 | ഇല്ല |

ടാർചെയ്തതാണെങ്കിലും പൊട്ടിപ്പൊളിഞ്ഞ് ശോചനീയാവസ്ഥയിലാണ്. യഥാസമയം ശാസ്ത്രീയമായി അറ്റകുറ്റപ്പണി നടത്താത്തതാണ് ഇതിന്റെ കാരണം. പട്ടിക B, C ഇവയിൽ കാണിച്ചിരിക്കുന്ന റോഡുകൾ പഞ്ചായത്തിലെ പ്രധാനറോഡുകളാണെങ്കിലും ഏറെ പോരായ്മകളുണ്ട്. പട്ടിക D യിൽ കാണിച്ചിരിക്കുന്നവ പഞ്ചായത്ത് റോഡ് രജിസ്റ്റർ, ഗ്രാമസഭാ റിപ്പോർട്ടുകൾ എന്നിവയെ അവലംബിച്ചു തയ്യാറാക്കിയതാണ്. സുമാർ 10 അടി വീതിയെങ്കിലുമുള്ള വഴികളാണ് റോഡുകൾ എന്ന് പറയുന്നത്. പഞ്ചായത്തിലെ എല്ലാ റോഡുകളും ഗതാഗത യോഗ്യമാണ്.

## പ്രശ്നങ്ങൾ

1. നിലവിലുള്ള റോഡുകളുടെ ഗുണനിലവാരമില്ലായ്മ

2. അപകടകരമായ വളവുകൾ

3. റോഡിൽത്തന്നെയുള്ള മാറ്റിസ്ഥാപിക്കാവുന്ന ഇലക്ട്രിക്ക്-ടെലഫോൺ പോസ്റ്റുകൾ

4. റോഡിലേക്കു ചാഞ്ഞുനിൽക്കുന്ന മരങ്ങളും ശിഖകളും

5. റോഡുകളുടെ വീതികുറവ്

6. ഓവുചാലുകളില്ലായ്മ കാരണം വെള്ളം കെട്ടിനിൽക്കുന്നത്

7. കുത്തനെയുള്ള കയറ്റവും ഇറക്കവും

8. പാലങ്ങളുടെ വീതിക്കുറവ്

9. മെറ്റൽ ചെയ്തിട്ടും ടാർചെയ്യാൻ താമസിക്കുന്നത്

10. അശാസ്ത്രീയമായ റിപ്പേറിങ്

11. റോഡിൽ വാഹനങ്ങളും മറ്റും കഴുകുന്നത്

12. കെട്ടിട നിർമ്മാണസാമഗ്രികൾ റോഡിൽ ഇറക്കിയിടുന്നത്

13. റോഡിലേക്ക് തള്ളിനിൽക്കുന്ന കെട്ടിടങ്ങളും മറ്റും.

14. പൊട്ടിയൊഴുകുന്ന വാട്ടർ പൈപ്പുകൾ

15. സ്വന്തം ആവശ്യത്തിന് വേണ്ടി സ്വകാര്യവ്യക്തികൾ ഓവുചാലുകൾ നികത്തുന്നത് വെള്ളം കെട്ടിനിൽക്കാൻ കാരണമാകുന്നു.

16. പ്രധാന റോഡുകളിൽ പോലും സ്ട്രീറ്റ് ലൈറ്റില്ലാത്തത്.

## സാധ്യതകൾ

1. വാഹനഗതാഗതമേറെയുള്ളതും പ്രധാനസ്ഥലങ്ങളെ ബന്ധിപ്പിക്കുന്നതുമായ മെറ്റൽ റോഡുകളും മൺറോഡുകളും മുൻഗണനാക്രമത്തിൽ ടാർചെയ്യാവുന്നതാണ്

2. ഗതാഗത സൗകര്യങ്ങൾ വളരെകുറഞ്ഞ ഒന്നാം വാർഡു പോലുള്ള പ്രദേശങ്ങളിൽ മുൻഗണനാക്രത്തിൽ ആവശ്യമായ റോഡു സൗകര്യങ്ങൾ ഉണ്ടാക്കാവുന്നതാണ്.

3. ചിലറോഡുകൾ പരസ്പരം ബന്ധിപ്പിച്ചാൽ കിലോമീറ്ററുകൾ ലാഭിക്കാൻ കഴിയും. ഇത്തരം സാധ്യതകൾ പരിശോധിക്കാവുന്നതാണ്.

4. മമ്മാക്കുന്നു കടവിൽ പാലം പണിയുകയാണെങ്കിൽ കടമ്പൂർ, ധർമ്മടം, പെരളശ്ശേരി, പിണറായി പഞ്ചായത്തുകളെ ബന്ധിപ്പിക്കാനും ഇതുവഴിയുള്ള റോഡുഗതാഗതം NHന് ബദലായി ഉപയോഗിക്കാവുന്നതുമാണ്.

5. റോഡപകടങ്ങൾ ഒഴിവാക്കാനും യാത്രാസൗകര്യത്തിനും പ്രധാന റോഡുകളിൽ സ്ട്രീറ്റ്ലൈറ്റുകൾ സ്ഥാപിക്കാവുന്നതാണ്.

6. റോഡ് നിർമ്മാണത്തിനും റിപ്പയറിങ്ങിനും പ്രാദേശിക ജനകീയ കമ്മറ്റികളുടെ സേവനം പ്രയോജനപ്പെടുത്തുകയാണെങ്കിൽ റോഡ് ദുരുപയോഗം തടയാനും റോഡ് സംരക്ഷണത്തിനുമുള്ള സാധ്യത.

7. ഓലയമ്പലം-കാപ്പുമ്മൽ എന്നിവിടങ്ങളിൽ ടാക്സി സ്റ്റാന്റുകൾ നിർമ്മിക്കാവുന്നതാണ്.

8. പ്രധാന കേന്ദ്രങ്ങളിൽ ബസ് വെയിറ്റിംഗ് ഷെൽട്ടറുകൾ സ്ഥാപിക്കാവുന്നതാണ്.

9. കണ്ണൂർ-തലശ്ശേരി, പാനൂർ, കൂത്തുപറമ്പ് പട്ടണങ്ങളെ നേരിട്ടു ബന്ധിപ്പിക്കുന്ന ബസ് റൂട്ടുകൾ ആരംഭിക്കാനുള്ള സാധ്യത

10. പാറപ്രം, ഓലയമ്പലം, കാപ്പുമ്മൽ, കായലോട് മിനി ബസ്സ് സർവ്വീസുകൾ ആരംഭിക്കാവുന്നതാണ്.

11. ബസ്സ് സർവ്വീസ് ഉണ്ടായിട്ടും നിലച്ചുപോയവ പുനഃസ്ഥാപിക്കാനുള്ള സാധ്യത

12. ആവശ്യമായ സ്ഥലങ്ങളിൽ കലുങ്കുകൾ സ്ഥാപിക്കാവുന്നതാണ്.

13. പഞ്ചായത്തിനകത്തുകൂടി കടന്നു പോകുന്നതും പഞ്ചായത്തിലുള്ളതുമായ എല്ലാ റോഡുകളുടേയും സ്ഥിതിവിവരകണക്കുകൾ ശാസ്ത്രീയമായി പട്ടികപ്പെടുത്തുക.

14. പഞ്ചായത്ത് റോഡതിർത്തികളുടേയും പുറമ്പോക്ക് സ്ഥലങ്ങളുടെയും അതിരുകൾ തിട്ടപ്പെടുത്തി മാർക്കു ചെയ്തു വെക്കുന്നത് സ്ഥലം കൈയ്യേറ്റം ഒഴിവാക്കാൻ സഹായിക്കും.

15. പഞ്ചായത്തിലെ ഇടവഴികളും നടപ്പാതകളും പട്ടികപ്പെടുത്തിവെക്കുക

16. പ്രധാന റൂട്ടുകളിൽ രാത്രി 9 മണി വരെ പട്ടണത്തിലേക്കും 10 വരെ തിരിച്ചും ബസ്സ് സർവ്വീസ് സൗകര്യം ഉറപ്പുവരുത്തുക.

17. പ്രധാന റോഡുകളിൽ ശാസ്ത്രീയമായി സ്ഥിരമായ ഓടകൾ നിർമ്മിച്ച് വെള്ളം ഒഴുകിപ്പോകാനുള്ള സൗകര്യം ഉറപ്പുവരുത്താം

18. റോഡിലേക്ക് ചാഞ്ഞുനിൽക്കുന്ന മരങ്ങളും ശിഖിരങ്ങളും മുറിച്ചുമാറ്റുവാൻ പ്രാദേശിക ജനകീയ സമിതികളുടെ സഹകരണം ഉറപ്പുവരുത്താവുന്നതാണ്.

19. ഇലക്ട്രിക് പോസ്റ്റുകളും ടെലിഫോൺ പോസ്റ്റുകളും റോഡരുകിലേക്ക് മാറ്റുവാൻ ബന്ധപ്പെട്ട ഓഫീസുകളിൽ സമ്മർദ്ദം ചെലുത്താവുന്നതാണ്.

20. ജലവിതരണത്തിനും ടെലഫോൺ കേബിളിനും വേണ്ടി കുഴികളെടുത്താൽ പെട്ടെന്നുതന്നെ അവ നികത്തി പൂർവ്വസ്ഥിതിയിലാക്കി ആവശ്യമായ നടപടികൾ സ്വീകരിക്കുക.

21. പിണറായിയിൽ ഒരു ബസ്സ് സ്റ്റാന്റ് നിർമ്മിക്കാവുന്നതാണ്

22. റോഡുകളുടെ സംരക്ഷണത്തിന് ജനകീയസമിതികൾ വായനശാലകൾ സന്നദ്ധസംഘടനകൾ എന്നിവയെ ചുമതലപ്പെടുത്താവുന്നതാണ്.

23. റോഡിലെ വീതികുറഞ്ഞ പാലങ്ങൾ വീതി കൂട്ടുക.

24. പിണറായി പഞ്ചായത്തും ധർമ്മടം പഞ്ചായത്തും തമ്മിൽ ബന്ധിപ്പിക്കാൻ 11ാം വാർഡിലെ പുതുവയൽ കടവിന് നടപ്പാലം പണിയാവുന്നതാണ്.

## നടപ്പാതകൾ

പഞ്ചായത്തിൽ കാൽനടയാത്രാസൗകര്യത്തിനായി റോഡുകൾക്കുപുറമെ നിരവധി നടപ്പാതകളുണ്ട്. പഞ്ചായത്തിലെ പ്രധാന നടപ്പാതകൾ പട്ടിക E യിൽ കൊടുത്തിരിക്കുന്നു.

### പട്ടിക E

| | നടപ്പാതകൾ | നീളം കി.മീ. | വീതി മീ. |
|---|---|---|---|
| 1 | വെള്ളിച്ചാം കണ്ടി വയൽ | 0.62 | 1.25 |
| 2 | കുന്നുംവയൽ | 0.232 | 2.00 |
| 3 | നാവത്തുവയൽ | 0.682 | 1.5 |
| 4 | പെനാങ്കിമെട്ട - എരുവട്ടിവയൽ | 1.0000 | 2.00 |

*(അവലംബം പഞ്ചായത്ത് റോഡ് രജിസ്റ്റർ - ഗ്രാമസഭാ റിപ്പോർട്ടുകൾ)*

## പ്രശ്നങ്ങൾ

1. വീതികുറവ്
2. അരികുകൾ ഇടിഞ്ഞിരിക്കുന്നു.
3. മഴക്കാലത്ത ചെളി കെട്ടി നിൽക്കുന്നു.

## സാധ്യതകൾ

1. പെനാങ്കിമെട്ട എരുവട്ടിവയൽ നടപ്പാത വീതി കൂട്ടി ട്രില്ലറിനു പോവാനുള്ള സൗകര്യമുണ്ടാക്കുക.

2. DYFI റോഡ്- കോഴൂർ വയൽ - പന്തക്കപ്പാറ പുതിയനടപ്പാത നിർമ്മിക്കാവുന്നതാണ്.

3. കുനിയിൽ താഴ വയൽ ചെള്ളത്തൂതാഴ നടപ്പാത നിർമ്മിക്കാവുന്നതാണ്.

4. ശിവരാമൻ പീടിക മുതൽ -ഒതയോത്തു കുളം വരെ നടപ്പാത നിർമ്മിക്കണം.

5. തൈയ്യുള്ളതിൽ വീട് - പരപ്രത്ത് ബാലൻചിറ വെണ്ടുട്ടായി അരയാൽ ചിറവരെ നടപ്പാത വേണം.

6. നടപ്പാതകൾക്കാവശ്യമായ സ്ളാബുകൾ നിർമ്മിക്കണം.

7. വെള്ളം ഒഴിഞ്ഞുപോവാനാവശ്യമായ പൈപ്പുകൾ സ്ഥാപിക്കണം.

8. രണ്ടാം വാർഡിൽ പാനുണ്ടവയലിൽ ഫുട്പാത്ത് കെട്ടാവുന്നതാണ്.

9. 11ാം വാർഡിൽ പഞ്ചായത്ത് ഓഫീസ് മുതൽ പിണറായി വെസ്റ്റ് ബേസിക് യു.പി. സ്കൂൾ വരെ വയൽ വഴി നടപ്പാത കെട്ടാവുന്നതാണ്.

## പാലങ്ങൾ

വലിയ ഒരു ഭാഗം പുഴകളാൽ ചുറ്റപ്പെട്ട ഒരു പഞ്ചായത്തിന് കതിരൂർ- എരഞ്ഞോളി, ധർമ്മടം, പെരളശ്ശേരി പഞ്ചായത്തുകളുമായി ബന്ധിപ്പിക്കുന്നത് പാലങ്ങളാണ്. പ്രധാന പാലങ്ങൾ പട്ടിക F ൽ കൊടുത്തിരിക്കുന്നു.

### പട്ടിക F

മറ്റു പഞ്ചായത്തുകളുമായി ബന്ധിപ്പിക്കുന്ന പ്രധാന പാലങ്ങൾ

| നമ്പർ | പാലം | ബന്ധിപ്പിക്കുന്ന പ്രദേശങ്ങൾ |
|---|---|---|
| 1 | ചേക്കൂപാലം | എരഞ്ഞോളി |
| 2. | അണ്ടലൂർ പാലം | ധർമ്മടം |
| 3 | പാറപ്രം പാലം | പെരളശ്ശേരി |
| 4 | ഉമ്മഞ്ചിറപ്പാലം | എരഞ്ഞോളി |
| 5 | എരുവട്ടിപ്പാലം | കതിരൂർ |
| 6 | കോളാട് പാലം | ധർമ്മടം |

പട്ടിക F ൽ കാണിച്ചതിനു പുറമെ അനേകം ചെറുപാലങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട്. ചെക്കിക്കുനി പാലം പോലുള്ള പഴയ പാലങ്ങൾക്ക് പലതിനും വീതി കുറവും ബലക്ഷയവുമുണ്ട്. ഇത് പരിഹരിക്കാൻ സാധിക്കേണ്ടതാണ്.

## ജലഗതാഗതം

പഞ്ചായത്തിന്റെ തെക്കു പടിഞ്ഞാറു ഭാഗം മുഴുവൻ പുഴകളാണ്. അഞ്ചരക്കണ്ടി പുഴ അണ്ടലൂർ പുഴ ഉമ്മഞ്ചിറപ്പുഴ എന്നിവയാണവ. പണ്ടുകാലങ്ങളിൽ ധർമ്മടം പെരളശ്ശേരി, കടമ്പൂർ എരഞ്ഞോളി പഞ്ചായത്തുകളുമായി പിണറായി പഞ്ചായത്തിലെ ജനങ്ങൾ ബന്ധപ്പെട്ടിരുന്നത് ജലഗതാഗതം വഴിയായിരുന്നു. മമ്പറം പാലം, ചേക്കൂപാലം അണ്ടലൂർ പാറപ്രം പാലങ്ങൾ എന്നിവയുടെ നിർമ്മാണത്തോടെയാണ് ജലഗതാഗതത്തിന്റെ പ്രധാന്യം കുറഞ്ഞത്. 40 വർഷം മുൻപെ ധർമ്മടം മൊയ്തു പാലം മുതൽ മമ്പറം വരെ ബോട്ട് സർവ്വീസുകളുണ്ടായിരുന്നു. ചരക്കുകൾ കടത്താൻ തോണികളെയും ചങ്ങാടങ്ങളെയും ആശ്രയിച്ചിരുന്നു.

ചില സ്ഥലങ്ങളിൽ ഇന്നും കടത്തിനായി തോണി

## പട്ടിക സി
## മറ്റു പ്രധാന റോഡുകൾ

| | വാർഡ് | റോഡ് | നീളം(കി.മീ.) | വീതി (മീ) |
|---|---|---|---|---|
| 1 | 1,2 | പാച്ചപ്പൊയ്ക-ഓലായിക്കര-പാനുണ്ട സ്കൂൾ റോഡ് | 1.650 | 5 |
| 2 | 2,3 | പാനുണ്ട സ്കൂൾ-കപ്പണക്കാട്-കുടംപൊയിൽ | 1.280 | 6 |
| 3 | 2 | തീപ്പെട്ടിക്കമ്പനി-പാനുണ്ട റോഡ് | 1.000 | 4 |
| 4 | 11 | പാറപ്രം-പുതുവയൽ | 0.500 | 6 |
| 5 | 5 | വെണ്ടുട്ടായിവയൽ-പന്തക്കപ്പാറ | 1.500 | 6 |
| 6 | 6 | ഏറാഞ്ചേരി-കിഴക്കുംഭാഗം | 1.500 | 5 |
| 7 | 5 | പാറായിന്റവിട-കാപ്പിൽ-വെണ്ടുട്ടായി വയൽ | 1.500 | 4 |
| 8 | 4,5 | പന്തക്കപ്പാറ ശ്മശാനം-കനാൽകര അറത്തിൽകാവ് | 1.500 | 7 |
| 9 | 3,4 | പുതുശ്ശേരിമുക്ക്-പെനാങ്കിമെട്ട | 1.200 | 6 |
| 10 | 8 | ചെക്കിക്കുനിപാലം-ഓലയമ്പലം | 1.500 | 2.70 |
| 11 | 9 | ഡോക്ടർമുക്ക്-കാട്ടിൽപീടിക | 1.500 | 4 |
| 12 | 8,9 | പിണറായി വെസ്റ്റ്-പാറപ്രം | 0.900 | 6 |
| 13 | 5 | ഉമ്മൻചിറ-വെണ്ടുട്ടായി | 1.500 | 7 |

## പട്ടിക ഡി
## മറ്റു റോഡുകൾ

| | റോഡ് | നീളം(കി.മീ.) | വീതി (മീ) |
|---|---|---|---|
| 1 | പാനുണ്ട സ്കൂൾ -പാനുണ്ട വയൽ | 1.500 | 4 |
| 2 | ഓലയമ്പലം ലക്ഷംവീട് സൈറ്റ് | 1.000 | 3.5 |
| 3 | കോഴൂർ-വയൽ റോഡ് | 0.800 | 4 |
| 4 | കോഴൂർവായനശാല-കോഴൂർ വയൽറോഡ് | 0.850 | 4 |
| 5 | ഓലായിക്കര മാമ്പില്ലത്ത് റോഡ് | 0.240 | 6 |
| 6 | കൊട്ടന്റെ മുക്ക് വയൽ പീടിക | 0.465 | 4 |
| 7 | വെണ്ടുട്ടായി ലക്ഷംവീട് സൈറ്റ് റോഡ് | 0.200 | 4 |
| 8 | കോഴൂർ ലക്ഷംവീട് സൈറ്റ് | 0.070 | 3.5 |
| 9 | പള്ളികുണ്ടം-ചാത്തോത്ത് താഴെ | 0.400 | 4 |
| 10 | കോളാട് - പാറപ്രം | 1.600 | 6 |
| 11 | കെട്ടുതാങ്ങി - എടക്കടവ് | 0.600 | 6 |
| 12 | പടന്നക്കര-ആലക്കണ്ടി അനന്തൻപറമ്പ് | 0.800 | 4 |
| 13 | പടിഞ്ഞാറേച്ചാൽ-തുണിയത്ത് മുക്ക് | 0.749 | 4 |
| 14 | കൊണ്ടലാട്ട്മുക്ക്-കോളൂർ വയൽ | 0.500 | 4 |
| 15 | പാനുണ്ട-ഓലായിക്കര ഫീൽഡ് പോർഷൻ | 0.705 | 4 |
| 16 | പന്തക്കപ്പാറ-വെണ്ടുട്ടായി സ്കൂൾ | 0.400 | 4 |
| 17 | പടന്നക്കര-നങ്ങാരൻ മുക്ക് | 0.375 | 3 |
| 18 | കാപ്പുമ്മൽ-കോഴൂർ വയൽ ഡിവൈഎഫ്ഐ റോഡ് | 0.535 | 3 |

## പട്ടിക ഡി (തുടർച്ച)
## മറ്റു റോഡുകൾ

| | റോഡ് | നീളം(കി.മീ.) | വീതി (മീ) |
|---|---|---|---|
| 19 | യു. രാഘവൻ സ്മാരകറോഡ് | 0.480 | 4 |
| 20 | വി.പി.മുക്ക്-ചിരക്കരമുക്ക് | 0.588 | 3.70 |
| 21 | പെനാങ്കി മുക്ക്-വാഴയിൽ വീട് | 0.734 | 3.40 |
| 22 | എരുവെട്ടി-ചാലിൽപറമ്പ് തോട്ടുങ്കര ഗോവിന്ദൻ വീട് | 0.636 | 4.20 |
| 23 | കാപ്പുമ്മൽ-എരുവെട്ടി വയൽ | 0.200 | 3.60 |
| 24 | കാനത്തായി മുക്ക് - പടന്നക്കര | 0.350 | 3 |
| 25 | കോഴൂർ യു.പി. മടപ്പുര | 0.360 | 3.50 |
| 26 | മഹിളാസമാജം - വെണ്ണീറ്റുംകുന്ന്-പാനുണ്ട റോഡ് | 0.350 | 4 |
| 27 | അച്ചങ്കരപ്പള്ളി - പാനൂണ്ട ഹെൽത്ത് സെന്റർ | 2.500 | 4 |
| 28 | കാപ്പുമ്മൽ - പാനുണ്ട അമ്പലം | 0.300 | 6 |
| 29 | ചക്യത്തുംകമ്പ്-പാനുണ്ട | 0.200 | 4 |
| 30 | കോമ്പ്റോഡ് | 0.500 | 4 |
| 31 | ചക്യത്തുകാവ് - സുബേദാർ | 0.500 | 4 |
| 32 | പുതുശ്ശേരി മുക്ക് - മൈതാനിക്കാട് | 0.300 | 3 |
| 33 | കിഴക്കുംഭാഗം വായനശാല - വാട്ടർടാങ്ക് - കായലോട് | 1.000 | 4 |
| 34 | പുത്തൻകണ്ടം - കൂനേരിപ്പറമ്പ് | 1.000 | 4 |
| 35 | കിഴക്കുംഭാഗം - തയ്യുള്ളതിൽ കളത്തിൽമെട്ട | 0.500 | 4 |
| 36 | പാറപ്രം വായനശാല-പാറപ്രം തെക്ക് | 0.750 | 3 |
| 37 | രാമുണ്ണിപ്പീടിക-കോളാട് പാലം | 1.000 | 6 |
| 38 | ഓലയമ്പലം - എ.കെ.ജി.എച്ച്.എസ്. റോഡ് | 0.300 | 4 |
| 39 | പുത്തൻകണ്ടം പാണ്ട്യാലമുക്ക് റോഡ് | 0.500 | 5 |

ക്കൾ ഉപയോഗിക്കുന്നുണ്ട്. ഇപ്പോൾ അഞ്ച് തോണികൾ സർവ്വീസ് നടത്തുന്നുണ്ട്. ഇന്ന് നിലവിലുള്ള കടവുകൾ പട്ടിക Gയിൽ കാണിച്ചിരിക്കുന്നു. അതിൽ ഒന്ന് ജനകീയകമ്മറ്റി നടത്തുന്നതാണെന്നത് ശ്രദ്ധേയമാണ്.

### പ്രശ്നങ്ങൾ

1. കടവുകളിൽ തോണി അടുക്കുവാനുള്ള സൗകര്യക്കുറവ്.

2. വർഷകാലങ്ങളിൽ വെള്ളപൊക്കം കാരണം കടവുകടക്കാനുള്ള വിഷമം.

3. കടവുകളെ ജനങ്ങൾ വേണ്ടത്ര ആശ്രയിക്കാത്തത്.

സാധ്യതകൾ

1. മൊയ്തുപാലം മുതൽ മമ്പറം വരെ ബോട്ട് സർവ്വീസ് ആരംഭിക്കാവുന്നതാണ്.

2. ധർമ്മടം തുരുത്തിലേക്കും മുഴുപ്പിലങ്ങാടിയിലേക്കും ടൂറിസ്റ്റ് നൗകകൾ ആരംഭിക്കുക.

3. ചരക്കുഗതാഗതത്തിൽ തോണികളും മറ്റും ഉപയോഗിക്കുന്നതിനുള്ള സാധ്യത.

4. ഉല്ലാസ യാത്രകൾക്ക് പെഡൽബോട്ട് സർവ്വീസ് നടത്താനുള്ള സാധ്യതയുണ്ട്.

## ഊർജ്ജം

ലോകജനതയുടെ ത്വരിത പുരോഗതിക്കുനിദാനം ഊർജ്ജമാണ്. ഒരു നാടിന്റെ ഭൗതിക പുരോഗതിയുടെ തോത് ഊർജ്ജ ഉപഭോഗമാണെന്ന് പറയുന്നതിൽ തെറ്റില്ല. വൈദ്യുതി, ഇന്ധനങ്ങൾ എന്നിവയാണ് നമ്മുടെ പ്രധാന ഊർജ്ജ സ്രോതസ്സുകൾ. വൈദ്യുതിയുടെ ഉല്പാദനത്തിലും ഉപഭോഗത്തിലും പിന്നിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. അതിലും പിന്നോക്കമാണ് നമ്മുടെ പഞ്ചായത്ത് എന്നത് കണക്കുകൾ വ്യക്തമാക്കുന്നു.

1958 ൽ അന്നത്തെ സംസ്ഥാന മന്ത്രിയായിരുന്ന വി. ആർ. കൃഷ്ണയ്യരാണ് വൈദ്യുതി വിതരണം ഉൽഘാടനം ചെയ്തത്. അതിനു മുന്നെ തന്നെ ബ്രിട്ടീഷ് ഭരണകാലത്തെ ഡപ്യൂട്ടി കലക്ടറായിരുന്ന (തുക്കുടി) എം.പി. കുഞ്ഞിരാമൻ നായരുടെ ശങ്കരവിലാസം വീട്ടിൽ ബാറ്ററിയിലെ വൈദ്യുതി ഉപയോഗിച്ച് റേഡിയോ പ്രവർത്തിപ്പിച്ചു. പഞ്ചായത്തിലാദ്യമായി വൈദ്യുതീകരിച്ച വീടും ഇതുതന്നെ. തുടർന്ന് വാണിജ്യ സ്ഥാപനങ്ങളിലും പഞ്ചായത്തിലാകെയും ത്വരിതഗതിയിൽ വൈദ്യുതിയുടെ വ്യാപനം നടന്നു. ഇന്ന് പഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങളിലും വൈദ്യുതിയുണ്ട്.

കുറ്റ്യാടി ജലവൈദ്യുത പദ്ധതിയിൽ നിന്നുമാണ് ഇവിടുത്തേക്ക് വേണ്ടുന്ന വൈദ്യുതി എത്തുന്നത്. കായലോട് സബ് സ്റ്റേഷനിൽ നിന്നാണ് ഇവിടുത്തെ വൈദ്യുതി വിതരണം നിയന്ത്രിക്കുന്നത്. കൂത്തുപറമ്പ്, കതിരൂർ, ധർമ്മടം ഇലക്ട്രിക്കൽ സെക്ഷനുകളാണ് വൈദ്യുതി വിതരണത്തിന് മേൽനോട്ടം വഹിക്കുന്നത്. ആകെ 4054 വൈദ്യുതി ഉപഭോക്താക്കൾ നമ്മുടെ പഞ്ചായത്തിലുണ്ട്.

വൈദ്യുതിയ്ക്കു പുറമെ പാചകാവശ്യത്തിനായുള്ള വിറക്, മണ്ണെണ്ണ, പാചകഗ്യാസ് വാഹനങ്ങൾക്ക് വേണ്ട പെട്രോൾ, ഡീസൽ എന്നിവയാണ്. പ്രധാന ഊർജ്ജ സ്രോതസ്സുകൾ. വൈദ്യുതിയേക്കാൾ ഉപയോഗിക്കപ്പെടുന്ന ഊർജ്ജം വിറകിന്റേതാണ്. ഇത് നമ്മുടെ ഊർജ്ജ ഉപഭോഗത്തിന്റെ 86% വരും. ഗ്രാമീണതയിൽ നിന്നും നഗരവൽക്കരണത്തിന്റെ ജാടയിലേക്ക് പോയ്ക്കൊണ്ടിരിക്കുന്ന വർത്തമാന സാഹചര്യത്തിൽ വിറകിന്റെ ലഭ്യത കുറഞ്ഞുവരികയും രൂക്ഷമായ വൈദ്യുതി പ്രതിസന്ധിയെ അഭിമുഖീകരിക്കുകയും ചെയ്യുമ്പോൾ ഊർജ്ജ ഉപഭോഗത്തെക്കുറിച്ച് ഉറക്കെ ചിന്തിക്കാൻ നമ്മെ നിർബന്ധിക്കുന്നു.

നിലവിൽ 4054 ഉപഭോക്താക്കളും കണക്ഷൻ ലഭിക്കേണ്ടുന്ന 672 അപേക്ഷകരും നമ്മുടെ പഞ്ചായത്തിലുണ്ടെന്നിരിക്കെ വൈദ്യുതി ബോർഡിന്റെ ഓഫീസുകളൊന്നും പിണറായി പഞ്ചായത്തിലില്ലാ എന്നത് നിരാശജനകമാണ്.

ആകെ വൈദ്യുതി ഉപഭോക്താക്കളിൽ 90.18% ഗാർഹിക ആവശ്യങ്ങൾക്കും 6.81% വ്യാപാരാവശ്യങ്ങൾക്കും 2.15% കാർഷികാവശ്യങ്ങൾക്കും ഉപയോഗിക്കുമ്പോൾ 0.86% മാത്രമാണ്. വ്യവസായിക ആവശ്യങ്ങൾക്കുപയോഗിക്കുന്നത്.

പഞ്ചായത്തിലെ മൊത്തം വീടുകൾ 5937 ആണ്. അതിൽ 3517 വീടുകൾ വൈദ്യുതീകരിച്ചിരിക്കുന്നു. 672 വീടുകൾ വൈദ്യുതീകരിക്കുന്നതിനായി അപേക്ഷിച്ചവയും കിഴിച്ച് ബാക്കി 1748 വീടുകൾ വൈദ്യുതീകരിക്കാത്തതുമുണ്ട്.

പഞ്ചായത്തിലാകെ 18 ട്രാൻസ്ഫോർമറുകളാണുള്ളത് അത് ആവശ്യത്തിലും വളരെ കുറവാണ്. വൈദ്യുതി ഉപയോഗത്തിനനുസരിച്ച് കപ്പാസിറ്റിയോടുകൂടിയ കൂടുതൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചാലെ വോൾട്ടേജ് കമ്മി അല്പമെങ്കിലും പരിഹരിക്കാനാവൂ. പഞ്ചായത്തിൽ 250 കെ.വി.എ. യുടെ ഒന്നും 160 കെ.വിയുടെ നാലും 100 കെ.വി.യുടെ 11ഉം 60 കെ.വി.യുടെ ഒരു ട്രാൻസ്ഫോർമറുകളാണുള്ളത്. വിശദവിവരം പട്ടിക Dയിൽ കാണിച്ചിരിക്കുന്നു.

പഞ്ചായത്തിൽ പാചകാവശ്യത്തിനായി ആശ്രയിക്കുന്നത് പ്രധാനമായും വിറകിനെ തന്നെയാണ്.

പഞ്ചായത്തിലെ പാചക ഊർജ്ജ ഉപഭോഗത്തിന്റെ 86.82 ശതമാനം വിറകടുപ്പുകളാണുള്ളത്. 3.8% ഗ്യാസടുപ്പുകളും 5.34% മണ്ണെണ്ണ സ്റ്റൗവും 4.04% പരിഷത് അടുപ്പുകളും ഉപയോഗിക്കുന്നു. ഇലക്ട്രിക് അടുപ്പുകളെ ആശ്രയിക്കുന്ന ചില വീടുകളും ഉണ്ട്. പരിഷത് അടുപ്പുകൾ ഉപയോഗിക്കുന്ന 230 വീടുകൾ പഞ്ചായത്തിലുണ്ട്. ഗോബർ ഗ്യാസ് ഉപയോഗിക്കുന്ന 5 വീടുകൾ ഉണ്ട്. വിറകാവശ്യത്തിനായി തെങ്ങിന്റെ അവശിഷ്ടങ്ങൾ

പാഴ്മരങ്ങൾ അറക്കപ്പൊടി ചപ്പുചവറുകൾ എന്നിവയാണ് ഉപയോഗിക്കുന്നത്.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ പൊതുവെ വോൾട്ടേജ് ക്ഷാമമുണ്ട്. പാനുണ്ട ഓലായിക്കര കിഴക്കുഭാഗം പിണറായി നോർത്ത് പെനാങ്കിമെട്ട എന്നിവിടങ്ങളിൽ ഇത് രൂക്ഷമാണ്.

2. ഇടയ്ക്കിടെ ഉണ്ടാകുന്ന ലോഡ്ഷെഡിംഗ്.

3. വൈദ്യുതി മോഷണം

4. അറ്റകുറ്റിപണികൾ തീർക്കാത്തത്

5. ലൈൻമാന്റെ അഭാവം

6. പ്രവർത്തിക്കാത്ത മീറ്ററുകൾ

7. ഉപയോഗിക്കാതെ ബാൾ കറങ്ങുന്ന മീറ്ററുകൾ

8. മാസാമാസം റീഡിംഗ് എടുക്കാതെ ഒന്നിച്ചു ബില്ലുവരുന്നത്.

9. അശാസ്ത്രീയമായ ഊർജ്ജഉപഭോഗരീതി

10. അനാവശ്യമായി ലൈറ്റുകൾ പ്രകാശിപ്പിച്ചു വെക്കുന്നതും മറ്റുപകരണങ്ങൾ പ്രവർത്തിപ്പിച്ചു വെക്കുന്നതും.

11. മുഴുവൻ പ്രദേശങ്ങളിലും വൈദ്യുതി ലഭ്യമല്ലാത്തതും

12. വൈദ്യുതി ബോർഡിന്റെ ഓഫീസ് ഇല്ലാത്തത്.

13. സ്ട്രീറ്റ് ലൈറ്റുകൾ എല്ലാസ്ഥലത്തും ഇല്ലാത്തത്

14. മരച്ചില്ലകൾ മുറിക്കാത്തതിനാൽ പ്രസരണ നഷ്ടം.

15. ചില വീടുകളിലെ സ്റ്റെപ്അപ് ഉപയോഗം മറ്റ് വീടുകളിൽ വോൾട്ടേജ് കുറയ്ക്കുന്നു.

16. വിറക്, മണ്ണെണ്ണ, ഗ്യാസ് ക്ഷാമം.

17. അനർട്ട് ന്റെ ഊർജ്ജലാഭ ഉപകരണങ്ങളെ കുറിച്ചുള്ള അജ്ഞത.

## സാധ്യതകൾ

1. സ്പോട് ബില്ലിംഗ് സിസ്റ്റം എല്ലായിടത്തും ഏർപ്പെടുത്താവുന്നതാണ്.

2. ബൾബുകൾ മാറ്റി ട്യൂബുകൾ സ്ഥാപിച്ച് ഊർജ്ജം ലാഭിക്കാവുന്നതാണ്.

3. ഇലക്ട്രോണിക് ചോക്കുകളുടെ വ്യാപകമായ ഉപയോഗത്തിലൂടെ ഊർജ്ജം ലാഭിക്കാം.

4. അനർട്ട് വിതരണം ചെയ്യുന്ന പ്രഷർ കുക്കർ, മണ്ണെണ്ണ സ്റ്റൗ, പുകയില്ലാത്ത അടുപ്പ്, ഫ്ലൂറസന്റ് ലാമ്പുകൾ തുടങ്ങി ഊർജ്ജം ലാഭിക്കാവുന്ന ഉപകരങ്ങൾ വ്യാപിപ്പിക്കുക.

5. ഇത്തരം ഉപകരണങ്ങളെ കുറിച്ച് ബോധവൽക്കരണം.

6. അറക്കപ്പൊടി ഉപയോഗിച്ചുള്ള അടുപ്പു വ്യാപനം

7. പൊതു സ്ഥലങ്ങളിലും കോളനികളിലും കാറ്റാടി യന്ത്രം ഉപയോഗിച്ച് വെള്ളം പമ്പുചെയ്യാൻ സാധിക്കും.

8. പാറപ്രം അണക്കെട്ടുമായി ബന്ധപ്പെടുത്തിയോ ഓട്ടു കമ്പനിക്കു താഴെ അണകെട്ടിയോ ചെറുകിട ജല വൈദ്യുത പദ്ധതിക്കുള്ള സാധ്യത.

9. പഞ്ചായത്തിൽ ഒരു 220 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കാവുന്നതാണ്.

10. പഞ്ചായത്തിൽ ഒരു മേജർ ഇലക്ട്രിക്കൽ ഓഫീസ് സ്ഥാപിക്കേണ്ടതാണ്.

11. പ്രവർത്തിക്കാത്ത മീറ്ററുകൾ മാറ്റുകയും വൈദ്യുതി മോഷണം തടയുകയും ചെയ്യുക.

12. മാസത്തിൽ ഒരു തവണയെങ്കിലും വൈദ്യുതി റീഡിംഗ് എടുക്കുക. ഇതിനായി യോഗ്യതയുള്ളവരെ നിയമിച്ചാൽ വൈദ്യുതി മേഷണം കണ്ടെത്താൻ കഴിയും.

13. പ്രസരണ നഷ്ടം ഒഴിവാക്കാൻ ലൈനുകളിൽ തട്ടിയിരിക്കുന്ന മരങ്ങളും ശിഖിരങ്ങളും മുറിച്ചുമാറ്റുക. ഇതിനായി പ്രദേശിക ജനകീയ സമിതികളുടെ സഹായം തേടാം.

14. പുകയില്ലാത്ത അടുപ്പുകൾ പഞ്ചായത്ത് ഏജൻസി മുഖാന്തിരം സബ്സിഡിയോടെ വിതരണം ചെയ്യുക. അവസ്ഥാപിക്കുന്നതിനു പുനഃക്രമീകരണത്തിനും തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് പരിശീലനം നൽകുക. ഈ അടുപ്പിന്റെ വ്യാപനത്തിനായി സന്നദ്ധ സംഘടനകളുടെ സഹായം തേടണം.

15. അനർട്ട് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന ഊർജ്ജ ലാഭ ഉപകരണങ്ങൾ പഞ്ചായത്ത് നേതൃത്വത്തിൽ മൊത്തമായി എടുത്ത് ആവശ്യക്കാർക്ക് വിതരണം ചെയ്യുകയും പ്രചരിപ്പിക്കുകയും ചെയ്യാവുന്നതാണ്.

16. വൈദ്യുതീകരണത്തിനുള്ള വായ്പ കുടുംബ ധനസ്ഥിതി നോക്കാതെ സഹകരണ സംഘങ്ങൾ വഴി ലഭ്യമാക്കാവുന്നതാണ്.

17. ഗോബർഗ്യാസ് പ്ലാന്റുകൾ പറ്റാവുന്നിടത്തൊക്കെ സ്ഥാപിക്കാവുന്നതാണ്.

18. ഓലയമ്പലത്ത് ഹോട്ടലുകളിലെയും മറ്റും വേസ്റ്റ് ഉപയോഗപ്പെടുത്താനും അവയ്ക്ക് പാചകവാതകം നൽകാൻ കഴിയുന്നവിധം ഒരു ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കാവുന്നതാണ്. ഇതിലൂടെ മാലിന്യപ്രശ്നങ്ങളും പരിഹരിക്കാം

19. വൈദ്യുതി എത്താത്ത സ്ഥലങ്ങളിൽ സോളാർ വിളക്കുകൾ സ്ഥാപിക്കുക.

20. വൈദ്യുതി ബോർഡിന്റെ വിജിലൻസ് സംവിധാനം ഓരോ മേജർ സെക്ഷനും കേന്ദ്രമാക്കി കാര്യക്ഷമമായി നടപ്പിലാക്കുക.

21. സെക്ഷൻ ഫ്യൂസുകൾ സ്ഥാപിച്ച് വൈദ്യുതി വിതരണം കൂടുതൽ കാര്യക്ഷമമാക്കാം.

22. പ്രധാനകവലകളിലെല്ലാം സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കേണ്ടതാണ്.

23. വോൾട്ടേജ് പ്രശ്നം പരിഹരിക്കാൻകൂടുതൽ ഇടങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

## പട്ടിക എ
## നിലവിലുള്ള വൈദ്യുതി ഉപഭോക്താക്കൾ

വൈദ്യുതി സെക്ഷൻ ഓഫീസുകൾ

| | ആവശ്യം | കൂത്തുപറമ്പ് | കതിരൂർ | ധർമ്മടം | മൊത്തം | ശതമാനം |
|---|---|---|---|---|---|---|
| 1 | ഗാർഹികം | 2064 | 1080 | 512 | 3656 | 90.18 |
| 2 | വ്യാപാരം | 198 | 50 | 28 | 276 | 6.81 |
| 3 | വ്യവസായം | 23 | 10 | 2 | 35 | 0.86 |
| 4 | കാർഷികം | 32 | 20 | 35 | 87 | 2.15 |
| | മൊത്തം | 2317 | 1160 | 577 | 4054 | |
| | ശതമാനത്തിൽ | 57.15 | 23.62 | 14.23 | | 100 |

## പട്ടിക ബി
## പുതുതായി വൈദ്യുതി കണക്ഷൻ അപേക്ഷിച്ചവരുടെ എണ്ണം

വൈദ്യുതി സെക്ഷൻ ഓഫീസുകൾ

| | മോഡ് | കൂത്തുപറമ്പ് | കതിരൂർ | ധർമ്മടം | മൊത്തം |
|---|---|---|---|---|---|
| 1 | ഓർഡിനറി | 310 | 250 | 19 | 579 |
| 2 | ഒ.ടി.പി. | 11 | 5 | 0 | 16 |
| 3 | ഒ.വൈ.ഇ.സി. | 52 | 25 | 0 | 77 |
| | ആകെ | 373 | 280 | 19 | 672 |

## പട്ടിക സി
## സ്ട്രീറ്റ്ലൈറ്റുകൾ

വൈദ്യുതി സെക്ഷൻ ഓഫീസുകൾ

| | മോഡ് | പവർ W | കൂത്തുപറമ്പ് | കതിരൂർ | ധർമ്മടം | മൊത്തം |
|---|---|---|---|---|---|---|
| A | ബൾബ് | 40 | 213 | 56 | 26 | 285 |
| B | ട്യൂബ് | 40 | 16 | 8 | 0 | 24 |
| C | സോഡിയം വേപ്പർ | 70 | 13 | 6 | 2 | 21 |
| | ആകെ | | 242 | 60 | 28 | 330 |
| പ്രതിമാസം പഞ്ചായത്തിന് ചെലവ് രൂപയിൽ | | | 3400 | * | 368 | 3768 |

* കുറിപ്പ് : കതിരൂർ സബ്സെന്റർ ഓഫീസ് പരിധിയിലുള്ള സ്ട്രീറ്റ്ലൈറ്റിന്റെ ചെലവ് കൂത്തുപറമ്പ് മെയിൻസെന്ററിൽ ഉൾപ്പെട്ടിരിക്കുന്നു.

## പട്ടിക ഡി
## ട്രാൻസ്ഫോർമറുകൾ

| | കൂത്തുപറമ്പ് | ലോഡ് പവർ (KVA) | | കതിരൂർ | ലോഡ് പവർ (KVA) | | ധർമ്മടം | ലോഡ് |
|---|---|---|---|---|---|---|---|---|
| 1 | പിണറായി ടൈൽസ് | 100 | 1 | കായലോട് | 63 | 1 | തോട്ടുമ്മൽ | 250 |
| 2. | പിണറായി പോൾ കാസ്റ്റിക് | 100 | 1 | പൊട്ടൻപാറ | 160 | 1 | പന്തക്കപ്പാറ | 100 |
| 3 | പാണ്ട്യാലമുക്ക് | 100 | 3 | എരുവട്ടി | 160 | 3 | വെണ്ടുട്ടായി | 60 |
| 4 | പിണറായി ഹെൽത്ത് സെന്റർ | 100 | 4 | പാനുണ്ട | 160 | | | |
| 5 | ഓലയമ്പലം | 100 | | | | | | |
| 6 | കമ്പൗണ്ടർ ഷാപ്പ് | 100 | | | | | | |
| 7 | പടന്നക്കര | 100 | | | | | | |
| 8 | കുന്നത്ത് | 100 | | | | | | |
| 9 | പാറപ്രം No 1 | 100 | | | | | | |
| 10 | പാറപ്രം No 2 | 100 | | | | | | |
| 11 | കോളാട് | 100 | | | | | | |

പട്ടിക ABCD അവലംബം KSEB രജിസ്റ്ററുകൾ

## പട്ടിക ഇ
## പിണറായി പഞ്ചായത്തിലെ പാചകഇന്ധനസ്രോതസ്സ്

| | വിറകടുപ്പ് | പരിഷത്തടുപ്പ് | മണ്ണെണ്ണ സ്റ്റൗ | ഗ്യാസടുപ്പ് |
|---|---|---|---|---|
| 1 | 289 | 5 | 4 | 6 |
| 2 | 466 | 11 | 29 | 31 |
| 3 | 681 | 19 | 35 | 30 |
| 4 | 540 | 9 | 30 | 16 |
| 5 | 556 | 11 | 11 | 31 |
| 6 | 383 | 47 | 43 | 18 |
| 7 | 252 | 6 | 16 | 21 |
| 8 | 508 | 20 | 36 | 18 |
| 9 | 490 | 51 | 32 | 17 |
| 10 | 153 | 22 | 2 | 1 |
| 11 | 328 | 20 | 35 | 18 |
| 12 | 295 | 11 | 31 | 9 |
| Total | 4941 | 230 | 304 | 216 |

*അവലംബം സാമൂഹ്യസാമ്പത്തികസർവേ 1996 (കുറിപ്പ് : ഒരേ വീട്ടിൽത്തന്നെയുള്ള വ്യത്യസ്തതരം അടുപ്പുകളും ഉൾപ്പെട്ടത്)*

24. സിങ്കിൾ ഫേസ് ലൈനുകൾ മാറ്റി ത്രീഫേസ് ലൈനുകൾ സ്ഥാപിക്കുക.

## മാർക്കറ്റ്

ഉൽപാദന പ്രക്രിയയിൽ നിന്നും കമ്പോള സംസ്ക്കാരത്തിന്റെ യാന്ത്രികതയിലേക്കു മാറിപ്പോയിക്കൊണ്ടിരിക്കുന്ന പുതിയ സാഹചര്യത്തിൽ മാർക്കറ്റ് എന്നത് ജീവിതത്തിന്റെ ഭാഗം തന്നെയാണ്. പിണറായി പഞ്ചായത്തിൽ ചിതറിക്കിടക്കുന്ന ഒരു മാർക്കറ്റ് സംവിധാനമാണ് നിലവിലുള്ളത്. മുമ്പ് പിണറായിയിൽ നിന്നും കോട്ടയത്തങ്ങാടിയിലേക്കുള്ള വഴിയുടെ ഇരുവശവും വാണിജ്യകേന്ദ്രങ്ങളായിരുന്നു. തേങ്ങ ശർക്കര എന്നിവയായിരുന്നു പ്രധാനകച്ചവട സാധനങ്ങൾ. തലശ്ശേരി അഞ്ചരക്കണ്ടി റോഡിന്റെ നിർമ്മാണത്തോടെ ഈ കേന്ദ്രങ്ങൾ ക്ഷയിക്കുകയും വാണിജ്യബന്ധങ്ങൾ തലശ്ശേരിയുമായിട്ടാവുകയും ചെയ്തു.

പഞ്ചായത്തിലെ ജനങ്ങളുടെ വാണിജ്യബന്ധങ്ങൾ തലശ്ശേരി, കൂത്തുപറമ്പ്, മാർക്കറ്റുകളുമായാണ്. ഇവിടെ നിന്നുമുൽപ്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ഇവിടെ തന്നെ വിപണനം നടത്താൻ നല്ല ഒരു മാർക്കറ്റ സംവിധാനം ആവശ്യമാണെന്ന തിരച്ചറിവ് ഗ്രാമസഭാ ചർച്ചകളിൽ കേൾക്കാം.

പഞ്ചായത്തിൽ പലതരത്തിലുള്ള 306 വ്യാപാര സ്ഥാപനങ്ങളുണ്ട്. ഇവയെല്ലാം ബന്ധിപ്പിക്കുന്ന സൂപ്പർമാർക്കറ്റ് സംവിധാനത്തിനുള്ള സാധ്യത ഇവിടെ തെളിഞ്ഞുകാണുന്നു. ഇവയ്ക്കുപുറമെ 16 പൊതു വിതരണ ശാലകളും നമ്മുടെ പഞ്ചായത്തിലുണ്ട്. പഞ്ചായത്തധീനതയിൽ ഓലയമ്പലത്തെ ഒരു മത്സ്യമാർക്കറ്റമാത്രമാണുള്ളത്.

നാളികേരം, നേന്ത്രവാഴ, അടക്ക, കുരുമുളക്, കശുവണ്ടി, തുടങ്ങിയവയാണ് വിപണനം നടത്തുന്ന പ്രധാന കാർഷിക വിളകൾ. അടുത്തകാലത്തായി സൗന്ദര്യവസ്തുക്കളുടെയും ലക്ഷറി സാധനങ്ങളുടെയും കച്ചവടം വർദ്ധിച്ചതായി കാണുന്നു.

### പ്രശ്നങ്ങൾ

1. വ്യാപാരത്തിനായി സാധനങ്ങൾ എത്തിക്കാൻ ദൂരസ്ഥലങ്ങളെ ആശ്രയിക്കുന്നത് വില വർദ്ധനവിന് കാരണമാകുന്നു.

2. വിലകളെപറ്റിയുള്ള അറിവില്ലായ്മ കാരണം ഉപഭോക്താവ് ചൂഷണം ചെയ്യപ്പെടുന്നു.

### സാധ്യതകൾ

1. ഓലയമ്പലത്തും കാപ്പുമ്മലും ഷോപ്പിംഗ് കോംപ്ലക്സ് പണിത് സഹകരണ സംഘങ്ങളുടെ സഹായത്തോടെ മൊത്തവിതരണശാല, സൂപ്പർമാർക്കറ്റ് എന്നിവ ആരംഭിക്കുക.

2. കാപ്പുമ്മലിലെ കന്നുകാലി പൗണ്ട് മാറ്റി മത്സ്യ മാർക്കറ്റ് സ്ഥാപിക്കുക.

3. സഹകരണാടിസ്ഥാനത്തിൽ പാറപ്രം ഓലയമ്പലം, കാപ്പുമ്മൽ, പാനുണ്ട തുടങ്ങിയ പ്രദേശങ്ങളിൽ കച്ചവട കേന്ദ്രങ്ങൾ ആരംഭിക്കുക.

4. പഞ്ചായത്ത് നേതൃത്വത്തിൽ സഹകരണ സംഘങ്ങളുടെ സഹായത്തോടെ സഞ്ചരിക്കുന്ന സ്റ്റോറുകൾ ആരംഭിച്ച് പഞ്ചായത്തിലെ എല്ലാ പ്രദേശത്തും ന്യായവിലക്കു സാധനങ്ങൾ എത്തിക്കുകുയും വാങ്ങുകയും ചെയ്യുക.

5. ഓലയമ്പലം, കാപ്പുമ്മൽ സ്ഥലങ്ങളിൽ ആഴ്ച ചന്തകൾ നടത്തുക.

6. വിലവിവര പട്ടിക പ്രദർശിപ്പിക്കുക.



# പാർപ്പിടവും സാമൂഹ്യക്ഷേമവും

## പാർപ്പിടം

പാർപ്പിടപ്രശ്നം കേരളത്തിലെ മറ്റു പഞ്ചായത്തു കളെപ്പോലെ പിണറായി പഞ്ചായത്തിലും അതിരൂക്ഷ മാണ്. കൂട്ടുകുടുംബങ്ങളുടെ തകർച്ചയും പുതിയ രീതി യിലുള്ള തൊഴിൽ വിഭജനവും അണുകുടുംബങ്ങളുടെ രൂപീകരണത്തിന് കാരണമാവുകയും അത് കൂടുതൽ വീടുകൾ ആവശ്യമാക്കിത്തീർക്കുകയും ചെയ്തു.

ഇന്ന് പിണറായി പഞ്ചായത്തിലെ മൊത്തം 12 വാർഡുകളിലായി 5269 വീടുകളാണുള്ളത്. അതേസമയം ഏകദേശം കുടുംബങ്ങളുടെ എണ്ണം 7100-ഓളം ആണ്. വരുന്ന അഞ്ചുവർഷംകൊണ്ട് ആവശ്യമായി വരുന്ന 600-ഓളം വീടുകളുടെ എണ്ണംകൂടി കണക്കിലെടുക്കുമ്പോൾ ആവശ്യമായ വീടുകളുടെ നിർമാണത്തിന് വരുന്ന അഞ്ചു വർഷത്തേക്ക് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പി ലാക്കേണ്ടത് ആവശ്യമാണ്.

താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന കെട്ടിടങ്ങ ളുടെ നിർമാണരീതികൾ പരിശോധിക്കുമ്പോൾ കഴിഞ്ഞ മൂന്നുവർഷക്കാലത്ത് കെട്ടിടനിർമാണത്തിലുണ്ടായിട്ടുള്ള ആനുപാതികവർദ്ധനവും നിർമാണരീതിയിലുള്ള വ്യതി യാനവും അടിസ്ഥാനമാക്കി 240-ഓളം ഓടുമേഞ്ഞ കെട്ടി ടങ്ങളും 360-ഓളം കോൺക്രീറ്റ് കെട്ടിടങ്ങളും വരുന്ന അഞ്ചുവർഷംകൊണ്ട് നിർമിക്കേണ്ടിവരുമെന്ന് കാണാം.

**പട്ടിക 1**

| കൊല്ലം | വർധിച്ച കെട്ടിടങ്ങൾ | ഓട് | വാർപ്പ് | മറ്റുള്ളവ |
|---|---|---|---|---|
| 1993-94 | 158 | 54 | 83 | 21 |
| 1994-95 | 220 | 91 | 125 | 4 |
| 1995-96 | 225 | 85 | 114 | 26 |

കഴിഞ്ഞ മൂന്നുവർഷത്തിൽ പഞ്ചായത്തിൽ നിർമി ക്കപ്പെട്ട വീടുകളുടെ നിർമാണരീതി പരിശോധിക്കു മ്പോൾ ജനങ്ങൾ കോൺക്രീറ്റ് വീടുകൾ നിർമിക്കുന്ന തിന് കൂടുതൽ പ്രാധാന്യം നൽകിയതായി കാണാം. ദാരി ദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങൾ ഓടുമേഞ്ഞ വീടു തന്നെയാണ് കൂടുതലായും നിർമിക്കുന്നത്. സാമ്പത്തി കമായി ഇടത്തരക്കാരും അതിനുമുകളിലുള്ളവരും പൂർണ മായും കോൺക്രീറ്റ് വീടുകളാണ് നിർമിക്കുന്നത്. സാമ്പ ത്തികസ്ഥിതിയുടെ അടിസ്ഥാനത്തിൽ മുറികളുടെ എണ്ണ ത്തിലും മറ്റ് സൗകര്യങ്ങൾ ഉണ്ടാക്കുന്നതിലും ഏറ്റക്കുറ ച്ചിലുകൾ ഉണ്ടെന്നുമാത്രം. അന്യസംസ്ഥാനങ്ങളിൽ കച്ച വടരംഗത്ത് ഉള്ളവരും ഗൾഫ് മേഖലയിൽ ജോലിയുള്ള വരും നിർമിക്കുന്ന വീടുകളിലെ സൗകര്യങ്ങൾ പലയി ടത്തും സമൂഹത്തിലെ ഉന്നതനിലയിൽ കഴിയുന്നവരുടേ തിന് തുല്യമാണെന്ന് കാണാം.

പഞ്ചായത്തിൽ നടത്തപ്പെട്ട ഗ്രാമസഭക ളിൽനിന്നും സർവേയിൽനിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ വീടുകൾക്ക് അറ്റകുറ്റപ്പണികൾ ആവ ശ്യമാണ് എന്ന് മനസ്സിലാക്കിയിട്ടുണ്ട്. സമയബന്ധിത മായി അറ്റകുറ്റപ്പണികളും പുതുക്കിപ്പണിയലും നടത്തി യില്ലെങ്കിൽ അത്തരം പാർപ്പിടങ്ങൾ നിലം പതിക്കാൻ സാധ്യതയുണ്ട്.

നിലവിലുള്ള പദ്ധതികൾ പ്രകാരം ലഭിച്ച സഹാ യങ്ങൾ അപഗ്രഥനം ചെയ്താൽ വരുന്ന അഞ്ച് വർഷ ത്തേക്ക് അവശവിഭാഗങ്ങളുടെ ആവശ്യങ്ങൾ പരിഹരി ക്കാൻ കൂടുതലായൊന്നും സാധിക്കുകയില്ലെന്ന് മനസ്സി ലാക്കാം.

പട്ടികയിൽ പ്രതിപാദിച്ച അവശവിഭാഗത്തെ ഒഴിച്ച് നിർത്തിയാൽ പഞ്ചായത്തിലെ ജനസംഖ്യയിൽ ഭൂരിഭാ

## പട്ടിക 2

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
|---|---|---|---|---|---|---|---|---|---|---|---|
| IRDP സർവേപ്രകാരം വീട് ആവശ്യമുള്ളവർ | 16 | 16 | 23 | 17 | 17 | 15 | 13 | 14 | 16 | 20 | 26 |
| വിവിധപരിപാടികളിലായി അനുവദിക്കപ്പെട്ട വീടുകൾ | 3 | 1 | 6 | 3 | 3 | 4 | 5 | – | 6 | 11 | 14 |
| ഇനിയും അനുവദിക്കേണ്ട വീടുകൾ | 13 | 15 | 17 | 14 | 14 | 11 | 8 | 14 | 10 | 9 | 12 |

## പട്ടിക 3

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
|---|---|---|---|---|---|---|---|---|---|---|---|
| IRDP സർവേപ്രകാരം സാനിറ്ററി കക്കൂസ് ഇല്ലാത്തവ | 152 | 194 | 161 | 149 | 168 | 153 | 73 | 143 | 160 | 71 | 157 |
| വിവിധപദ്ധതികളിൽ ഇതുവരെ അനുവദിച്ചവ | 3 | 1 | 1 | 3 | 5 | 2 | 5 | 9 | 2 | 3 | 8 |
| ഇനിയും അനുവദിക്കേണ്ടവ | 149 | 193 | 160 | 146 | 163 | 151 | 68 | 134 | 158 | 68 | 149 |

ഗവും ബീഡി, നെയ്ത്ത്, കർഷകത്തൊഴിലാളിൾ തുടങ്ങിയ വിഭാഗങ്ങളാണ്. പഞ്ചായത്തിലെ 2, 4 വാർഡുകൾ കേന്ദ്രീകരിച്ച് ഏതാനും കളിമൺപാത്രനിർമാണതൊഴിലാളികുടുംബങ്ങളെയും കാണാം. ഇത്തരക്കാരെ സംബന്ധിച്ചിടത്തോളം തങ്ങളുടെ കുടുംബവരുമാനം അവരുടെ നിത്യച്ചെലവുകൾക്ക് അപര്യാപ്തമാകയാൽ സ്വാഭാവികമായും വീട് നിർമാണം ഒരു വിദൂരസ്വപ്നമാണ്. ഇത്തരക്കാർക്ക് സർക്കാരിൽനിന്നോ സർക്കാരിതരമറ്റ് ഏജൻസികളിൽനിന്നോ ഭവനനിർമാണത്തിന് കാര്യമായ സഹായമൊന്നും ലഭിക്കുന്നില്ല. കൂടാതെ പുതുതായി വീട് ആവശ്യമുള്ള ജനവിഭാഗത്തെ സംബന്ധിച്ചിടത്തോളം ഭൂമിയുടെ ലഭ്യതയും ഒരു വലിയ പ്രശ്നമായി അവശേഷിക്കുന്നു. കെട്ടിടനിർമാണസാധനങ്ങളുടെ ദൗർലഭ്യവും വിലക്കയറ്റവും വിദഗ്ധതൊഴിലാളികളുടെ അഭാവവും ഈ രംഗത്ത് പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ അവശവിഭാഗത്തിൽപ്പെട്ടവരുടെ വീടുകളിൽ അടിസ്ഥാനാവശ്യങ്ങളിലൊന്നായ കക്കൂസ് സംവിധാനത്തെ സംബന്ധിച്ചിടത്തോളം ഉള്ള അവസ്ഥ മേൽ പറഞ്ഞ കണക്കുകളുടെ അടിസ്ഥാനത്തിൽ തന്നെ പുനർവിചിന്തനത്തിന് വകയുള്ളതാണ്.

മൊത്തത്തിൽ പ്രശ്നങ്ങൾ വിലയിരുത്തുമ്പോൾ എല്ലാവർക്കും അടിസ്ഥാനസൗകര്യങ്ങളോടുകൂടിയ പാർപ്പിടം എന്ന സാർവത്രികലക്ഷ്യം കൈവരിക്കാൻ പ്രായോഗികതയിൽ അധിഷ്ഠിതമായ ഒരു കർമപദ്ധതി ആവിഷ്കരിക്കേണ്ടതുണ്ട്. കർമപദ്ധതി ആവിഷ്കരിക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾക്ക് പ്രത്യേകം പ്രാധാന്യം നൽകേണ്ടതാണ്.

1. പരിമിതവരുമാനക്കാരെ സംബന്ധിച്ചിടത്തോളം വീടുനിർമാണത്തിനാവശ്യമുള്ള ധനസഹായ ലഭ്യത ഉറപ്പുവരുത്താൻ പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു ഭവനനിർമാണസഹായസഹകരണസംഘം സ്ഥാപിക്കേണ്ടതാണ്.

2. കെട്ടിടനിർമാണസാമഗ്രികൾ മിതമായ നിരക്കിൽ ലഭ്യമാക്കേണ്ടത് പ്രസ്തുതസംഘത്തിന്റെ ഉത്തരവാദിത്തമായിരിക്കണം.

3. ചെലവുകുറഞ്ഞ ഭവനനിർമാണരീതികൾ ജനങ്ങളിലെത്തിക്കുന്നതിന് (നിർമിതികേന്ദ്രയുടെ രീതി) പ്രസ്തുതസംഘത്തിന്റെ നേതൃത്വത്തിൽ ബോധവൽക്കരണപ്രവർത്തനങ്ങൾ ആവിഷ്കരിക്കേണ്ടതാണ്.

4. വീടുനിർമിക്കാൻ സ്വന്തമായി സ്ഥലമില്ലാത്തവർക്ക് ആവശ്യമായ കുറഞ്ഞ ഭൂമിയെങ്കിലും ലഭ്യമാക്കാൻ പഞ്ചായത്ത് ഭരണസമിതി മുൻകൈ എടുക്കേണ്ടതാണ്.

5. വിവിധസർക്കാർ ആവിഷ്കൃത പദ്ധതികൾ അർഹമായ രീതിയിൽ നമ്മുടെ പഞ്ചായത്തിന് ലഭിക്കാൻ ഗ്രാമപഞ്ചായത്ത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

6. CAPART പോലുള്ള ഏജൻസികളിൽനിന്നും പരിമിതവരുമാനക്കാരുടെ ആവശ്യങ്ങൾ നിറവേറ്റാൻ ധനസഹായം ലഭിക്കേണ്ടതിലേക്കായിബൃഹത്തായ പ്രൊജക്ട് റിപ്പോർട്ട് തയാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിക്കേണ്ടതാണ്. ഇങ്ങനെ വരുമ്പോൾ 'പ്രൊജക്ട് കോസ്റ്റി'ന്റെ 20% ഗുണഭോക്താക്കൾതന്നെ വഹിക്കണമെന്ന വ്യവസ്ഥ നടപ്പിലാക്കാൻ പഞ്ചായത്തുതന്നെ മുൻകൈ എടുക്കേണ്ടതാണ്.

7. അവശവിഭാഗങ്ങളുടെ വീടിനോടനുബന്ധിച്ച് അടിസ്ഥാനസൗകര്യങ്ങളായി കക്കൂസ്, കുളിമുറി, കുടിവെള്ളസൗകര്യം എന്നിവ ഏർപ്പെടുത്താൻ കുറഞ്ഞ പലിശനിരക്കിൽ വായ്പാസൗകര്യം ഏർപ്പെടുത്തേണ്ടതാണ്.

8. ഉപ്പുവെള്ളം കയറുന്നതുകാരണം കുടിജലക്ഷാമമുള്ള ചേരിക്കൽ, പ്പാറപ്രം, ഇടക്കടവ്, കോളാട്, തോട്ടം കിഴക്കുംഭാഗം പ്രദേശങ്ങളിലെ പ്രശ്നപരിഹാരത്തിനായി ഒതയോത്തുകുളം പദ്ധതി പുനർക്രമീകരണം നടത്തി നടപ്പിലാക്കേണ്ടതാണ്.

9. എരുവെട്ടി വില്ലേജിലെ കുടിജലക്ഷാമം പരിഹരിക്കുന്നതിനായി എരുവെട്ടി ജലവിതരണപദ്ധതി സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്.

10. പൊതുജനസൗകര്യാർത്ഥം കാപ്പുമ്മൽ, ഓലയമ്പലം എന്നിവിടങ്ങളിൽ 'Pay and use' കംഫർട്ട് സ്റ്റേഷനുകൾ സ്ഥാപിക്കണം.

11. ബിൽഡിങ് നിർമാണത്തിന് ലൈസൻസ് സമ്പ്രദായം കർശനമായി നടപ്പിലാക്കുകയും ആയതിന്റെ നിയമനടപടികൾ ലഘൂകരിക്കുകയും ചെയ്യേണ്ടതാണ്.

12. വിദഗ്ധ-അവിദഗ്ധ തൊഴിലാളികളുടെ ലഭ്യതക്കുറവും തൊഴിലില്ലായ്മാ* പ്രശ്നവും പരിഹരിക്കുന്നതിന് പ്രാദേശികാടിസ്ഥാനത്തിൽ തൊഴിൽസംഘങ്ങൾ രൂപീകരിക്കേണ്ടതാണ്.

## സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത് പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനമായ പ്രശ്നം തൊഴിലില്ലായ്മയും തന്മൂലം ഉളവാകുന്ന സാമൂഹ്യസുരക്ഷിതത്വക്കുറവും അരക്ഷിതാവസ്ഥയുമാണ്. ഇത് അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരിൽ മാനസികമായ സംഘർഷാവസ്ഥക്ക് കാരണമാകുന്നു. സർക്കാർ ആവിഷ്കൃതപദ്ധതികൾ അനേകമുണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം പദ്ധതികൾ ഉപയോഗപ്പെടുത്തുന്നതിന്റെ തോത് വളരെ കുറവാണ്. ഇതിന്റെ പ്രധാനപ്രശ്നങ്ങൾ താഴെ പറയുന്നവയാണ്.

1. തൊഴിൽ രഹിതർക്ക് പദ്ധതികളെക്കുറിച്ചുള്ള അജ്ഞത.

2. ഇവരുടെ സംരംഭകത്വക്കുറവ്

3. യുവാക്കളുടെ ദിശാബോധമില്ലായ്മ

4. സർക്കാർ പദ്ധതികളിലൂടെ ലഭിക്കുന്ന തുകയുടെ അപര്യാപ്തത

5. വായ്പാസൗകര്യങ്ങൾ ലഭ്യമാക്കുന്നതിൽ ധനകാര്യസ്ഥാപനങ്ങളുടെ നയപരവും നിയമപരവുമായ തടസ്സങ്ങൾ

അസംഘടിതതൊഴിൽമേഖലയിൽനിന്ന് തൊഴിലവസരമോ ശേഷിയോ നഷ്ടപ്പെട്ടവരെ സംബന്ധിച്ചിടത്തോളം അവരുടെ സാമൂഹ്യസുരക്ഷിതത്വം ഉറപ്പുവരുത്തേണ്ടത്പുരോഗമനാർത്ഥകമായ സമൂഹത്തിന്റെ കടമയാണ്. വിവിധസാമൂഹ്യക്ഷേമനിധി, പെൻഷൻ പദ്ധതികൾ എന്നിവ ധാരാളമുണ്ടെങ്കിലും അതേക്കുറിച്ചുള്ള അജ്ഞത ഒരു പ്രധാനപ്രശ്നമാണ്.

വിവിധസ്വയംതൊഴിൽ പദ്ധതികളുടെ അപര്യാപ്തതയും അശാസ്ത്രീയതയും പട്ടികകളിൽനിന്ന് വ്യക്തമാകുന്നതാണ്.

### നിർദേശങ്ങൾ

1. സർക്കാരിന്റെ വിവിധതൊഴിൽ പദ്ധതികളുടെ ലഭ്യതയും സാധ്യതയേയും കുറിച്ചുള്ള ഒരു മാർഗരേഖ തയാറാക്കി യുവജനങ്ങൾ ഗ്രാമസഭകൾ മുഖാന്തരം ലഭ്യമാക്കാൻ ഗ്രാമപഞ്ചായത്ത് നടപടികൾ കൈക്കൊള്ളുക.

2. സർക്കാരാവിഷ്കൃത സ്വയംതൊഴിൽ പദ്ധതികൾ അർഹരായ മുഴുവൻ ആളുകൾക്കും ലഭ്യമാക്കാൻ പഞ്ചായത്ത് മുൻകൈ എടുത്ത് നടപടികൾ സ്വീകരിക്കുക.

3. PMRY, IRDP, DWCRA തുടങ്ങിയ പരിപാടികളുടെ ആഗിരണശേഷി വർദ്ധിപ്പിക്കാനായി ഗുണഭോക്താക്കളെ പര്യാപ്തമാക്കുന്നതിന് ആവശ്യമായ തൊഴിൽ പരിശീലനപരിപാടികൾ വിവിധഗവൺമെന്റ് വകുപ്പുകളുടേയും ഏജൻസികളുടേയും സഹായത്തോടെ നടപ്പിലാക്കുക.

4. പരമ്പരാഗതതൊഴിൽ പരിശീലനപരിപാടി എന്നതിലുപരിയായി നൂതനസംരംഭങ്ങളിൽ പുതിയ ആളുകളെ കണ്ടെത്തി അവർക്ക് പരിശീലനം നൽകുക. ഇതിലേക്കായി ട്രൈസം പദ്ധതിയിൻകീഴിൽ പ്രൊഡക്ഷൻ കം ട്രെയിനിങ് സെന്റർ ആരംഭിക്കുക.

5. ആധുനിക വസ്ത്രനിർമാണമേഖലയിലെ വിദേശസാധ്യതകൾ മുന്നിൽ കണ്ടുകൊണ്ട് യുവതീയുവാക്കൾക്ക് Indian Institute of Fashion Technology പോലുള്ള സ്ഥാപനങ്ങളിൽനിന്നും പരിശീലനം ലഭിച്ച വിദഗ്ധരാൽ പരിശീലനം നൽകാനുള്ള ബൃഹത്പരിപാടികൾ ആരംഭിക്കുക

6. നമ്മുടെ നാട്ടിൽ ലഭിക്കുന്ന ചിരട്ട, മടൽ, തൊണ്ട് എന്നിവകൊണ്ട് കരകൗശലവസ്തുക്കളും കശുമാങ്ങ, കശുവണ്ടി മുതലായവ സംസ്കരിച്ച് വിവിധഉല്പന്നങ്ങളാക്കിയും മാറ്റുന്നതിനുള്ള സംരംഭങ്ങൾ തുടങ്ങുക

7. DWCRA യൂനിറ്റിന്റെ അംഗസംഖ്യ 5 ആക്കി ചുരുക്കുക പ്രസ്തുത പദ്ധതിയിൻകീഴിൽ ഓരോ വാർഡിലും ഇറച്ചി, മുട്ടക്കോഴി, പാൽ/പാലുല്പന്നയൂനിറ്റുകൾ ആരംഭിക്കുക

8. സ്വയംതൊഴിൽ കണ്ടെത്തുന്നതിലേക്കായി ധനകാര്യസ്ഥാപനങ്ങളുടെ നിയമവ്യവസ്ഥകൾ ലഘൂകരിക്കുക.

9. വിവിധതരം പെൻഷനുകൾ അർഹരായവർക്ക് എത്രയും പെട്ടെന്ന് ലഭിക്കാൻ വിവിധവകുപ്പ്, ഉദ്യോഗസ്ഥന്മാരുടേയും ജനപ്രതിനിധികളുടേയും ഒരു സെൽ രൂപീകരിക്കുക.

10. അസംഘടിതമേഖലയിലെ തൊഴിലാളികളെ വിവിധ ക്ഷേമനിധികളിൽ അംഗങ്ങളാക്കാനും പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കാനും പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും പഞ്ചായത്ത് തലത്തിൽ ഒരു മോണിറ്ററിങ് സെൽ രൂപീകരിക്കുക.

11. നമ്മുടെ പഞ്ചായത്തിന്റെ പുഴയോരപ്രദേശത്തെ ഫലപ്രദമായി ഉപയോഗിച്ച് ജനങ്ങളുടെ മാന. സികോല്ലാസത്തിനായി ബോട്ടിങ്സൗകര്യത്തോടുകൂടിയ ഒരു അമ്യൂസ്മെന്റ് പാർക്ക് നിർമിക്കുക.

12. സാമൂഹ്യക്ഷേമവകുപ്പ് മുഖാന്തരം വളണ്ടറി സംഘടനകളുടെ ആഭിമുഖ്യത്തിൽ 10-നും 16-നും മദ്ധ്യേയുള്ള കുട്ടികൾക്ക് അവധിക്കാലക്യാമ്പുകൾ സംഘടി

പ്പിക്കുക.

13. ഗ്രാമീണകൈത്തൊഴിലുകാർക്ക് അവരുടെ തൊഴിലിന്റെയും ഉല്പന്നത്തിന്റെയും ഗുണനിലവാരം ഉയർത്തുന്നതിനായി RAP പദ്ധതി പഞ്ചായത്തിലെ അർഹരായ മുഴുവൻ ഗുണഭോക്താക്കൾക്കും ലഭ്യമാക്കുക.

## അംഗൻവാടി

പുത്തൻ വിദ്യാഭ്യാസസംസ്കാരത്തിന്റെ ഗ്രാമപ്രദേശങ്ങളിലേക്കുള്ള കടന്നുകയറ്റം തടയുന്നതിൽ സ്തുത്യർഹമായ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്ന ഒരേയൊരു ജനകീയസ്ഥാപനം അംഗൻവാടികൾ മാത്രമാണ്. സമൂഹത്തിലെ ദുർബല വിഭാഗക്കാരുടേയും സാധാരണക്കാരുടേയും കുട്ടികളുടെ ആരോഗ്യനിലവാരം ഉയർത്തുന്നതിനും അവർക്ക് മാനസികവും ശാരീരികവുമായ വളർച്ച നേടിക്കൊടുത്തുകൊണ്ട് നാളത്തെ പൗരന്മാരായി വളർത്തിയെടുക്കുന്നതിനുവേണ്ട അടിത്തറ പാകുന്നതിലും അംഗൻവാടികൾ പ്രധാനപ്പെട്ട പങ്കുവഹിക്കുന്നുണ്ട്. എന്നാൽ ആയിരം ജനങ്ങൾക്ക് ഒരു അംഗൻവാടി എന്ന ICDS ലക്ഷ്യം നമ്മുടെ പഞ്ചായത്തിൽ നിറവേറ്റപ്പെട്ടിട്ടില്ലെന്ന് കണക്കുകൾ കാണിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള 6 അംഗൻവാടികൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെങ്കിൽപോലും കളിപ്പാട്ടങ്ങളുടെ ദൗർലഭ്യവും കുടിവെള്ള ക്ഷാമവും എടുത്തുപറയത്തക്കതാണ്. ഭക്ഷണസാധനങ്ങൾ പാചകം ചെയ്യേണ്ട ഇന്ധനത്തിന്റെ (വിറക്) ലഭ്യതക്കുറവ് എല്ലായിടത്തും രൂക്ഷമാണ്. അംഗൻവാടികളിൽ കുട്ടികളെ അയക്കുന്നതിൽ താല്പര്യക്കുറവുണ്ട്. അവിടങ്ങളിലെ ജീവനക്കാരുടെ സേവനവേതനവ്യവസ്ഥകൾ പരിതാപകരമാണ്.

## നിർദേശങ്ങൾ

1. ജനസംഖ്യാനുപാതികമായി പഞ്ചായത്തിലെ എല്ലാ വാർഡുകളിലും അംഗൻവാടികൾ സ്ഥാപിക്കുക.

2. പാറപ്രത്തെ പൂട്ടിക്കിടക്കുന്ന ശിശുമന്ദിരം ICDS മായി ബന്ധപ്പെടുത്തി അംഗൻവാടിയാക്കി മാറ്റുക.

3. എല്ലാ അംഗൻവാടികളിലും കുടിവെള്ളവും മറ്റ് പ്രാഥമികസൗകര്യങ്ങളും നിർബന്ധമായും സമയബന്ധിതമായി നടപ്പിലാക്കുക

4. ഇന്ധനക്ഷാമം പരിഹരിക്കുന്നതിന് ANERT അടുപ്പുകൾ എല്ലാ അംഗൻവാടികളിലും സ്ഥാപിക്കുക

5. പൊതുജനപങ്കാളിത്തത്തോടുകൂടിയും സന്നദ്ധസംഘടനകളുടെ സഹായത്തോടുകൂടിയും ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ എല്ലാ അംഗൻവാടികളിലും കളിപ്പാട്ടങ്ങളും മറ്റ് സൗകര്യങ്ങളും ലഭ്യമാക്കുക

6. അംഗൻവാടികളിലെ ജീവനക്കാരുടെ സേവനവേതനവ്യവസ്ഥകൾ (നിരക്കുകൾ) അവരുടെ ജോലിഭാരത്തിനാനുപാതികമായി പുനർനിർണയിക്കുക.

## പൊതുവിതരണം

വിലനിലവാരം പിടിച്ച് നിർത്തുന്നതിനും അവശ്യസാധനങ്ങളുടെ വിതരണത്തിൽ നീതി ഉറപ്പുവരുത്തുന്നതിനും കേരളത്തിലെ പൊതുവിതരണസമ്പ്രദായം ഒരു മാതൃകയാണ്. കേരളത്തിലെ സാധാരണക്കാരന്റെ ദൈനംദിനജീവിതത്തിന്റെ ഒരവിഭാജ്യഘടകമാണ് പൊതുവിതരണകേന്ദ്രങ്ങൾ. പഞ്ചായത്തിലെ മൊത്തം റേഷൻ കാർഡുകൾ 5019-ഉം പൊതുവിതരണകേന്ദ്രങ്ങൾ വഴി വിതരണം ചെയ്യപ്പെടുന്ന ഭക്ഷ്യധാന്യങ്ങളുടേയും മറ്റ് സാധനങ്ങളുടേയും വിവരം പട്ടികയിൽ ചേർക്കുന്നു.

## പ്രശ്നങ്ങൾ

1. വിതരണം ചെയ്യപ്പെടുന്ന ഭക്ഷ്യസാധനങ്ങളുടെ ഗുണമില്ലായ്മ

2. വിശാലമായ കോളാട്, അണ്ടലൂർ കടവ്, പണറായി വെസ്റ്റ് ഭാഗങ്ങളിൽനിന്ന് പൊതുവിതരണകേന്ദ്രത്തിലേക്ക് 2.5 കി.മീ. നടക്കേണ്ട അവസ്ഥ

3. ജനസംഖ്യാനുപാതികമായി പൊതുവിതരണകേന്ദ്രങ്ങളുടെ കുറവ്

4. പൊതുവിതരണകേന്ദ്രനടത്തിപ്പുകാർക്ക് കമ്മീഷൻ ലാഭകരമല്ലാത്ത അവസ്ഥ

5. വൈദ്യുതീകരിക്കാത്ത വീടുകളിലെ മണ്ണെണ്ണയുടെ കുറവ്

## നിർദേശങ്ങൾ

1. വിപണിയിലെ വിലനിലവാരം ഗുണഭോക്താക്കൾക്ക് അനുഗുണമായി പിടിച്ചുനിർത്തുന്നതിന് പൊതുവിതരണകേന്ദ്രങ്ങൾ, മാവേലി സ്റ്റോറുകൾ എന്നിവയുടെ പ്രവർത്തനം വിപുലീകരിക്കുകയും ഫലപ്രദമാക്കുകയും ചെയ്യുക.

2. പിണറായി, എരുവട്ടി വില്ലേജുകളിൽ ഓരോ മാവേലിസ്റ്റോറുകൾ ആരംഭിക്കുക. സഞ്ചരിക്കുന്ന മാവേലിസ്റ്റോറിന്റെ സേവനം എരുവട്ടി വില്ലേജിൽ ലഭ്യമാക്കുക

3. കോളോട്, അണ്ടലൂർ കടവ്, പിണറായി വെസ്റ്റ് പ്രദേശങ്ങൾക്കായി പുതിയ ഒരു റേഷൻകട അനുവദിക്കുക.

4. റേഷൻകാർഡ് സംബന്ധമായ പരാതികളും അപേക്ഷകളും ഗ്രാമപഞ്ചായത്തിൽ സ്വീകരിച്ച് പരിഹാരം കാണാനുള്ള സംവിധാനങ്ങൾ ഗ്രാമപഞ്ചായത്തിൽ ഉണ്ടാക്കുക.

5. ഭക്ഷ്യസാധനങ്ങൾ പൊതുവിതരണകേന്ദ്രത്തിൽ എത്തിക്കുന്നതിന്റെ ഉത്തരവാദിത്തം ഗ്രാമപഞ്ചായത്ത് മെമ്പർമാരുടെ നേതൃത്വത്തിൽ ജനകീയസമിതിയുടെ ചുമതലയിലാക്കുക.

6. ലൈസൻസികൾക്ക് നിലവിലുള്ള കമ്മീഷൻ വർധിപ്പിക്കുക.

7. പൊതുവിതരണകേന്ദ്രം വഴി ഗോതമ്പിന് പകരമായി ഗോതമ്പുപൊടി വിതരണം ചെയ്യുക.

8. പൊതുവിതരണകേന്ദ്രങ്ങൾ മുഖാന്തരം ന്യായമായ വിലയ്ക്ക് പയറുവർഗങ്ങളും മുളക്, മല്ലി, മുതലായ നിത്യോപയോഗസാധനങ്ങൾകൂടി വിതരണം ചെയ്യുക.

## DWCRA സഹായലഭ്യത പട്ടിക 4.1

| വാർഡ് | തൊഴിൽ സംരംഭത്തിന്റെ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങൾ | പ്രവർത്തനക്ഷമത |
|---|---|---|---|---|
| 1 | ജെല്ലിയൂനിറ്റ് | 1992 | 11 | പ്രവർത്തിക്കുന്നു |
| 3 | ഹോസിയറി യൂനിറ്റ് | 1991 | 11 | പ്രവർത്തിക്കുന്നില്ല |
| 5 | ഡയറി യൂനിറ്റ് | 1991 | 11 | പ്രവർത്തിക്കുന്നു |
| 5 | ജെല്ലി | 1992 | 10 | പ്രവർത്തിക്കുന്നു |
| 11 | റെഡിമെയ്ഡ് യൂനിറ്റ് | 1994 | 15 | പ്രവർത്തനം മന്ദഗതിയിൽ |

## ട്രൈസം പട്ടിക 4.2

| വാർഡ് | പരിശീലനവിഷയം | പരിശീലനം ലഭിച്ചവർ | സ്വയംതൊഴിൽ കണ്ടെത്തിയവർ | ഇതരതൊഴിലെടുക്കുന്നവർ | ബാക്കി |
|---|---|---|---|---|---|
| 2 | കാർപ്പന്ററി | 1 | 1 | – | – |
| 3 | ടൈപ്പ്റൈറ്റിംഗ് | 1 | – | 1 | – |
| 4 | ഇലക്ട്രോണിക്സ് | 1 | 1 | – | – |
| 6 | റേഡിയോ റിപ്പയർ | 1 | – | 1 | – |
| 7 | പ്രിന്റിംഗ് ഇലക്ട്രോണിക്സ് | 3 | – | 3 | – |
| 9 | ഇലക്ട്രോണിക്സ് | 2 | – | 2 | – |
| 11 | എംബ്രോയിഡറി | 8 | 7 | 1 | – |
| ആകെ | | 17 | 9 | 8 | 0 |

## ടൂൾ കിറ്റ് വിതരണം പട്ടിക 4.3

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
|---|---|---|---|---|---|---|---|---|---|---|---|
| IRDP സർവേപ്രകാരം കൈത്തൊഴിലുകാരുടെ എണ്ണം | 11 | 33 | 15 | 23 | 15 | 7 | 2 | 3 | 5 | – | 3 |
| സഹായം ലഭിച്ചവർ | – | 4 | 2 | 3 | 6 | 4 | 1 | 1 | 1 | – | 2 |
| ഇനി സഹായത്തിനർഹർ | 11 | 19 | 13 | 20 | 9 | 3 | 1 | 2 | 1 | – | 1 |

## വിതരണം ചെയ്ത ഭക്ഷ്യസാധനങ്ങൾ (ക്വിന്റൽ)

| വർഷം | NE | E | അരി | ഗോതമ്പ് | റവ | മൈദ | പഞ്ചസാര | പാമോലിൻ |
|---|---|---|---|---|---|---|---|---|
| 1994-95 | 3781 | 3488 | 33270 | 2725 | 173 | 295 | 1793 | 2132L |
| 1995-96 | 3142 | 4163 | 28908 | 4340 | 129 | 228 | 1832 | – |



# സംസ്കാരം

സമ്പന്നമായ ഭൂതകാലവും കർമ്മനിരതമായ വർത്തമാനകാലവും കൈമുതലായുള്ള ഒരു ഗ്രാമമാണ് പിണറായി. ചരിത്രമുറങ്ങുന്ന തലശ്ശേരിക്ക് പത്തു കിലോമീറ്റർ വടക്കായി നിലകൊള്ളുന്ന ഈ ഗ്രാമവും ഇവിടുത്തെ ജനങ്ങളും ചരിത്രതാളുകളിൽ ലബ്ധ പ്രതിഷ്ഠ നേടിയിട്ടുണ്ട്. ഇവിടെയാണ് പാറപ്രം. 1939 ഡിസംബറിൽ കേരളത്തിലെ കോൺഗ്രസ് സോഷ്യലിസ്റ്റുകൾ ഒത്തുകൂടി കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളഘടകത്തിന് ഔപചാരികമായി രൂപം കൊടുത്ത സ്ഥലം. പണിയാളരുടെ പടയണി തീർത്ത പ്രോജ്ജ്വല പാരമ്പര്യമാണ് പിണറായിയുടെ സാർവകാലിക പ്രസക്തി. വടക്കൻ വീരഗാഥകളുടെ ശീലുകളുയരാറുള്ള വയലേലകൾ ഇന്നീ ഗ്രാമത്തിന്റെ നഷ്ട സ്മൃതികളാണ്. കല്യാണവീടുകളിലെ അരവിനൊത്തുയരാറുള്ള പടപ്പാട്ടുകളും ഇന്ന് അന്യം നിന്ന് പോയിരിക്കുന്നു. ഏറെപ്പേർ ജീവനോപാധിയായി സ്വീകരിച്ചിട്ടുള്ള ബീഡിതെറുപ്പ് മേഖലകളിൽ ഇന്നും നിലവിലുള്ള പത്രപാരായണവും, നോവൽ തുടങ്ങി ലോകക്ലാസ്സിക്കുകൾ വരെയുള്ള പുസ്തകങ്ങളുടെ വായനയുംചർച്ചയും അഭിലഷണീയവും അനുകരണീയവുമായ പ്രവർത്തനങ്ങളാണ്. സർവ്വതല സ്പർശിയായ സഹകരണപ്രസ്ഥാനവും സ്ഥാപനങ്ങളും ഈ ഗ്രാമത്തിന്റെ സാംസ്കാരിക ഔന്നത്യത്തിന്റെ നിദർശനങ്ങളാണ്.

അധീശവർഗ്ഗത്തിന്റെ അക്രമപ്പേക്കൂത്തുകൾക്കെതിരെ അടർക്കളത്തിലിറങ്ങയ അനേകർ ഈ ഗ്രാമത്തിലുണ്ട്. ദേശീയ നേതൃത്വത്തിലേക്കുയർന്ന എൻ. ഇ. ബാലറാം ഇക്കൂട്ടത്തിൽ പ്രാത സ്മരണീയനാണ്. സാമ്രാജ്യത്വ വാഴ്ചക്കെതിരെയുള്ള സമരത്തിൽ മുൻനിന്ന് പ്രവർത്തിച്ചവരാണ് മൺമറഞ്ഞുപോയ മനത്തൂർ കൃഷ്ണൻ നായരും ടി വി അച്ചുതൻ നായരും ജീവിച്ചിരിക്കുന്ന പാണ്ട്യാല ഗോപാലൻ മാസ്റ്ററും.

ഭൗതികതയും ആത്മീയതയും സമരസപ്പെട്ടു പോകുന്ന പിണറായിലെ പ്രാചീനങ്ങളായ ആരാധനാലയങ്ങളത്രെ പാനുണ്ടയിലെ ശ്രീ ശിവക്ഷേത്രം, കണ്വമംഗലം ശ്രീ വിഷ്ണു ക്ഷേത്രം, പിണറായിയിലെ ആദിരാമേശ്വര ക്ഷേത്രം,പടന്നക്കരയിലെ വിഷ്ണുക്ഷേത്രം, വൈരിഘാതക ക്ഷേത്രം തുടങ്ങിയവ. വെണ്ടുട്ടായിലെ കണ്ഠകർണ്ണക്ഷേത്രവും പടന്നക്കരയിലെ പുതിയേടത്ത് ഭഗവതിക്കാവും, ചേരിക്കലിലെ മാണിയത്ത് ഭഗവതിക്കാവും, തെരുവിലെ ശ്രീ ഗണപതിമണ്ഡപവും പ്രസ്താവ യോഗ്യമാണ്. പാറപ്രവും ഉമ്മഞ്ചിറയിലും ഉള്ള മസ്ജിദുകൾ മുസ്ലീങ്ങളുടെ മുഖ്യ ആരാധനാലയങ്ങളാണ്. മറ്റ് ആരാധാനാലയങ്ങളുടെ വിവരം അന്യത്ര ചേർത്തിട്ടുണ്ട്. (പട്ടിക 1)

പഞ്ചായത്ത് അതിർത്തിയിലെ ജാതിമത ഘടന പരിശോധിച്ചാൽ ഹിന്ദുജനവിഭാഗമാണ് കൂടുതൽ. ഇതിൽത്തന്നെ മറ്റുപിന്നോക്ക ജനവിഭാഗങ്ങളാണ് ഏറെയുള്ളത്. പട്ടികജാതിക്കാർ മൊത്തം ജനസംഖ്യയുടെ 1.76% വരും. മുസ്ലീം ജനവിഭാഗമാണ് മറ്റുള്ളവർ. വിവിധ ജാതിമത വിഭാഗങ്ങൾ അധിവസിക്കുന്ന പ്രദേശമാണെങ്കിലും സാമുദായിക സൗഹാർദ്ദവും മതമൈത്രിയും കാത്തുസൂക്ഷിക്കുന്ന പ്രദേശമാണിത്. 1970കളിൽ തലശ്ശേരിയിലുണ്ടായ കലാപത്തിന്റെ അലയൊലികൾ, മത സൗഹാർദ്ദത്തിന്റെ പ്രതിരോധനിര തീർത്ത് തടയിടാൻ ഈ ഗ്രാമത്തിന് കഴിഞ്ഞു എന്നത് ഉജ്ജ്വലസംസ്കാരത്തിന്റെ നിദർശകചിത്രമാണ്. ക്ഷേത്രോൽസവങ്ങളോടനുബന്ധിച്ച് കെട്ടിയാടപ്പെടുന്ന കളിയാട്ടങ്ങൾ, തിറകൾ, തെയ്യങ്ങൾ തുടങ്ങിയവ ആരാധനയുമായി ബന്ധപ്പെട്ട

ഗ്രാമീണോൽസവങ്ങളാണ്. മഹാനവമിയോടനുബന്ധിച്ചു ഇവിടെ നടത്തപ്പെടുന്ന ആഘോഷങ്ങൾ എല്ലാ വിഭാഗങ്ങളേയും ഒരേപോലെ ആകർഷിച്ച് വരുന്നു.

പാരമ്പര്യ ചികിത്സ, വിഷചികിത്സ, ജോതിഷം, തച്ചുശാസ്ത്രം തുടങ്ങിയ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ച പലർക്കും ജന്മം കൊടുത്ത ദേശമാണിത്. 'ശാസ്ത്രം സാമൂഹ്യനന്മയ്ക്ക് 'എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ശാസ്ത്ര സാഹിത്യ പരിഷത്ത്, പുരോഗമനകലാ സാഹിത്യസംഘം, യുവകലാസാഹിതി എന്നീ സാംസ്കാരിക സംഘടനകളുടെ സജീവമായ സാന്നിധ്യം ഈ ഗ്രാമത്തിലുണ്ട്. പാരമ്പര്യ ജോലികളായ മൺപാത്ര നിർമ്മാണം, പായ നിർമ്മാണം എന്നിവ ഇപ്പോഴും ഇവിടെയുണ്ട്. എന്നാൽ പുതിയ തലമുറയ്ക്ക് ഇതിൽ വേണ്ടത്ര താത്പര്യം കാണുന്നില്ല.

ആധുനിക സംസ്കാരത്തിലേക്കുള്ള പതാകാവാഹകങ്ങളായ ഔപചാരിക - അനൗപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏറെയുള്ള നാടാണിത്. ഇന്നീ ഗ്രാമപഞ്ചായത്തിൽ നഴ്സറി മുതൽ ഹൈസ്ക്കൂൾ തലം വരെയായി 25 വിദ്യാലയങ്ങൾ ഉണ്ട്. അനൗപചാരിക വിദ്യാഭ്യാസ രംഗത്തെ ആദ്യാംഗുരങ്ങളാണ് പാറപ്രം വിവേകാനന്ദ വായനശാലയും (സ്ഥാപിതം 1936) പടന്നക്കരയിലെ പൊതുജന വായനശാലയും. കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകരണത്തിനു വേദിയായ പാറപ്രം വായനശാല ഇന്നില്ല. 1937 ൽ സ്ഥാപിതമായ പടന്നക്കര വായനശാലയും ഗ്രന്ഥാലയവും സമീപ സ്കൂളിലെ വിദ്യാർത്ഥികൾക്കു നേരിട്ടു ലൈബ്രറി പുസ്തകങ്ങൾ വിതരണം നടത്തിക്കൊണ്ട് ഇന്നും മാതൃകയായി പ്രവർത്തിക്കുന്നു. പാനുണ്ടയിൽ സ്ത്രീ വിദ്യാഭ്യാസം ലക്ഷ്യംവെച്ച് പ്രവർത്തിക്കുന്ന 'വനിതാ ഗ്രന്ഥാലയം' പ്രത്യേകം പ്രസ്താവ യോഗ്യമാണ്. പാനുണ്ട സോഷ്യൽ എഡ്യുക്കേഷൻ ലൈബ്രറി, വനിതാ ഗ്രന്ഥാലയം, പടന്നക്കര പബ്ലിക്ക് ലൈബ്രറി, ചെക്കുനിപ്പാലം പൊതുജന വായനശാല & ഗ്രന്ഥാലയം എന്നിവ പുസ്തക ശേഖരണത്തിലും പ്രവർത്തനക്ഷമതയിലും മുൻപന്തിയിലാണ്. താരതമ്യേന മോശമല്ലാത്ത പുസ്തക ശേഖരമുള്ള 16 ഗ്രന്ഥാലയങ്ങൾ ഇന്നു ഗ്രാമത്തിലുണ്ട്. ഗ്രന്ഥാലയങ്ങളുടെ മറ്റുവിവരങ്ങൾ സൂചിപ്പിക്കുന്ന പട്ടിക അന്യത്ര ചേർത്തിരിക്കുന്നു. (പട്ടിക 11) ഏതാണ്ട് എല്ലാ ഗ്രന്ഥാലങ്ങളും സ്വന്തമായ കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഓരോ മൂക്കിലും മൂലയിലും തലയുയർത്തി സ്വന്തം കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന നാട്ടുകൂട്ടങ്ങളൊത്തു ചേരുന്ന വായനശാലകൾ ഈ ഗ്രാമത്തിന്റെ സാംസ്ക്കാരിക ഐശ്വര്യത്തിന്റെ ഉത്തമ നിദാനങ്ങളാണ്. വയോജന വിദ്യാഭ്യാസം, നിശാപഠനം എന്നീ മേഖലകളിലെ പ്രവർത്തനങ്ങൾ ഇന്ന് എല്ലാ സ്ഥാപനങ്ങൾക്കും കൈമോശം വന്നിരിക്കുന്നു.

കലാപരിപോഷണത്തിനു 1956 ൽ സ്ഥാപിതമായ പിണറായി സാംസ്ക്കാരിക സമിതി ഈ നാടിന്റെ ഹൃദയത്തുടിപ്പുകളേറ്റുവാങ്ങിയ ഒരു സ്ഥാപനമത്രെ- നാടെങ്ങും എണ്ണമറ്റ വേദികളിൽ നാടകങ്ങൾ അവതരിപ്പിച്ച സമിതി സഹൃനപ്പുറവും സദസ്സുകൾക്കാവേശം പകർന്നിട്ടുണ്ട്. സമിതിയുടെ നൃത്തനാടകങ്ങളും. കഥാപ്രസംഗങ്ങളും, തുള്ളലും, ഗാനമേളകളും സഹൃദയപ്രശംസ നേടിയിട്ടുണ്ട്. വയലിൻ, മൃദംഗം തുടങ്ങിയ സംഗീതോപകരണങ്ങളിൽ പ്രാവീണ്യം തെളിയിച്ചവരും സമിതിയുടെ സംഭാവനായായുണ്ട്. സമീപകാല സമിതി പ്രവർത്തനങ്ങൾ ആശാവഹമാണെന്നു പറയുക വയ്യ. പുതുതായി പിണറായിൽ ആരംഭിച്ച 'ബിലഹരി' കലോപാസന ഒരു തപസ്യയായി ഏറ്റെടുത്തിട്ടുള്ളത് ശുഭോദർക്കമാണ്. കൂടംപൊയിലിൽ വനിതകളുടെ മാത്രം നാടകസംഘം നിലവിലുണ്ടായിരുന്നു. കോൽക്കളിയും പൂരക്കളിയും നാട്ടരങ്ങുകൾക്ക് കൊഴുപ്പേകിയ കലാരൂപങ്ങളായിരുന്നു. കോതാമൂരി, വേടൻ തുടങ്ങിയ കലാരൂപങ്ങൾ ഇന്നു ഗതകാല സ്മരണകളായി തീർന്നിരിക്കുന്നു.

സാഹിത്യ രംഗത്ത് സാർഥകങ്ങളായ സംഭാവനയർപ്പിച്ച വി.വി.കെ. എന്ന ചുരുക്കപ്പേരിലറിയപ്പെടുന്ന വി.വി. കുഞ്ഞിക്കണ്ണൻ നമ്പ്യാരുടെ (1901- 1962) ജന്മദേശവും ഈ നാടാണ്. സുവർണ്ണ മേഖല, അമൃതഗംഗ, ഹൃദയഗായകൻ, ഭാവശൃംഖല, എന്റെ കവിത തുടങ്ങിയ കവിതാ സമാഹാരങ്ങൾ പുസ്തക രൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അധ്യാപനത്തിലുള്ള പ്രാഗത്ഭ്യവും വി.വി.കെ.യെ നിത്യസ്മരണീയനാക്കുന്നു വി. ശങ്കരൻ മുൻഷി (1900-1965) ശാസ്ത്രഗ്രന്ഥമായ 'പര്യായകുസുമമഞ്ജരിയും' 'അമ്മിണിക്കുട്ടിയുടെ അമ്മിക്കുട്ടി' എന്ന ഒരു സോദ്ദേശ കവിതയും പ്രസിദ്ധീകരിച്ചിട്ടുണ്ട്. സംസ്കൃത പണ്ഡിതരായ ഇ. ഗോപാലൻ മാസ്റ്ററും ഇ. അച്ചുമാസ്റ്ററും എഴുത്തുകാരനായ കെ.പി.ബി. പിണറായിയും കഥാപ്രസംഗവേദിയിലെ എം. നാണുനായരും യതീന്ദ്രൻ മാസ്റ്ററും ഗ്രാമസമ്പന്നതയുടെ പ്രതീകങ്ങളാണ്. ശാസ്ത്രീയ സംഗീത രംഗത്തെ പുതുനാമ്പുകളാണ് ടി.ശ്രീജയനും എം.കെ. പ്രദീപനും.

ഇന്നു പഞ്ചായത്തിൽ 16 ഗ്രന്ഥശാലകളും 17 വായനശാലകളും 61 കലാകായിക സ്ഥാപനങ്ങളുമുണ്ട്. അവയുടെ വിവരം അന്യത്ര ചേർത്തിരിക്കുന്നു. (പട്ടിക 3,4) അമേച്വർ നാടകങ്ങൾ ചില സമിതികൾ അവതരിപ്പിക്കാറുണ്ട്. ശാസ്ത്രീയസംഗീതം, ഉപകരണ സംഗീതം, നൃത്തം എന്നീ മേഖലകളിൽ പരിശീലനം നൽകുന്ന ചുരുക്കം സ്ഥാപനങ്ങളേ ഉള്ളു. ഇലക്ട്രോണിക് മാധ്യമങ്ങളുടെ കടന്നുകയറ്റം ആഴത്തിലുള്ള വായനയിൽ നിന്നും ആളുകളെ അകറ്റിക്കൊണ്ടിരിക്കുകയാണ്. സാമൂഹിക പരിഷ്കരണത്തിന്റെ ആയുധപ്പുരകളായ ഗ്രന്ഥാലയങ്ങളിലെ പുസ്തകങ്ങൾ വായനക്കാരെ പ്രതീക്ഷിച്ചിരിപ്പാണ്. പഞ്ചായത്തിൽ 110 ടെലിവിഷൻ സെറ്റുകളുണ്ട്. ഇതിനെ വിശകലനം ചെയ്താൽ 26 പേർക്ക് ഒരു ടെലിവിഷൻ പിണറായി പഞ്ചായത്തിലുണ്ട്. (അവലംബം പഞ്ചായത്ത് സാമൂഹ്യസാമ്പത്തിക സർവ്വെ) പുരോഗമന പ്രവർത്തനങ്ങൾക്ക് പുകൾപെറ്റ സാംസ്ക്കാരിക സ്ഥാപനങ്ങൾ ഇലക്ട്രോണിക് മാധ്യമങ്ങളോടും നാലാംകിട

ആനുകാലികങ്ങളോടും കാണിക്കുന്ന അതിരുകടന്ന അഭിനിവേശം ആക്ഷേപാർഹമാണെന്നു പറയാതെ വയ്യ. മാധ്യമരംഗത്തെ ഈ കടന്നുകയറ്റം യുവമനസ്സുകളെ മലീമസമാക്കുന്നതും, മദ്യാസക്തിയടക്കമുള്ള ജീർണ സംസ്കാരത്തിനു മാന്യത കൈവരുത്തുന്നതും കരുകതലോടെ കാണേണ്ട പ്രവണതകളാണ്. ആത്മീയതയുടെ മറയുപയോഗിച്ച് അവിടവിടെ ആൾദൈവങ്ങൾ വളർന്നു വന്നതും ഭക്തി ഒരു ഫാഷനായി വളരുന്നതും ആത്മീയവാദത്തിന്റെ അന്തഃസത്തയ്ക്കു അപകടകരങ്ങളാണ്. സ്ത്രീധന സമ്പ്രദായം ചില വിഭാഗങ്ങളിൽ ഇന്നും നിലനിൽക്കുന്നു. ഇതിനെതിരെ ജാഗ്രത പുലർത്തേണ്ടതുണ്ട്.

ഇടത്തരം കർഷകരും കർഷകത്തൊഴിലാളികളും ബീഡിത്തൊഴിലാളികളും അധിവസിക്കുന്ന പിണറായിയിൽ കമ്മ്യൂണിസ്റ്റ് പാർട്ടി മാർക്സിസ്റ്റ് ആണ് പ്രബല രാഷ്ട്രീയകക്ഷി. സി.പി.ഐ., കോൺഗ്രസ്സ്, ജനതാദൾ, മുസ്ലീം ലീഗ് കോൺഗ്രസ്സ് (എസ്സ്) ബി.ജെ.പി. എന്നീ രാഷ്ട്രീയകക്ഷികളും ഇവിടെ പ്രവർത്തിക്കുന്നു. മിക്ക് പാർട്ടികളുടെയും ബഹുജനസംഘടനകളും ഇന്നു നിലവിലുണ്ട്. രാഷ്ട്രീയ സംഘർഷങ്ങളോ, ജാതിമത സംഘർഷങ്ങളോ ഇവിടെ ഇല്ലെന്നുതന്നെ പറയാം. കരുത്തുറ്റ കർഷപ്രസ്ഥാനവും അധ്യാപക പ്രസ്ഥാനവും ഈ ഗ്രാമത്തിന്റെ അഭ്യുന്നതിക്ക് കാരണമാണ്.

ദേശാഭിമാനി, മാതൃഭൂമി, മലയാളമനോരമ, കേരളാകൗമുദി എന്നീ ദിനപത്രങ്ങൾ പഞ്ചായത്തിൽ പ്രചരിക്കുന്നുണ്ട്. ഇംഗ്ലീഷ് പത്രങ്ങളും പഞ്ചായത്തിൽ പ്രചരിക്കുന്നുണ്ട്. മലയാളത്തിൽ പ്രസിദ്ധീകരിക്കുന്ന മിക്ക വാറും എല്ലാ വാരികകളും മാസികകളും ബാലമാസികകളും പഞ്ചായത്തിൽ പ്രചരിക്കുന്നുണ്ട്. ലക്ഷ്യബോധമുള്ള വായന വേണ്ടത്ര ഉണ്ടെന്നു പറഞ്ഞുകൂട.

കായിക വിനോദങ്ങളിൽ ഫുട്ബോളിനോടാണു ഗ്രാമീണർക്ക് ഏറെ കമ്പം. രണ്ടു ഫുട്ബോൾ ടൂർണമെന്റുകൾ ഒന്നു പിണറായിയിലും മറ്റൊന്നു പാറപ്രവും-വർഷങ്ങളായി ഇവിടെ നടന്നുവരുന്നു. ബോൾബാഡ്മിന്റൺ രംഗത്ത് ജില്ലാ-യൂണിവേഴ്സിറ്റി സംസ്ഥാനതലത്തിലുള്ള പ്രഗത്ഭ കളിക്കാരെ സംഭാവന ചെയ്ത പ്രദേശമാണിത്. ചെസ്, കേരംസ്, എന്നിവയുടെ ടൂർണ്ണമെന്റുകളും ചിലയിടങ്ങളിൽ സംഘടിപ്പിക്കാറുണ്ട്. പാരമ്പര്യ ആയോധനമുറയായ കളരിഅഭ്യാസത്തിന് ആധുനികകാലത്ത് താല്പര്യം കുറഞ്ഞുവരുന്നത് നിരാശാജനകമാണ്. കരാട്ടെ പരിശീലനം ചില ഭാഗങ്ങളിൽ നടന്നു വരുന്നു. യോഗാസന തല്പരരായ ഒരു വിഭാഗം ജനങ്ങൾ ഇന്നുമുണ്ട്.

ആട്ട, ഡപ്പ, റൗണ്ട്, ചുള്ളിയും കോലും, ഗോട്ടി തുടങ്ങിയ നാടൻകളികൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. കൊത്തൻകല്ല് കളിയും സൊറൂക്ക കളിയും സ്ത്രീകളുടെ വിനോദങ്ങളിൽ നിന്ന് അപ്രത്യക്ഷമായിരിക്കുന്നു. നിരകളിയും വെള്ളയും ചാമ്പയും ഇന്നാർക്കും അറിയാത്ത അവസ്ഥയാണുള്ളത്. ഇന്ന് റോഡുകളിലും പറമ്പുകളിലും ക്രിക്കറ്റിന്റെ അമിത ജ്വരം പ്രത്യക്ഷപ്പെട്ടിരിക്കുകയാണ്. വിദ്യാലയങ്ങളിൽ കായിക പരിശീലനം നടക്കുന്നില്ല. കായിക പരിശീലനം പാഠ്യപദ്ധതിയുടെ ഭാഗവുമല്ല. കായികക്ഷമതയ്ക്ക് പ്രധാന്യമുള്ള തൊഴിൽ മേഖലകളിൽ പഞ്ചായത്തിലെ യുവജനങ്ങൾ പിന്തള്ളപ്പെടുന്നു.

## പ്രശ്നങ്ങൾ

1. ചുരുക്കം ചില ഗ്രന്ഥാലയങ്ങൾ ഒഴികെ മറ്റുള്ളവയുടെ പ്രവർത്തനം തൃപ്തികരമല്ല. വിജ്ഞാനപ്രദമായ ഗ്രന്ഥങ്ങളും പ്രസിദ്ധീകരണങ്ങളും കുറവാണ്.

2. മിക്ക സ്കൂളുകളും വാർഷികാഘോഷങ്ങൾ നടത്താറില്ല.

3. സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനങ്ങൾ ഫലപ്രദമല്ല. വിദ്യാലയങ്ങളിൽ പഠ്യേതര വായനയ്ക്ക് വേണ്ടത്ര പ്രോത്സാഹനമില്ല.

4. രണ്ടാംഘട്ട സാക്ഷരതാ പ്രവർത്തനം നിർജ്ജീവമാണ്. നവസാക്ഷരർക്കായി പ്രവർത്തിക്കുന്ന ജനവിദ്യാകേന്ദ്രങ്ങൾ പ്രവർത്തനരഹിതമായിരിക്കുന്നു.

5. സാംസ്ക്കാരിക സ്ഥാപനങ്ങൾക്ക് ഫണ്ടിന്റെ അഭാവമുണ്ട്.

6. ഇലക്ട്രോണിക് മാധ്യമങ്ങളുടെ അതിപ്രസരം വായനയെ നശിപ്പിക്കുന്നു.

7. കലാ സാംസ്കാരിക കായിക രംഗത്ത് വേണ്ടത്ര പരിശീലനം ലഭിക്കുന്നില്ല.

8. കളിസ്ഥലങ്ങൾ ആവശ്യത്തിനില്ല.

9. പഞ്ചായത്ത് സാംസ്കാരിക കേന്ദ്രം, പഞ്ചായത്ത് വായനശാലകൾ എന്നിവയുടെ പ്രവർത്തനം തൃപ്തികരമല്ല.

10. സാംസ്കാരിക സ്ഥാപനങ്ങൾ തുടർച്ചയായി പ്രവർത്തിക്കുന്നില്ല. ഒരു കുതിപ്പും ഒരു കിതപ്പും എന്ന രീതിയിലാണു പ്രവർത്തനം.

11. ഗ്രാമത്തിൽ കലാസാംസ്കാരിക കായിക പ്രവർത്തനങ്ങൾക്ക് ഏകോപനമില്ല.

12. ഗ്രാമീണ കലാകായിക വിനോദങ്ങൾ പ്രോത്സാഹിപ്പിക്കുന്നില്ല.

13. യുവജനങ്ങൾക്ക്, മദ്യം, മയക്കുമരുന്ന് എന്നിവയോടുള്ള ആസക്തി വർദ്ധിച്ചുവരുന്നു. ചില വാർഡുകളിൽ വ്യാജ മദ്യം സുലഭമാണ്.

## സാധ്യതകൾ

1. ഗ്രന്ഥശാലകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക. ഗ്രന്ഥശാലകൾ സമീപ സ്കൂളുകളിൽ നേരിട്ട് ചെന്ന് വിദ്യാർത്ഥികൾക്ക് പുസ്തക വിതരണം നടത്തുക. സ്ത്രീകളിൽ വായനാശീലം വർദ്ധിപ്പിക്കാൻ വീടുകളിൽ പുസ്തകമെത്തിച്ചുകൊടുക്കുക.

2. ഓരോ ഗ്രന്ഥശാലയോടനുബന്ധിച്ചും കൈയ്യെഴുത്തുമാസികകൾ ആരംഭിക്കുക. ഇവയ്ക്ക് പഞ്ചായത്തുതലത്തിൽ മത്സരവുമാകാം.

3. ഗ്രാമത്തിലെ എല്ലാ വായനശാലകൾക്കും മൂന്നു പത്രമെങ്കിലും അനുവദിക്കുക. സംഭാവനവഴി വായനശാ

ലകളിലെ ആനുകാലികങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാം.

4. ഗ്രാമീണ സാഹിത്യ സായാഹ്നങ്ങൾ സംഘടിപ്പിക്കുക.

5. ഇലക്ട്രോണിക് മാധ്യമ സാധ്യതകളെ ഫലപ്രദമായി ഉപയോഗിക്കാൻ വീഡിയോ ക്ലബ്ബുകൾ രൂപീകരിക്കുക.

6. എല്ലാ വിഭാഗം ജനങ്ങളുടെയും പങ്കാളിത്വം ഉറപ്പാക്കിക്കൊണ്ട് ഗ്രാമോത്സവങ്ങൾ സംഘടിപ്പിക്കുക.

7. കുട്ടികളുടെ പഠനസമയത്തുള്ള ടി.വി. വിനോദ പരിപാടികൾ മാറ്റാൻവേണ്ട സമ്മർദ്ദം ചെലുത്തുക.

8. വിവിധ കളികൾക്ക് വിദഗ്ദ്ധ പരിശീലനം സംഘടിപ്പിക്കുക.

9. ഗ്രാമീണ ജിംനേഷ്യങ്ങൾ സംഘടിപ്പിക്കുക.

10. സ്ത്രീകൾക്ക് പ്രത്യേകം കായിക വിനോദ കേന്ദ്രങ്ങൾ സ്ഥാപിക്കുക. കായികരംഗത്ത് സ്ത്രീ പങ്കാളിത്തം പ്രോത്സാഹിപ്പിക്കണം.

11. രണ്ടുവാർഡുകൾക്ക് ഒരു പൊതു കളിസ്ഥലം എന്നടിസ്ഥാനത്തിൽ എല്ലായിടത്തും മൈതാനങ്ങൾ സ്ഥാപിക്കുക.

12. വാർഡുകൾ കേന്ദ്രീകരിച്ച് മദ്യം, മയക്കുമരുന്ന്, സാംസ്കാരിക ജീർണ്ണത തുടങ്ങിയവയ്ക്കെതിരെ ബോധവൽക്കരണം നടത്തുക.

13. നവസാക്ഷരർക്കുവേണ്ടിയുള്ള ജനവിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുക.

14. നാടൻപാട്ടുകൾ നാട്ടറിവുകൾ എന്നിവ സംരക്ഷിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക.

### പട്ടിക 1

### പിണറായി ഗ്രാമപഞ്ചായത്ത് ആരാധനാലയങ്ങളുടെ പേരുവിവരം

1. കണ്വമംഗലം ശ്രീ വിഷ്ണുക്ഷേത്രം, ഓലായിക്കര
2. കപ്പറ്റ ദുർഗാക്ഷേത്രം, ഓലായിക്കര
3. കുന്നത്ത് മഠപ്പുര, ഓലായിക്കര
4. കണ്ണോത്ത് മഠപ്പുര, ഓലായിക്കര
5. പുളിയിക്കുന്നത്ത് മഠപ്പുര, ഓലായിക്കര
6. പാനുണ്ട ശ്രീ ശിവക്ഷേത്രം
7. ചക്യത്ത് കാവ്, പാനുണ്ട
8. കോയ്യാളകുന്നത്ത്, ഓലായിക്കര
9. പൊട്ടൻതിറക്ഷേത്രം, പൊട്ടൻപാറ
10. പറമ്പൻ മഠപ്പുര, കാപ്പുമ്മൽ
11. അമ്മിണിക്കാവ്, കാപ്പുമ്മൽ
12. പൂതാടിക്ഷേത്രം, കോഴൂർ
13. തണ്ട്യാൻ മഠപ്പുര, കോഴൂർ
14. ഇലഞ്ഞിയുള്ളതിൽ കാവ്, പന്തക്കപ്പാറ
15. ചാലിൽ മഠപ്പുര, വെണ്ടുട്ടായി
16. കൈതേരി പുതിയേടത്ത് കണ്ഠകർണ്ണക്ഷേത്രം, വെണ്ടുട്ടായി
17. കരുവാന്റവിട, വെണ്ടുട്ടായി
18. പൂവാടൻ മഠപ്പുര, വെണ്ടുട്ടായി
19. അറത്തിൽ ഭഗവതിക്ഷേത്രം, വെണ്ടുട്ടായി
20. കുഞ്ഞിപ്പറമ്പത്ത് മഠപ്പുര, വെണ്ടുട്ടായി
21. കണ്ണച്ചാങ്കണ്ടി, കിഴക്കുംഭാഗം
22. തയ്യിൽ മഠപ്പുര, കിഴക്കുംഭാഗം
23. പൊമ്മിലേരി മഠപ്പുര, കിഴക്കുംഭാഗം
24. വയനാണ്ടി, കിഴക്കുംഭാഗം
25. മുട്ടേരി വീട്ടിൽ, കിഴക്കുംഭാഗം
26. ചെറായികാവ്, പടന്നക്കര
27. പിലാക്കണ്ടി മഠപ്പുര, പടന്നക്കര
28. പോതിയേടത്ത്, പിണറായി
29. ഗണപതിക്ഷേത്രം, തെരു
30. ആശാരിക്കാവ്, പാണ്ട്യാൻചേരി
31. വിഷ്ണു അമ്പലം, പടന്നക്കര
32. വൈരിഘാതകൻ ക്ഷേത്രം, പടന്നക്കര
33. കുന്നുംചാൽ മഠപ്പുര, പിണറായി
34. കല്ലാരത്ത്, പിണറായി
35. കുനിയയിൽ, ചേരിക്കൽ
36. മാണിയത്ത് ഭഗവതിക്ഷേത്രം, ചേരിക്കൽ
37. ആദിരാമേശ്വരക്ഷേത്രം, പിണറായി
38. കാടൻരയരോത്ത്, പിണറായി വെസ്റ്റ്
39. വള്ളിക്കെട്ട് ഭഗവതിക്കാവ്, ഓലയമ്പലം
40. മണ്ടോളളടുത്ത്, പാറപ്രം
41. പോർക്കിലി ഭഗവതിക്ഷേത്രം, പാറപ്രം
42. ചെമ്മരാടത്ത്, പാറപ്രം
43. ആശാരിക്കാവ്, പാറപ്രം
44. അയ്യങ്കര പള്ളി, കായലോട്
45. കാപ്പുമ്മൽ മസ്ജിദ്
46. ഉമ്മഞ്ചിറ മസ്ജിദ്
47. അണ്ടല്ലൂർ കടവ് മസ്ജിദ്
48. പിണറായി മസ്ജിദ്
49. കുഞ്ഞിപ്പള്ളി
50. പാറപ്രം മസ്ജിദ്

## പട്ടിക 3

## പിണറായി ഗ്രാമപഞ്ചായത്ത് വായനശാലകൾ

| നമ്പർ | പേരും വിലാസവും | കെട്ടിടവിവരം |
|---|---|---|
| 1. | സാമൂഹ്യവിദ്യാഭ്യാസകേന്ദ്രം വായനശാല, കമ്പൗണ്ടർ ഷാപ്പ് | സ്വന്തം |
| 2. | യു രാഘവൻ സ്മാരക വായനശാല, കോളാട് | സ്വന്തം |
| 3. | പെരിങ്ങളായി കൃഷ്ണൻ സ്മാരക വായനശാല, വെണ്ടുട്ടായി | സ്വന്തം |
| 4. | എം.കെ. കൃഷ്ണൻ സ്മാരക വായനശാല, പുത്തൻകണ്ടം, | സ്വന്തം |
| 5. | മഹാത്മാവായനശാല, ഓലായിക്കര | സ്വന്തം |
| 6. | പൊതുജന വായനശാല, മൗവ്വേരി | സ്വന്തം |
| 7. | ശ്രീനാരായണ വായനശാല, കാപ്പുമ്മൽ | സ്വന്തം |
| 8. | എ.കെ.ജി. സ്മാരക വായനശാല, പൊട്ടൻപാറ | സ്വന്തം |
| 9. | അഴീക്കോടൻ സ്മാരക വായനശാല, പൈനാങ്കി മട്ട | സ്വന്തം |
| 10. | പഞ്ചായത്ത് സാംസ്കാരിക കേന്ദ്രം പൈനാങ്കിമട്ട | സ്വന്തം |
| 11. | ദിനേശ് ക്ലബ് വായനശാല, കാപ്പുമ്മൽ | സ്വന്തം |
| 12. | പഞ്ചായത്തു വായനശാല, കാപ്പുമ്മൽ | സ്വന്തം |
| 13. | രവീന്ദ്രൻ മാസ്റ്റർ സ്മാരക വായനശാല, അണ്ടല്ലൂർ കടവ് | സ്വന്തം |
| 14. | സാംസ്കാരിക സമിതി വായനശാല, പിണറായി | സ്വന്തം |
| 15. | ശ്രീ നാരായണ വായനശാല, പിണറായി നോർത്ത് | സ്വന്തം |
| 16. | പ്രിയദർശിനി വായനശാല, സേട്ടുപീടിക. | സ്വന്തം |
| 17. | പഞ്ചായത്തുവായനശാല, ഓലയമ്പലം, | വാടക |

## പട്ടിക 4

## പിണറായി ഗ്രാമപഞ്ചായത്ത് കലാകായിക സമിതികൾ

| നമ്പർ പേര് | കെട്ടിടവിവരം |
|---|---|
| 1. പ്രിയദർശിനി ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്, ഓലായിക്കര | ഇല്ല |
| 2. ഗാന്ധിജി ബാലജനസഖ്യം, ഓലായിക്കര | ഇല്ല |
| 3. ദേശസ്നേഹി സ്പോർട്സ് ക്ലബ്, ഓലായിക്കര | സ്വന്തം |
| 4. പാനുണ്ട യുവക് മണ്ഡൽ | സ്വന്തം |
| 5. മഹിളാസമാജം, പാനുണ്ട | സ്വന്തം |
| 6. എ.കെ.ജി. സ്മാരക ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്, പൊട്ടൻപാറ | സ്വന്തം |
| 7. വിവേകാനന്ദ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്, പൈനാങ്കിമട്ട | വാടക |
| 8. മഹാത്മാ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്, പാനുണ്ട | വാടക |
| 9. ജവഹർ ബാലവേദി ആന്റ് യൂത്ത് വേദി, പാനുണ്ട, | വാടക |
| 10. പ്രതിഭ മഹിളാസമാജം, പാനുണ്ട സ്വന്തം | |
| 11. എ.കെ.ജി. സ്മാരക ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്, കോഴൂർ. | വാടക |
| 12. ദിനേശ് ക്ലബ്, കാപ്പുമ്മൽ | സ്വന്തം |
| 13. രക്തസാക്ഷി മന്ദിരം, കൂടംപൊയിൽ | സ്വന്തം |
| 14. യുവശബ്ദം ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്, കൂടമ്പൊയിൽ | സ്വന്തം |
| 15. സഹൃദയ ക്ലബ്, കാപ്പുമ്മൽ | വാടക |
| 16. പീപ്പിൾസ് സ്പോർട്സ് ക്ലബ്, പൂന്തക്കപ്പാറ | വാടക |
| 17. പുലരി ക്ലബ്, കോഴൂർ | വാടക |
| 18. പ്രിയദർശിനി ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്, പൊട്ടൻപാറ | വാടക |
| 19. വി.വി.കെ സ്മാരക കലാനിലയം, കാപ്പുമ്മൽ | വാടക |
| 20. രാജീവ്ജി ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്, കാപ്പുമ്മൽ | വാടക |
| 21. കുഞ്ഞാലി സ്മാരക സ്പോർട്സ് ക്ലബ് പൈനാങ്കിമട്ട | സ്വന്തം |
| 22. സരോജിനി നായിഡു മഹിളാ സമാജം, കൂടംപൊയിൽ | സ്വന്തം |
| 23. അഴിക്കോടൻ സ്മാരക ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്, പൈനാങ്കിമട്ട | സ്വന്തം |
| 24. എ.കെ.ജി. സ്മാരക സ്പോർട്സ് ക്ലബ്, പൊട്ടൻപാറ | സ്വന്തം |

| | |
|---|---|
| 25. ന്യൂ ചലഞ്ചേഴ്സ് കലാസമിതി, പൊട്ടൻപാറ, | വാടക |
| 26. എ.കെ.ജി സ്മാരക സ്പോർട്സ് ക്ലബ്, പുത്തംകണ്ടം | സ്വന്തം |
| 27. അഴീക്കോടൻ സ്മാരക ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്, വെണ്ടുട്ടായി | സ്വന്തം |
| 28. ഹീറോ സ്പോർട്സ് ക്ലബ് വെണ്ടുട്ടായി | ഇല്ല |
| 29. യുവശക്തി ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്, വെണ്ടുട്ടായി | സ്വന്തം |
| 30. ഉദയ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്, വെണ്ടുട്ടായി | സ്വന്തം |
| 31. പാട്യം ഗോപാലൻ സ്മാരക ക്ലബ്, കിഴക്കുഭാഗം, | സ്വന്തം |
| 32. എ.കെ.ജി. സ്മാരക സ്പോർട് ക്ലബ്, കിഴക്കുംഭാഗം | സ്വന്തം |
| 33. യുവജന സ്പോർട്സ് ക്ലബ്, പിണറായി | വാടക |
| 34. സാമൂഹ്യ വിദ്യാഭ്യാസ കേന്ദ്രം സ്പോർട്സ് ക്ലബ്, കമ്പൊണ്ടർ ഷാപ്പ് | സ്വന്തം |
| 35. ഫീനിക്സ് കലാവേദി, പടന്നക്കര | വാടക |
| 36. ഹൃദ്യ പടന്നക്കര, | ഇല്ല |
| 37. റെഡ്സ്റ്റാർ സ്പോർട്സ് ക്ലബ്, പടന്നക്കര | വാടക |
| 38. റെഡ് യംഗ്സ് സ്പോർട്സ് ക്ലബ്, കോളാട് | സ്വന്തം |
| 39. രവീന്ദ്രൻമാസ്റ്റർ സ്മാരക ആർട്സ് ആന്റ് സ്പോർട്സ് ക്ലബ് അണ്ടല്ലൂർ കടവ് | സ്വന്തം |
| 40. കുസുമം ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്, കമ്പൊണ്ടർഷാപ്പ് | വാടക |
| 41. റെഡ് യൂത്ത്സ് ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്, ചെക്കിക്കുനിപാലം | സ്വന്തം |
| 42. ഫ്രന്റസ് കലാസമിതി, അണ്ടല്ലൂർ കടവ് | വാടക |
| 43. ഫ്രന്റസ് കലാവേദി, അണ്ടല്ലൂർ കടവ് | ഇല്ല |
| 44. കൃഷ്ണപിള്ള സ്പോർട്സ് ക്ലബ്, കാട്ടിൽ പീടിക | സ്വന്തം |
| 45. ടി. കുമാരൻ സ്മാരക ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്, എടക്കടവ് | വാടക |
| 46. കൃഷ്ണപ്പിള്ള സ്മാരക സ്പോർട്സ് ക്ലബ്, പിണറായി നോർത്ത് | വാടക |
| 47. ബിലഹരി കലാസാംസ്കാരിക വേദി, ഓലയമ്പലം | വാടക |
| 48. പാട്യം ഗോപാലൻ സ്മാരക ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്, ചേരിക്കൽ | സ്വന്തം |
| 49. അഴീക്കോടൻ സ്മാരക ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്, പാറപ്പുറം | വാടക |
| 50. സഫ്ദ ർ ഹാശ്മി കലാവേദി, പാറപ്രം | ഇല്ല |
| 51. യുവരശ്മി ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്, പാറപ്രം | വാടക |
| 52. കലാസാംസ്ക്കാരികവേദി, പിണറായി വെസ്റ്റ് | ഇല്ല |
| 53. യുവധാര സ്പോർട്സ് ക്ലബ്, പിണറായി വെസ്റ്റ് | സ്വന്തം |
| 54. യുവപ്രതിഭ കലാസാംസ്കാരിക വേദി സേട്ടുപീടിക, | ഇല്ല |
| 55. ഭാവദീപം കലാവേദി പാറപ്രം | ഇല്ല |
| 56. ജവഹർ ബാലവേദി പിണറായി വെസ്റ്റ് | ഇല്ല |
| 57. യുണൈറ്റഡ് സ്പോർട്സ് ക്ലബ്, പാറപ്രം | സ്വന്തം |
| 58. കൃഷ്ണപ്പിള്ള സ്പോർട്സ് ക്ലബ്, പാറപ്രം | വാടക |
| 59. ഉദയ സ്പോർട്സ് ക്ലബ്, പാറപ്രം | ഇല്ല |
| 60. ശ്രുതി, കാപ്പുമ്മൽ | വാടക |
| 61. റിഥം, കാപ്പുമ്മൽ | വാടക |

# പിണറായി ഗ്രാമപഞ്ചായത്ത് ഗ്രന്ഥശാലകൾ

| പേരും വിലാസവും | സ്ഥാപിച്ചവർഷം | ഗ്രേഡ് | പുസ്തകങ്ങളുടെ എണ്ണം | ശരാശരി പ്രതിമാസ വിതരണം | ആനുകാലികങ്ങളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം | ജനസഹായം ലഭിക്കുന്നുണ്ടോ | കെട്ടിടവിവരം | മറ്റ് ആനുബന്ധപ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|---|---|
| 1. ദേശസ്നേഹി വായനശാല & ഗ്രന്ഥാലയം, ഓലാലിക്കര | 1982 | ഇ | 1390 | 450 | 8 | 50 | ഉണ്ട് | സ്വന്തം | വായനശാല പ്രവർത്തിക്കുന്നു, കലാകായികമത്സരങ്ങൾ നടത്താറുണ്ട് |
| 2പാനുണ്ട സോഷ്യൽ എഡ്യുക്കേഷൻ വായനശാല & ഗ്രന്ഥാലയം | 1958 | സി | 5400 | 700 | 20 | 400 | ഉണ്ട് | സ്വന്തം | വായനശാല, യുവക് മണ്ഡൽ, ബാലസമാജം എന്നിവ പ്രവർത്തിക്കുന്നു |
| 3.പാനുണ്ട മഹിളാസമാജം വനിതാഗ്രന്ഥാലയം | 1986 | ഡി | 4520 | 730 | 23 | 377 | ഉണ്ട് | സ്വന്തം | ശിശുപുസ്തകകോർണർ, വനശാസ്ത്ര കോർണർ വനിതാവിഭാഗം സാക്ഷരതാപ്രവർത്തനം |
| 4. ശ്രീനാരായണവായനശാല & ഗ്രന്ഥാലയം, കോഴൂർ നോർത്ത് | 1980 | എഫ് | 1792 | 450 | 13 | 75 | ഉണ്ട് | സ്വന്തം | വായനശാല പ്രവർത്തിക്കുന്നു. കലാകായികസാമൂഹ്യ സാംസ്കാരികപ്രവർത്തനങ്ങൾ |
| 5ശ്രീനാരായണ വായനശാല & ഗ്രന്ഥാലയം, പന്തക്കപ്പാറ | 1951 | - | 2000 | 400 | 15 | 170 | ഇല്ല | സ്വന്തം | വായനശാല, കലാകായിക വിഭാഗങ്ങൾ, ബാലവേദി എന്നിവ് പ്രവർത്തിക്കുന്നു. |
| 6പൊതുജനവായനശാല & ഗ്രന്ഥാലയം വെണ്ടുട്ടായി | 1966 | സി | 2029 | 288 | 8 | 65 | ഉണ്ട് | സ്വന്തം | വായനശാല പ്രവർത്തിക്കുന്നു |
| 7. എ.കെ.ജി. സ്മാരകവായനശാല & ഗ്രന്ഥാലയം, കിഴക്കുംഭാഗം | 1983 | - | 800 | 300 | 10 | 85 | ഇല്ല | സ്വന്തം | നിർധനരായ വിദ്യാർത്ഥികളെ പഠനോപകരണങ്ങൾ വാങ്ങാൻ സഹായിക്കുന്നു. ശ്രമദാനങ്ങളിൽ പങ്കെടുക്കുന്നു |
| 8 പാട്യം ഗോപാലൻ സ്മാരകവായനശാല & ഗ്രന്ഥാലയം, കിഴക്കുംഭാഗം | 1940 | ഡി | 2985 | 451 | 15 | 152 | ഉണ്ട് | സ്വന്തം | കുട്ടികൾക്കായി കലാകായികമത്സരങ്ങളുടെ സംഘാടനം, സാക്ഷരതാ പ്രവർത്തനം, വായനശാല |
| 9ദേശീയകലാപരിഷത്ത് വായനശാല & ഗ്രന്ഥാലയം പിണറായി | 1959 | സി | 3674 | 412 | - | 728 | ഉണ്ട് | വാടക | |
| 10 പബ്ലിക് ലൈബ്രറി & റീഡിംഗ് റൂം പടന്നക്കര | 1937 | സി | 4465 | 175 | 12 | 136 | ഉണ്ട് | സ്വന്തം | സാംസ്കാരികപ്രവർത്തനം, കലാസാഹിത്യമത്സരം കുട്ടികളുടെ ലൈബ്രറി, വായനശാല |
| 11 പൊതുജനവായനശാല & ഗ്രന്ഥാലയം, ചെക്കിക്കുനിപ്പാലം | 1982 | ഇ | 3921 | 350 | 19 | 534 | ഉണ്ട് | സ്വന്തം | നേഴ്സറി പ്രവർത്തിക്കുന്നു, വായനശാല |
| 12ശ്രീനാരായണ വായനശാല & ഗ്രന്ഥാലയം, പാണ്ട്യാലമുക്ക് | 1970 | - | 550 | 200 | 9 | 125 | ഇല്ല | സ്വന്തം | വായനശാല പ്രവർത്തിക്കുന്നു |
| 13 ശ്രീനാരായണ വായനശാല & ഗ്രന്ഥാലയം, എടക്കടവ് | 1983 | ഇ | 1357 | 175 | 13 | 142 | ഉണ്ട് | സ്വന്തം | വായനശാല പ്രവർത്തിക്കുന്നു |
| 14 പൊതുജനവായനശാല & ഗ്രന്ഥാലയം, ചേരിക്കൽ | 1954 | ഡി | 2538 | 600 | 36 | 517 | ഉണ്ട് | സ്വന്തം | ആരോഗ്യക്ലാസ്സുകൾ, നിർധനരോഗസഹായം, നവമി യാഘോഷം, എഴുത്തിനിരുത്തൽ, വായനശാല |
| 15 സി. മാധവൻ സ്മാരക വായനശാല & ഗ്രന്ഥാലയം, പിണറായി വെസ്റ്റ് | 1956 | - | 200 | 25 | - | 50 | ഇല്ല | സ്വന്തം | വായനശാല പ്രവർത്തിക്കുന്നു, പുസ്തകശേഖരണം |
| 16 എ.കെ.ജി. സ്മാരക വായനശാല & ഗ്രന്ഥാലയം പാറപ്രം | 1978 | ഇ | 2375 | 410 | 16 | 330 | ഉണ്ട് | സ്വന്തം | ആരോഗ്യക്യാമ്പുകൾ, പ്രഭാഷണങ്ങൾ, പുസ്തകപ്രദർശനം SSLCവിദ്യാർത്ഥികൾക്കുള്ള ക്യാഷ് അവാർഡ് |



# വനിതാക്ഷേമം

ദേശീയസ്വാതന്ത്ര്യസമരപ്രസ്ഥാനങ്ങൾ സജീവമായി തുടങ്ങിയ 1920- കളിൽ തന്നെ പിണറായി പഞ്ചായത്തിലെ സ്ത്രീകൾ രാഷ്ട്രീയസാമൂഹ്യരംഗങ്ങളിൽ സജീവമായി പങ്കെടുത്തിരുന്നു. സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിന്റെ നേതാക്കളെ സംരക്ഷിക്കുന്നതിൽ അവരുടെ മുൻകൈപ്രവർത്തനവും ഉണ്ടായിരുന്നു. കിഴക്കുംഭാഗത്തെ വി.സി. കല്യാണിയമ്മ, കെ.പി. കല്യാണിയമ്മ, പടന്നക്കരയിലെ മാണിയമ്മ തുടങ്ങിയ മഹിളകളാണ് അന്ന് നേതൃനിരയിലുണ്ടായിരുന്നവർ. തൊഴിലാളി-കർഷകപ്രസ്ഥാനങ്ങളുടെ ആവിർഭാവവും ബഹുജനപ്രസ്ഥാനങ്ങളുടെ മുന്നേറ്റവും സ്ത്രീകളിൽ ആവേശമുണർത്തുകയും സംഘബോധത്തിലേക്ക് നയിക്കപ്പെടുകയും ചെയ്തു. നിരവധി ദേശീയ നേതാക്കൾ ഈ കാലഘട്ടത്തിൽ പഞ്ചായത്തിന്റെ വിവിധകേന്ദ്രങ്ങളിൽ ഒളിവ് ജീവിതം നയിച്ചപ്പോൾ അവരെ സംരക്ഷിക്കുന്നതിലും അവരുടെ സന്ദേശങ്ങൾ കൈമാറുന്നതിലും സ്ത്രീകളാണ് മുഖ്യപങ്കു വഹിച്ചിരുന്നത്. കി.മീറ്ററുകളോളം നടന്നുപോയി വിവിധപ്രക്ഷോഭങ്ങളിലും സ്ത്രീകൾ പങ്കാളികളായിരുന്നു. 1948 കാലഘട്ടത്തിൽ നേതാക്കൾക്കെതിരെ ഭീകരമർദ്ദനമുണ്ടായപ്പോൾ അതിനെ അതിജീവിക്കാനും സഹായിക്കാനും സംരക്ഷിക്കാനും സ്ത്രീകൾ മുന്നിലുണ്ടായിരുന്നു. വി.പി. ദേവകി, ടി. ജാനകി, പി. യശോദ, തുടങ്ങിയ ആ കാലഘട്ടത്തിലെ മഹിളാസംഘം നേതാക്കൾ ഈ പ്രദേശങ്ങളിൽ സഞ്ചരിച്ച് മഹിളാസംഘം സംഘടിപ്പിക്കുകയുണ്ടായി. ഇതിന്റെയൊക്കെ ഫലമായി നല്ല ദേശാഭിമാനബോധമുള്ളവരായി സ്ത്രീകൾ മാറി.

കിഴക്കുംഭാഗം, പടന്നക്കര, വെണ്ടുട്ടായി തുടങ്ങിയ പ്രദേശങ്ങളിൽ ആദ്യഘട്ടത്തിൽ സ്ത്രീകളുടെ രാഷ്ട്രീയസാമൂഹ്യപ്രവർത്തനങ്ങൾ തുടങ്ങുകയും പിന്നീടത് വിവിധകേന്ദ്രങ്ങളിലേക്ക് വ്യാപിക്കുകയും ചെയ്തു.

കലാസാംസ്കാരികരംഗങ്ങളിൽ മഹിളകളുടെ സജീവശ്രദ്ധ ഉണ്ടായിരുന്നു. കൂടംപൊയിൽ മഹിളാസമാജത്തിന്റെ നേതൃത്വത്തിൽ സ്ത്രീകൾ മാത്രം അഭിനയിക്കുന്ന നാടകങ്ങൾ അവതരിപ്പിച്ചിരുന്നു. മറ്റ് കലാസാംസ്കാരികപ്രവർത്തനങ്ങളും സംഘടിപ്പിക്കപ്പെടുകയുണ്ടായി.

പെൺകുട്ടികൾക്ക് മാത്രമായി വിദ്യാഭ്യാസം നൽകുന്നതിനുവേണ്ടി ശാരദാവിലാസം ഗേൾസ്, വെണ്ടുട്ടായി ഗേൾസ്, തേർല ഗേൾസ്, കോഴൂർ ഗേൾസ് തുടങ്ങിയ സ്കൂളുകളും മറ്റ് വിദ്യാഭ്യാസസ്ഥാപനങ്ങളും വനിതകളുടെ വിദ്യാഭ്യാസനിവാരം മെച്ചപ്പെടുത്തുന്ന തരത്തിൽ പ്രവർത്തിച്ചിരുന്നു. ഇത്തരം സഹായകരമായ വിദ്യാഭ്യാസപശ്ചാത്തലവും മഹിളാസംഘം പ്രവർത്തനങ്ങളും പഞ്ചായത്തിലെ സ്ത്രീകളിൽ തിരിച്ചറിവും സാമൂഹ്യബോധവും വളർത്താൻ വലിയ പങ്കുവഹിച്ചിട്ടുണ്ട്. പിന്നീടുള്ള സാമൂഹ്യ-സാംസ്കാരിക-രാഷ്ട്രീയ രംഗങ്ങളിൽ മഹിളകളുടെ സജീവപങ്കാളിത്തം ഉണ്ടാക്കുന്നതിന് ഈയൊരു പശ്ചാത്തലം സഹായകരമായി.

സാക്ഷരതാപ്രവർത്തനത്തിൽ സ്ത്രീകൾ കാണിച്ച ആവേശം പ്രശംസിക്കപ്പെട്ടതാണ്. മറ്റ് സന്നദ്ധപ്രവർത്തനങ്ങളിലും ഈ ആവേശം കാണാൻ സാധിക്കുന്നുണ്ട്.

കാർഷികമേഖലയിലായിരുന്നു സ്ത്രീകൾ പ്രധാനമായും ജോലി ചെയ്തിരുന്നത്. രാത്രികാലങ്ങളിലാണ് വിവാഹങ്ങൾ നടന്നിരുന്നത്. ആദ്യകാലഘട്ടത്തിൽ ബാലവിവാഹങ്ങൾ വ്യാപകമായി നടന്നിരുന്നുവെങ്കിലും വനിതകളിൽ സാമൂഹ്യബോധവും വിദ്യാഭ്യാസനിലവാരവും

ഉയർന്ന സാഹചര്യത്തിൽ ഒരു പരിധിവരെ അതില്ലാതാക്കാൻ സാധിച്ചു.

1961-വരെ പിണറായി, എരുവട്ടി എന്നീ പഞ്ചായത്തുകളാണുണ്ടായിരുന്നത്. 18-12-61-ൽ ഈ രണ്ടുപഞ്ചായത്തുകളെയും സംയോജിപ്പിച്ച് പിണറായി പഞ്ചായത്ത് രൂപീകരിച്ചു. അതിനുശേഷം വിവിധഘട്ടങ്ങളിലായി പി. ചീരൂട്ടി, കെ. പത്മിനി, എൻ. നളിനി, കുറ്റ്യൻ ലീല, എന്നിവരും ഇപ്പോൾ പി. സൗമിനി, കുറ്റ്യൻ ലീല, എം.ലളിത, കെ. സരിന എന്നിവരും സ്ത്രീസംവരണ വാർഡുകളെ പ്രതിനിധീകരിച്ച് പ്രവർത്തിക്കുന്നു.

പഞ്ചായത്തിൽ ജനാധിപത്യമഹിളാ അസോസിയേഷൻ, കേരളാമഹിളാസംഘം, മഹിളാ കോൺഗ്രസ്സ്, കേരള ശാസ്ത്രസാഹിത്യപരിഷത്ത് വനിതാവിഭാഗം തുടങ്ങിയ സംഘടനകളും സജീവമായി പ്രവർത്തിക്കുന്നു. മഹിളാസംഘടനകളുടെ നേതൃനിരയിൽ പ്രവർത്തിക്കുന്നവരും ഈ പഞ്ചായത്തിലുണ്ട്.

1991-ലെ സെൻസസ് പ്രകാരം മൊത്തം ജനസംഖ്യ 28,759 ഉം ഇതിൽ സ്ത്രീകൾ 14, 888ഉം, പുരുഷന്മാർ 13, 871ഉം ആണ്. 1996-ൽ നടത്തിയ സാമൂഹ്യ സാമ്പത്തികസർവേപ്രകാരം 14906 സ്ത്രീകളും 14235 പുരുഷന്മാരും ഉണ്ട്. ആകെ ജനസംഖ്യ 29141. ജനസംഖ്യയിൽ ഭൂരിഭാഗം സ്ത്രീകളാണ്; 51.15% . അതുകൊണ്ടുതന്നെ എല്ലാ തുറകളിലും വനിതാപങ്കാളിത്തം തുല്യാനുപാതത്തിൽ ഉണ്ടാകേണ്ടിയിരിക്കുന്നു.

### സ്ത്രീപുരുഷാനുപാതം (1000 പുരുഷന്മാർക്ക്)

| | |
|---|---|
| ഇന്ത്യ | : 1000-929 |
| കേരളം | : 1000-1036 |
| കണ്ണൂർ | : 1000-1101 |
| പിണറായി | : 1000-1047 |

12123 സ്ത്രീകൾ സാക്ഷരരാണ്.

വിവിധവിദ്യാഭ്യാസസ്ഥാപനങ്ങളിൽ എണ്ണത്തിലും പഠനനിലവാരത്തിലും (മാർക്ക് കൂടുതൽ വാങ്ങുന്നതുൾപ്പെടെ) പെൺകുട്ടികളാണ് മുന്നിൽ. സാങ്കേതികമേഖലയൊഴിച്ച് മറ്റ് വിദ്യാഭ്യാസകാര്യത്തിൽ സ്ത്രീകൾ പുരുഷന്മാരോടൊപ്പമാണ്. എന്നാൽ ഈ ശേഷി വേണ്ടത്ര ഉപയോഗിക്കപ്പെടാതെ പോകുന്നു. ഉന്നതവിദ്യാഭ്യാസം നേടുന്നുണ്ടെങ്കിലും തൊഴിലില്ലായ്മ ഒരു പ്രധാനപ്രശ്നമായി നിലനിൽക്കുന്നു. പെൺകുട്ടികളെ ജീവിതത്തിന്റെ എല്ലാ മേഖലയിലും വിജയം വരിക്കാൻ പ്രാപ്തരാക്കുക എന്നതിലപ്പുറം വിവാഹത്തിനൊരുക്കുക എന്ന പ്രക്രിയയായി വിദ്യാഭ്യാസത്തെ കാണുന്നു. സാങ്കേതികവിദ്യാഭ്യാസരംഗത്ത് പെൺകുട്ടികൾക്ക് മികവ് കാണിക്കാൻ പറ്റില്ലെന്ന തെറ്റിദ്ധാരണ നീക്കപ്പെടണം. അപൂർവമെങ്കിലും ബാലവിവാഹംമൂലം പെൺകുട്ടികൾ (പ്രത്യേകിച്ച് മുസ്ലിം സമുദായത്തിൽനിന്ന്) വിദ്യാലയങ്ങളിൽനിന്ന് കൊഴിഞ്ഞുപോവുന്നുണ്ട്.

സഹകരണഗ്രാമം എന്ന് വിശേഷിപ്പിക്കുന്ന പഞ്ചായത്തിൽ ഈ മേഖലയിൽ നല്ല തൊഴിൽ പങ്കാളിത്തം ഉണ്ട്. കേരള ദിനേശ്ബീഡി മേഖലയിലാണ് ഏറ്റവുമേറെ സ്ത്രീകൾ ജോലിചെയ്യുന്നത്. ഇത് കൂടാതെ വീടുകളിൽ ബീഡിതൊഴിൽ ചെയ്യുന്നവരും ഉണ്ട്. ബീഡി മേഖലയിൽ തന്നെ തൊഴിലെടുക്കുന്നവരുടെ കണക്ക്.

| | സ്ത്രീകൾ | പുരുഷന്മാർ |
|---|---|---|
| ദിനേശ് ബീഡിയുമായി ബന്ധപ്പെട്ട് | 972 | 726 |
| സ്വകാര്യ ബീഡി മേഖല | 640 | 215 |
| ആകെ | 1612 | 941 |

സഹകരണ രംഗത്ത് സ്ത്രീകളുടെ നല്ല പങ്കാളിത്തമുള്ള മറ്റൊരു സ്ഥാപനമായ പിണറായി പോൾ കാസ്റ്റിംഗ് യൂനിറ്റിൽ 59 വനിതകൾ തൊഴിലെടുക്കുന്നു. വിവിധ സ്ഥാപനങ്ങളിൽ തൊഴിലെടുക്കുന്ന സ്ത്രീകളുടെ എണ്ണം.

| | |
|---|---|
| പിണറായി വിമൻസ് മൾട്ടി ഇൻഡസ്ട്രിയൽ കോ-സൊസൈറ്റി | 15 |
| ബാംബു വർക്കേർസ് ഇൻഡസ്ട്രിയൽ കോ സൊസൈറ്റി | 10 |
| വീ വേർഡ് ഇൻഡസ്ട്രിയൽ കോ. സൊസൈറ്റി | 73 |
| ക്ഷീര വ്യവസായ സഹകരണ സംഘം | 9 |
| ഹോസിയറി വർക്കേഴ്സ് ഇൻഡ കോ.സൊസൈറ്റി | 10 |
| CABCOS Ltd (ബിൽ കലക്ടർമാർ) | 5 |
| പ്രിയദർശിനി സഹകരണസംഘം | 1 |
| ബ്ലോക്ക് വനിതാ സഹകരണസംഘം | 3 |

കൂടാതെ സർവ്വീസ് സഹകരണ ബാങ്ക് ജീവനക്കാരിൽ 5ഉം ബിൽ കലക്ടർമാരിൽ 6 ഉം, കോ: ആർട്സ് കോളേജിലെ അദ്ധ്യാപകരിൽ 4 ഉം വനിതകളാണ്. സഹകരണ സ്ഥാപനങ്ങളിൽ 6 എണ്ണം സ്ത്രീകളുടെ മുൻകൈയ്യിൽ നടത്തുന്നവയാണ്.

DWCRA യുടെ ധനസഹായമുപയോഗിച്ച് നല്ല നിലയിൽ പ്രവർത്തിക്കുന്ന വിവിധ യുനിറ്റുകളുണ്ട്. രണ്ട് ജെല്ലി യൂണിറ്റിൽ 21 പേരും പാൽ ഡയറി യൂനിറ്റിൽ 11 പേരും പ്രവർത്തിക്കുന്നുണ്ട്. 11 പേർ തൊഴിലെടുക്കുന്ന ഒരു ഹോസിയറി യൂനിറ്റാരംഭിച്ചെങ്കിലും അതിന്റെ പ്രവർത്തനം ഇപ്പോൾ സജീവമല്ല. ക്ഷീരോൽപാദക സഹകരണസംഘത്തിൻ കീഴിൽ പാൽ സംസ്കരിച്ച് ഉൽപ്പന്നങ്ങളുണ്ടാക്കുന്ന പ്രവർത്തനങ്ങൾക്ക് സ്ത്രീകളാണ് നേതൃത്വം നൽകുന്നത്. മഹിളാ മണ്ഡലിന്റെ നേതൃത്വത്തിലും പാലുൽപ്പന്ന യൂനിറ്റ് പ്രവർത്തിക്കുന്നുണ്ട്. 6 റെഡിമെയ്ഡ് യൂനിറ്റും പഞ്ചായത്തിലുണ്ട്.

ഉത്തരവാദിത്വമേറ്റെടുക്കാനുള്ള ആത്മവിശ്വാസക്കുറവും വേണ്ടത്ര മാർക്കറ്റില്ലാത്തതും, ബോധവൽക്കരണത്തിന്റെ അഭാവവും കാരണം ഇത്തരം മേഖലകളിലേക്ക് കടന്ന് വരുന്നതിൽ സ്ത്രീകൾ മടി കാണിക്കുന്നു. ശരിയായ പരിശീലനവും പ്രോത്സാഹനവും പുരുഷന്മാരുടെ ഭാഗത്ത് നിന്നുമുള്ള തുടർച്ചയായ സഹായവുമുണ്ടെങ്കിൽ ഈ അവസ്ഥ മാറ്റിയെടുക്കാം.

പരമ്പരാഗതമേഖലയെ അടിസ്ഥാനമാക്കി തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുവാനും ശ്രമിക്കേണ്ടതുണ്ട്. തൊഴിലെടുക്കുന്ന കുടുംബത്തിലെ സ്ത്രീകളുടെ സാമ്പത്തിക നിലമെച്ചപ്പെട്ടതാണ്, പുരുഷന്മാരുടെ വരുമാനത്തിന്റെ പകുതിപോലും വീട്ടുചിലവിന് ലഭിക്കാറില്ല. അതുകൊണ്ട് തന്നെ സ്ത്രീകളുടെ വരുമാനം, കുട്ടികളുടെ വിദ്യഭ്യാസം, ഭക്ഷണം തുടങ്ങിയ വീട്ടാവശ്യങ്ങൾക്ക് ചെലവഴിക്കപ്പെടുന്നു. ആരോഗ്യ നിലയിൽ സ്ത്രീകൾ പിന്നിലാണ്. വ്യാപകമായി സ്ത്രീകളിൽ ഗർഭാശയ സംബന്ധ രോഗങ്ങളും കാണുന്നു. പോഷണക്കുറവ് കൊണ്ടും മറ്റുമുള്ള രോഗങ്ങൾ സ്ത്രീകളിലാണ് കൂടുതൽ. സ്ത്രീകൾക്ക് ശ്വാസകോശരോഗങ്ങൾ ഉണ്ട്. 20 ശതമാനത്തിലധികം കുട്ടികൾക്ക് വിളർച്ചയുണ്ട്.

പിണറായി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ നിന്ന് കിട്ടിയ സ്ഥിതി വിവരകണക്ക്.

| ചികിത്സക്കെത്തിയവർ | സ്ത്രീകൾ | പുരഷന്മാർ |
|---|---|---|
| 1994-95 | 9360 | 5400 |
| 1995-96 | 14040 | 7560 |

സ്ത്രീകളാണ് കൂടുതൽ ചികിത്സക്കെത്തുന്നത്.

മഹിളാ സ്വസ്തിക് സംഘത്തിന്റെ പ്രവർത്തനം ഉണ്ടാവാറുണ്ട്. ആരോഗ്യബോധവൽക്കരണം, പതിരോധ കുത്തിവെയ്പ്പ് എന്നീ പരിപാടികൾക്കാണ് ഇതിന്റെ പ്രവർത്തകർ നേതൃത്വം കൊടുക്കുന്നത്. മുലയൂട്ടുന്ന അമ്മമാർക്കും, ഗർഭിണികൾക്കും, കുട്ടികൾക്കും ആരോഗ്യ സംരക്ഷണത്തിനായി ബാലവാടിയിലൂടെ നൽകിവരുന്ന സി.എസ്,എം. (കോൺസോയാമിൽക്ക്) ഇപ്പോൾ നിർത്തിയിരിക്കുന്നു. ഭർത്താക്കന്മാരുടെ മദ്യപാനം മൂലം വിഷമതകൾ അനുഭവിക്കുന്ന സ്ത്രീകൾ ധാരാളമുണ്ട്. ഇത് സാമ്പത്തിക തകർച്ചയ്ക്കും അനാരോഗ്യത്തിനും കാരണമാകുന്നു. വിദ്യാലയങ്ങളിൽ 60 പെൺകുട്ടികൾക്ക് ഒരു മൂത്രപ്പുരയും 100 പെൺകുട്ടികൾക്ക് ഒരു കക്കൂസും വേണമെന്ന് നിയമമുണ്ടെങ്കിലും പഞ്ചായത്തിലെ മിക്ക വിദ്യാലയങ്ങളിലും ആവശ്യത്തിന് സൗകര്യമില്ല. ഇത് പെൺകുട്ടികളിൽ പല രോഗങ്ങൾക്കും കാരണമാകുന്നു.

പഞ്ചായത്തിലെ നല്ലൊരു ശതമാനം സ്ത്രീകൾ കുടുംബനാഥകളാണ്. വീട്ടുജോലിയുടെ കാര്യത്തിലും മറ്റും പുരുഷമേധാവിത്വാശയങ്ങൾ നിലനിൽക്കുന്നതിന്റെ ഫലമായി ജോലിയുള്ള സ്ത്രീകളടക്കം വീട്ടിലെ എല്ലാ ജോലികളും സ്ത്രീകൾ തന്നെ ചെയ്യേണ്ടി വരുന്നു. പാചകം, വിറക് ശേഖരണം, അലക്ക്, കന്നുകാലിവളർത്തൽ, പുല്ലരിയൽ മാർക്കറ്റിൽ പോവുക തുടങ്ങിയ ജോലികളൊന്നും വരുമാനമുള്ള തൊഴിലായി കാണുന്നില്ല. ഇതെല്ലാം തന്നെ കാണാപണികളായി നിലനിൽക്കുന്നു. മിക്കവാറും കുടുംബങ്ങളിൽ സാമൂഹ്യ പദവി താഴ്ന്നത് തന്നെ കുടുംബത്തിന്റെ പൊതു പ്രശ്നങ്ങളിലുള്ള നിർണ്ണായക തീരുമാനമെടുക്കുന്നതിൽ സ്ത്രീ പങ്കാളിത്തം കുറവാണ്. വനിതകൾ തന്നെ കുടുംബത്തിലെ എല്ലാ ചെലവുകളും വഹിക്കുന്ന കുടുംബങ്ങളിലും ഇത് നിലനിൽക്കുന്നു. സ്ത്രീധന സമ്പ്രദായം മുസ്ലീം കുടുംബങ്ങളിൽ കാണുന്നു. അടുത്ത കാലത്തായി മറ്റ് സമുദായങ്ങളിലേക്കും ഇത് വ്യാപിച്ചിട്ടുണ്ട്. പരിഹാരത്തിന് നിലവിലുള്ള നിയമം കർശനമായി നടപ്പാക്കാൻ പ്രദേശിക ഭരണകൂടത്തിന്റെയും ജനങ്ങളുടെയും ഇടപെടൽ ആവശ്യമാണ്.

വിവിധ തരത്തിലുള്ള സഹായ പദ്ധതികളും പെൻഷൻ ആനുകൂല്യങ്ങളും പഞ്ചായത്തിലെ സ്ത്രീകൾക്ക് ലഭിക്കുന്നുണ്ട്.

**വിവിധ ആനുകൂല്യങ്ങൾ ലഭിച്ചവർ 1996**

| | |
|---|---|
| തൊഴിലില്ലായ്മാ വേതനം | |
| ദേശീയ പ്രസവാനുകൂല്യം | |
| വാർദ്ധക്യകാല പെൻഷൻ | 37 |
| വിധവ പെൻഷൻ | 82 |
| വികലാംഗപെൻഷൻ | 59 |
| കർഷകത്തൊഴിലാളി പെൻഷൻ | 437 |

പഞ്ചായത്തിൽ 6 അംഗൻവാടികളിലായി 256 കുട്ടികൾ പഠിക്കുന്നു. കൂടാതെ 2 ശിശു സംരക്ഷണകേന്ദ്രവുമുണ്ട്. ഈ കേന്ദ്രങ്ങളിലൊന്നും കുട്ടികളുടെ മാനസികവും ശാരീരകവുമായ വളർച്ചക്കും വികസനത്തിനും ആവശ്യമായ കളിക്കോപ്പുകളും കളിസ്ഥലങ്ങളും മറ്റടിസ്ഥാന സൗകര്യങ്ങളുമില്ല. 9 മഹിളാ സമാജങ്ങൾ ഉണ്ടെങ്കിലും എല്ലാം ഒരുപോലെ പ്രവർത്തനക്ഷമമല്ല. പഞ്ചായത്തിൽ നടക്കുന്ന മറ്റ് സന്നദ്ധ പ്രവർത്തനങ്ങളെപോലെ തന്നെ മഹിളാ സമാജം പ്രവർത്തനങ്ങളിലും തൊഴിൽ പരിശീലനങ്ങളും കലാകായിക പരിശീലനങ്ങളും സംഘടിപ്പിച്ച് മഹിളകളിൽ പുത്തനുണർവ്വും സേവന സന്നദ്ധതയും ഉണ്ടാക്കാൻ പഴയകാല അനുഭവങ്ങൾ പരിശോധിച്ചാൽ എളുപ്പമാണെന്ന് കാണാം.

## പ്രശ്നങ്ങൾ

1. കുടംബത്തിന്റെ നല്ലൊരു ശതമാനം ഉത്തരവാദിത്വം സ്ത്രീകളിലായതുകൊണ്ട് പൊതു പ്രവർത്തനങ്ങൾക്ക് സമയക്കുറവുണ്ട്.
2. സാമൂഹ്യപ്രവർത്തനങ്ങളിലേർപ്പെടുന്ന സ്ത്രീകളെ മോശമായ രീതിയിൽ നോക്കികാണുന്ന പ്രവണതയുണ്ട്.
3. ഉത്തരവാദിത്വം ഏറ്റെടുക്കാനുള്ള ആത്മധൈര്യം സ്ത്രീകൾ കാണിക്കുന്നില്ല.
4. സ്ത്രീകൾക്കിടയിൽ തൊഴിലില്ലായ്മ വ്യാപകമായതുകൊണ്ട് സാമ്പത്തിക ഭദ്രതയില്ല.
5. പല തൊഴിൽ മേഖലകളിലും പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾക്ക് കൂലി കുറവാണ്.
6. തൊഴിൽ പരിശീലന കേന്ദ്രങ്ങളില്ല.
7. സ്ത്രീകൾക്കായുള്ള സർക്കാർ പദ്ധതികൾ അവരറിയുന്നില്ല.
8. മദ്യപാനം മൂലം സ്ത്രീകൾ കഷ്ടപ്പെടുന്നുണ്ട്.
9. അംഗൻവാടികളിൽ ആവശ്യമയ സൗകര്യങ്ങ

ളില്ല.

10. മുലയൂട്ടുന്ന അമ്മമാർക്കും, ഗർഭിണികൾക്കും, കുട്ടികൾക്കും നൽകി വരുന്ന സി.എസ്.എം. നിർത്തലാക്കിയിരിക്കുന്നു.

11. സ്ത്രീകളുടെ ഇടയിൽ അന്ധവിശ്വാസവും അനാചാരവും നിലവിലുണ്ട്. ശാസ്ത്രബോധം കുറവാണ്.

12. വിദ്യാലയങ്ങളിൽ സൗകര്യപ്രദമായ മൂത്രപ്പുരകളും കക്കൂസുകളുമില്ല.

13. വളരെ കുറച്ച് സ്ത്രീകൾ മാത്രമേ വായനശാലകളും ഗ്രന്ഥാലയങ്ങളും ഉപയോഗപ്പെടുത്തുന്നുള്ളൂ.

14. ടി.വി.യും ആനുകാലികങ്ങളും മറ്റ് മാധ്യമങ്ങളും ചെലുത്തുന്ന അമിതമായ സ്വാധീനം സ്ത്രീകളുടെ സമയം അപഹരിക്കുന്നുണ്ട്.

15. വനിതകളെ അവഹേളിക്കുന്ന രീതിയിലുള്ള പരസ്യങ്ങളുടെ പ്രദർശനം.

## സാധ്യതകൾ

1. തുല്യജോലിക്ക് തുല്യവേതനം എന്ന തത്വം പ്രാവർത്തികമാക്കണം.

2. കാർഷികരംഗത്ത് വിളപര്യയനത്തിലൂടെയും മറ്റും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കണം.

3. സഹകരണ രംഗത്ത് തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കണം.

4. കൂലി നിരക്ക് ആകർഷകമാക്കണം.

5. പ്രാദേശിക സാധ്യതയുള്ളതും വിപണനസാധ്യതയുള്ളതുമായ തൊഴിൽ സംരംഭങ്ങൾ വനിതകൾക്ക് മാത്രമായി ആരംഭിക്കണം. ഇത് വളരുന്നത് വരെ പഞ്ചായത്ത് പിൻബലം നൽകണം.

6. IRDP, DWCRA, DWIP എന്നിവയിൽ നിന്നുള്ള സഹായം സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ഉപയോഗിക്കണം.നിർദ്ദേശ- പരിശീലനങ്ങളും നൽകണം.

7. ബോധവൽക്കരണത്തിലൂടെ സ്ത്രീകളിൽ ശാസ്ത്രീയ വീക്ഷണം വളർത്തിയെടുക്കണം.

8. പൊതുസ്ഥലങ്ങളിലും വിദ്യാലയങ്ങളിലും സ്ത്രീകൾക്ക് പ്രാഥമികാവശ്യം നിർവ്വഹിക്കാനുള്ള സൗകര്യം ഉണ്ടാക്കണം.

9. സ്ത്രീകളുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിന് വ്യാപകമായി പുകയില്ലാത്ത, ദക്ഷത കൂടിയ അടുപ്പുകൾ വ്യാപകമായി പ്രചരിപ്പിക്കണം.

10. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ സ്ത്രീകൾക്കും, കുട്ടികൾക്കുമുള്ള ഡോക്ടർമാരുടെ സേവനം ഉറപ്പ് വരുത്തണം.

11. രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, പ്രസവം തുടങ്ങിയവക്ക് CHC യെ തന്നെ ഉപയോഗിക്കണമെന്ന ബോധം സ്ത്രീകളിൽ ആരോഗ്യ പ്രവർത്തകരും സന്നദ്ധ പ്രവർത്തകരും ഉണ്ടാക്കിയെടുക്കണം.

12. സ്ത്രീകൾക്ക് കലാകായിക രംഗങ്ങളിൽ പരിശീലനം നൽകണം.

13. പൊതു പ്രവർത്തനരംഗത്ത് മുൻപരിചയമുള്ള സ്ത്രീകൾ തങ്ങളുടെ അനുഭവങ്ങൾ പുതിയ തലമുറയ്ക്ക് കൈമാറി അവരിൽ ആത്മവിശ്വാസം വളർത്തണം.

14. പഞ്ചായത്ത് തലത്തിൽ സ്ത്രീകളുടെ ഉന്നമനത്തിനായി ഒരു സമിതി രൂപീകരിക്കണം.

15. തൊഴിലവസരങ്ങളെയും നിയമങ്ങളെയും കുറിച്ച് സ്ത്രീകൾക്ക് അറിവ് നൽകുക.

16. അർഹതയുള്ള മുഴുവൻ സ്ത്രീകൾക്കും പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കുക.

17. പ്രായംകൂടിയ സ്ത്രീകൾക്ക് ഒത്തുചേരാനുള്ള സദനങ്ങൾ പഞ്ചായത്തിലുണ്ടാകണം.

18. വായനശാലകൾ ഉപയോഗിക്കുന്ന ശീലം സ്ത്രീകളിൽ വളർത്തണം. അയൽക്കൂട്ടം പ്രവർത്തകരുടെ സഹായത്തോടെ വീടുകളിൽ പുസ്തകങ്ങൾ എത്തിച്ച് കൊടുക്കണം.

19. സഞ്ചരിക്കുന്ന ലൈബ്രറി സൗകര്യം ഉണ്ടാക്കണം.

20. അംഗൻവാടിയിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കണം.

21. ഗർഭിണികൾക്കും കുട്ടികൾക്കും വേണ്ടി സാമ്പത്തിക സമാഹരണത്തിലൂടെ പോഷകാഹാര വിതരണം നടത്തണം.

22. പെൺകുട്ടികൾക്കായി പ്രത്യേകം കളിസ്ഥലം വേണം

23. സഹകരണ രംഗത്ത് വനിതകൾക്കായി ഒരു വ്യവസായ കേന്ദ്രം സ്ഥാപിക്കണം.

24. തൊഴിൽ ശാലകളിൽ ജോലി ചെയ്യുന്നവരുടെ കുട്ടികളെ സംരക്ഷിക്കാൻ തൊഴിൽ കേന്ദ്രത്തിൽ തന്നെ സംവിധാനം വേണം

25. വനിതകൾക്ക് മാത്രമായി വായനശാല സ്ഥാപിക്കണം.



# സഹകരണം

ഇന്ന് സഹകരണ മേഖലിയിലുള്ള വളർച്ചയിൽ നമ്മുടെ കൊച്ചുകേരളം ഇന്ത്യയിലെ മറ്റ് സംസ്ഥാന ങ്ങൾക്കുമാത്രമല്ല ലോകത്തിനു തണെ മാതൃകയാണ് എന്ന് നമുക്ക് നിസംശയം പറയാം. എന്നാൽ കേരള ത്തിലെ സഹകരണ ഗ്രാമം എന്ന ബഹുമതി നേടിയ പഞ്ചായത്താണ് പിണറായി പഞ്ചായത്ത്. ഇവിടെ സഹ കരണം കടന്നചെന്നെത്താത്ത മേഖലകൾ അപൂർവ്വ മാണ്. വിജയം കൈവരിച്ചതും അല്ലാത്തതുമായ 33 സഹ കരണ സ്ഥാപനങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. കൂടാതെ കതിരൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ ഒരു ശാഖയും തലശ്ശേരി എഡ്യുക്കേഷൻ സൊസൈറ്റിയുടെ ഒരു യൂണിറ്റും ഇവിടെ പ്രവർത്തിക്കുന്നു. അവയൊക്കെ ഇവിടുത്തെ ജനങ്ങളെ നാനാവിധത്തിൽ സ്വാധീനിച്ചി ട്ടുണ്ട്. വിവിധതരം സഹകരണസംഘങ്ങളുടെ ആവിർഭാ വത്തോടെ വിവിധ മേഖലകളിൽ പെടുന്ന 3516 തൊഴി ലാളികളും ജീവനക്കാരും അവരുടെ അത്താണിയായി ഈ പ്രസ്ഥാനത്തെ അവലംബിച്ചു വരുന്നു. തൊഴിലില്ലാ യ്മകൊണ്ട് വീർപ്പുമുട്ടുന്ന നമ്മുടെ പഞ്ചായത്തിന് ഒരു പരിധിവരെയെങ്കിലും ഈ മേഖല പരിഹാരം കണ്ടിട്ടുണ്ട് എന്നതിൽ തർക്കമില്ല.

വളരെ കാലം മുൻപുതന്നെ ഇവിടെയുള്ള ജന ങ്ങൾ സഹകരണ പ്രസ്ഥാനങ്ങളെ കുറിച്ച് ചിന്തിക്കു കയും അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരമെന്ന നില യിൽ ഈ പ്രസ്ഥാനത്തെ ആശ്രയിച്ചിട്ടുണ്ടെന്നതിന് തെളി വാണ് 1922 ഫെബ്രുവരി 8ാം തിയ്യതി ആരംഭിച്ച വിവിധോദ്ദേശ്യ ഐക്യനാണയ സംഘം. കാർഷികാവ ശ്യങ്ങൾ നിർവ്വഹിക്കാൻ കൊള്ള പലിശയ്ക്ക് പണം കടം വാങ്ങുന്ന സാഹചര്യത്തിൽ നിന്ന് കൃഷിക്കാരെ മോചി പ്പിക്കുകയെന്ന ഉദ്ദേശ്യത്തോടെയാണ് ഈ സംഘം ആരം ഭിച്ചത്. ഈ മേഖലയിൽ നാം എന്നും സ്മരിക്കുന്ന ഇതിന്റെ ആദ്യകാല സഹകാരികൾ സർവ്വശ്രീ വി. ആർ.കേളപ്പൻ അധികാരി, പി.വി. പത്മനാഭൻനായർ, വി. കുഞ്ഞിക്കണ്ണൻ വൈദ്യർ, കെ. കുഞ്ഞിക്കുട്ടി മാസ്റ്റർ, വി. രാമുണ്ണി മാസ്റ്റർ, പണയിൽ ചാത്തുമാസ്റ്റർ എന്നീ മഹത് വ്യക്തികളാണ്.

മറ്റൊരു ആദ്യകാല സംരംഭം 1947 പിണറായി യിൽ ആരംഭിച്ച തെങ്ങ് ചക്കര ഉൽപ്പാദക സഹകരണ സംഘമാണ്. 1970കളോട് കൂടിയാണ് കൂടുതൽ സഹ കരണസംഘങ്ങൾ വ്യത്യസ്ഥ മേഖലയിൽ ഈ പഞ്ചാ യത്തിൽ പ്രവർത്തനം ആരംഭിക്കുന്നത്. 1980 കളിൽ ഈ വളർച്ച ത്വരിതപ്പെട്ടതായി കാണാം നമ്മുടെ പഞ്ചായ ത്തിൽ 3 ക്രെഡിറ്റ് സംഘങ്ങളും 14 വ്യവസായ സഹക രണ സംഘങ്ങളും 6 സ്കൂൾ സഹകരണ സംഘവും 2 മറ്റിതര സംഘങ്ങളുമടക്കം 33 സഹകരണ സംഘങ്ങളാ ണുള്ളത്.

## ക്രെഡിറ്റ് സംഘങ്ങൾ

### 1 പിണറായി സർവ്വീസ് സഹകരണബാങ്ക്

1922ൽ ഐക്യനാണയസംഘം എന്നപേരിൽ ആരംഭിച്ച ഈ സ്ഥാപനം കർഷകർക്ക് കാർഷിക ആവ ശ്യങ്ങൾക്ക് വേണ്ടി ചെറിയപലിശ നിരക്കിൽ പണം കടം കൊടുക്കുക എന്നതായിരുന്നു ഉദ്ദേശം എന്നാൽ പല പ്രതികൂല സാഹചര്യങ്ങളും കാരണം അതിന്റെ ആദ്യ കാലത്തെ പ്രവർത്തനം വളരെ ദുരിതപൂർണവും മന്ദഗ തിയിലുമായിരുന്നു. 1973 ലാണ് ഈ ഐക്യനാണയ സംഘം ഒരു സർവ്വീസ് സഹകരണസംഘം ആയത് ഇതിന്റെ പിന്നീടുള്ള വളർച്ച വളരെ പെട്ടെന്നായിരുന്നു. 1978 ആകുമ്പോഴേക്കും ഇത് ഒരു സർവ്വീസ് സഹകരണ

ബാങ്കായി ഉയർന്നു. ഇന്ന് ഇതിന് സ്വന്തമായി ഒരു കെട്ടിടം ഉണ്ട്. പിണറായുടെ ഹൃദയഭാഗത്ത് കിടക്കുന്ന ഈ കെട്ടിടത്തിൽ ബാങ്കിന്റെ ഹെഡ്ഡാഫീസും ഒരു ഈവിനിങ്ങ് ബ്രാഞ്ചും പ്രവർത്തിക്കുന്നു. ഇന്ന് ഈ ബാങ്ക് ഒരു ഹെഡ്ഡാഫീസും 3 ബ്രാഞ്ചുകളും ഉള്ള ഒരു എ ക്ലാസ് ബാങ്കായി തീർന്നിട്ടുണ്ട്.

പിണറായി പഞ്ചായത്തിലെ മുഴുവൻ ജനവിഭാഗങ്ങൾക്കും കടം കൊടുക്കാൻ ഈ ബാങ്കിന് കഴിയുന്നില്ല. കാരണം ഇതിന്റെ പ്രവർത്തനപരിധിയിലുള്ള വൈരുദ്ധ്യമാണ്. പഞ്ചായത്തിലെ ആദ്യത്തെ നാലു വാർഡുകൾ കതിരൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ പരിധിയിൽപെട്ടതാണ്. 1973 ൽ ഈ സ്ഥാപനം ഒരു സർവ്വീസ് സഹകരണസംഘമായി ഉയരുമ്പോൾ കാർഷികാവശ്യങ്ങൾക്കുവേണ്ടിയൊരു വളം ഡിപ്പോയും പിന്നീട് ഒരു സഹകരണ മാവേലി സ്റ്റോറും ഇതിന്റെ കീഴീൽപ്രവർത്തിച്ചിരുന്നു. എന്നാൽ ഇവ രണ്ടും ഇന്ന് പ്രവർത്തിക്കുന്നില്ല.

മുഖ്യമായും കാർഷിക വായ്പയാണ് നൽകുന്നതെങ്കിലും കുറഞ്ഞ പലിശ നിരക്കിൽ കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യത്തിനുള്ള വായ്പ, സ്വയം തൊഴിൽ വായ്പ തുടങ്ങിയവയോടൊപ്പം 19% നിരക്കിൽ കൺസ്യൂമർ വായ്പകളും വ്യക്തിഗത വായ്പകളും, സ്വർണ്ണ പണയ വായ്പകളും ബാങ്ക് നൽകി വരുന്നുണ്ട്. പ്രത്യേക നിക്ഷേപ സമാഹരണങ്ങളിലൂടെയും അല്ലാതെയും നിക്ഷേപങ്ങൾ സ്വീകരിക്കുവാൻ ബാങ്കിന് സാധിക്കുന്നുണ്ട്.

സർവ്വശ്രീ വി.ആർ. കേളപ്പൻ അധികാരി, പി.വി. പത്മനാഭൻനായർ, വി. കുഞ്ഞിക്കണ്ണൻ വൈദ്യർ, കെ. കുഞ്ഞിക്കുട്ടി മാസ്റ്റർ, വി.രാമുണ്ണി മാസ്റ്റർ, ടി.പി. ഗോവിന്ദൻനായർ, സി. ബാലകൃഷ്ണൻ മാസ്റ്റർ, വി. കരുൺ മാസ്റ്റർ എന്നിവർ ഈ മഹത് സ്ഥാപനത്തിന്റെ പ്രസിഡണ്ടുപദം അലങ്കരിച്ചിരുന്നവരാണ്. ഇന്നിതിന്റെ പ്രസിഡണ്ട് ശ്രീ എ.ടി. ദാസൻ മാസ്റ്ററാണ്.

### II തലശ്ശേരി എൻ.ഇ.എസ് ബ്ലോക്ക് വനിതാ സഹകരണ സംഘം

തലശ്ശേരി ബ്ലോക്കു മുഴുവൻ പ്രവർത്തന പരിധിയാക്കി 1988 പാച്ചപൊയ്ക കേന്ദ്രമാക്കി പ്രവർത്തനമാരംഭിച്ച ഈ സംഘത്തിന്റെ ഉദ്ദേശ്യം ഇതിന്റ പ്രവർത്തന പരിധിയിലുള്ള സ്ത്രീകൾക്ക് അവരുടെ വിവിധങ്ങളായ ആവശ്യങ്ങൾക്ക് പണം കടം കൊടുക്കുകയും മറ്റ് സ്വയം തൊഴിലിനാവശ്യമായ സാധനങ്ങൾ വിതരണം ചെയ്യുകയുമാണ്. ഇന്നിത് നല്ലനിലയിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന ഒരു സംഘമാണ്. എല്ലാ തരത്തിലുള്ള ബാങ്ക് ഇടപാടുകളും നടത്തുന്നു.

### III പാനുണ്ട പ്രിയദർശിനി വനിതാ സഹകരണസംഘം

ഈ അടുത്ത കാലത്ത് പ്രവർത്തനം ആരംഭിച്ച ഈ സംഘം പാനുണ്ട കേന്ദ്രമാക്കിയാണ് പ്രവർത്തിക്കുന്നത്. ഇതിന്റെ പ്രവർത്തനപരിധി പിണറായി പഞ്ചായത്തിലെ 1,2,3,4 പഞ്ചായത്തുകളും കോട്ടയം പഞ്ചായത്തിലെ 6,7,8 വാർഡുകളും ആണ്.

### വ്യവസായ സഹകരണ സംഘങ്ങൾ

പഞ്ചായത്തിൽ 14 വ്യവസായ സഹകരണ സംഘങ്ങളാണുള്ളത്.

പഞ്ചായത്തിൽ 14 വ്യവസായ സഹകരണ സംഘങ്ങളാണുള്ളത്

**1.പിണറായി ഇൻഡസ്ട്രിയൽ കോ-ഓപ്പ് സൊസൈറ്റി**

ഇതിന്റെ കീഴിൽ 5 യൂണിറ്റുകളാണ് പ്രവർത്തിക്കുന്നത്.

1. സോമിൽ, 2. ഹോളോബ്രിക്സ്, 3. പോൾകാസ്റ്റിങ്ങ്, 4. ക്രഷർ 5. ഫർണ്ണീച്ചർ എന്നിവയാണ്.

അരനൂറ്റാണ്ടുകാലം 120 ൽപരം തൊഴിലാളികൾ ജോലി ചെയ്തിരുന്ന ടെലിച്ചരി ടൈൽസ് എന്ന സ്വകാര്യ സ്ഥാപനം പൂട്ടിയിട്ട സാഹചര്യത്തിൽ തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് ഒരു പുനരധിവാസം എന്ന രീതിയിൽ രൂപീകരിക്കപ്പെട്ടതാണ് ഈ സംഘം. ഇന്ന് അഞ്ചു യൂനിറ്റുകളിലായി 185 തൊഴിലാളികളും 15 ജീവനക്കാരും ജോലി ചെയ്യുന്നു. 15 ഏക്കർ സ്ഥലം സ്വന്തമായുള്ള ഈ സംഘത്തിന് ഇനിയും പുതിയ വ്യവസായ യൂണിറ്റുകൾ ആരംഭിക്കാനുള്ള എല്ലാ ഭൗതിക സാഹചര്യവും ഉണ്ട്. ഉല്പന്നങ്ങൾക്ക് ചുമത്തേണ്ടിവരുന്ന നികുതി ഈ സംഘത്തിന്റെ പ്രവർത്തനത്തിന് തടസ്സം നിൽക്കുന്നു.

**2. പിണറായി ബീഡി വർക്കേസ് ഇൻഡസ്ട്രിയൽ സഹകരണസംഘം**

കണ്ണൂർ ജില്ലയിലെ ബീഡി വ്യവസായ രംഗത്ത് നിന്ന് സ്വകാര്യകമ്പനികൾ പെട്ടെന്ന് പിൻമാറിയ സാഹചര്യത്തിൽ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് വേണ്ടി രൂപീകൃതമായ കേരള ദിനേശ് ബീഡിയുടെ ഒരു പ്രൈമറി സംഘമാണ് ഇത് 27 ബ്രാഞ്ചുകളിലായി 2976 തൊഴിലാളികളും 47 ജീവനക്കാരും പ്രവർത്തിച്ചുവരുന്നു. സംഘത്തിന്റെ 11 ബ്രാഞ്ചുകൾ തൊട്ടടുത്ത പഞ്ചായത്തുകളിലാണ്. വ്യാജബീഡിയുടേയും ചെറിയ സിഗരറ്റിന്റെയും കടന്നുകയറ്റവും ബീഡിക്ക് ചുമത്തുന്ന സെൻട്രൽ എക്സൈസ് ഡ്യൂട്ടിയും ഇതിന്റെ പ്രവർത്തനത്തിന് തടസ്സം നിൽക്കുന്നു. പഞ്ചായത്തിലെ സാമ്പത്തികരംഗത്ത് വമ്പിച്ച സ്വാധീനം ചെലുത്താൻ ഈ സംഘത്തിന് സാധിച്ചിട്ടുണ്ട്.

**3. പിണറായി വുമൺസ് മൾട്ടി ഇൻഡസ്ട്രിയൽ (വർക്ക്ഷോപ്പ്) കോ- ഓപ്പ. സൊസൈറ്റി**

അഭ്യസ്തവിദ്യരായ വനിതകൾക്ക് തൊഴിൽ നൽകുന്നതിന് 1980ൽ റജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിച്ച സംഘമാണിത് പ്രിന്റീംഗ് പ്രസ്സ്, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം എന്നീ 2 യൂണിറ്റുകളിലായി 2 ജീവനക്കാരും 15 തൊഴിലാളികളും ജോലി ചെയ്യുന്ന റെഡിമെയ്ഡ് യൂണിറ്റിന്റെ പ്രവർത്തനം വിപുലപ്പെടുത്താവുന്നതാണ്. പഞ്ചായത്തിലെ എല്ലാ സ്കൂൾ സഹകരണ

സംഘങ്ങൾക്കും നോട്ടബുക്ക് നിർമ്മിച്ച് വിതരണം ചെയ്യു ന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

**4. പിണറായി വീവേർസ് ഇൻഡസ്ട്രിയൽ (വർക് ഷോപ്പ്) സഹകരണസംഘം**

നെയ്ത്ത് തൊഴിലാളികൾക്ക് സ്ഥിരം ജോലി നൽകുന്നതിന് വേണ്ടി 1982- ൽ രജിസ്ട്രർ ചെയ്തു പ്രവർത്തനമാരംഭിച്ച സംഘത്തിൽ ഇപ്പോൾ 125 തൊഴി ലാളികളും 7 ജീവനക്കാരും ജോലി ചെയ്യുന്നു. വിദേശ ഏജൻസികളിൽ നിന്ന് ധാരാളം ഓർഡർ ലഭിക്കുന്നുണ്ടെ ങ്കിലും വിദഗ്ധതൊഴിലാളികളുടെ അഭാവം ഉൽപ്പാദന രംഗത്ത് മതിയായ രീതിയിൽ മുന്നേറാൻ സാധിക്കുന്നില്ല.

**5. പിണറായി ബാംബു ആന്റ് കെയിൻ വർക്കേഴ്സ് ഇൻടസ്റ്റ്രിയൽ സഹകരണ സംഘം**

1979 ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ച ഈ സംഘത്തിൽ ഈറ്റ കൊണ്ടുള്ള കുട്ട, മുറം, കൗതു കവസ്തുക്കൾ എന്നിവ നിർമ്മിക്കുന്നു. സ്വന്തമായി കെട്ടി ടവും സ്ഥലവുമുള്ള ഈ സംഘത്തിൽ 10 തൊഴിലാളി കൾ ജോലിചെയ്ത് വരുന്നുണ്ട്. ഇതിന്റെ വിപണി IRDP മേളകളും ദിനേശ്ബീഡി സഹകരണസംഘങ്ങളുമാണ്. ഈറ്റയുടെ ദൗർലഭ്യം സംഘത്തിന്റെ പ്രവർത്തനത്തിന് തടസ്സം നിൽക്കുന്നു.

**6. പിണറായി-പാറപ്രം കയർ വ്യവസായ സഹ കരണസംഘം**

1980 ൽ പിണറായി, പാറപ്രം പ്രദേശത്തെ ചകി രിതല്ലുന്ന തൊഴിലാളികളും നാട്ടുകാരും ചേർന്ന് രൂപീ കരിച്ച സംഘമാണിത്. ഇതിന്റെ പ്രവർത്തനം പച്ചത്തൊ ണ്ടഴുക്കി ചകിരിയാക്കി വിൽക്കുന്നതിൽ ഒതുങ്ങി നിൽക്കുന്നു. ഇപ്പോളിതിൽ 5 തൊഴിലാളികളും 1 ജീവ നക്കാരനുമാണുള്ളത്. തൊഴിൽ മാന്യതകാരണം പുതിയ തൊഴിലാളികളീരംഗത്ത് വരുന്നില്ല. യന്ത്രവൽക്കരണം നടത്തി ചകിരി ഉല്പന്നങ്ങൽ ഉൽപാദിപ്പിക്കാൻ സാധ്യ തയുള്ള ഒരു സംഘമാണ്.

**7. പിണറായി വീവേഴ്സ് പ്രൊഡക്ഷൻ ആന്റ് സെയിൽസ് സൊസൈറ്റി**

1975 ൽ പ്രവർത്തനമാരംഭിച്ച ഈ സംഘത്തിൽ ഒരു ജീവനക്കാരനും ഇരുപത് തൊഴിലാളികളുമാണു ള്ളത്. അംഗങ്ങൾക്ക് നൂല് വിതരണം നടത്തി തുണി യുൽപ്പാദിപ്പിച്ച് സൊസൈറ്റി വില്പന നടത്തുകയാണ് ചെയ്യുന്നത്. സ്വന്തമായി ഒരു വർക്ക് ഷെഡും, ഡയിംങ്ങ് ഹൗസും, ആവശ്യമായ തൊഴിലാളികളും ഉണ്ടായാൽ വിദേശവിപണിയിൽ മത്സരിക്കാൻ പറ്റുന്ന ഉല്പന്നങ്ങൾ നിർമ്മിക്കാൻ കഴിയും.

**8. പിണറായി കാർപെന്ററി ആന്റ് ബ്ലാക്ക് സ്മിത്ത് വർക്കേഴ്സ് ഇൻഡസ്ട്രിയൽ സഹകരണ സംഘം**

1993 ൽ പ്രവർത്തനം ആരംഭിച്ച ഈ സ്ഥാപന ത്തിന്റെ പ്രധാന ഉദ്ദേശം കാർപ്പെന്ററി, ബ്ലാക്ക് സ്മിത്ത് എന്നീ വിഭാഗം തൊഴിലാളികളെ ഉപയോഗിച്ച് ഇന്റീരി യൽ ഡെക്കറേഷൻ, ബാങ്ക് കൗണ്ടർ, ഫർണ്ണീച്ചർ എന്നിവ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിർമ്മിച്ച് വിതരണം നട ത്തുകയാണ്. ചുരുങ്ങിയ കാലംകൊണ്ട് തന്നെ നല്ലനില യിൽ പ്രവർത്തിക്കാൻ സാധിച്ച സംഘമാണിത്. ഇതിൽ 4 ജീവനക്കാരും 15 തൊഴിലാളികളും കമ്മീഷൻ വ്യവ സ്ഥയിൽ 5പേരും ജോലി ചെയ്യുന്നു.

**9. കണ്ണൂർ ജില്ലാ എസ്.സി. ബ്ലൂ മേക്കിംഗ് & പ്രിന്റിംഗ് ഇൻഡസ്ട്രിയൽ കോ-ഓപ്പ് സൊസൈറ്റി**

1989 ൽ കോട്ടയം ആസ്ഥാനമാക്കി പ്രവർത്തനം ആരംഭിച്ച ഈ സംഘം 1991 പിണറായിയിൽ പ്രവർത്തനം ആരംഭിച്ചു. 3 തൊഴിലാളികളും രണ്ട് ജീവ നക്കാരും നിലവിലുണ്ട്. ആദ്യകാലത്ത് ബ്ലൂ നിർമ്മാണം ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ പ്രിന്റിംഗിൽ മാത്രം ഒതുങ്ങി നിൽക്കുന്നു. ഇതിന്റെ പ്രവർത്തനം വിപുലമാക്കി തൊഴിൽ സാധ്യത വർദ്ധിപ്പിക്കാവുന്നതാണ്.

**10. തലശ്ശേരി താലൂക്ക് ഹോസിയറി വർക്കേഴ്സ് സഹകരണ സംഘം**

റെഡിമെയ്ഡ് വസ്ത്ര നിർമ്മാണവും, ഹോസി യറി ഉൽപ്പന്നങ്ങൾ നിർമ്മിച്ചും വിപണനം നടത്തുന്ന സംഘമാണിത്. 1991 ൽ രജിസ്റ്റർ ചെയ്ത ഈ സംഘ ത്തിൽ 3 ജീവനക്കാരും 8 തൊഴിലാളികളും ജോലി ചെയ്യുന്നു. സ്വന്തം ബ്രാൻഡിൽ ഉല്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്താൻ ശ്രമിക്കണം.

**11. പിണറായി ക്ഷീരോൽപ്പാദക സഹകരണ സംഘം**

1973 ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ച ഈ സംഘം പ്രതിദിനം ശരാശരി 1500 ലി. പാൽ ശേഖ രിച്ച് വിപണനം നടത്തുന്നുണ്ട്. സംഘത്തിൽ ജീവനക്കാ രായി10 പേരും സെയ്ൽസ്മാന്മാരായി11 പേരും ജോലി ചെയ്യുന്നു. സ്വന്തമായി രണ്ട് കെട്ടിടങ്ങളും എട്ട് കലക് ഷൻ സെന്ററുകളും ഉണ്ട്. പ്രത്യേക തൊഴിൽദാന പദ്ധ തിയിൽ രണ്ട് വനിതാ പാലുൽപ്പന്ന നിർമ്മാണ യൂണിറ്റു കൾ സംഘത്തിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്നു.

കാലിത്തീറ്റയുടെ അനിയന്ത്രിതമായ വിലക്കയറ്റം കാരണം പാലുൽപ്പാദകർ ഈ രംഗത്തുനിന്ന് പിന്മാറു ന്നത് ഈ മേഖലയിൽ ഭീഷണി ഉയർത്തുന്നുണ്ട്.

**പിണറായി തെങ്ങ് ചക്കര ഉൽപ്പാദക സഹക രണ സംഘം.**

ഇന്നത്തെ പോലെ കള്ള്ഷാപ്പ് നിലവിലില്ലാതി രുന്ന കാലത്ത് തെങ്ങുകയറ്റ തൊഴിലാളികൾ ഉല്പാദി പ്പിച്ചിരുന്ന മുഴുവൻ ചക്കരയും വാങ്ങി വിപണനം നട ത്തിയിരുന്നു. 1967 മദ്യനിരോധനം പിൻവലിച്ചതോടെ ഈ സ്ഥാപനത്തിന്റെ നിലനിൽപ്പ് ഭീഷണിയായി തീർന്നു. ഈ സാഹചര്യത്തിൽ ഇതിന്റെ പ്രവർത്തനം പുതിയ മേഖലയിലേക്ക് വ്യാപിപ്പിച്ചു. ഇന്ന് നാല് റേഷൻഷാപ്പുകൾ സംഘം ഏറ്റെടുത്ത് നടത്തുന്നു. ഇതിന്റെ കീഴിൽ ഒരു തീപ്പെട്ടി കമ്പനി ആരംഭിച്ചിരുന്നെ ങ്കിലും തികഞ്ഞ പരാജയമായിരുന്നു. മറ്റു സംഘങ്ങളെ പോലെ ഓഡിറ്റ് ഫീസ് കണക്കാക്കുന്നത് വില്പനയുടെ അടിസ്ഥാനത്തിലായതിനാൽ ഏറ്റവും കൂടിയ ഫീസായ

15,000 രൂപ പ്രതിവർഷം അടയ്ക്കേണ്ടി വരുന്നു. അതു കൊണ്ടുതന്നെ ഈ സംഘം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

## പിണറായി കൺസ്യൂമർ കോ-ഓപ്പ് കാന്റീൻ

നമ്മുടെ നാട്ടിൽ ഹോട്ടൽ ഭക്ഷണ സാധനങ്ങളുടെ വില അനുദിനം അനിയന്ത്രിതമായി വളർന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് ഈ സഹകരണ സ്ഥാപനം ഉദയം ചെയ്തത്. ലാഭത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനം ആരംഭിച്ചത് 1983 ലാണ്. ദിനം പ്രതി 2000 രൂപയുടെ വിറ്റുവരവ് ഉണ്ട്. പഞ്ചായത്തിലും സമീപ സ്ഥലങ്ങളിലമുള്ള ഹോട്ടൽ ഭക്ഷണ സാധനങ്ങളുടെ വില പിടിച്ചു നിർത്തുന്നതിൽ ഈ സംഘം നിർണ്ണായക പങ്ക് വഹിക്കുന്നുണ്ട്. ഇവിടെ ചായക്ക് 1.10 രൂപയും ഊണിന് 4.50 രൂപയും ആണ് ഈടാക്കുന്നത്. എന്നതു കൊണ്ടുതന്നെ ഇതിന്റെ സ്വാധീനം ഊഹിക്കാവുന്നതാണ്. തൊഴിലാളികളുടെ വേതനം വർദ്ധിപ്പിച്ചും ശുചിത്വത്തിൽ ഊന്നിക്കൊണ്ടും പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

## ഉപഭോക്തൃ സഹകരണസംഘങ്ങൾ

ഉപഭോക്തൃ സഹകരണ സംഘങ്ങൾക്ക് ഈ പഞ്ചായത്തിൽ വിപുലമായ സാധ്യതകൾ ഉണ്ടെങ്കിലും അത് വിനിയോഗിക്കുവാൻ നമുക്ക് സാധിച്ചിട്ടില്ല. റജിസ്റ്റർ ചെയ്ത 3 കൺസ്യൂമർ സ്റ്റോറുകളിൽ ഒന്നും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. പേരിന് മാത്രം റജിസ്റ്റർ ചെയ്ത 6 സഹകരണ സംഘങ്ങൾ ഇവിടെയുണ്ട്. മേനേജ്മെന്റിന്റെ കാര്യക്ഷമമില്ലായ്മ, സാഹൂഹ്യപിന്തുണയുടെ അഭാവം, മൂലധനത്തിന്റെ ലഭ്യതക്കുറവ് തുടങ്ങിയവ പ്രവർത്തിക്കാത്ത സംഘങ്ങളുടെ പൊതു പ്രശ്നമായി കണക്കാക്കാം.

## സ്കൂൾ സഹകരണസംഘങ്ങൾ

പഞ്ചായത്തിൽ ആറ് സ്കൂൾ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്ന പുസ്തക വിതരണം മാത്രമാണ് സ്കൂൾ സഹകരണ സംഘം ഇപ്പോൾ നടത്തുന്നത്.

## പ്രശ്നങ്ങൾ-ക്രെഡിറ്റ് മേഖല

1. കാർഷികവായ്പ' നിലവിൽ യഥാർത്ഥ ആവശ്യത്തിന് തന്നെ ഉപയോഗിക്കുന്നതായി കാണുന്നില്ല.
2. പിണറായി കേന്ദ്രീകരിച്ച് വനിതാ ക്രെഡിറ്റ് സൊസൈറ്റി നിലവിൽ ഇല്ല
3. കാർഷിക വായ്പ ലളിതമാക്കി യഥാസമയം ലഭ്യമാക്കേണ്ടതാണ്.

## സാധ്യതകളും നിർദ്ദേശങ്ങളും

1. പിണറായി സർവ്വീസ് സഹകരണബാങ്ക് ചെറുതും വലുതമായ കാർഷിക ഉപകരണ സാമഗ്രികൾ വാടകയ്ക്ക് വിതരണം ചെയ്യുകയും വളം, കീടനാശിനി എന്നിവ വിൽപ്പന നടത്തുകയും സർക്കാരിൽ നിന്നുള്ള കാർഷിക ഇളവുകൾ വിതരണം ചെയ്യാൻ ഒരു പ്രത്യേക ശാഖ ആരംഭിക്കേണ്ടതാണ്.
2. അനുയോജ്യമായ സ്ഥലത്ത് പിണറായി സർവ്വീസ് സഹകരണ ബാങ്ക് അതിന്റെ ഒരു വനിതാ ബ്രാഞ്ച് ആരംഭിക്കേണ്ടതാണ്.
3. കാർഷിക മേഖലയുടെ വളർച്ചയ്ക്ക് ഉതകുന്ന തരത്തിൽ പ്രസ്തുത വായപക്ക് നീക്കി വെക്കുന്ന തുക വർദ്ധിപ്പിക്കുകയും, പലിശയിൽ ഇളവ്വരുത്തിക്കൊണ്ടും കൃത്യമായി തിരിച്ചടക്കുന്നവർക്ക് പ്രോത്സാഹനം കൊടുക്കുന്ന സ്ഥിതിയും ഉണ്ടാവണം.
4. ഓഹരിയുടെ എണ്ണം കണക്കാക്കി കടം കൊടുക്കുന്ന രീതി മാറ്റി കടം എടുക്കുന്ന തുക മുഴുവനും കടക്കാരന് കയ്യിൽ കിട്ടേണ്ട അവസ്ഥ ഉണ്ടാകണം.
5. വായ്പ നിശ്ചിത ആവശ്യത്തിന് ഉപയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തണം.
6. സ്വയം തൊഴിൽ ചെറുകിട വ്യവസായങ്ങൾ തുടങ്ങിയ മേഖലകൾക്ക് കൂടുതൽ വായ്പ ഉദാരവ്യവസ്ഥയിൽ അനുവദിക്കുന്ന സ്ഥിതി ഉണ്ടാവണം 7. ലാഭത്തിൽ നിന്ന് കൂടുതൽ തുക പൊതുജനോപകാരപ്രദമായ നിർമ്മാണ പ്രവർത്തനങ്ങൾക്കും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും നീക്കി വെക്കേണ്ടതാണ്.

## പ്രശ്നങ്ങൾ-വ്യവസായ മേഖല

1. പ്രവർത്തന മൂലധനത്തിന്റെ കുറവ്
2. കാര്യക്ഷമമായ മേനേജ്മെന്റിന്റെ അഭാവം
3. വിദഗ്ദ തൊഴിലാളികളുടെ ലഭ്യതക്കുറവ്
4. ആധുനികവൽക്കരണത്തിന്റെ അഭാവം

## സാധ്യതകളും-നിർദ്ദേശങ്ങളും

1. പ്രവർത്തന മൂലധനത്തിന്റെ അഭാവത്തിൽ പ്രയാസമനുഭവിക്കുന്ന സ്ഥാപനങ്ങളെ സർക്കാർ ഷെയർ യഥാസമയം നൽകി സഹായിക്കുക.
2. സഹകരണ വ്യവസായ സ്ഥാപനങ്ങളിലെ ഭരണസമിതിക്കും ജീവനക്കാർക്കും ബന്ധപ്പെട്ട മേഖലകളിലെ സാധ്യതകളേയും നടത്തിപ്പും സംബന്ധിച്ച് പരിശീലനം നൽകുക.
3. ഓരോ വ്യവസായ സ്ഥാപനത്തിലേക്കും തൊഴിലാളികൾക്ക് വിദഗ്ധ തൊഴിൽ പരിശീലനം നൽകുക. അതിനായി ഒരു വ്യവസായ പരിശീലന കേന്ദ്രം ആരംഭിക്കേണ്ടതാണ്.
4. ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുക. പ്രചാരണം സംഘടിപ്പിക്കുക.
5. പിണറായി ഇൻഡസ്ട്രിയൽ കോ-ഓപ്പ് സൊസൈറ്റിയുടെ ഒരു യൂണിറ്റ് എന്ന നിലയിൽ സിമന്റ് കൊണ്ട് ഉണ്ടാക്കാവുന്ന കട്ടില, ജാലകം മുതലായവ നിർമ്മിക്കേണ്ടതാണ്.
6. പിണറായി വുമൺ മൾട്ടി ഇൻഡ്രസ്ട്രിയൽ സഹകരണ സംഘത്തിന് പുതിയ യൂണിറ്റുകൾ ആരംഭിക്കേണ്ടതാണ്. ഉദാ. ഗാർമെന്റ്, പോളിത്തീൻ ബാഗ്, ചെറുകിട സോപ്പ് ഫാക്ടറി, കുടനിർമ്മാണം, ബാഗ് നിർമ്മാണം, ചെരുപ്പ്, റൈറ്റിങ്ങ് പാഡ്, ഫയലുകൾ, റീഫിൽ എന്നിവ നിർമ്മിക്കുന്ന യൂണിറ്റുകൾ.

## ക്ഷീര സഹകരണസംഘങ്ങൾ-പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങളിലും ആവശ്യമായ രീതിയിൽ പാൽ വിതരണം നടക്കുന്നില്ല.

2. പാലുൽപ്പാദനവും കന്നുകാലിവളർത്തലും കടുത്ത ഭീഷണിയുടെ വക്കിലാണ്.

### സാധ്യതകൾ

1. പാൽ ഉല്പാദന വിതരണ ശൃംഖല ശക്തിപ്പെടുത്തുക. ആവശ്യമായ സ്ഥലങ്ങളിൽ പാൽ വിതരണത്തിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

2. ചുരുങ്ങിയ ചെലവിൽ വിതരണം ചെയ്യാവുന്ന വിധത്തിൽ കാലിത്തീറ്റ നിർമ്മാണം, തീറ്റപ്പുൽകൃഷി എന്നിവ ക്ഷീര വ്യവസായ സംഘത്തിന്റെ യൂണിറ്റായി ആരംഭിക്കേണ്ടതാണ്.

മറ്റ് സഹകരണ സംഘങ്ങൾ പ്രശ്നങ്ങൾ

1. പ്രവർത്തന മൂലധനത്തിന്റെ അഭാവം സംഘത്തിന്റെ പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്നു.

2. കൺസ്യൂമർ സ്റ്റോറുകളുടെ അഭാവം നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ചു നിർത്താനാവുന്നില്ല.

3. കാർഷിക വിളകൾ സംഭരിച്ച് സംസ്ക്കരിക്കുന്ന പ്രവർത്തനം നടക്കുന്നില്ല.

### സാധ്യതകൾ

1. സിവിൽ സപ്ലൈസിന്റെ സാധനങ്ങൾ അടക്കം വിതരണം ചെയ്യുന്ന മാവേലസ്റ്റോർ പ്രവർത്തനം ആരംഭിക്കേണ്ടതാണ്.

2. പിണറായി കോ-ഓപറേറ്റീവ് മാർക്കറ്റിംങ്ങ് & പ്രൊസസിങ്ങ് സഹകരണ സംഘം മുഖേന കാർഷിക വിളകൾ ശേഖരിച്ച് സംസ്ക്കരിച്ച് വിതരണം നടത്തേണ്ടതാണ്.

## സ്കൂൾ സഹകരണസംഘങ്ങൾ

1.പുസ്തക വിതണത്തിൽ മാത്രണാണ് സ്കൂൾ സംഘങ്ങൾ പ്രവർത്തിക്കുന്നത്.

സാധ്യതകൾ

1. സ്കൂളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തിക്കൊണ്ട് കുട്ടികൾക്ക് ആവശ്യമായ യൂണിഫോറവും സ്റ്റേഷനറി ഉൾപ്പെടെയുള്ള മുഴുവൻ സാധനങ്ങളും സ്കൂൾ സൊസൈറ്റികൾ മുഖേന വിതരണം നടത്തേണ്ടതാണ്.

2. ഷെയർ സംഖ്യ വർദ്ധിപ്പിച്ചും ഗവൺമെന്റ് ഗ്രാന്റ് നൽകിയും സാമ്പത്തിക സമാഹരണം നടത്തിയും പ്രവർത്തനം വിപുലപ്പെടുത്താവുന്നതാണ്.

### മറ്റ് നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടതും പ്രവർത്തിക്കാത്തതുമായ സംഘങ്ങളുടെ സാധ്യതകൾ പരിശോധിച്ച് പ്രവർത്തനം ആരംഭിച്ചാൽ കുറെയധികം ആളുകൾക്ക് അതുവഴി തൊഴിൽ നേടുന്നതിന് സാധിക്കും

2. മുട്ട ഉൽപ്പാദനം, കോഴി, ആട് ഉൽപാദന വിതരണ ലക്ഷ്യം വെച്ചുകൊണ്ടുള്ള സഹകരണസംഘം രൂപീകരിക്കാവുന്നതാണ്.

3. കെട്ടിട നിർമ്മണവുമായി ബന്ധപ്പെട്ട വിവിധ വിഭാഗം തൊഴിലാളികളെയും വിദഗ്ദ്ധരേയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ലേബർ കോൺട്രാക്ട് സൊസൈറ്റികൾ രൂപീകരിക്കാവുന്നതാണ്..

4. പഞ്ചായത്തിൽ റജിസ്ട്രർ ചെയ്ത ഹൗസിങ്ങ് സൊസൈറ്റി പ്രവർത്തക്ഷമമാക്കേണ്ടതാണ്.

5. പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറി സാധനങ്ങൾ വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന സഹകരണ സംഘം ആരംഭിക്കേണ്ടതാണ്.

6. തലശ്ശേരി എൻ.ഇ.എസ്. ബ്ലോക്ക് പട്ടികജാതി സഹകരണ സംഘം മുഖേന വാടക സാധനങ്ങൾ വിതരണം ചെയ്യുന്ന പ്രവർത്തനം ഏറ്റെടുക്കേണ്ടതാണ്.

7. ഈ പ്രദേശത്തെ തെങ്ങോല സംഭരിച്ച് ഒരു ഓലമടയൽ സഹകരണസംഘം ആരംഭിക്കാവുന്നതാണ്.

8. വൈവാഹിക പ്രശ്നങ്ങൾ പരിഹരിക്കാൻ വേണ്ടി സഹകരണാടിസ്ഥാനത്തിൽ ഒരു വിവാഹ ബ്യൂറോ ആരംഭിക്കേണ്ടതാണ്.

9. സഹകരണ മേഖലയിൽ പ്രവർത്തിക്കുന്നവർ ആകർഷകമായ സമീപനം സ്വീകരിക്കേണ്ടതാണ്.

10. പഞ്ചായത്തിലെ മുഴുവൻ സഹകരണ സ്ഥാപനങ്ങളെയും ബന്ധിപ്പിക്കുന്ന തരത്തിൽ ഒരു ഉപദേശക സമിതി രൂപീകരിക്കാവുന്നതാണ്.

11. തലശ്ശേരി എഡ്യുക്കേഷൻ സഹകരണ സംഘത്തിന്റെ ഒരു യൂണിറ്റായി സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കണം.

## പട്ടിക 1 ക്രഡിറ്റ് സംഘങ്ങൾ

| 1 | സ്ഥാപനം | ആരംഭിച്ച വർഷം | അംഗങ്ങൾ | ജീവനക്കാർ | | മറ്റുള്ളവർ | | ഓഹരിമൂലധനം |
|---|---|---|---|---|---|---|---|---|
| | | | | പു | സ്ത്രീ | പു | സ്ത്രീ | |
| 1 | പിണറായി സർവീസ് സഹകരണ ബാങ്ക് | 1973 | 5014 | 11 | 5 | 3 | 6 | 1021896 |
| 2 | തലശ്ശേരി NES ബ്ലോക്ക് വനിതാസഹകരണസംഘം | 1985 | 1445 | - | 4 | - | 5 | 115430 |
| 3 | പാനുണ്ട പ്രിയദർശിനി വനിതാ സഹകരണസംഘം | 1995 | 428 | - | 1 | - | - | 32650 |

## പട്ടിക 2
## നോൺ ക്രഡിറ്റ് വ്യവസായ സഹകരണസംഘങ്ങൾ

| 1 | സ്ഥാപനം | ആരംഭിച്ച വർഷം | അംഗങ്ങൾ | ജീവനക്കാർ | മറ്റുള്ളവർ | ഓഹരിമൂലധനം | വാർഷിക ടേണോവർ |
|---|---|---|---|---|---|---|---|
| 1 | പിണറായി ബീഡി വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പ് സൊസൈറ്റി | 1969 | 4159 | 47 | 2976 | 618280 | 69730500 |
| 2 | പിണറായി വീവേഴ്സ് ഇൻഡസ്ട്രിയൽ സഹകരണസംഘം | 1975 | 229 | 1 | 20 | 93770 | 653420 |
| 3 | പിണറായി ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 1979 | 273 | 15 | 185 | 5360414 | 10960180 |
| 4 | പിണറായി ബാംബൂ & കെയ്ൻ വർക്കേഴ്സ് ഇൻഡസ്ട്രിയൽ സഹകരണസംഘം | 1979 | 107 | - | 10 | 86000 | 30000 |
| 5 | പിണറായി വുമൻ മൾട്ടി ഇൻഡസ്ട്രിയൽ (വർക്ക്ഷോപ്പ്) സഹകരണസംഘം | 1980 | 53 | 2 | 15 | 129700 | 282271 |
| 6 | പിണറായി പാറപ്രം കയർവ്യവസായ സഹകരണസംഘം | 1980 | 272 | 1 | 5 | 1775 | 100000 |
| 7 | പിണറായി വീവേഴ്സ് ഇൻഡസ്ട്രിയൽ (വർക്ക്ഷോപ്പ്) സഹകരണസംഘം | 1982 | 342 | 7 | 125 | 479890 | 5100000 |
| 8 | കണ്ണൂർ എസ്.സി. പ്രിന്റിംഗ് & ബ്ലൂ മേക്കിംഗ് ഇൻസ്ട്രിയൽ സഹകരണസംഘം | 1987 | 132 | 2 | 3 | 23820 | 75000 |
| 9 | തലശ്ശേരി താലൂക്ക് ഹോസിയറി വർക്കേഴ്സ് ഇൻസ്ട്രിയൽ സഹകരണസംഘം | 1991 | 50 | 3 | 8 | 7090 | --- |
| 10 | പിണറായി കാർപ്പന്ററി & ബ്ലാക്ക്സ്മിത്ത് വർക്കേഴ്സ് ഇൻഡസ്ട്രിയൽ സഹകരണസംഘം | 1993 | 45 | 4 | 15 | 3400 | ---- |

## പട്ടിക 3 സ്കൂൾ സഹകരണസംഘങ്ങൾ

| 1 | സ്ഥാപനം | ആരംഭിച്ച വർഷം | പിരിഞ്ഞുകിട്ടിയ മൂലധനം | അംഗങ്ങൾ | വാർഷിക ടേണോവർ |
|---|---|---|---|---|---|
| 1 | ആർ.സി. അമല ബേസിക് യു.പി. സ്കൂൾ, പിണറായി | 1975 | 1100 | 70 | 15000 |
| 2 | ഗണപതി വിലാസം യു.പി.സ്കൂൾ, പിണറായി | 1975 | 530 | 44 | 4000 |
| 3 | പിണറായി വെസ്റ്റ് ബേസിക് യു.പി. സ്കൂൾ | 1975 | 1365 | – | 20000 |
| 4 | കോഴൂർ യു.പി. സ്കൂൾ, എരുവട്ടി | 1975 | 922 | – | – |
| 5 | പാനുണ്ട യു.പി.സ്കൂൾ, | 1975 | 306 | – | – |
| 6 | എ.കെ.ജി. സ്മാരക ഗവ: ഹൈസ്കൂൾ, പിണറായി | 1982 | 13640 | 51 | 50000 |

## പട്ടിക 4 മറ്റ് സഹകരണസംഘങ്ങൾ

| 1 | സ്ഥാപനം | ആരംഭിച്ച വർഷം | അംഗങ്ങൾ | ജീവനക്കാർ | മറ്റുള്ളവർ | ഓഹരിമൂലധനം | വാർഷിക ടേണോവർ |
|---|---|---|---|---|---|---|---|
| 1 | പിണറായി തെങ്ങ് ചക്കര ഉല്പാദക സഹകരണസംഘം | 1947 | 199 | 5 | – | 7445 | 5874798 |
| 2 | പിണറായി ക്ഷീരോലാപാദക സഹകരണസംഘം | 1973 | 936 | 10 | 11 | 26400 | 5364055 |
| 3 | പിണറായി കൺസ്യൂമർ സഹകരണ കാന്റീൻ | 1983 | 515 | – | 10 | 5620 | 600000 |

## നിലവിൽ പ്രവർത്തന ക്ഷമമല്ലാത്ത സഹകരണസംഘങ്ങൾ

പട്ടിക 5

| നമ്പർ | സ്ഥാപനത്തിന്റെ പേര് | ആരംഭിച്ച വർഷം | അംഗങ്ങൾ | ഓഹരിമൂലധനം |
|---|---|---|---|---|
| 1 | എരുവട്ടി കുലാലക്ലെവർ കേസ് സഹകരണസംഘം | 1957 | 196 | 1523 |
| 2 | പിണറായി കലക്റ്റീവ് സഹകരണ സംഘം | 1976 | 75 | 3550 |
| 3 | പിണറായി കൺസ്യൂമർ സഹകരണ സ്റ്റോർ | 1974 | – | 10453 |
| 4 | തലശ്ശേരി എൻ.ഇ.എസ് ബ്ലോക്ക് പട്ടികജതി സഹകരണ സംഘം | 1982 | 229 | 14277 |
| 5 | പിണറായി കോ- ഓപ്പ് മാർക്കറ്റിംഗ് പ്രോസസിംഗ് | 1992 | – | – |

## പ്രവർത്തനം ആരംഭിക്കാത്ത സഹകരണ സംഘങ്ങൾ

പട്ടിക 6

| നമ്പർ | സ്ഥാപനത്തിന്റെ പേര് | റജിസ്റ്റർ ചെയ്ത വർഷം | അംഗങ്ങൾ | ഓഹരിമൂലധനം |
|---|---|---|---|---|
| 1 | പിണറായി കോ - ഓപ്പ് സഹകരണ സംഘം | 1981 | 43 | 13640 |
| 2 | പിണറായി ബീഡി വർക്കേഴ്സ് സ്റ്റാഫ് കോ-ഓപ് സ്റ്റോർ | 1987 | 1000 | 10000 |
| 3 | പിണറായി പഞ്ചായത്ത് സെറികൾച്ചർ സഹകരണ സംഘം | 1988 | 21 | 2100 |
| 4 | പിണറായി വനിതാ സഹകരണ സംഘം | 1992 | – | – |
| 5 | പിണറായി പി.വി.സി. റെക്സിൻ വർക്കേഴ്സ് സഹകരണസംഘം | 1992 | – | – |
| 6 | പൊട്ടൻപാറ കൺസ്യൂമർ സഹകരണ സംഘം | 1993 | – | 500 |



# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിലെ പട്ടിക ജാതിസംവരണ ഡിവിഷനായ പിണറായി പഞ്ചായത്തിൽ ആകെ 100 വീടുകളിലായി 512 പേരാണ് ഈ വിഭാഗത്തിലുള്ളത്. പഞ്ചായത്തിലെ ജനസംഖ്യയുടെ 1.76% ആണ് ഈ വിഭാഗത്തിലുള്ളത്. അംഗീകൃത കോളനികളില്ല. ഭൂരിഭാഗംകുടുംബങ്ങളും ദാരിദ്ര്യരേഖയ്ക്ക് താഴെ കഴിയുന്നവരാണ്.

സാമൂഹ്യ പദവിയിൽ ഇതര ജനവിഭാഗങ്ങളോടൊപ്പം എത്തിയിട്ടുണ്ടെങ്കിലും സാമ്പത്തിക മേഖലയിൽ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. നൂറ്റാണ്ടുകളായി സമൂഹത്തിൽ നിന്ന് ഒറ്റപ്പെട്ട് കഴിഞ്ഞിരുന്ന ഈ ജനവിഭാഗങ്ങൾക്ക് മുൻകാലങ്ങളിൽ അനുഭവിച്ചിരുന്ന ഉച്ചനീചത്വങ്ങളിൽ നിന്നു പൂർണ്ണമായും മോചനം നേടാൻ കഴിഞ്ഞിട്ടുണ്ട്. എല്ലാ ജാതി മതസ്ഥരുടെയും എല്ലാതരം ചടങ്ങുകളിലും പൊതു പരിപാടികളിലും ഈ വിഭാഗത്തിലുള്ളവർ പങ്കെടുക്കാറുണ്ട്.

പട്ടികജാതി പട്ടികവർഗക്ഷേമത്തിനായി സർക്കാർ നടപ്പിലാക്കി വരുന്ന പല പദ്ധതികളെ സംബന്ധിച്ചും വേണ്ടത്ര അറിവില്ലാത്തതുകൊണ്ടും പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകൾ കൊണ്ടും ഫലപ്രദമായി ഉപയോഗപ്പെടുത്താൻ സാധിക്കുന്നില്ല. എന്നാൽ ക്ഷേമ പദ്ധതികളിലൂടെ കുറെയൊക്കെ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

പൊതുവെ നിരക്ഷരർ കുറവാണെങ്കിലും വിദ്യാഭ്യാസ രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല. എസ്.എസ്.എൽ.സി ക്കു മുകളിൽ വിദ്യാഭ്യാസം നേടിയ 73 പേരാണുള്ളത്. ഈ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന വിദ്യാലയങ്ങളിലെ 1 മുതൽ 10 വരെ ക്ലാസുകളിലായി 69 ആൺകുട്ടികളും 34 പെൺകുട്ടികളും പഠിക്കുന്നു.

ബീഡി വ്യവസായവും പരമ്പരാഗത തൊഴിലുകളുമാണ് ഭൂരിപക്ഷം പേരുടെയും ഉപജീവനമാർഗം. സ്ത്രീകൾ മിക്കവാറും തൊഴിൽ രഹിതരാണ്. തെയ്യം, ചെണ്ടമുട്ട് തുടങ്ങിയ പരമ്പരാഗത തൊഴിലുകളെ മാത്രം ആശ്രയിച്ച് ജീവിക്കുന്നവർക്ക് സീസൺസമയങ്ങളിലൊഴിച്ച് മറ്റു സമയങ്ങളിൽ ഏറെ ജീവിത പ്രയാസങ്ങൾ അനുഭവപ്പെടുന്നു. മുള, കൈതയോല എന്നിവ ഉപയോഗിച്ച് കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നവർക്ക് ആവശ്യത്തിന് അസംസ്കൃത വസ്തുക്കൾ ലഭിക്കാത്തതിനാൽ പ്രയാസങ്ങൾ അനുഭവപ്പെടുന്നു. സർക്കാർ അർദ്ധ സർക്കാർ മേഖലകളിലായി 33 പേർ ജോലി ചെയ്യുന്നു.

ഈ വിഭാഗത്തിൽ പെട്ട ഭൂരിഭാഗം ആളുകൾക്കും വീടുകളുണ്ടെങ്കിലും അടിസ്ഥാന സൗകര്യങ്ങൾ കുറവാണ്. സ്വന്തമായി വീടില്ലാത്തവരും ഭൂമിയില്ലാത്തവരും ഈ വിഭാഗത്തിലുണ്ട്. കുടിവെള്ള പ്രശ്നവും കക്കൂസില്ലാത്ത അവസ്ഥയും പൊതുജനാരോഗ്യത്തെ ബാധിക്കുന്നു. നൂറ് കുടുംബങ്ങളുണ്ടെങ്കിലും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി ചിതറിക്കിടക്കുന്നതിനാൽ കോളനികൾക്കുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. പിണറായി പഞ്ചായത്തിലെ സംവരണ വാർഡ് 10ാം വാർഡാണെങ്കിലും ഇപ്പോൾ 9ാം വാർഡിലാണ് ഏറ്റവും അധികം പട്ടിക ജാതിക്കാരുള്ളത്. പട്ടികജാതി സംവരണ മണ്ഡലങ്ങളിൽ അതിനനുസരിച്ചാനുകൂല്യങ്ങൾ ലഭിക്കാത്ത അവസ്ഥയുണ്ട്. ബ്ലോക്ക് പഞ്ചായത്തുമെമ്പർ കെ.ചിത്രൻ, ഗ്രാമപഞ്ചായത്തു മെമ്പർ സി. രാഘവൻ എന്നിവർ സംവരണ മണ്ഡലങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളാണ്.

ഈ വിഭാഗത്തിൽപെട്ടവരുടെ ഉന്നമനത്തിനായി

സർക്കാർ പല പദ്ധതികളും നടപ്പിലാക്കുന്നുണ്ടെങ്കിലും ഇവരുടെ ജീവിത നിലവാരം ഏറെ മെച്ചപ്പെട്ടിട്ടില്ല. പട്ടികജാതി - പട്ടിക വർഗത്തിൽ പെട്ടവരുടെ അടിസ്ഥാന സൗകര്യങ്ങൾ, ജീവിതനിലവാരം എന്നിവ സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു. (പട്ടിക 1, പട്ടിക 2)

## പട്ടികജാതി പട്ടിക വർഗ സഹകരണ സംഘങ്ങൾ

3 എസ്.സി. എസ്.ടി. സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

1. തലശ്ശേരി NES ബ്ലോക്ക് പട്ടികജാതി സഹകരണ സംഘം

തലശ്ശേരി ബ്ലോക്ക് പരിധിയിൽ പ്രവർത്തിക്കുന്ന ഈ സംഘത്തിൽ 229 മെമ്പർ മാരാണുള്ളത്. ചെമ്മീൻ പാടങ്ങൾ പാട്ടത്തിനു കൊടുക്കൽ, തോണികൾ, ട്രില്ലർ എന്നിവ വാടകക്ക് കൊടുക്കൽ എന്നീ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. നഷ്ടത്തിലായ ഈ സ്ഥാപനം 'അഡാക്' ഏറ്റെടുക്കുകയാണെങ്കിൽ പ്രവർത്തനം മെച്ചപ്പെടുത്താൻ സാധിക്കും

2. പിണറായി ബാംബു ആൻഡ് കെയിൻ വർക്കേഴ്സ് ഇൻഡസ്ട്രിയൽ വർക്ക്ഷോപ്പ് പട്ടികജാതി പട്ടികവർഗ സഹകരണസംഘം : പിണറായി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ 107 മെമ്പർമാരാണുള്ളത് കരകൗശല നിർമ്മാണ രംഗത്ത് പ്രധാന പ്രവർത്തനം അസംസ്കൃത പദാർത്ഥങ്ങൾ ലഭിക്കാത്തത് പ്രതികൂലമായി ബാധിക്കുന്നു. ബാംബു കോർപ്പറേഷന്റെ കണ്ണൂർ ജില്ലയിലെ ഡിപ്പോകളിൽ നിന്നു തന്നെ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കിയാൽ പ്രവർത്തനം ഏറെ മെച്ചപ്പെടുത്താം.

3. കണ്ണൂർ ഷെഡ്യൂൾഡ് കാസ്റ്റ് പ്രിന്റിംഗ് ആന്റ് ബ്ലൂമെയിക്കിങ്ങ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി ആകെ 132 മെമ്പർമാരാണുള്ളത്. ഒരു പ്രസ്സ് പ്രവർത്തിക്കുന്നുണ്ട്. സ്ഥാപനം നഷ്ടത്തിലാണ്.

## പ്രീ–മെട്രിക് ഹോസ്റ്റൽ

30 പട്ടികജാതി പട്ടികവർഗ വിദ്യാർത്ഥികൾ താമസിക്കുന്ന ഒരു പ്രീ മെട്രിക് ഹോസ്റ്റൽ പിണറായിയിലുണ്ട്. വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. സൗകര്യങ്ങൾ തീരെയില്ല. വിദ്യാർത്ഥികളുടെ ചെലവിലേക്കായി സർക്കാരിൽ നിന്നും ലഭിക്കുന്ന ധനസഹായം അപര്യാപ്തമാണ്.

## പ്രശ്നങ്ങൾ

1. തൊഴിലില്ലായ്മ രൂക്ഷമാണ്.
2. കാർഷിക മേഖലയിൽ തൊഴിൽ സാധ്യത കുറയുന്നു.
3. വിദ്യഭ്യാസ യോഗ്യതയുള്ളവർക്കും തൊഴിൽ ലഭിക്കുന്നില്ല.
4. വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല.
5. എല്ലാ കുടുംബങ്ങൾക്കും സ്വന്തമായി വീടില്ല.
6. വീട് വെക്കാൻ സ്ഥലമില്ല.
7. വീടുകളിൽ അടിസ്ഥാന സൗകര്യങ്ങളില്ല.
8. കുടിവെള്ളപ്രശ്നം അനുഭവപ്പെടുന്നു.
9. വീട്, കക്കൂസ്, കിണർ എന്നിവ നിർമ്മിക്കുന്നതിനുള്ള ധനസഹായം അപര്യാപ്തമാണ്.
10. ക്ഷേമ പദ്ധതികൾ യഥാസമയം നടപ്പിലാകുന്നില്ല.
11. ക്ഷേമപദ്ധതികളെക്കുറിച്ച് വേണ്ടത്ര അറിവില്ല.
12. പട്ടികജാതി പട്ടികവർഗ സഹകരണസംഘങ്ങൾ പുരോഗതി പ്രാപിച്ചിട്ടില്ല.
13. പ്രീ-മെട്രിക് ഹോസ്റ്റലിൽ സൗകര്യങ്ങൾ കുറവാണ്.
14. ഇതുവരെ പട്ടികജാതിക്കാർക്കുള്ള ആനുകൂല്യം ലഭിച്ചിരുന്ന മോഗർ വിഭാഗത്തിലുള്ളവർക്ക് ഇപ്പോൾ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല.
15. അംഗീകൃത കോളനികളില്ലാത്തതിനാൽ കോളനികൾക്കുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല.

## സാധ്യതകൾ

1. വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താൻ പത്താംതരം വരെ പഠനോപകരണങ്ങൾ സൗജന്യമായി നൽകണം.
2. ലപ്സം ഗ്രാന്റ് വർദ്ധിപ്പിക്കണം.
3. ഉയർന്ന വിദ്യാഭ്യാസ യോഗ്യത നേടിയവർക്ക് തൊഴിൽ സാധ്യത ഉറപ്പുവരുത്തണം.
4. നിർധനരായ വീടില്ലാത്ത ആളുകൾക്ക് സ്ഥലം വാങ്ങിക്കൊടുത്ത് ഒരു കോളനി രൂപീകരിക്കണം.
5. ആനുകൂല്യങ്ങൾക്കുള്ള നിബന്ധനകൾ ഉദാരമാക്കണം.
6. ക്ഷേമ പദ്ധതികളെക്കുറിച്ചും സാമ്പത്തികാനുകൂല്യങ്ങളെക്കുറിച്ചും ബോധവല്ക്കരണം നടത്തണം.
7. ആനുകൂല്യങ്ങൾ അർഹതപ്പെട്ടവർക്കെല്ലാം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനും ദുരുപയോഗം ചെയ്യുന്നത് തടനായും സാധിക്കുന്ന ഒരു മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കണം.
8. വീട് നിർമ്മാണത്തിനും മറ്റുമുള്ള ധനസഹായം വർദ്ധിപ്പിക്കണം.
9. പമ്പുസെറ്റ് അനുവദിക്കുന്നതിനുള്ള ഭൂമിയുടെ പരിധി ഇളവു ചെയ്യണം.
10. വിധവകൾ, വികലാംഗർ എന്നിവർക്കുള്ള ക്ഷേമപദ്ധതികൾ ലഭിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കണം.
11. നിർധന കുടുംബങ്ങളിലെ അംഗങ്ങളുടെ ചികിത്സക്കും പെൺമക്കളുടെ വിവാഹത്തിനും ധനസഹായം ലഭ്യമാക്കണം.
12. പാരമ്പര്യത്തൊഴിലിൽ ഏർപ്പെട്ട 60 വയസ്സ് കഴിഞ്ഞവർക്ക് പെൻഷൻ പദ്ധതികൾ നടപ്പിലാക്കണം.
13. പ്രീ-മെട്രിക് ഹോസ്റ്റലിന് സ്വന്തമായി കെട്ടിടം നിർമ്മിച്ച് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കണം.
14. പ്രീ- മെട്രിക് ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് ലഭിച്ചു വരുന്ന ധനസഹായം വർദ്ധിപ്പിക്കണം.

15. പട്ടികജാതി പട്ടികവർഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം.

16. കുടിവെള്ള പ്രശ്നം പരിഹരിക്കണം.

പിണറായി പഞ്ചായത്തിൽ മുൻപ് കാലങ്ങളിൽ ആരോഗ്യരംഗത്ത് കൂടുതൽ പ്രവർത്തനം ഇല്ലാത്തക്കാലത്ത് പ്രസവംസംബന്ധിച്ച് കുട്ടിയെ എടുക്കുന്നതിന് വേണ്ടി മലയ സമുദായത്തിലെ വിദഗ്ദരായ് സ്ത്രീകളെയാണ് ഉപയോഗപ്പെടുത്തിയിരുന്നത്. എന്നാൽ ഇന്ന് ആ പ്രവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾക്ക് വളരെ ജീവിത പ്രയാസം അനുഭവപ്പെടുന്നു. അവർക്ക് ആവശ്യമായ സഹായങ്ങൾ പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് ഉണ്ടാവണം.

| | വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വീടുകൾ | 3 | 8 | 15 | 8 | 5 | 10 | 7 | 4 | 31 | 3 | 5 | 1 | |
| | ജനസംഖ്യ | 13 | 41 | 78 | 42 | 31 | 50 | 37 | 22 | 153 | 12 | 26 | 7 | |
| | സ്ത്രീകൾ | 7 | 17 | 39 | 24 | 15 | 22 | 20 | 9 | 76 | 6 | 14 | 3 | |
| | പുരുഷൻമാർ | 6 | 24 | 39 | 18 | 16 | 28 | 1 | 13 | 77 | 6 | 12 | 4 | |
| വിദ്യാഭ്യാസം | പത്താം തരം വരെ | 13 | 34 | 66 | 24 | 13 | 29 | 23 | 10 | 110 | 9 | 19 | 4 | |
| | SSLC | - | 6 | 6 | 11 | 4 | 11 | 9 | 7 | 18 | 1 | 2 | 3 | 78 |
| | SSLC ക്ക് മുകളിൽ | | 1 | 6 | 7 | 7 | 10 | 5 | 5 | 25 | 2 | 5 | - | 7 |
| തൊഴിൽ | സർക്കാർ. | | 1 | 2 | - | 4 | 2 | 2 | 1 | 11 | 1 | 1 | | 25 |
| | അർദ്ധസർക്കാർ | | - | | | | | 1 | 2 | 4 | | | 1 | 8 |
| | പരമ്പരാഗതം | | 2 | 4 | | 1 | | | | | | 2 | | 9 |
| | മറ്റ് തൊഴിൽ | 2 | 12 | 17 | 2 | 2 | 18 | 3 | 3 | 33 | | 5 | 2 | 99 |

അവലംബം സാമൂഹ്യ സാമ്പത്തിക സർവ്വേ 96



# വിഭവസമാഹരണം

താരതമ്യേന വ്യാപ്തി കൂടുതലുള്ള പഞ്ചായത്തുകളിലൊന്നാണ് പിണറായി പഞ്ചായത്ത്. എറുവട്ടി, പിണറായി വില്ലേജുകൾ ഉൾപ്പെട്ട 12 വാർഡുകളുള്ള നമ്മുടെ പഞ്ചായത്തിന്റെ നിരവധിയായ സാമ്പത്തിക പ്രശ്നങ്ങളിൽ മുഖ്യമായത് ശാസ്ത്രീയമായല്ല നികുതിപിരിക്കുന്നത് എന്നതാണ്. പഞ്ചായത്തിലെ വിഭവങ്ങൾ ക്രിയാത്മകവും ശാസ്ത്രീയവുമായ രീതിയിൽ ഉപയോഗപ്പെടുത്തുന്ന കാര്യത്തിൽ നാം വേണ്ടത്ര മുന്നോട്ട് പോയിട്ടില്ല. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ തദ്ദേശ സർക്കാരുകളായി പരിവർത്തനപ്പെട്ട വർത്തമാന കാലത്ത് വിഭവങ്ങൾ വർദ്ധിപ്പിച്ചാലല്ലാതെ നമുക്ക് മുന്നേറാൻ കഴിയില്ല. പഞ്ചായത്തിന്റെ പ്രധാന വരുമാനമാർഗങ്ങൾ ചുവടെ ചേർക്കുന്നു.

**പട്ടിക 1**

| | |
|---|---|
| കെട്ടിട നികുതി | 205965.00 |
| തൊഴിൽ നികുതി | 125225.00 |
| സർവ്വീസ് ചാർജ് | 37280.00 |
| ലൈസൻസ് ഫീ | 28475.00 |
| വസ്തു കൈമാറ്റ നികുതി | 124240.00 |
| സർക്കാർ ഗ്രാന്റ് ഒഴികെയുള്ള മറ്റു വരവ് | 655239.00 |
| ഡെപ്പോസിറ്റ് | 12938.00 |
| മറ്റുള്ളവ | 4014.00 |
| പഞ്ചായത്ത് ഭൂമിയിൽ നിന്നുള്ള വരുമാനം | 244.00 |
| ചന്തവരവ് | 280.00 |
| ഉപാധി രഹിത ഫണ്ട് | 294340.00 |
| ജെ.ആർ.വൈ | 156440.00 |

### വിനോദനികുതി

മേൽക്കൊടുത്ത പട്ടികയിൽ പഞ്ചായത്തിന്റെ വരുമാനം കാണാം. വിനോദ നികുതി ഇനത്തിൽ നമ്മുടെ പഞ്ചായത്തിനിപ്പോൾ വരുമാനമില്ല. 1984 വരെ ഓലയമ്പലത്ത് ഒരു സിനിമാ തിയ്യേറ്ററുണ്ടായിരുന്നു. അതുകൊണ്ട് ഓലയമ്പലത്ത് നിർമ്മാണത്തിലിരുക്കുന്ന സിനിമാ തിയ്യേറ്ററിന്റെ പൂർത്തീകരണത്തിന് പഞ്ചായത്ത് വേണ്ട പ്രോത്സാഹനം നൽകണം.

പടന്നക്കര ദേശത്ത് 69 ഏക്കർ സ്ഥലം റവന്യൂ വകുപ്പിന്റെ കൈയ്യിലുണ്ട്. ഇതു പഞ്ചായത്തിനു ലഭിക്കുകയാണെങ്കിൽ അവിടെയൊരു പാർക്കും ബോട്ട് സർവ്വീസുമാകാം. ഇതിലൂടെ പഞ്ചായത്തിന്റെ വിനോദ നികുതിയും സമാഹരിക്കാവുന്നതാണ്.

### ഭൂനികുതി

ഭൂനികുതി ഹെക്ടറിന് 50 രൂപ മാറ്റി 100 രൂപയാക്കി മാറ്റണമെന്ന് ഒരു നിർദ്ദേശമുണ്ടായിട്ടുണ്ട്. 100 തെങ്ങിൽ കൂടുതലുള്ളവർക്ക് പ്ലാന്റേഷൻ നികുതി ഏർപ്പെടുത്തണമെന്നും ഇതുപോലെ കവുങ്ങു റബ്ബർ കുരുമുളക് എന്നിവയ്ക്കും പ്ലാന്റേഷൻ നികുതി ഏർപ്പെടുത്തണം. തെങ്ങ് നൂറിനു മുകളിൽ 1 ന് രണ്ടുരൂപാ നിരക്കിലും കവുങ്ങിന് ഒരു രൂപ നിരക്കിലും റബ്ബറിന് അഞ്ച് രൂപയും ഈടാക്കണമെന്ന് ഒരു നിർദ്ദേശമുണ്ടായിട്ടുണ്ട്.

കൃഷിഭൂമി നികത്തി തോട്ടമാക്കുന്ന പ്രവണത തുടർന്നുവരുന്നു. ഇക്കാലത്ത് കൃഷിഭൂമി നികത്തി തോട്ടവും വീടുമാക്കി മാറ്റുന്നവരിൽ നിന്നും പിഴരീതിയിൽ നികുതി ഈടാക്കാൻ പറ്റുമോ എന്ന് നോക്കണം.

### വാഹന നികുതി

സ്വന്തമായി വാഹനമുള്ളവർക്ക് നികുതി ചുമ

ത്തണം. ഇതുവഴി പഞ്ചായത്തിന് വരുമാനമുണ്ടാക്കാൻ പറ്റുന്നതാണ്. ബസ്, ലോറി എന്നീ വാഹനങ്ങൾ സ്വന്തമായുള്ളവരിൽ നിന്നും പ്രതിമാസം 50 രൂപയും ജീപ്പ് കാർ ഉടമസ്ഥൻമാരിൽ നിന്നും 20 രൂപയും ഓട്ടോവിന് 10 രൂപയും ഈടാക്കാവുന്നതാണ്. ജലവാഹന നികുതിയായി തോണിക്ക് പ്രതിമാസം രണ്ടുരൂപ ഈടാക്കാവുന്നതാണ്. സ്വന്തമായി സൈക്കിൾ ഉള്ളവരിൽ നിന്നും 10രൂപ പ്രതിവർഷം ഈടാക്കാവുന്നതാണ്.

### വെൽത്ത് ടാക്സ്

പഞ്ചായത്തിൽ 15 ലക്ഷത്തിനു മുകളിൽ ആസ്തിയുള്ളവരിൽ നിന്ന് വെൽത്ത് ടാക്സ് ഈടാക്കാവുന്നതാണ്. ഇതു വരുമാനത്തിന്റെ ഒരു ശതമാനമാക്കാവുന്നതാണ്.

### മൈനിംങ് ടാക്സ്

കക്ക പോലുള്ളവ മൈനിംഗ് നടത്തുന്നതിന് ഖനനനികുതി ഏർപ്പെടുത്താവുന്നതാണ്. ഇതു പ്രതിവർഷം 300 രൂപയാവാം. ചെങ്കൽ വെട്ടുന്നതിന് സ്ഥലം ഉടമയിൽ നിന്ന് നികുതി പിരിക്കാവുന്നതാണ്. പ്രതിമാസം സെന്റിന് 5 രൂപയാവാം.

### കെട്ടിട നികുതി

കെട്ടിട നികുതി ഇപ്പോൾ പിരിക്കുന്നത് ശാസ്ത്രീയമായല്ല. 100 സ്ക്വയർ മീറ്ററിന് മുകളിലും 5ലക്ഷം രൂപയ്ക്ക് മുകളിലുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധിപ്പിക്കാവുന്നതാണ്. വാടകയ്ക്ക് കൊടുക്കാവുന്നതും അല്ലാത്തതുമായ കച്ചവട സ്ഥാപനങ്ങൾക്ക് ഒരേ നികുതി ചുമത്താവുന്നതാണ്.

കെട്ടിടങ്ങളുടെയും വീടിന്റെയും നിർമ്മാണത്തിലുണ്ടാകുന്ന ധൂർത്ത് ഒഴിവാക്കാൻ ഇതുവഴി സാധിക്കും.

### തൊഴിൽ നികുതി

കെട്ടിട നികുതി പോലെ തന്നെ തൊഴിൽ നികുതിയും പിരിക്കുന്നത് ശാസ്ത്രീയമായല്ല. ഇക്കാര്യത്തിൽ പഞ്ചായത്ത് വളരെ മുന്നോട്ടു പോവേണ്ടതുണ്ട്. ഇപ്പോൾ തൊഴിൽ നികുതി ഈടാക്കുന്നത് സർക്കാർ ഉദ്യോഗസ്ഥരിൽ നിന്നും, അദ്ധ്യാപകരിൽ നിന്നും മറ്റ് മാസവരുമാനക്കാരിൽ നിന്നുമാണ്. ഇതുമാറ്റി 2400 രൂപയ്ക്കുമുകളിൽ വാർഷിക വരുമാനമുള്ള മുഴുവൻ ആളുകളിൽ നിന്നും തൊഴിൽ നികുതി പിരിക്കാവുന്നതാണ്. നമ്മുടെ പഞ്ചായത്തിൽ ഏകദേശം 482 പേർ ഗൾഫ് നാടുകളിലും 5208 പേർ കൂലിപ്പണിക്കാരുമാണ്. (വാർഡുതിരിച്ചുള്ള കണക്കുകൾ പട്ടിക രണ്ടിലും മൂന്നിലും)

### ലൈസൻസ് ഫീസ്

1995-96 വർഷം നമ്മുടെ പഞ്ചായത്ത് ലൈസൻസ് ഫീസായി പിരിച്ചത് 28,421 രൂപയാണ്. എന്നാൽ ഈ മേഖലയിലെ സാധ്യതകൾ പൂർണ്ണമായി ഉപയോഗപ്പെടുത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല. പോൾട്രി ഫാമുകൾ ഫർണ്ണീച്ചർ വ്യവസായം പാരലൽ കോളേജുകൾ കോമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ തുടങ്ങിയവയെല്ലാം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. ലൈസൻസ് ഫീസിൽ പരിഷ്കാരങ്ങൾ വരുത്തുകയുമാവാം. തേങ്ങ അടയ്ക്ക കുരുമുളക് തുടങ്ങിയ പാട്ടത്തിന് കൊടുക്കുന്നുണ്ട്. ഇതു പാട്ടത്തിനെടുക്കുന്നവർക്കും രജിസ്ട്രേഷൻ ഫീ ചുമത്താൻ പറ്റുമെങ്കിൽ ആകാവുന്നതാണ്.

### മറ്റു നികുതികൾ

കള്ളു ഷാപ്പുകളുടെ നികുതി ഇപ്പോളുള്ളതിന്റെ ഇരട്ടിയാക്കണമെന്ന് പല ഗ്രാമസഭകളിലും ഉയർന്നു വന്ന ഒരു നിർദ്ദേശമാണ്. വളർത്തുപട്ടിക്ക് ലൈസൻസ് ഫീ പരിഷ്കരിക്കണം. 25 രൂപ വർഷത്തിൽ ഏർപ്പെടുത്തണമെന്ന് ഒരു നിർദ്ദേശം ഉണ്ടായിട്ടുണ്ട്. ആഡംബര വസ്തുക്കൾക്ക് നികുതി ചുമത്തുന്നത് നന്നായിരിക്കും. ടി.വി., റേഡിയോ, ഫോൺ ഒഴികെ മറ്റുള്ള ഇലക്ട്രിക് ഉപകരണങ്ങൾക്കും നികുതി ചുമത്താവുന്നതാണ്. മത്സ്യം മാർക്കറ്റിൽ വെച്ചു തന്നെ വിൽപ്പന നടത്താനുള്ള സംവിധാനം പഞ്ചായത്ത് ഒരുക്കണം. ആവഴി പഞ്ചായത്തിന് വരുമാനം ഉണ്ടാക്കാൻ പറ്റും. ഇതിനായി മത്സ്യ വിൽപ്പനക്കാർക്ക് രജിസ്ട്രേ

**പട്ടിക 2 ഗൾഫുനാടുകളിലുള്ളവർ**

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
|---|---|---|---|---|---|---|---|---|---|---|---|---|
| എണ്ണം | 26 | 45 | 52 | 61 | 70 | 40 | 34 | 57 | 43 | 6 | 20 | 28 |

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
|---|---|---|---|---|---|---|---|---|---|---|---|---|
| എണ്ണം | 311 | 559 | 880 | 463 | 503 | 350 | 244 | 426 | 656 | 210 | 170 | 436 |

**പട്ടിക 3 കൂലിവേല ചെയ്യുന്നവരുടെ എണ്ണം**

ഷൻ ഏർപ്പെടുത്തണമെന്ന് അഭിപ്രായങ്ങളുണ്ടായിട്ടുണ്ട്.

## വിവാഹ പരസ്യ നികുതികൾ

പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്ന വിവാഹങ്ങൾക്ക് രജിസ്ട്രേഷൻ ഫീ ഏർപ്പെടുത്താവുന്നതാണ്. 100 രൂപ രജിസ്ട്രേഷൻ ഫീസായി ഏർപ്പെടുത്താവുന്നതാണെന്ന് നിർദ്ദേശങ്ങളുണ്ടായിട്ടുണ്ട്. ഒരാൾ സാധാരണയായി ഒരു തവണ മാത്രമെ ജീവിതത്തിൽ കല്യാണം കഴിക്കൂ എന്നതുകൊണ്ട് ഇതു ആളുകൾക്ക് ഒരു ഭാരമായി തോന്നില്ല. പഞ്ചായത്തിനകത്തു വെക്കുന്ന പരസ്യ ബോർഡുകൾക്ക് ഒരു പരസ്യ നികുതിയും ആവാം.

മുകളിൽ പറഞ്ഞ കാര്യങ്ങളൊക്കെ നടപ്പാക്കുന്നതിന് ജനപ്രതിനിധികളും അയൽക്കൂട്ട സമിതികളും ബഹുജന സംഘടനകളും വളരെയേറെ ശ്രദ്ധിക്കണം. എങ്ങിനെയാണ് നികുതി ചുമത്തിയതെന്ന് ഉദ്യോഗസ്ഥന്മാർ നികുതിദായകനെ ബോധ്യപ്പെടുത്തണം.

## പുതിയ സാധ്യതകൾ

എരുവട്ടി വില്ലേജിൽ പൊട്ടൻപാറ പ്രദേശത്ത് പഞ്ചായത്തു നേതൃത്വത്തിൽ ഒരു ഹൈസ്ക്കൂൾ സ്ഥാപിക്കാൻ പറ്റുമോ എന്ന് നോക്കണം. ഇതുവഴി ഈ പ്രദേശങ്ങളിലെ വിദ്യാർത്ഥികൾ അധികം യാത്ര ചെയ്യുന്നത് ഒഴിവാക്കാനും പഞ്ചായത്തിന് വരുമാനമുണ്ടാക്കാനും പറ്റും.

### ഷോപ്പിംഗ് കോംപ്ലക്സ് കം കമ്മ്യൂണിറ്റി ഹാൾ

നിലവിൽ നമ്മുടെ പഞ്ചായത്തിൽ ഷോപ്പിംഗ് കോംപ്ലകസ് ഇല്ല. പഞ്ചായത്തതിർത്തിയിലുള്ള പൊതു ചടങ്ങുകൾ (കല്യാണം പോലുള്ളവ) ചിലപ്പോൾ അസൗകര്യം കാരണം നഗരങ്ങളിൽ വെച്ചാണ് നടത്തുന്നത്. അതുകൊണ്ട് ഷോപ്പിംഗ് കോംപ്ലക്സിന്റെ കൂടെ ഒരു കമ്മ്യൂണിറ്റി ഹാളും ആവാം. ഇതിനായി പഞ്ചായത്ത് ഓഫീസിന്റെ മുൻവശത്തുള്ള (ടൗണിന്റെ പിറകിൽ) സ്ഥലം അക്വസിഷൻ നടത്താൻ പറ്റുമോ എന്ന് നോക്കണം.

### ഗതാഗതം

പഞ്ചായത്തിൽ ബസ് സർവീസ് ഭാഗികമായി ഉള്ളതും സർവ്വീസ് ഇല്ലാത്തതുമായ പ്രദേശങ്ങളുണ്ട്. ഈ പ്രദേശങ്ങളിൽ മിനി ബസ് സർവ്വീസ് നടത്താനാവശ്യമായ കാര്യങ്ങൾ പഞ്ചായത്ത് നടത്തിയാൽ ഒരു വരുമാനമാർഗമായും മാറ്റാവുന്നതാണ്. പടന്നക്കര-പാറപ്രം റോഡ് കമ്പൗണ്ടർഷാപ്പ്- കിഴക്കുംഭാഗം, ഓലയമ്പലം-പാറപ്രം റോഡ്, ഓലയമ്പലം -കാപ്പുമ്മൽ ഈ റോഡുകളിൽ ഇതു പരീക്ഷിക്കാവുന്നതാണ്.

### ഓർക്കിഡ് കൃഷി

ഇന്ന് കൂടുതലായി വ്യാവസായിക പ്രാധാന്യമുള്ള ഒരു കൃഷിയാണ് ഓർക്കിഡ്. ഈ കൃഷി വ്യാവസായിക അടിസ്ഥാനത്തിൽ വ്യാപിപ്പിച്ച് പഞ്ചായത്തിന് വരുമാനുമുണ്ടാക്കാനും കുറച്ചാളുകൾക്ക് തൊഴിൽ ലഭിക്കാനും ഇടയാക്കാവുന്നതാണ്.

### ആഴ്ചചന്ത

പഞ്ചായത്തിൽ ആഴ്ചചന്ത സ്ഥാപിക്കാൻ മുൻകൈ എടുക്കണം. പച്ചക്കറിപോലുള്ള കൃഷി പ്രോത്സാഹിപ്പിക്കാനും ഇതു പരോക്ഷമായി സഹായകരമായിരിക്കുമെന്ന് ഒരു നിർദ്ദേശമുണ്ടായിട്ടുണ്ട്.

### ശ്മശാനം

വെണ്ടുട്ടായിക്കടുത്തുള്ള പഞ്ചായത്തുവക ശ്മശാനത്തിൽ ഇപ്പോൾ ശവസംസ്ക്കാരം നടത്തുന്നില്ല. ഇവിടെ ശവസംസ്ക്കാരം നടത്താനാവശ്യമായ കാര്യങ്ങൾ പഞ്ചായത്ത് ചെയ്യുന്നത് നന്നായിരിക്കും.

### മനുഷ്യാദ്ധ്വാനം

നമ്മുടെപഞ്ചായത്തിലെ വിലപ്പെട്ടതും പ്രധാനപ്പെട്ടതുമായ വിഭവം മനുഷ്യ വിഭവം തന്നെ. വികസനപ്രവർത്തനത്തിന് മനുഷ്യാദ്ധ്വാനം സംഭാവന നൽകാൻ തയ്യാറുള്ളവർ ധാരാളമുണ്ട്. പല ഗ്രാമസഭകളിലും ഇക്കാര്യത്തിൽ സന്നദ്ധത കാട്ടുന്നവർ ഉണ്ടായിട്ടുണ്ട്. കൂട്ടായ മനുഷ്യാദ്ധ്വാനം വേണ്ട വിധം ഉപയോഗപ്പെടുത്താൻ നമുക്കാവണം. സന്നദ്ധ സംഘടനകളും മറ്റും ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതുണ്ട്.

### ചെലവുകൾ

നമ്മുടെ പഞ്ചായത്തിൽ വരുമാനത്തിൽ ----% ചെലവാകുന്നത് പൊതുമരാമത്തിനും --- % ഭരണചെലവിനുമാണ് ഉപയോഗിക്കുന്നത്.

### ധനകാര്യ സ്ഥാപനങ്ങൾ

നമ്മുടെ പഞ്ചായത്തിൽ പിണറായി സർവ്വീസ് സഹകരണബാങ്കിന്റെ ഒരു ഹെഡാഫീസും വിവിധസ്ഥലങ്ങളിലായി അതിന്റെ 3 ശാഖയുമുണ്ട്. കതിരൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ ഒരു ശാഖയും നോർത്ത് മലബാർ ഗ്രാമീൺ ബാങ്കിന്റെ 1 ശാഖയും 2 വനിതാ സഹകരണസംഘങ്ങളുമുണ്ട്. നിക്ഷേപ വായ്പാ കണക്ക് പട്ടിക 4 ൽ

**പട്ടിക 4**

| | |
|---|---|
| **പിണറായി സർവ്വീസ് സഹകരണ ബാങ്ക്** | |
| നിക്ഷേപം | 39755178.00 |
| വായ്പ | 7427267.00 |
| **കതിരൂർ സർവീസ് സഹകരണ ബാങ്ക്** | |
| | പാച്ചപൊയ്ക ശാഖ |
| നിക്ഷേപം | 19575330.00 |
| വായ്പ | 3876535.00 |
| **പ്രിയദർശിനി വനിതാസഹകരണസംഘം** | |
| നിക്ഷേപം | 500000 |
| വായ്പാ | 200000 |
| **തലശ്ശേരി ബ്ലോക്ക്** | |
| **വനിതാ സഹകരണസംഘം പാനുണ്ട** | |
| നിക്ഷേപം | 1988556 |
| വായ്പ | 132098 |

## പ്രശ്നങ്ങൾ

1. കെട്ടിട നികുതികൾ ശാസ്ത്രീയമായി പരിഷ്കരിച്ചിട്ടില്ല
2. എല്ലാ വിഭാഗം ആളുകളേയും (പ്രതിവർഷം 2400 രൂപ വരുമാനമുള്ള) തൊഴിൽ നികുതി യും ഉൾപ്പെടുത്തിയിട്ടില്ല.
3. വിനോദ നികുതിയിനത്തിൽ വരുമാനമില്ല.
4. സന്നദ്ധ പ്രവർത്തനം വേണ്ട രീതിയിൽ ഉപയോഗപ്പെടുത്തിയിട്ടില്ല.

## സാധ്യതകൾ

1. തൊഴിൽ നികുതി എല്ലാവിഭാഗം തൊഴിലാളികളിൽ നിന്നും മാനദണ്ഡമനുസരിച്ച് പിരിച്ചെടുക്കുക.
2. ആഡംബര വസ്തുക്കൾക്കും, ആഡംബരമുള്ള കെട്ടിടങ്ങൾക്കും പ്രത്യേക നികുതി ചുമത്തുക.
3. പിണറായിയിൽ ഷോപ്പിംഗ് കോംപ്ലക്സ് കം കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുക.
4. പഴശ്ശി പദ്ധതി എത്രയും വേഗം പൂർത്തീകരിച്ചാൽ കർഷകരിൽ നിന്നും ജലവരിയായി നികുതി പിരിക്കാൻ പറ്റും.
5. ഉമ്മഞ്ചിറ അഞ്ചരക്കണ്ടി പദ്ധതിയും പൂർത്തീകരിച്ചാൽ കർഷകരിൽ നിന്നും ജലവരി പിരിക്കാൻ പറ്റും.
6. രജിസ്ട്രേഷൻ ഫീസും, ലൈസൻസ് ഫീസും പരിഷ്കരിക്കുക.
7. പടന്നക്കരയിലെ റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം പഞ്ചായത്ത് ഏറ്റെടുക്കാനുള്ള നടപടി സ്വീകരിച്ച് ടൂറിസത്തിന്റെ സാധ്യത ഉപയോഗപ്പെടുത്തുക.
8. പിണറായി, എരുവട്ടി എന്നീ രണ്ടു പഞ്ചായത്തുകൾ രൂപീകരിക്കണം.

*'ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണ് കുടികൊള്ളുന്നത്*
*ഗ്രാമങ്ങൾ സജീവമായാൽ മാത്രമേ ഭാരതം സജീവമാവുകയുള്ളൂ*
*അതിന് ഗ്രാമസ്വരാജ് യാഥാർത്ഥ്യമാകണം'*

MKGandhi

*15-11-96-ന് പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചു*


കേരളം
കർണാടകം
കണ്ണൂർ ജില്ല
പിണറായി
അറബിക്കടൽ
തമിഴ്നാട്